KOTTAYAM PUBLIC LIBRARY

Call No M200 Acc. No 13088

Author നവലക്കൈച്ചിങ്ങൾമണി

Title ശ്രീചന്ദ്രമാതുടെ നാടകം

861

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ശ്ലീഹന്മാരുടെ നടപടി

13088

പെ. ബ. വടക്കേൽ മത്തായി അച്ചന്റെ
മേൽനോട്ടത്തിൽ വിവർത്തനം ചെയ്യപ്പെട്ടതു്.

വിവത്തകന്മാർ:
1959-ലെ നവവൈദികന്മാർ

പ്രസാധകർ:
എസ്. എച്ച്. ലീഗു്,
ആലുവാ നോത്തു്, P. O.
1959.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

വില 1 രൂ. 20 ന. പൈ.

ഒന്നാം പതിപ്പ് 10-3-1959

കോപ്പി 2000

---

Nihil Obstat

*Alwaye, 1-12-1958*

Fr. Michael Angel, O. C. D.,
*Rector, Ap. Seminary.*

Imprimatur

*Ernakulam, 7-12-1958*

† Joseph Attipetty,
*Abp., of Verapoly.*

† Joseph Parecattil,
*Abp. of Ernakulam.*

---

Printed at the J. M. Press,
Alwaye North P. O.
(Kerala, INDIA)

# ACTS OF THE APOSTLES

*Translated by*

*The New Priests of 1959,*

*under the supervision of*

*Very Rev. Fr. Mathew Vadakel.*

St. Joseph's Apostolic Seminary

Mangalapuzha

ALWAYE

1959.

ഞങ്ങളുടെ പൗരോഹിത്യ

സ്വീകരണത്തിന്റെ സ്മാരകമായി

മറിയത്തിന്റെ വിമല ഹൃദയത്തിന്

ഈ വിനീതോപഹാരം

സാദരം സമർപ്പിക്കുന്നു

# പ്രസ്താവന

ഇതൊരു പുതിയ കാല്വയ്പല്ല. ഞങ്ങളുടെ പുരോഗാമികളായ ബ. വൈദികന്മാരുടെ നിസ്തുല പരിശ്രമംമൂലം വേദപുസ്തകഗ്രന്ഥങ്ങളിൽ ബഹുഭൂരിഭാഗവും മലയാളത്തിൽ വിവൎത്തനംചെയ്യപ്പെട്ടിട്ടുണ്ട്. രണ്ടു വ്യാഴവട്ടക്കാലത്തിലധികമായി ശ്രമസാദ്ധ്യമായ ഈ സംരംഭം തുടങ്ങിയിട്ട്. നിത്യപൗരോഹിത്യത്തിലേക്കു കാലൂന്നിനില്ക്കുന്ന ഞങ്ങളുടെ പരിമിതമായ കഴിവുകളും ഈ മഹൽസംരംഭത്തിന് അടിയറവയ്ക്കുകയാണു ഞങ്ങൾ ചെയ്തതു്. ശ്ലീഹന്മാരുടെ നടപടി മലയാളത്തിലേക്കു വിവൎത്തനംചെയ്തു്, കൈരളിക്കുള്ള ഈ മംഗളോപഹാരത്തിൽ ഒരു ചെറുസൂനംകൂടി കോൎത്തിണക്കുവാൻ സാധിച്ചതിൽ ഞങ്ങൾക്കുള്ള ചാരിതാൎത്ഥ്യം അനല്പമാണ്. ഈ പ്രസ്ഥാനത്തിൻെറ വിജയം പ്രതീക്ഷിച്ചുനില്ക്കുന്ന അനേകായിരങ്ങളുടെ ആകാംക്ഷയെ അല്പമെങ്കിലും പരിശമിപ്പിക്കുവാൻ ഞങ്ങളുടെ ഈ യത്നം സഹായിക്കുമെങ്കിൽ ഞങ്ങൾ കൃതാൎത്ഥരായി.

ഭാഷാവിവൎത്തനത്തിനു ഞങ്ങൾ ഉപയോഗിച്ച മൂലകൃതി ഇംഗ്ലിഷിലെ Douay Version ആണ്. തർജ്ജമ കഴിവതും ലളിതവും വ്യക്തവുമാക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ദുർഗ്രാഹമായ വാക്യങ്ങൾക്കും വാക്കുകൾക്കും വ്യാഖ്യാനങ്ങൾ നല്കുവാനും ഞങ്ങൾ ആവോളം പരിശ്രമിച്ചു. ശ്രമസാദ്ധ്യമായ ഈ സംരംഭം എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു വിധിപറയേണ്ടതു കേരളത്തിലെ വേദപുസ്തകപണ്ഡിതന്മാരാണ്.

ശ്ലീഹന്മാരുടെ നടപടി എന്ന പേരും മററു ചില പ്രത്യേക സംജ്ഞകളും, വേദപുസ്തകരീതിയിൽ ലബ്ധപ്രതിഷ്ഠ ലഭിച്ചവയാകയാൽ, മാററുവാൻ ഞങ്ങൾ ഒരുമ്പെടുന്നില്ല.

ഈ ചെറുഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണത്തിന്നു പിന്നിൽ പ്രവർത്തിച്ച വിദഗ്ദ്ധകരം പെ. ബ. വടക്കേൽ മത്തായി അച്ചൻേറതാണ്. ഞങ്ങൾ കുത്തിക്കുറിച്ച ഓരോവാക്കും മൂലഗ്രന്ഥവുമായി സശ്രദ്ധം ഒത്തുനോക്കി ആശയത്തിനും ഭാഷയ്ക്കും മിഴിവും സ്ഫുടതയും സൗകുമാര്യവും വരുത്തി മുദ്രണയോഗ്യമാക്കിത്തീർക്കുക എന്ന ദുർവ്വഹമായ കൃത്യം ഏറെറടുത്തതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള ഔദാര്യത്തിനും ക്ഷമാശീലത്തിനും ഞങ്ങൾ അതീവകൃതജ്ഞരാണ്. ഈ കൃത്യം ഏറെറടുക്കുന്നതിനും വിജയത്തിലെത്തിക്കുന്നതിനും നിർദ്ദേശവും ഉത്തേജനവും നല്കി ഞങ്ങളെ പ്രോത്സാഹിപ്പിച്ച പെ. ബ. റൈത്തോരച്ചനും ഞങ്ങളുടെ കൃതജ്ഞതയുടെ വിനീതമായ കുപ്പുകൈ. ഈ സദുദ്യമത്തിൽ ഞങ്ങൾക്കു സഹായഹസ്തം നീട്ടിത്തന്നിട്ടുള്ള എല്ലാവർക്കും ഞങ്ങളുടെ ഹൃദയംനിറഞ്ഞ കൃതജ്ഞത. ശേഷിക്കുന്ന വി. ലിഖിതങ്ങൾകൂടി അനതിവിദൂരമായ ഭാവിയിൽത്തന്നെ തർജ്ജമചെയ്തു പ്രസിദ്ധീകൃതമായിക്കാണുവാൻ കേരളീയർക്കു ഭാഗ്യമുണ്ടാകട്ടേ എന്ന ആശംസയോടെ നടപടിഗ്രന്ഥത്തിൻെറ ഈ നൂതനപരിഭാഷ സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

മംഗലപ്പുഴ,
9-3-1959.

വിവർത്തകന്മാർ.

# ശ്ലീഹന്മാരുടെ നടപടി

:o:

## അധ്യായം 1

### ഈശോയുടെ സ്വർഗ്ഗാരോഹണം. മത്ത്യാസിന്റെ തെരഞ്ഞെടുപ്പ്

*1, 2 അല്ലയോ തിയോഫിലോസേ, ഈശോ തെര
ഞ്ഞെടുത്ത ശ്ലീഹന്മാർക്ക് അവിടുന്നു പരിശുദ്ധാത്മാവുവഴി
കല്പനകൾ നല്കിയിട്ട്, സ്വർഗ്ഗാരോഹണം ചെയ്തനാൾവ
രെ അവിടുന്നു പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സ
കലത്തിനേയും കുറിച്ചായിരുന്നല്ലോ ഞാൻ മുൻപൊരു ഗ്ര
ന്ഥം എഴുതിയത്.

3 പീഡാനുഭവത്തിനുശേഷവും, അവിടുന്നു നാല്പതു
ദിവസത്തേക്ക് അവർക്കു പ്രത്യക്ഷനായി, ദൈവരാജ്യത്തെ
ക്കുറിച്ചു പ്രസംഗിച്ചും, നിരവധി തെളിവുകൾ നല്കിയും
താൻ ജീവിക്കുന്നു എന്ന് അവരെ ബോധപ്പെടുത്തി.

*4 അവരോടുകൂടി അവിടുന്നു ഭക്ഷിച്ചുകൊണ്ടിരിക്കു

---

*1 തിയോഫിലോസ്—വി. ലൂക്കാ മാനസാന്തരപ്പെടുത്തിയ ഒരു വിജാതീയൻ.

*2 മുൻപൊരു ഗ്രന്ഥം—വി. ലൂക്കായുടെ സുവിശേഷം.

*4 ശ്രവിച്ചുവല്ലോ—യോഹ. 14: 16.

യിൽ ഇപ്രകാരം കല്പിച്ചു: നിങ്ങൾ ഓർശലം വിട്ടുപോകരു
ത്; എന്നിൽനിന്നു പിതാവിൻെറ വാഗ്ദാനം നിങ്ങൾ ശ്രവി
ച്ചുവല്ലോ; അതു പ്രതീക്ഷിച്ചിരിക്കുവിൻ.

*5 കാരണം, യോഹന്നാൻ വെള്ളംകൊണ്ടു ജ്ഞാന
സ്നാനം നല്കി; എന്നാൽ, നിങ്ങൾ എതാനും നാളുകൾക്കു
ശേഷം പരിശുദ്ധാത്മാവിനാൽ ജ്ഞാനസ്നാനം സ്വീകരിക്കും.

*6 അവിടെ കൂടിയിരുന്നവർ അപ്പോൾ ചോദിച്ചു:
നാഥാ! അങ്ങ് ഇസ്രായേലിന് ഇപ്പോൾ സാമ്രാജ്യം തിരി
യെ കൊടുക്കുമോ?

7 അവിടുന്ന് അവരോടു പറഞ്ഞു: പിതാവു തൻെറ
ആധിപത്യത്തിൽ വച്ചിരിക്കുന്ന സമയനിമിഷങ്ങളെക്കുറി
ച്ച് അറിയേണ്ട ആവശ്യം നിങ്ങൾക്കില്ല;

8 എന്നാൽ, നിങ്ങളുടെമേൽ വരുവാനിരിക്കുന്ന പരി
ശുദ്ധാത്മാവിൻെറ ശക്തിസ്വീകരിച്ച്, ഓർശലമിലും യൂ
ദയാ മുഴുവനിലും സമരിയായിലും ലോകത്തിൻെറ അതിർ
ത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളാകും.

9 ഇക്കാര്യങ്ങൾ പ്രസ്താവിച്ചശേഷം, അവർ നോക്കി
നില്ക്കവേ അവിടുന്നു മുകളിലേക്കുയർന്നു. അപ്പോൾ, ഒരു മേ
ഘം അവരുടെ കാഴ്ചയിൽനിന്ന് അവനെ മറച്ചു.

10 അവിടുന്നു സ്വർഗ്ഗാരോഹണം ചെയ്യുന്നത് അ
വർ നോക്കി നില്ക്കുകയിൽ അതാ, വെള്ളവസ്ത്രധാരികളായ
രണ്ടുപേർ അവരുടെ സമീപേ വന്നുനിന്നു.

---

*5 പരി. ആത്മാവിനാൽ ജ്ഞാനസ്നാനം സ്വീകരിക്കും—
ശ്ലീഹന്മാർ ജ്ഞാനസ്നാനം സ്വീകരിക്കുമെന്നല്ല, പരി. ആത്മാവിനെ
സമൃദ്ധമായി സ്വീകരിക്കുമെന്നാണു വിവക്ഷ.

*6 റോമാക്കാരുടെ അടിമത്തത്തിൽനിന്നു തങ്ങളെ മോചിപ്പി
ച്ച് ഒരു സ്വതന്ത്രഇസ്രായേൽരാഷ്ട്രം കെട്ടിപ്പടുക്കുവാനാണു മിശി
ഹാ വരുന്നതെന്നു യഹൂദർക്കുണ്ടായിരുന്ന അബദ്ധധാരണ ഈ അവ
സരത്തിൽപോലും ശ്ലീഹന്മാരെ വിട്ടുമാറിയിട്ടില്ല.

*11 ഇവർ ചോദിച്ചു: ഗലിലേയരേ, നിങ്ങൾ മുകളിലേക്കു നോക്കിനില്ക്കുന്നതെന്തേ? നിങ്ങളിൽനിന്നു സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ഈ ഈശോ, സ്വർഗ്ഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ട സ്ഥിതിയിൽതന്നെ വീണ്ടും വരും.

*12 അപ്പോൾ, ഒലിവേത്തു് എന്നു വിളിക്കപ്പെടുന്ന ആ മലയിൽനിന്നു് അവർ ഓർശ്ലേമിലേക്കു മടങ്ങി; അതു് ഓർശ്ലേമിനു സമീപം, ഒരു സാബത്തു ദിവസത്തെ പ്രയാണദൂരത്തിൽ സ്ഥിതിചെയ്യുന്നു.

*13 അവർ അകത്തുചെന്നു മുകളിലത്തെ മുറിയിൽ പ്രവേശിച്ചു; പത്രോസ്, യോഹന്നാൻ, യാക്കോബ്, അന്ത്രയോസ്, പീലിപ്പോസ്, തോമാ, ബർത്തലോമിയോ, മത്തായി, അൽഫേവൂസിന്റെ പുത്രൻ യാക്കോബ്, തീക്ഷ്ണനെന്നറിയപ്പെടുന്ന ശിമയോൻ, യാക്കോബിന്റെ സഹോദരനായ യൂദാ എന്നിവർ അവിടെ വസിച്ചിരുന്നു.

*14 ഇവരെല്ലാവരും ഏകമനസ്സോടേ നിരന്തരം പ്രാർത്ഥിച്ചിരുന്നു. ഈശോയുടെ അമ്മയായ മറിയവും, അവിടുത്തെ സഹോദരന്മാരും, സ്ത്രീജനങ്ങളും അവരോടുകൂടിയുണ്ടായിരുന്നു.

*15 ആ ദിവസങ്ങളിൽ, പത്രോസ് എഴുന്നേറ്റു് സഹോദരന്മാരുടെ മദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞു: (അവരുടെ സംഖ്യ ഏകദേശം നൂറ്റിരുപതു് ആയിരുന്നു.)

---

*11 വീണ്ടും വരും—പൊതുവിധിക്കായി. (ലൂക്കാ 21: 27)

*12 സാബത്തുദിവസത്തെ പ്രയാണദൂരം—ഏകദേശം അര മൈൽ—സാബത്തു ദിവസം അത്രയുംദൂരം നടക്കുവാനേ യഹൂദർക്കു് അനുവാദമുണ്ടായിരുന്നുള്ളൂ.

*13 മുകളിലത്തെ മുറി—നമ്മുടെ കർത്താവു തിരുവത്താഴം കഴിച്ച മുറിതന്നെ ആയിരിക്കണം.

*14 അവിടുത്തെ സഹോദരന്മാർ—മാതൃസഹോദരീപുത്രന്മാർ.

*15 പത്രോസ്, ഈശോയിൽനിന്നു തനിക്കു കിട്ടിയ അധികാരമനുസരിച്ചു് ആരംഭംമുതലേ പ്രവർത്തിക്കുന്നു.

16 സഹോദരന്മാരേ, ഈശോയെ ബന്ധിച്ചവർക്കു നേതാവായിരുന്ന യൂദാസിനെസ്സംബന്ധിച്ചു പരിശുദ്ധാത്മാവു ദാവീദു വഴി മുൻപുതന്നെ അരുളിച്ചെയ്ത തിരുവചനം നിവൃത്തിയാകുകതന്നെ വേണം.

17 അവൻ നമ്മിലൊരുവനായി എണ്ണപ്പെട്ടവനും, ഈ പ്രേഷിതവൃത്തിയിൽ പങ്കുലഭിച്ചവനുമായിരുന്നു.

*18 പക്ഷേ, വഞ്ചനയുടെ വിലകൊണ്ട് അവൻ ഒരു വയൽ സമ്പാദിച്ചശേഷം കെട്ടിഞാന്നു: അയാളുടെ വയറു പിളർന്നു; കുടലുകൾ പുറത്തു ചാടി.

*19 ഓർശലമിലെ സകല നിവാസികളും ഇതറിഞ്ഞു; അവർ ആ വയലിനെ രക്തത്തിന്റെ പറമ്പ് എന്ന അർത്ഥത്തിൽ 'ഹക്കൽ ദ്മാ' എന്നു തങ്ങളുടെ മാതൃഭാഷയിൽ വിളിച്ചു.

*20 എന്തുകൊണ്ടെന്നാൽ, സങ്കീർത്തനങ്ങളുടെ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: അവരുടെ പാർപ്പിടം ശൂന്യമാക്കപ്പെടട്ടേ; അവിടെ വസിക്കുവാൻ ആരുമുണ്ടാകാതിരിക്കട്ടേ; അവന്റെ ഉദ്യോഗം മററൊരാൾ ഏറെറടുക്കട്ടേ.

---

*18, 19—മത്തായി 27: 7.

വയറു പിളർന്നു........ യൂദാസ് കെട്ടിത്തൂങ്ങിയപ്പോൾ, കയറു പൊട്ടിയോ, തൂങ്ങിയ ശിഖരം ഒടിഞ്ഞോ, മുഖംകുത്തി വീഴുകയാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. (മത്താ. 27: 5-8)

*20 സങ്കീ. 68: 26. അവരുടെ പാർപ്പിടം—ചില കൈയെഴുത്തുപ്രതികളിലും, സുറിയാനിയിലും 'അവന്റെ പാർപ്പിടം' എന്നാണു കാണുന്നത്. സങ്കീർത്തകൻ തന്റെ ശത്രുക്കൾക്കെതിരായി ഉച്ചരിക്കുന്ന ശാപവാക്യമാണിത്. പരോക്ഷമായി യൂദാസിന്റെ വഞ്ചനയേയും അതിന്റെ ശിക്ഷയേയും കുറിക്കുന്നതായി, പത്രോസ് ഉദ്ധരിക്കുന്നു.

21, 22 യോഹന്നാന്റെ ജ്ഞാനസ്നാനം മുതൽ ഈശോമിശിഹാ നമ്മിൽനിന്നെടുക്കപ്പെട്ട ദിവസംവരെ, അവിടുന്നു നമ്മുടെയിടയിൽ വ്യാപരിച്ച കാലം മുഴുവൻ നമ്മോടു സഹവസിച്ചിട്ടുള്ളവരാണ് ഈ മനുഷ്യരെല്ലാം. ആകയാൽ, ഇവരിൽ ഒരുവൻ നമ്മോടുകൂടി അവിടുത്തെ ഉത്ഥാനത്തിനു സാക്ഷിയാകണം.

23 മത്ത്യാസ്, യൂസ്തൂസ് എന്ന് അപരനാമമുള്ളവനും ബർസബാസ് എന്നു വിളിക്കപ്പെടുന്നവനുമായ യൗസേപ്പ് എന്നീ രണ്ടുപേരെ അവർ നിർദ്ദേശിച്ചു.

24 അനന്തരം, അവർ ഇങ്ങനെ പ്രാർത്ഥിച്ചു: സകലരുടേയും ഹൃദയങ്ങളെ അറിയുന്ന കർത്താവേ, ഈ ഇരുവരിൽ ആരെ നീ തെരഞ്ഞെടുത്തിരിക്കുന്നുവെന്നു ഞങ്ങളെ അറിയിക്കേണമേ.

25 പുരോഹിതവൃത്തിയിൽ നിന്നും ശ്ലൈഹികോദ്യോഗത്തിൽനിന്നും സ്വന്തം അപരാധത്താൽ അധഃപതിച്ച്, തനിക്കർഹമായ സ്ഥലത്തേക്കു പോയ യൂദാസിന്റെ സ്ഥാനം ഈയാൾ സ്വീകരിക്കട്ടെ.

*26 അനന്തരം, അവർ ചിട്ടിയിട്ടു; മത്ത്യാസിനു ചിട്ടി വീണു. അങ്ങനെ, അയാൾ പതിനൊന്നു ശ്ലീഹന്മാരോടുകൂടി എണ്ണപ്പെട്ടു.

*26 ദൈവത്തിന്റെ അഭീഷ്ടം അറിയുന്നതിനുള്ള ഒരു മാർഗ്ഗമായി പഴയനിയമത്തിലും ഈ സമ്പ്രദായം നടപ്പിലിരുന്നു.— സംഖ്യ: 26: 55; യോസുവാ. 7: 14; 1. രാജാ. 10: 20.

# അധ്യായം 2

ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവു്
ഇറങ്ങി വസിക്കുന്നു. പത്രോസിന്റെ ആദ്യത്തെ
പ്രസംഗം കേട്ടു മൂവായിരംപേർ മാനസാന്തര
പ്പെടുന്നു. ആദ്യക്രിസ്ത്യാനികളുടെ ജീവിതക്രമം.

*1 പന്തക്കുസ്തായുടെ(ഒരുക്ക)ദിനങ്ങൾ പൂർത്തിയായി.
അന്നു് അവരെല്ലാവരും ഒരുമിച്ചു് ഒരു സ്ഥലത്തായിരുന്നു.
2 പെട്ടെന്നു്, ഉഗ്രമായ കാററിന്റേതുപോലെ, ആ
കാശത്തുനിന്നൊരു ശബ്ദം പുറപ്പെട്ടു. അതു് അവർ ഇരുന്ന
ഭവനം മുഴുവൻ നിറഞ്ഞു.
3 തീജ്ജ്വാലപോലുള്ള വേർപെട്ട നാവുകൾ പ്രത്യ
ക്ഷപ്പെട്ടു്, അവരിൽ ഓരോരുത്തന്റേയുംമേൽ ഇരുന്നു.
*4 അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിത
രായി. പരിശുദ്ധാത്മാവു് അവർക്കു പ്രസംഗിക്കുവാൻ വരം
നല്കിയതനുസരിച്ചു്, അവർ പല ഭാഷകളിൽ സംസാരി
ക്കുവാൻ തുടങ്ങി.

---

*1 പന്തക്കുസ്തായുടെ ഒരുക്കദിനങ്ങൾ—പെസഹാ കഴിഞ്ഞുവരുന്ന അൻപതു ദിവസങ്ങൾ—അൻപതാംദിവസം പന്തക്കുസ്താ.

*4 ശ്ലീഹന്മാർ മാതൃഭാഷയിൽ സംസാരിച്ചതു് ഓരോരുത്തർ സ്വന്തം ഭാഷയിൽ ഗ്രഹിക്കുകയാണുണ്ടായതെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ, വി. ലൂക്കായുടെ വിവരണത്തോളം, നമ്മുടെ ക

*5 ഈ അവസരത്തിൽ, ആകാശത്തിൻകീഴുള്ള എ
ല്ലാ ജാതികളിലും നിന്നു വന്ന മതഭക്തരായ യഹൂദർ ഓർശ്ല
ത്തുണ്ടായിരുന്നു.

*6 ഇതു് അറിഞ്ഞപ്പോൾ വളരെ ജനങ്ങൾ ഓടിക്കൂ
ടി. തങ്ങളുടെ ഭാഷകളിൽ അവർ സംസാരിക്കുന്നതു കേട്ടു്
ഓരോരുത്തരും വിസ്മയഭരിതരായി.

7 അത്ഭുതത്തോടും ആശ്ചര്യത്തോടുംകൂടി അവർ പറ
ഞ്ഞു: ഈ സംസാരിക്കുന്നവരെല്ലാം ഗലീലേയരല്ലയോ?

8 പിന്നെ, നാമോരോരുത്തരും നമ്മുടെ നാട്ടിലെ ഭാഷ
കളിൽത്തന്നെ ശ്രവിക്കുന്നതെങ്ങിനെ?

*9 പാർത്ത്യാ, മേദിയാ, ഏലാം, മെസപ്പൊട്ടേമിയാ,
യൂദയാ, കപ്പദോച്ചിയാ, പോന്തുസ്, ഏഷ്യാ,

*10 ഫ്രീജിയാ, പംഫിലിയാ, ഈജിപ്തു്, സൈറീനടു
ത്തുള്ള ലിബിയാദേശങ്ങൾ എന്നീ രാജ്യങ്ങളിലെ നിവാസി
കളും, റോമയിൽനിന്നുള്ള വിദേശീയരും,

11 യൂദരും, യൂദമതത്തിലേക്കു മാനസാന്തരപ്പെട്ടവ
രും, ക്രീറ്റുകാരും അറേബ്യക്കാരുമായ നാമെല്ലാവരും നമ്മു
ടെ ഭാഷകളിൽ ദൈവത്തിൻെറ വിസ്മയനീയ പ്രവർത്തന
ങ്ങളെപ്പററി അവർ പ്രസംഗിക്കുന്നതു കേൾക്കുന്നുവല്ലോ!

12 ഇതിൻെറയൊക്കെ അർത്ഥമെന്തു് എന്നു് അത്ഭുത

---

ത്താവു ചെയ്ത വാഗ്ദാനത്തോടും (മർക്കോ. 16: 17) ഈ അഭിപ്രായം യോജിക്കുന്നില്ല.

*5 ആകാശത്തിന കീഴുള്ള...... അന്നു് അറിയപ്പെട്ടിരുന്ന പരിഷ്കൃതരാജ്യങ്ങൾ എല്ലാം.

*6 ഇതു് അറിഞ്ഞപ്പോൾ—അവിടെ ഉണ്ടായ ശബ്ദംകേട്ടു് എന്നും അർത്ഥമുണ്ടു്.

*9, 10 മധ്യപൗരസ്ത്യദേശങ്ങൾ എന്നു് ഇന്നറിയപ്പെടുന്ന ഭൂവിഭാഗത്തിൽപ്പെട്ട രാജ്യങ്ങളാണിവയെല്ലാം.

ത്തോടും ആശ്ചര്യത്തോടും കൂടി അവർ തമ്മിൽത്തമ്മിൽ ചോദിച്ചു.

13 എന്നാൽ, ചിലർ പരിഹസിച്ചുകൊണ്ടു പറഞ്ഞു: പുതിയ വീഞ്ഞു കുടിച്ചു നിറഞ്ഞിരിക്കുകയാണ് ഈ മനുഷ്യർ.

14 എന്നാൽ, പത്രോസ് പതിനൊന്നുപേരുടെമദ്ധ്യേ നിന്നുകൊണ്ട്, സ്വരമുയർത്തി അവരോടു പറഞ്ഞു: യൂദയായിലെ ജനമേ, ഓർശ്ലേമത്തെ നിവാസികളേ, ഇതു നിങ്ങളറിയുവിൻ, എന്റെ വാക്കുകൾ ശ്രവിക്കുവിൻ;

*15 നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ മദ്യോന്മത്തരല്ല. കാരണം, ഇതു ദിവസത്തിന്റെ മൂന്നാംമണിക്കൂറാകുന്നെന്നു നിങ്ങൾ അറിയുന്നല്ലോ.

*16 എന്നാൽ, ഇതു യോഹേൽ ദീർഘദർശിയാൽ പ്രവചിക്കപ്പെട്ടതാകുന്നു.

*17 അവസാനദിവസങ്ങളിൽ ഇവ സംഭവിക്കും: (കർത്താവു പറയുന്നു) എല്ലാ ജഡങ്ങളുടേയുംമേൽ എന്റെ അരൂപിയെ ഞാൻ ചൊരിയും; നിങ്ങളുടെ പുത്രന്മാരും പുത്രികളും പ്രവചിക്കും. നിങ്ങളുടെ യുവജനങ്ങൾ ദർശനങ്ങൾ കാണും. നിങ്ങളുടെ വൃദ്ധജനം സ്വപ്നങ്ങൾ ദർശിക്കും.

18 ആ ദിവസങ്ങളിൽ എന്റെ ദാസന്മാരുടേയും ദാസികളുടേയുംമേൽ എന്റെ അരൂപിയെ ഞാൻ ചിന്തും. അപ്പോൾ, അവർ പ്രവചിക്കും.

---

*15 3-ാംമണി—9 A.M. ഇതു പ്രാർത്ഥനയ്ക്കുള്ള സമയമായിരുന്നതിനാൽ, ഭക്തരായ യഹൂദർ ഈ സമയം കഴിഞ്ഞു മാത്രമേ ഉപവാസം ഭഞ്ജിച്ചിരുന്നുള്ളൂ.

*16, 17 യോഹേൽ 2: 28-32.

യുവജനങ്ങൾ, വൃദ്ധജനം—മനുഷ്യവംശത്തെ മുഴുവൻ സൂചിപ്പിക്കുന്നു.

*19 മുകളിൽ, ആകാശത്തിൽ അത്ഭുതങ്ങളും, താഴെ,
ഭൂമിയിൽ അടയാളങ്ങളും ഞാൻ കാണിക്കും; രക്തവും അ
ഗ്നിയും ധൂമപടലവും.

*20 കർത്താവിൻെറ വലുതും സ്പഷ്ടവുമായ ആ ദിവ
സം വരുന്നതിനു മുൻപു സൂര്യൻ ഇരുളായും ചന്ദ്രൻ രക്ത
മായും മാററപ്പെടും.

21 കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്നവൻ
രക്ഷപ്പെടും.

*22 ഇസ്രായേൽജനങ്ങളേ, ഈ വാക്കുകൾ ശ്രവിക്കു
വിൻ. നസ്രസ്സിലെ ഈശോ നിങ്ങൾക്കായി ദൈവത്താൽ
അംഗീകൃതനായ ഒരുവനാകുന്നു. എന്തുകൊണ്ടെന്നാൽ, അവി
ടുന്നു വഴി ദൈവം നിങ്ങളുടെയിടയിൽ അത്ഭുതങ്ങളും ശക്തി
കളും അടയാളങ്ങളും കാണിച്ചു.

23 ദൈവത്തിൻെറ മുന്നറിവും നിശ്ചിതമായ ആലോ
ചനയുമനുസരിച്ച് ഏല്പിക്കപ്പെട്ട അവനെ ദുഷ്ടന്മാരുടെ
കൈകളാൽ നിങ്ങൾ ക്രൂശിച്ചു കൊന്നു.

24 പക്ഷേ, ദൈവം പാതാളത്തിൻെറ യാതനക
ളിൽനിന്ന് ഒഴിവാക്കി അവനെ ഉയിർപ്പിച്ചു; എന്തുകൊണ്ടെ
ന്നാൽ, അവനെ പിടിച്ചു വയ്ക്കുക പാതാളത്തിന് അസാദ്ധ്യ
മായിരുന്നു.

25 അവിടുത്തെക്കുറിച്ചു ദാവീദുദീർഘദർശി പറയു
ന്നു: കർത്താവിനെ ഞാൻ എൻെറ കൺമുൻപിൽ ദർശി

---

*19 മത്ത. 24: 29.

*20 സൂര്യൻ ഇരുളാകും—ദൈവികവെളിപാടുകളെ നിര
സിക്കുന്നതിനെ സൂചിപ്പിക്കുന്നു. ചന്ദ്രൻ രക്തമാകും—തിരുസ്സഭാ
മർദ്ദനത്തെ കുറിക്കുന്നു.

*22 നിങ്ങൾക്കായി അംഗീകൃതൻ–നിങ്ങൾക്കായി അയയ്ക്ക
പ്പെട്ടവൻ

ച്ചു; എന്തുകൊണ്ടെന്നാൽ, ഞാൻ ഇളകാതിരിക്കേണ്ടതിന്ന്
അവൻ എൻെറ വലതുഭാഗത്തുണ്ട്.

26 ഇതിനാൽ എൻെറ ഹൃദയം ആഹ്ളാദിച്ചു; എ
ൻെറ നാവ് ആനന്ദിച്ചു; മാത്രമല്ല, എൻെറ ജഡം പ്രത്യാശ
യിൽ സമാശ്വസിക്കും.

27 എന്തുകൊണ്ടെന്നാൽ, അവിടുന്ന് എൻെറ ആത്മാ
വിനെ പാതാളത്തിൽ ഉപേക്ഷിക്കുകയില്ല; അവിടുത്തേ പ
രിശുദ്ധൻ വിനാശം അനുഭവിക്കുവാൻ അനുവദിക്കയുമില്ല.

28 ജീവൻെറ വഴികൾ അങ്ങ് എന്നെ അറിയിച്ചു:
അവിടുത്തേ ദർശനത്താൽ എന്നെ ആനന്ദപൂർണ്ണനാക്കുകയും
ചെയ്യും.

29 സഹോദരരായ ജനങ്ങളേ, പൂർവ്വപിതാവായ ദാ
വീദിനെപ്പററി സംശയമെന്യേ ഞാൻ പറഞ്ഞുകൊള്ളട്ടേ:
അവൻ മരിച്ചു; സംസ്കരിക്കപ്പെട്ടു. അവൻെറ ശവകുടീരം
ഇന്നും നമ്മുടെ മദ്ധ്യേ ഉണ്ട്.

30 അവൻ ഒരു പ്രവാചകനായിരുന്നു. അവൻെറ
സന്തതികളിലൊരുവൻ അവൻെറ സിംഹാസനത്തിൽ വാ
ഴുമെന്നു ദൈവം അവനോടു സത്യമായി വാഗ്ദാനം ചെയ്തിട്ടു
ണ്ടെന്ന് അവന് അറിയാമായിരുന്നു.

31 ഇതു മുൻകൂട്ടി കണ്ടുകൊണ്ടത്രേ, പാതാളത്തിൽ
അവൻ ഉപേക്ഷിക്കപ്പെട്ടില്ല, അവൻെറ ജഡം അഴിഞ്ഞുമി
ല്ല എന്നു ക്രിസ്തുവിൻെറ ഉത്ഥാനത്തെക്കുറിച്ച് അവൻ പ്രവ
ചിച്ചതു്.

32 ആ ഈശോയെ ദൈവം ഉയിർപ്പിച്ചു എന്നതിനു
ഞങ്ങൾ എല്ലാവരും സാക്ഷികളാണ്.

33 ദൈവത്തിൻെറ വലതുഭാഗത്തു മഹത്വം പ്രാപി
ച്ച ഇവൻ പിതാവിൽനിന്നു പരിശുദ്ധാത്മാവിനെക്കുറിച്ചു
ള്ള വാഗ്ദാനം സ്വീകരിച്ചു; നിങ്ങൾ കാണുകയും കേൾക്കുക
യും ചെയ്യുന്ന ഈ അരൂപിയെ വർഷിച്ചു.

*34 ദാവീദാ എന്നാൽ, സ്വർഗ്ഗത്തിലേക്ക കരേറി
യില്ല. എങ്കിലും, അവൻ പറഞ്ഞു: കർത്താവ് എൻെറ നാ
ഥനോട്ട കല്പിച്ചു, നീ എൻെറ വലത്തുഭാഗത്തിരിക്കുക;

*35 അപ്പോഠം, ഞാൻ നിൻെറ ശത്രുക്കളെ നിൻെറ
പാദപീഠമാക്കം.

36 ആകയാൽ, നിങ്ങഠം ക്രൂശിച്ച ആ ഈശോയെ,
ദൈവം നാഥനും രക്ഷകനുമാക്കിയെന്ന് ഇസ്രായേൽജനം
മുഴുവൻ നിശ്ചയമായി ഗ്രഹിക്കട്ടെ.

37 ഇവ ശ്രവിക്കകയിൽ, അവർക്ക ഹൃദയത്തിൽ പ
ശ്ചാത്താപമുളവായി. ജനങ്ങളേ, സഹോദരന്മാരേ, ഞങ്ങഠം
എന്താണു ചെയ്യേണ്ടതു്? എന്നു പത്രോസിനോടും മററു ശ്ലീ
ഹന്മാരോടും അവർ ചോദിച്ചു.

38 പത്രോസ് അവരോട്ട പറഞ്ഞു: പ്രായശ്ചിത്തമനു
ഷ്ഠിക്കുവിൻ; പാപമോചനം പ്രാപിക്കുവാനായി ഈശോമി
ശിഹായുടെ നാമത്തിൽ ഓരോരുത്തനും ജ്ഞാനസ്നാനം സ്വീ
കരിക്കുക. അപ്പോഠം, നിങ്ങഠം പരിശുദ്ധാത്മാവിൻെറ ദാന
ങ്ങഠം സ്വീകരിക്കം.

---

*34, 35 (സങ്കീ. 109: 1) വരെ എന്ന മൂലപദത്തിന് അ
പ്പോഠം എന്നു തർജ്ജമ ചെയ്യാം.

വലത്തുഭാഗം—അധികാരത്തെയും മഹത്വത്തെയും സൂചിപ്പിക്കു
ന്നു. മനുഷ്യനെന്ന നിലയിൽ ന. കർത്താവ് ആസനസ്ഥനായിരിക്കു
ന്ന സ്ഥലം എന്നും അർത്ഥമാക്കാം.

മൂന്നു സത്യങ്ങളാണു വി. പത്രോസ് സങ്കീർത്തനം വഴി തെളി
യിക്കുന്നതു്: 1) ഈശോ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ്.
2) അവിടുന്നു വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണ്. 3) അവി
ടുന്നു ദൈവംതന്നെയാണ് ആകയാൽ, ഈ വസ്തുതകഠം 'ഇസ്രാ
യേൽജനം നിശ്ചയമായി ഗ്രഹിക്കട്ടെ'യെന്നു വി. പത്രോസ് സമാ
പിക്കുന്നു.

*39 എന്തുകൊണ്ടെന്നാൽ, ഈ വാഗ്ദാനം, നിങ്ങൾ
ക്കും നിങ്ങളുടെ സന്തതികൾക്കും, നമ്മുടെ ദൈവമായ ക
ർത്താവു വിളിക്കുന്ന വിദൂരസ്ഥരായ എല്ലാവർക്കും വേണ്ടിയു
ള്ളതാകുന്നു.

*40 വഷളായ ഈ തലമുറയിൽനിന്നു നിങ്ങളെത്ത
ന്നെ രക്ഷിക്കുവിൻ എന്നു പല വാക്യങ്ങൾ വഴി സാക്ഷ്യം
നല്കി അവൻ അവരെ ഉപദേശിച്ചു.

41 അവന്റെ വാക്കുകൾ സ്വീകരിച്ചവർ ജ്ഞാന
സ്നാനപ്പെട്ടു; അന്നുതന്നെ മൂവ്വായിരത്തോളം ആളുകൾ (സഭ
യിലേക്കു) ചേർക്കപ്പെട്ടു.

*42 അവർ ശ്ലീഹന്മാരുടെ പഠനങ്ങളിലും, അപ്പം വി
ഭജിക്കുന്നതിന്റെ ഭാഗഭാഗിത്വത്തിലും പ്രാർത്ഥനയിലും ഉറ
ച്ചുനിന്നിരുന്നു.

*43 എന്നാൽ, എല്ലാവർക്കും ഭയമായി; ശ്ലീഹന്മാർ
വഴി ഓർശലത്തു് അനേകം അത്ഭുതങ്ങളും അടയാളങ്ങളും
നടന്നു; ഇതുകൊണ്ടാണ് എല്ലാവർക്കും വലിയ ഭീതിയുണ്ടാ
യതു്.

*44 വിശ്വസിച്ച എല്ലാവരും ഒന്നൊരുമിച്ചു ജീവി
ക്കുകയും, തങ്ങളുടെ സകല വസ്തുക്കളും പൊതുസ്വത്തായി
കരുതുകയും ചെയ്തു.

*45 അവർ തങ്ങളുടെ വസ്തുവകകൾ വിറ്റു് ഓരോരു
ത്തരുടേയും ആവശ്യമനുസരിച്ചു് എല്ലാവർക്കും വീതിച്ചുകൊ
ടുത്തു.

---

*39 വിദൂരസ്ഥരായ,—വിശ്വാസത്തിൽനിന്നകന്നു നില്ക്കുന്ന
വർ—വിജാതീയർ.

*40 വഷളായ തലമുറ—ക്രിസ്തുവിൽ വിശ്വസിക്കാതിരുന്ന
യഹൂദർ.

*42–47 ആദിമക്രിസ്ത്യാനികളുടെ ജീവിതത്തെ ചുരുക്കം.

*46 ഏകമനസ്സോടേ അവർ ദിവസവും ദൈവാലയത്തിൽ സമ്മേളിച്ചിരുന്നു. ഭവനങ്ങൾതോറും അവർ അപ്പം വിഭജിക്കുകയും, ആനന്ദത്തോടും ആത്മനൈർമ്മല്യത്തോടും കൂടി ഭക്ഷണം കഴിക്കുകയും ചെയ്തു.

*47 അവർ ദൈവത്തെ പ്രകീർത്തിക്കുകയും എല്ലാവരോടും സ്നേഹപൂർവ്വം വർത്തിക്കുകയും ചെയ്തു. രക്ഷ നേടേണ്ടുവരുടെ സംഖ്യ കർത്താവു ദിവസംതോറും വർദ്ധിപ്പിക്കുകയും ചെയ്തു.

# അധ്യായം 3

## പത്രോസ് മുടന്തനെ സുഖപ്പെടുത്തുകയും ജനങ്ങളോടു പ്രസംഗിക്കുകയും ചെയ്യുന്നു.

*1 പത്രോസും യോഹന്നാനും പ്രാർത്ഥനയ്ക്കുള്ള ഒൻപതാം മണിക്കൂറിൽ ദൈവാലയത്തിലേക്കു പോയി.

*2 അമ്മയുടെ ഉദരം മുതൽ മുടന്തനായ ഒരുവനെ ദിവസവും ചിലർ എടുത്തുകൊണ്ടുവന്ന്, ദൈവാലയത്തിൽ പ്രവേശിക്കുന്നവരോടു ഭിക്ഷ യാചിക്കുവാൻ, 'മനോഹരകവാട'ത്തിൽ ഇരുത്തുക പതിവായിരുന്നു.

---

യി വിവരിക്കുന്നു. 1) ശ്ലീഹന്മാരുടെ പഠനങ്ങൾ ശ്രവിക്കുക. 2) അപ്പം വിഭജിക്കുന്ന കർമ്മത്തിൽ (കർബാന) പങ്കുകൊള്ളുകയും, 'ദിവ്യകാരുണ്യം' സ്വീകരിക്കുകയും ചെയ്യുക. 3) പ്രാർത്ഥനയിൽ സംബന്ധിക്കുക. 4) പരസ്നേഹപ്രവർത്തനങ്ങൾ ചെയ്യുക.

*1 ഒൻപതാം മണിക്കൂർ—3 P.M.

*2 മനോഹരകവാടം—ഒരു കവാടത്തിന്റെ പേർ.

3 ദൈവാലയത്തിലേക്കു പ്രവേശിക്കുവാൻവന്ന പത്രോസിനേയും യോഹന്നാനേയും കണ്ടപ്പോൾ, അവൻ അവരോടു ഭിക്ഷ ചോദിച്ചു.

4 എന്നാൽ, പത്രോസ്, യോഹന്നാനോടൊന്നിച്ച് അവനെ സസൂക്ഷ്മം നോക്കിയിട്ടു പറഞ്ഞു: ഞങ്ങളുടെ നേരെ നോക്കു.

5 അവരിൽനിന്നെന്തെങ്കിലും ലഭിക്കുമെന്ന പ്രതീക്ഷയോടെ അവൻ അവരെ സൂക്ഷിച്ചുനോക്കി.

6 അപ്പോൾ, പത്രോസ് പറഞ്ഞു: വെള്ളിയും സ്വർണ്ണവും എനിക്കില്ല. എങ്കിലും, എനിക്കുള്ളതു ഞാൻ നിനക്കു തരാം. നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ എഴുന്നേററു നടക്കുക.

7 (പത്രോസ്) അയാളുടെ വലതുകൈക്കുപിടിച്ച് അവനെ എഴുന്നേല്പിച്ചു. ഉടൻതന്നെ അവൻെറ പാദങ്ങളും ഉള്ളംകാലും ശക്തി പ്രാപിച്ചു.

8 അവൻ ചാടി എഴുന്നേററു നടന്നു; ചാടിയും നടന്നും ദൈവത്തെ സ്തുതിച്ചും അവരോടുകൂടി ദൈവാലയത്തിൽ പ്രവേശിച്ചു.

9 അവൻ നടക്കുന്നതും ദൈവത്തെ പ്രകീർത്തിക്കുന്നതും എല്ലാവരും ദർശിച്ചു.

10 ഇവനാണു ദൈവാലയത്തിൻെറ 'മനോഹരകവാട'ത്തിൽ ഭിക്ഷ യാചിച്ചിരുന്നവൻ എന്ന് അവർക്കു ബോധപ്പെട്ടു. അവനു സംഭവിച്ചവയെക്കുറിച്ച് അവർ വിസ്മയവും അത്ഭുതവുംകൊണ്ടു നിറഞ്ഞു.

*11 അയാൾ പത്രോസിനേയും യോഹന്നാനേയും മുറുകെപ്പിടിച്ചു നിന്നപ്പോൾ, അത്ഭുതഭരിതരായ ജനങ്ങൾ, ശ്ലേമോൻെറ മണ്ഡപം എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവരുടെ പക്കലേക്കോടിച്ചെന്നു.

*11 ശ്ലേമോൻെറ മണ്ഡപം--ദാറശ്ശം ദൈവാലയത്തിൻെറ

12 ഇതുകണ്ടു പത്രോസ് അവരോടു പറഞ്ഞു: ഇസ്രാ
യേൽക്കാരേ, നിങ്ങളിതിൽ ആശ്ചര്യപ്പെടുന്നതെന്തിന്? ഞ
ങ്ങൾ സ്വന്തം ശക്തിയാലോ അധികാരത്താല്ലോ ഇയാളെ
നടത്തിയെന്ന മട്ടിൽ ഞങ്ങളെ എന്തിനു നിങ്ങൾ ഉറ്റു
നോക്കുന്നു?
*13 അബ്രാഹത്തിൻേറയും ഇസഹാക്കിൻേറയും യാ
ക്കോബിൻേറയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈ
വം തൻെറ പുത്രനായ ഈശോയെ മഹത്വപ്പെടുത്തി. നിങ്ങ
ളോ എന്നാൽ, അവനെ (ശത്രുക്കൾക്ക്) ഏല്പിച്ചുകൊടുത്തു;
അവനെ വിമോചിക്കുവാൻ തീരുമാനിച്ച പീലാത്തോസി
ൻെറ മുൻപിൽവച്ച് അവനെ നിഷേധിക്കയും ചെയ്തു.
*14 പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ നി
ഷേധിച്ചു; ഒരു ഘാതകനെ നിങ്ങൾക്കു വിട്ടുതരുവാൻ ആവ
ശ്യപ്പെട്ടു.
*15 ജീവൻെറ നാഥനെ നിങ്ങൾ വധിച്ചു; എന്നാൽ,
മരിച്ചവരിൽനിന്നു ദൈവം അവനെ ഉയിർപ്പിച്ചു; അതിനു
ഞങ്ങൾ സാക്ഷികളാണ്.
*16 അവൻെറ (ഈശോയുടെ) നാമത്തിലുള്ള വിശ്വാ
സംവഴി, നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഇയാ

---

കിഴക്കുവശത്തായിരുന്നു ഈ മുഖമണ്ഡപം. അധ്യാപനത്തിന് ഈ
സ്ഥലമാണ് ഉപയോഗിച്ചിരുന്നത്.

*13, 14 പീഡാനുഭവത്തെക്കുറിച്ച് ഏശയ്യാ ദീർഘദർശി
ചെയ്തിരിക്കുന്ന പ്രവചനം (അധ്യാ. 53) പത്രോസ് അവരെ അനുസ്മ
രിപ്പിക്കുന്നു.

പരിശുദ്ധനും നീതിമാനും—പഴയനിയമത്തിൽ മിശിഹായെ
ക്കുറിച്ചു പറയുമ്പോൾ ഈ പേരുകളാണുപയോഗിക്കുക—(ഇസ.
53: 11). ഘാതകൻ—ബറാബാസ്.

*15 ജീവൻെറ നാഥൻ: ശാരീരികജീവൻേറയും ആധ്യാത്മി
കജീവൻേറയും നാഥൻ.

*16 മിശിഹായാണ് ഈ അത്ഭുതം പ്രവർത്തിച്ചതെന്നും അ

ളെ അവൻെറ നാമം ശക്തിപ്പെടുത്തി. അവനിലുള്ള വി
ശ്വാസമാണ്, നിങ്ങളുടെയെല്ലാവരുടേയും മുൻപിൽവച്ച്
ഇയാൾക്ക് ഈ പൂർണ്ണസൌഖ്യം കൊടുത്തത്.

*17 എന്നാൽ, സഹോദരന്മാരേ, നിങ്ങളുടെ ഭരണ
കർത്താക്കളെപ്പോലെ നിങ്ങളും അജ്ഞതമൂലം ഇതുചെയ്തു
വെന്നെനിക്കറിയാം.

*18 ക്രിസ്തു പീഡകൾ സഹിക്കണമെന്നു ദൈവം,
തൻെറ എല്ലാ പ്രവാചകന്മാരുംവഴി മുൻകൂട്ടി അറിയിച്ചവ
ഇപ്രകാരം നിറവേററുകയാണു ചെയ്തത്.

19 ആകയാൽ, നിങ്ങളുടെ പാപങ്ങൾ മായിക്കപ്പെ
ടുവാൻ പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവിൻ

*20 അപ്പോൾ, നാഥൻെറ പക്കൽനിന്ന് ആശ്വാ
സത്തിൻെറ സമയം വരികയും, നിങ്ങളോടു പ്രസംഗിക്ക

---

ങ്ങൾ വെറും ഉപകരണങ്ങൾ മാത്രമാണെന്നും പത്രോസ് അവരെ ഗ്രഹിപ്പിക്കുന്നു.

*17, 18 ലൂക്കാ 23: 14—അജ്ഞതമൂലം, എന്നാൽ, ദുഷ്ടമായ ഉദ്ദേശ്യത്തോടുകൂടി ഈശോ ബലഹീനനെന്നു വിചാരിച്ച് അവർ ഇപ്രകാരം പ്രവർത്തിച്ചപ്പോൾ, ഏശയ്യാ ദീർഘദർശി (അദ്ധ്യാ. 53) ചെയ്ത പ്രവചനം അവർ നിവൃത്തിയാക്കുക മാത്രമായിരുന്നെന്നു പത്രോസ് അവരെ അനുസ്മരിപ്പിക്കുന്നു.

*20 ആശ്വാസത്തിൻെറ സമയം—ലോകാവസാനം—യൂദന്മാർ മനസ്തപിച്ചു ക്രിസ്തുവിൽ വിശ്വസിച്ചാൽ ലോകത്തിൻെറ അവസാനം താമസിയാതെ ഉണ്ടാകുമെന്നു പത്രോസ് വിവക്ഷിക്കുന്നതായി തോന്നുന്നു. യൂദന്മാരുടെ മാനസാന്തരം, ലോകാവസാനം സമീപിച്ചിരിക്കുന്നുവെന്നതിനു ലക്ഷ്യമാണ്. (റോമ. 11: 26) എന്നാൽ, അതിനു മുൻപായി, സുവിശേഷം ലോകം മുഴുവൻ പ്രസംഗിക്കപ്പെടുകയും തെരഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യ പൂർത്തിയാകുകയും ചെയ്യേണ്ടിയിരിക്കുന്നു. (മത്താ. 24: 14-22)

പ്പെട്ട ഈശോമിശിഹായെ അവിടുന്ന് (ദൈവം)അയയ്ക്കു കയും ചെയ്യും.

*21 ലോകാരംഭം മുതൽ, ദൈവം തന്റെ വിശുദ്ധ പ്രവാചകന്മാർ വഴി അരുളിച്ചെയ്തവയെല്ലാം പൂർത്തിയാകുന്നതുവരെ, സ്വർഗ്ഗം അവിടുത്തെ സ്വീകരിക്കുകതന്നെ വേണം.

*22 എന്തുകൊണ്ടെന്നാൽ, മോശ പറഞ്ഞു: നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങളുടെ സഹോദരരിൽ നിന്ന്, എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കായി ഉയർത്തും. അവൻ നിങ്ങളോടു പറയുന്ന സകല കാര്യങ്ങളും ശ്രവിക്കുവിൻ.

*23 ആ പ്രവാചകനെ ശ്രവിക്കാത്ത ഏവനും ജനത്തിൽ നിന്നു നശിപ്പിക്കപ്പെടും.

24 സാമുവൽ തുടങ്ങി പ്രവചിച്ചിട്ടുള്ള എല്ലാ പ്രവാചകന്മാരും ഈ ദിവസങ്ങളെപ്പററി പ്രസ്താവിക്കുന്നുണ്ട്.

*25 ഭൂമിയിലെ സകല ഗോത്രങ്ങളും നിന്റെ സന്തതിവഴി അനുഗ്രഹം പ്രാപിക്കുമെന്നു ദൈവം അബ്രാഹത്തോട് അരുളിച്ചെയ്തു. അതിൻപ്രകാരം, അവിടുന്നു നമ്മുടെ പിതാക്കന്മാരോടു ചെയ്ത ഉടമ്പടിയുടേയും പ്രവാചകന്മാരുടെയും സന്തതികളാകുന്നു നിങ്ങൾ.

26 ഓരോരുത്തനും പാപത്തിൽ നിന്നു പിന്തിരിയുന്നതിനും നിങ്ങളെ അനുഗ്രഹിക്കുന്നതിനുമായി, ദൈവം സ്വപുത്രനെ ഉയിർപ്പിച്ച് ആദ്യം നിങ്ങളുടെ പക്കലേക്കയച്ചു.

———:o:———

*21 സ്വർഗ്ഗം അവിടുത്തെ............ സ്വർഗ്ഗത്തിൽ അവിടുന്നു വസിക്കുകതന്നെ വേണം.

*22, 23 നിയമാവർത്തനം—18: 15. ശ്രവിക്കുവിൻ-അനുസരിക്കുവിൻ,

*25 സൃഷ്ടി. 22: 18; സങ്കീ. 121.

പ്രവാചകന്മാരുടെ സന്തതികൾ—പ്രവചനത്തിനായി പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവർ.

# അധ്യായം 4

## പത്രോസും യോഹന്നാനും വിസ്തരിക്കപ്പെടുന്നു. അവരുടെ സ്ഥൈര്യവും ആദിമക്രിസ്ത്യാനികളുടെ ജീവിതക്രമവും

*1 അവർ ജനങ്ങളോടു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, പുരോഹിതന്മാരും ദൈവാലയാധികാരിയും സദ്ദുച്ചേയരും അവർക്കെതിരായിവന്നു.

2 അവർ ജനങ്ങളെ പഠിപ്പിക്കുകയും ഈശോ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തുവെന്നു പ്രസംഗിക്കുകയും ചെയ്യുതിനാൽ, അവർ അമർഷംകൊണ്ടു.

3 ആകയാൽ, അവർ അവരെ പിടിച്ചു പിറേറദിവസംവരെ തടങ്കലിൽവച്ചു; എന്തുകൊണ്ടെന്നാൽ, അപ്പോൾ സന്ധ്യാസമയമായിരുന്നു.

4 എന്നാൽ, (ദൈവ) വചനം ശ്രവിച്ചവരിൽ അനേകർ വിശ്വസിച്ചു. ഇങ്ങനെ, പുരുഷന്മാരുടെ സംഖ്യ അയ്യായിരമായി.

*5 പിറേറദിവസം അവരുടെ പ്രമാണികളും മൂപ്പന്മാരും നിയമജ്ഞന്മാരും,

---

*1 സദ്ദുച്ചേയർ: അധ്യായം 5. വാക്യം 17 കാണുക.

*5 സെൻഹെദ്രീൻസംഘം: യഹൂദന്മാരുടെ ഉന്നതന്യായാസനം പ്രധാന പുരോഹിതന്മാർ, നിയമജ്ഞന്മാർ (scribes),

*6 പ്രധാനാചാര്യനായ അന്നാസും കയ്യേപ്പാസും യോ
ഹന്നാനും അലക്സാണ്ടറും പ്രധാനപുരോഹിതന്റെ ബന്ധ
ത്തിൽപ്പെട്ട സകലരും ഓർശലത്തു് ഒരുമിച്ചുകൂടി.
7 അവരെ മദ്ധ്യത്തിൽ നിർത്തിക്കൊണ്ടു്, ഇവർ ചോ
ദിച്ചു: എന്തു് അധികാരത്താൽ, അഥവാ, ആരുടെ നാമത്തിൽ
നിങ്ങളിതു പ്രവർത്തിച്ചു?
8 അപ്പോൾ, പത്രോസ് പരിശുദ്ധാത്മാവിനാൽ നി
റഞ്ഞു് അവരോടു പറഞ്ഞു: പ്രമാണികളേ, മൂപ്പന്മാരേ,
കേൾക്കുവിൻ:
9 രോഗിയായ ഈ മനുഷ്യനു ചെയ്യപ്പെട്ട സൽപ്രവൃ
ത്തിയെക്കുറിച്ചും, ഇവനെങ്ങനെ സുഖപ്പെടുത്തപ്പെട്ടു എന്നതി
നെസ്സംബന്ധിച്ചും ഞങ്ങൾ ഇന്നു വിസ്തരിക്കപ്പെടുന്നെങ്കിൽ,
10 നിങ്ങളും ഇസ്രായേലിലെ എല്ലാജനങ്ങളും അറി
ഞ്ഞുകൊള്ളുവിൻ: നിങ്ങൾ കുരിശിൽ തറയ്ക്കുകയും എ
ന്നാൽ, ദൈവം മരിച്ചവരിൽനിന്നു് ഉയിർപ്പിക്കുകയും ചെ
യ്ത നസ്രസ്സിലെ യേശുക്രിസ്തുവിന്റെ നാമത്താൽത്തന്നെ ഈ
മനുഷ്യൻ സുഖം പ്രാപിച്ചു നിങ്ങളുടെ മുൻപിൽനില്ക്കുന്നു.
*11 ശില്പികളായ നിങ്ങളുപേക്ഷിച്ചതും എന്നാൽ,
മൂലയിലെ പ്രധാന കല്ലായിത്തീർന്നതും ഇതാണു്.

---

മൂപ്പന്മാർ (ancients) എന്നിവരാണു് ഇതിന്റെ അംഗങ്ങൾ. മതാധികാരത്തിന്റേയും, നിയമാധികാരത്തിന്റേയും ലൗകികാധികാരത്തിന്റേയും പ്രാതിനിധ്യമാണു് ഇവർ വഹിക്കുക.

*6 പ്രധാനാംഗങ്ങളെ പ്രത്യേകമെടുത്തു പറയുന്നു.

അന്നാസ്, കയ്യേപ്പാസ്--അന്നാസ് പ്രധാനാചാര്യനായിരുന്നില്ല; കയ്യേപ്പാസ് അയാളുടെ മരുമകനായിരുന്നതുകൊണ്ടു് ഈ ഉദ്യോഗത്തിൽ പങ്കുള്ളതുപോലെ പ്രസ്താവിച്ചിരിക്കുന്നു. (ലൂക്കാ 8: 2)

*11 സിനഗോഗുകൾ പണിതിരുന്ന യഹൂദപ്രമാണികൾ ദൈവത്തിന്റെ ആത്മീയസൗധത്തിന്റെ നിർമ്മാതാക്കളായി കരുതപ്പെട്ടിരുന്നു. എന്നാൽ, അതിന്റെ അടിസ്ഥാനകല്ലായിരിക്കേണ്ട

*12 രക്ഷ മററാരിലുമല്ല. കാരണം, നമ്മൾ രക്ഷനേ
ടുന്നതിന് ആകാശത്തിൻകീഴ മററൊരു നാമവും മനുഷ്യർ
ക്കു നല്കപ്പെട്ടിട്ടില്ല.

13 പത്രോസിൻെറയും യോഹന്നാൻെറയും സ്ഥൈര്യം
കാണുകയും, അവർ വിദ്യാവിഹീനന്മാരും അജ്ഞന്മാരുമാ
ണെന്നു മനസ്സിലാക്കുകയും ചെയ്തപ്പോൾ, അവർ വിസ്മയി
ച്ചു; ഇവർ ഈശോയോടുകൂടി നടന്നവരാണെന്ന് അവർക്ക്
അറിയാമായിരുന്നു.

14 സുഖം പ്രാപിച്ച ആ മനുഷ്യനും അവരോടുകൂടി
നില്ക്കുന്നതു കണ്ടതിനാൽ, അതിനെതിരായി യാതൊന്നും
പറയുവാൻ അവർക്കു കഴിഞ്ഞില്ല.

15 എന്നാൽ, സംഘത്തിൽ നിന്നു പുറത്തു പോകു
വാൻ അവരോടു കല്പിച്ചതിനുശേഷം, അവർ പരസ്പരം ആ
ലോചിച്ചു പറഞ്ഞു:

16 ഈ മനുഷ്യരോടു നാമിനിയെന്താണു ചെയ്യുക?
കാരണം, ഓർശലത്തെ നിവാസികൾ മുഴുവനും അറിഞ്ഞു
കഴിഞ്ഞ ഒരത്ഭുതം യഥാർത്ഥത്തിൽ അവർ പ്രവർത്തിച്ചു;
അതു സ്പഷ്ടമാണ്; നമുക്കതു നിഷേധിക്കുക സാദ്ധ്യമല്ല.

17 എന്നാൽ, ഇതു ജനങ്ങളുടെയിടയിൽ കൂടുതൽ
പ്രചരിക്കാതിരിക്കുവാൻവേണ്ടി, ഇനിമേൽ ഈ നാമത്തിൽ
ആരോടും പ്രസംഗിക്കരുതെന്നു നമുക്കവരെ ഭയപ്പെടുത്താം.

18 അവർ പിന്നീട്, അവരെ വിളിച്ച്, ഈശോയു
ടെ നാമത്തിൽ ഇനിമേൽ സംസാരിക്കയോ പഠിപ്പിക്കയോ
ചെയ്യരുതെന്ന് ആജ്ഞാപിച്ചു.

---

ക്രിസ്തുവിനെ അവർ ഉപേക്ഷിച്ചു. ദൈവമോ എന്നാൽ, ക്രിസ്തുവിനെ
തൻെറ സഭയുടെ മൂലക്കല്ലാക്കി. സങ്കീർത്തകൻെറ ഈ വാക്യം (സ
ങ്കീ. 117: 22) നം. കർത്താവുതന്നെ ഉദ്ധരിക്കുന്നുണ്ടു (മത്താ. 21: 42).

*12 നാമം—ഈശോ എന്ന ആളിനെയും അവിടുത്തെ യോ
ഗ്യതകളെയും കുറിക്കുന്നു.

*19 അതിന്ന്, പത്രോസും യോഹന്നാനും ഇങ്ങനെ ഉത്തരം പറഞ്ഞു: ദൈവത്തെക്കാൾ കൂടുതലായി നിങ്ങളെ അനുസരിക്കുക ദൈവസന്നിധിയിൽ ശരിയോ? നിങ്ങൾതന്നെ വിധിക്കുവിൻ.

20 എന്തുകൊണ്ടെന്നാൽ, ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പററി പ്രസംഗിക്കാതിരിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല.

*21 എന്നാൽ, ജനക്കൂട്ടം നിമിത്തം, അവരെ ശിക്ഷിക്കേണ്ടതിന്നു മാർഗ്ഗമൊന്നും കാണാതെ, അവർ അവരെ ഭയപ്പെടുത്തി പറഞ്ഞയച്ചു. കാരണം, ജനം മുഴുവനും അവിടെ സംഭവിച്ചവയെക്കുറിച്ചു (ദൈവത്തെ) സ്തുതിച്ചിരുന്നു.

22 എന്തുകൊണ്ടെന്നാൽ, അത്ഭുതകരമായ സൗഖ്യം പ്രാപിച്ച ആ മനുഷ്യൻെറ പ്രായം നാല്പതിന്നു മേലായിരുന്നു.

23 പൊയ്ക്കൊള്ളുവാൻ അനുവദിച്ചപ്പോൾ അവർ തങ്ങളുടെ കൂട്ടുകാരുടെ പക്കൽ വന്ന്, പ്രധാനപുരോഹിതന്മാരും മൂപ്പന്മാരും പറഞ്ഞവയെല്ലാം വിവരിച്ചു കേൾപ്പിച്ചു.

24 ഇതു കേട്ടപ്പോൾ, അവർ ഏകമനസ്സോടെ ദൈവത്തിൻെറ പക്കലേക്കു സ്വരമുയർത്തി ഇപ്രകാരം പറഞ്ഞു: കർത്താവേ, ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും സൃഷ്ടിച്ചവൻ അങ്ങാകുന്നു.

---

*19 ലൗകികാധികാരികൾ ദൈവാജ്ഞയ്ക്കു വിരുദ്ധമായി കല്പിക്കുമ്പോൾ അനുസരിക്കേണ്ടതില്ലെന്നു സ്പഷ്ടം.

*21 ജനക്കൂട്ടം നിമിത്തം—ശ്ലീഹന്മാരെ ഉപദ്രവിച്ചാൽ, ജനങ്ങൾ വിപ്ലവമുണ്ടാക്കുമെന്ന് അധികാരികൾ ഭയപ്പെട്ടിരുന്നു. അതുകൊണ്ടാണ്, അവരെ ഭയപ്പെടുത്തി പറഞ്ഞയയ്ക്കുകമാത്രം ചെയ്തത്.

*25 അവിടുന്നു പരിശുദ്ധാത്മാവു മുഖേന, അങ്ങയു
ടെ ദാസനും ഞങ്ങളുടെ പിതാവുമായ ദാവീദു വഴി ഇപ്രകാ
രം അരുളിച്ചെയ്തു: പുറജാതികൾ അമർഷം കൊള്ളുകയും, ജ
നം വ്യർത്ഥസംഗതികൾ ചിന്തിക്കുകയും ചെയ്തതു് എന്തിനു്?

*26 കർത്താവിനും അവിടുത്തെ അഭിഷിക്തനും എ
തിരായി ഭൂമിയിലെ രാജാക്കന്മാർ അണിനിരന്നു. ഭരണ
കർത്താക്കൾ ഒന്നിച്ചു കൂടി.

*27 എന്തുകൊണ്ടെന്നാൽ, അങ്ങു് അഭിഷേകം ചെ
യ്ത അങ്ങേ പുത്രൻ ഈശോയ്ക്കെതിരായി ഹേറോദേസും പന്തി
യോസ് പീലാത്തോസും, വിജാതീയരോടും ഇസ്രായേൽ ജന
ങ്ങളോടും ഒരുമിച്ചു്, സത്യമായിട്ടും, ഈ പട്ടണത്തിൽ കൂടി.

28 സംഭവിക്കണമെന്നു് അങ്ങയുടെ കരവും ആലോ
ചനയും തീരുമാനിച്ചതു ചെയ്യുവാനത്രേ ഇതു്.

29, 30 കർത്താവേ, ഇതാ ഇപ്പോൾ അവരുടെ ഭീഷ
ണികൾ കണ്ടാലും. പൂർണ്ണവിശ്വാസത്തോടുകൂടി അങ്ങയുടെ
വചനം പ്രസംഗിക്കുന്നതിനു്, അങ്ങേ (തൃ)ക്കരം നീട്ടി, അ
ങ്ങേ തിരുക്കുമാരൻ ഈശോയുടെ നാമത്തിൽ രോഗശാന്തി
യും അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുവാനുള്ള കൃപ അ
ങ്ങേ ദാസന്മാർക്കു നല്കേണമേ.

31 ഇങ്ങനെ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ, അവർ സ
മ്മേളിച്ചിരുന്ന സ്ഥലം ഇളകി; അവർ എല്ലാവരും പരിശു
ദ്ധാത്മാവിനാൽ നിറഞ്ഞു; വിശ്വാസപൂർവ്വം അവർ ദൈവ
വചനം പ്രസംഗിക്കുകയും ചെയ്തു.

---

*25, 26,--സങ്കീ. 2: 1,-2.

*27 മിശിഹായെക്കുറിച്ചു ദാവീദു ചെയ്ത പ്രസ്തുത പ്രവചനം, അവിടുത്തെ പീഡാനുഭവവും മരണവും വഴി നിവർത്തിയായിരിക്കുന്നു. കാരണം, യഹൂദരും വിജാതീയരും ഒന്നുപോലെ ഈ ദുഷ്കർമ്മത്തിനു കൂട്ടുനിന്നു.

*32 വിശ്വസിച്ചവരുടെ സമൂഹത്തിന് ഒരു ഹൃദയവും ഒരു ആത്മാവും മാത്രം ഉണ്ടായിരുന്നു. തനിക്കുണ്ടായിരുന്നവ ഒന്നും സ്വന്തമെന്ന് അവരിലാരുംതന്നെ പറഞ്ഞിരുന്നില്ല; പ്രത്യുത, എല്ലാം അവർക്കു പൊതുവായിരുന്നു.

33 നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ഉത്ഥാനത്തിന് ഏററം ശക്തിയോടേ ശ്ലീഹന്മാർ സാക്ഷ്യം നല്കി. ധാരാളം ദൈവാനുഗ്രഹവും അവരെല്ലാവരിലുമുണ്ടായിരുന്നു.

*34 അവരുടെ കൂട്ടത്തിൽ മുട്ടുപാടുള്ളവരാരുംതന്നെയില്ലായിരുന്നു. വസ്തുക്കളോ വീടുകളോ ഉണ്ടായിരുന്നവർ അവ വില്ക്കുകയും വിററ സാധനങ്ങളുടെ വില കൊണ്ടുവന്ന്,

*35 ശ്ലീഹന്മാരുടെ പാദത്തിൽ വയ്ക്കുകയും ചെയ്തിരുന്നു. ഓരോരുത്തന്നും അവനവൻെറ ആവശ്യാനുസരണം വിതരണവും നടത്തപ്പെട്ടു.

*36 സൈപ്രസിൽ ജനിച്ചവനും ഒരു ലെവായനും, ആശ്വാസത്തിൻെറ പുത്രൻ എന്ന അർത്ഥത്തിൽ, ശ്ലീഹന്മാരാൽ ബർണബാസ് എന്ന അപരനാമം നല്കപ്പെട്ടവനുമായ യൗസേഫ്,

*37 തനിക്കുണ്ടായിരുന്ന നിലം വിററു കിട്ടിയ പണം കൊണ്ടുവന്നു ശ്ലീഹന്മാരുടെ കാല്ക്കൽ സമർപ്പിച്ചു.

---

*32, 34, 35 ആദിമക്രിസ്ത്യാനികളുടെ ഈ ജീവിതരീതി ഇന്നു തിരുസ്സഭയിൽ സന്ന്യസ്തർ അക്ഷരംപ്രതി അനുഷ്ഠിച്ചുവരുന്നു. ക്രിസ്ത്യാനികളുടെ ഇടയിൽ ഈ പതിവു തുടരുന്നതിനു ശ്ലീഹന്മാർ പിന്നീട് അനുവദിച്ചില്ല; പ്രത്യേകിച്ച്, വിശ്വാസം സ്വീകരിച്ച വിജാതീയരുടെയിടയിൽ. (അധ്യാ. 2: 44, 45)

*36, 37 മുൻപ്രസ്താവിച്ച പതിവിന് ഒരു ഉത്തമമാതൃക എടുത്തു കാണിച്ചിരിക്കുന്നു.

# അധ്യായം 5

അനനിയാസിനും അയാളുടെ ഭാര്യയ്ക്കും ഉണ്ടായ ദൈവശിക്ഷ. തടവിലാക്കപ്പെട്ട ശ്ലീഹന്മാരുടെ വിമോചനം. ക്രിസ്തുവിനെപ്രതി പ്രഹരിക്കപ്പെട്ടതിനാൽ ശ്ലീഹന്മാർക്കുണ്ടായ സന്തോഷം

1, 2 അനനിയാസ് എന്ന പേരുള്ള ഒരു മനുഷ്യനും അയാളുടെ ഭാര്യ സഫീറായും കൂടി ഒരു നിലം വിററു. എന്നാൽ, നിലത്തിൻെറ വിലയിൽ ഒരു ഭാഗം അയാറം ഭാര്യയുടെ അറിവോടേ, കളവായി ഒളിച്ചുവച്ചു; ഒരു ഭാഗം കൊണ്ടുവന്ന ശ്ലീഹന്മാരുടെ പാദങ്ങളിൽ വച്ചു.

*3 അപ്പോറം, പത്രോസ് ചോദിച്ചു: അനനിയാസേ, പരിശുദ്ധാത്മാവിനോടു കള്ളം പറയുവാനും നിലത്തിൻെറ വിലയുടെ ഒരു ഭാഗം കളവായി ഒളിച്ചുവയ്ക്കുവാനും പിശാചു നിന്നെ പ്രേരിപ്പിച്ചതെന്തുകൊണ്ട്?

---

*3 അനനിയാസും ഭാര്യയും തങ്ങളുടെ സമ്പത്തുക്കറം മുഴുവൻ ദൈവസേവനത്തിനു സമർപ്പിച്ചുകൊള്ളാമെന്ന് ഒരു വ്രതമെടുത്തിരുന്നെന്നും, അതു ലംഘിക്കുകയാലാണ 'പരിശുദ്ധാത്മാവിനോടു കള്ളം പറഞ്ഞ'തായി പത്രോസിനാൽ ശകാരിക്കപ്പെട്ടതും ഭയങ്കരമായി ശിക്ഷിക്കപ്പെട്ടതുമെന്നും ചില പിതാക്കന്മാർ അഭിപ്രായപ്പെടുന്നു.

*4 വില്ക്കുന്നതിനു മുൻപ് അതു നിന്റേതായിരുന്നില്ലേ? വില്ക്കപ്പെട്ടതിനുശേഷവും (ആ പണം) നിന്റെ അധീനതയിലായിരുന്നുവല്ലോ? പിന്നെന്തിനു നീ ഇക്കാര്യം നിന്റെ ഹൃദയത്തിൽ കരുതി? നീ മനുഷ്യരോടല്ല, ദൈവത്തോടാണു കളവു കാണിച്ചതു്.

5 ഈ വാക്കുകൾ കേട്ടപ്പോൾ, അനനിയാസ് മറിഞ്ഞു വീണു ജീവൻവെടിഞ്ഞു. ഇതു കേട്ടവർക്കെല്ലാം വലിയ ഭീതിയുളവായി.

13088

*6 കുറെ ചെറുപ്പക്കാർ വന്നു് അയാളെ എടുത്തുമാററി, പുറത്തുകൊണ്ടുപോയി സംസ്കരിച്ചു.

7 ഏതാണ്ടു മൂന്നു മണിക്കൂർ കഴിഞ്ഞു്, ഇതൊന്നുമറിയാതെ, അയാളുടെ ഭാര്യ അകത്തേക്കു വന്നു.

8 പത്രോസ് അവളോടു ചോദിച്ചു: ഹേ! സ്ത്രീ, പറയൂ, നിങ്ങൾ നിലം വിററതു് ഈ വിലയ്ക്കു തന്നെയോ? അതേ, ഈ വിലയ്ക്കു തന്നെ എന്നു് അവൾ മറുപടി പറഞ്ഞു.

9 അപ്പോൾ, പത്രോസ് അവളോടു ചോദിച്ചു: കർത്താവിന്റെ അരൂപിയെ പരീക്ഷിക്കുവാൻ നിങ്ങൾതമ്മിൽ യോജിച്ചതെന്തിനു്? ഇതാ, നിന്റെ ഭർത്താവിനെ സംസ്കരിച്ചവരുടെ പാദങ്ങൾ വാതില്ക്കൽ എത്തിയിട്ടുണ്ടു്; അവർ നിന്നെയും പുറത്തേക്കു വഹിച്ചുകൊണ്ടുപോകും.

---

*4 തങ്ങൾക്കുള്ള വസ്തുവകകൾ ഉപേക്ഷിക്കണമെന്നതു നിർബ്ബന്ധനിയമമല്ലായിരുന്നെന്നും, അതിനായി ശ്ലീഹന്മാർ ആരെയും നിർബ്ബന്ധിച്ചിരുന്നില്ലെന്നും ഈ വാക്യം തെളിയിക്കുന്നു.

*6 ചെറുപ്പക്കാർ--വാതിൽ കാക്കുക, സഭാസംബന്ധമായ ഇതര എളിയ ജോലികൾ നിർവ്വഹിക്കുക മുതലായവയ്ക്കു നിയമിക്കപ്പെട്ടവരാകാം ഇവർ.

*10 പെട്ടെന്ന്, അവൾ അദ്ദേഹത്തിൻെറ കാല്ക്കൽ വീണു പ്രാണൻ വെടിഞ്ഞു. അകത്തുവന്ന യുവാക്കന്മാർ അവൾ മരിച്ചു കിടക്കുന്നതായിക്കണ്ടു. അവർ അവളേയും പുറത്തേക്കു കൊണ്ടുപോയി അവളുടെ ഭർത്താവിൻെറ സമീപേ സംസ്കരിച്ചു.

*11 സഭ മുഴുവനിലും, ഇതറിഞ്ഞ എല്ലാവരിലും വലിയ ഭയമുളവായി.

12 ശ്ലീഹന്മാർവഴി ജനങ്ങളുടെയിടയിൽ ധാരാളം അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ചു. അവരെല്ലാവരും ഏകമനസ്സോടെ ശ്ലേമ്മോൻെറ മണ്ഡപത്തിൽ കൂടി.

*13 എന്നാൽ, മററുള്ളവരിലാരും അവരോടു കൂടുവാൻ ധൈര്യപ്പെട്ടില്ല; എങ്കിലും, ജനങ്ങൾ അവരെ പ്രശംസിച്ചു.

14 കർത്താവിൽ വിശ്വസിച്ച സ്ത്രീപുരുഷന്മാരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു.

*15 പത്രോസ് കടന്നുപോകുമ്പോൾ അവൻെറ നിഴലെങ്കിലും രോഗികളിൽ ചിലരുടെമേൽ തട്ടി രോഗവിമു

---

*10 പാപം ചെയ്യുവനും അതിനു സഹകരിച്ചയാളും അനുഭവിക്കുന്ന ശിക്ഷ ഒന്നുതന്നെ. അനനിയാസും സഫീറായും നരകശിക്ഷയിൽനിന്നു രക്ഷപ്പെട്ടിരിക്കാമെന്നു പിതാക്കന്മാർ അഭിപ്രായപ്പെടുന്നു.

*11 വിശ്വാസികളുടെ സമൂഹത്തിനു 'സഭ' (church) എന്ന പദം വി. ലൂക്കാ ആദ്യമായി ഇവിടെയാണ് ഉപയോഗിക്കുന്നതു്.

*13 മററുള്ളവർ—വിശ്വാസം സ്വീകരിക്കാതിരുന്നവർ

*15 12-ാം വാക്യത്തിൻെറ തുടർച്ചയായി വരേണ്ടതാണ് ഈ വാക്യമെന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

പത്രോസ് കടന്നു പോകുമ്പോൾ—ദൈവം, തൻെറ സഭയുടെ ദൃശ്യതലവനായി തെരഞ്ഞെടുത്ത പത്രോസുവഴിയാണ്, കൂടുതൽ അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നതെന്ന് ആദ്യന്തം സ്പഷ്ടമാണ്.

ക്തി ലഭിക്കേണ്ടതിന്, അവർ രോഗികളെ കട്ടില്കളിലും
കിടക്കകളിലും കൊണ്ടുവന്ന തെരുവുകളിൽ കിടത്തി.

16 രോഗികളേയും പിശാചുബാധിതരേയുംകൊണ്ട്,
അടുത്ത പട്ടണങ്ങളിൽ നിന്നും ആളുകഠം കൂട്ടമായി ഓർശല
ത്തേക്കു വന്നു; അവരെല്ലാവരും സൗഖ്യം പ്രാപിക്കുകയും
ചെയ്തു.

*17 അപ്പോഠം, പ്രധാനാചാര്യനും, അയാളോടുകൂടി
യുണ്ടായിരുന്ന സദുക്കേയർ എന്ന പാഷണ്ഡികളും അസൂയ
കൊണ്ടു നിറഞ്ഞു ക്ഷുഭിതരായി.

*18 അവർ ശ്ലീഹന്മാരെ പിടിച്ചു പൊതുതടങ്കലിൽ
വച്ചു.

19 എന്നാൽ, രാത്രിയിൽ കർത്താവിൻെറ ദൂതൻ ജ
യിലിൻെറ കതകു തുറന്ന്, അവരെ പുറത്തേക്കു കൊണ്ടു
പോയി പറഞ്ഞു:

*20 നിങ്ങഠം പോയി ദൈവാലയത്തിൽ നിന്നുകൊ
ണ്ട് ഈ ജീവൻെറ വചനങ്ങളെല്ലാം ജനങ്ങളോടു പ്രസം
ഗിക്കുവിൻ.

---

രോഗവിമുക്തി ലഭിക്കേണ്ടതിന്—ഈ വാക്കുകഠം പല കൈ
യെഴുത്തു പ്രതികളിലും കാണുന്നില്ല.

*17 പാഷണ്ഡികഠം—ശരീരത്തിൻെറ ഉത്ഥാനം, മനുഷ്യാ
ത്മാവ് മാലാഖമാർ മുതലായ അരൂപികളുടെ അസ്തിത്വം, എന്നി
വയെ നിഷേധിച്ചിരുന്നവരാണു സദുക്കേയർ (മത്താ. 22: 23). എങ്കി
ലും, ഇവർ പുരോഹിതസംഘത്തിലെ ഒരു പ്രബലകക്ഷിയായിരുന്നു.
ക്രിസ്ത്യാനികഠംക്കെതിരായി മർദ്ദനങ്ങഠം ഇളക്കിവിട്ടതിന്നു പ്രധാ
നമായി ഇവരാണ്.

*18 പൊതു തടങ്കൽ—എല്ലാത്തരം കുററക്കാർക്കും വേണ്ടിയു
ള്ള ജയിൽ.

*20 ജീവൻെറ വചനങ്ങഠം—'ഈ ജീവിതത്തിൻെറ' എന്ന
തിനെക്കാഠം മൂലത്തോടു യോജിക്കുന്നതു് ഈ തർജ്ജമയാണ്.

21 ഇതു കേട്ട്, അവർ അതിരാവിലേ ദൈവാലയ
ത്തിൽ പ്രവേശിച്ചു പഠിപ്പിച്ചു. എന്നാൽ, പ്രധാന പുരോ
ഹിതൻ തൻെറ സഹചരന്മാരോടൊത്തു വന്ന്, ആലോച
നാസംഘത്തെയും ഇസ്രായേൽജനങ്ങളുടെ സകല മൂപ്പന്മാ
രെയും വിളിച്ചുകൂട്ടി; അവരെ (ശ്ലീഹന്മാരെ) കൊണ്ടുവരുവാൻ
ജയിലിലേക്ക് അവർ ആളയച്ചു.

22 എന്നാൽ, ഉദ്യോഗസ്ഥന്മാർ വന്നു കാരാഗൃഹം
തുറന്നപ്പോൾ അവരെ അവിടെ കണ്ടില്ല. അവർ മടങ്ങിച്ചെ
ന്നു വിവരമറിയിച്ചുകൊണ്ടു പറഞ്ഞു:

23 കാരാഗൃഹം ഭദ്രമായി ബന്ധിച്ചിരിക്കുന്നതും കാ
വൽക്കാർ വാതില്ക്കൽ നില്ക്കുന്നതും ഞങ്ങൾ കണ്ടു. എ
ന്നാൽ, അതു തുറന്നപ്പോൾ അകത്ത് ആരെയും കണ്ടില്ല.

24 ദൈവാലയപ്രമാണിയും പ്രധാനപുരോഹിതന്മാ
രും ഈ വാക്കുകൾ കേട്ടപ്പോൾ, എന്തു സംഭവിക്കുമെന്നു വി
ചാരിച്ച് അവരെക്കുറിച്ചു സംഭ്രാന്തരായി.

25 അപ്പോൾ, ഒരാൾ വന്ന് അവരോടു പറഞ്ഞു: നി
ങ്ങൾ കാരാഗൃഹത്തിലടച്ച മനുഷ്യർ ഇതാ, ദൈവാലയ
ത്തിൽ നിന്നുകൊണ്ടു ജനങ്ങളെ പഠിപ്പിക്കുന്നു!

26 അപ്പോൾ, ഈ പ്രമാണി ഉദ്യോഗസ്ഥന്മാരോടു
കൂടി ചെന്ന്, ബലപ്രയോഗം കൂടാതെ അവരെ കൂട്ടിക്കൊണ്ടു
വന്നു. എന്തുകൊണ്ടെന്നാൽ, ജനങ്ങൾ തങ്ങളെ കല്ലെറി
ഞ്ഞേക്കുമോ എന്ന് അവർ ഭയപ്പെട്ടിരുന്നു.

27 അവരെ കൊണ്ടുവന്നു സംഘത്തിൻെറ മുൻപാ
കെ നിറുത്തി. അപ്പോൾ, പ്രധാനാചാര്യൻ അവരോട് ഇങ്ങ
നെ ചോദിച്ചു:

28 ഞങ്ങൾ നിങ്ങളോടു കർശനമായി കല്പിച്ചതല്ലേ,
ഈ നാമത്തിൽ പഠിപ്പിക്കരുതെന്ന്; എന്നാൽ, ഇപ്പോൾ
നിങ്ങൾ ഓർശലം മുഴുവൻ നിങ്ങളുടെ പഠനങ്ങൾകൊണ്ടു

നിറച്ചു. ഈ മനുഷ്യൻെറ (ക്രിസ്തുവിൻെറ) രക്തം ഞങ്ങളു
ടെമേൽ വരുത്തുവാൻ ഇച്ഛിക്കുകയും ചെയ്യുന്നു.
29 അപ്പോൾ, പത്രോസും ശ്ലീഹന്മാരും മറുപടി പറ
ഞ്ഞു: മനുഷ്യരെക്കാൾ ദൈവത്തെയാണു ഞങ്ങൾ അനുസരി
ക്കേണ്ടതു്.
*30 നിങ്ങൾ മരത്തിൽ തൂക്കി വധിച്ച ആ ഈശോ
യെ, നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു.
31 ഇസ്രായേലിനു് അനുതാപവും പാപമോചനവും
നല്കുവാൻ, ദൈവം തൻെറ വലതുകരത്താൽ, അവനെ
അധികാരിയും രക്ഷകനുമാക്കി മഹത്വപ്പെടുത്തി.
*32 ഞങ്ങളും, തന്നെ അനുസരിക്കുന്നവർക്കു ദൈ
വം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവും ഇവയ്ക്കു സാക്ഷി
കളാണു്.
33 ഇക്കാര്യങ്ങൾ കേട്ടപ്പോൾ, അവർ കോപാക്രാന്ത
രായി, ഇവരെ വധിക്കണമെന്നു വിചാരിച്ചു.
*34 എന്നാൽ, ഗമാലിയേൽ എന്നു പേരുള്ള ഒരു നി
യമപണ്ഡിതൻ സംഘത്തിലുണ്ടായിരുന്നു; പ്രീശനും ജന
ങ്ങളുടെ ബഹുമാനപാത്രവുമായിരുന്ന ഇയാൾ എഴുന്നേററു്,

---

*30 മരത്തിൽ തൂക്കി: Deut: 21: 23—ഹീനമായ ഒരു കുററത്തിനു യഹൂദരുടെയിടയിൽ നടപ്പിലിരുന്ന ശിക്ഷയാണിതു്.

*32 പരിശുദ്ധാത്മാവും സാക്ഷിയാണു്:— ശ്ലീഹന്മാരുടെ മേൽ ദൃശ്യരൂപത്തിൽ എഴുന്നള്ളി വരുകയും, അവർ വഴി ധാരാളം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടു്.

*34 ഗമാലിയേൽ:— ശിശുവായ ഈശോയെ കരങ്ങളിൽ സ്വീകരിച്ച ശിമയോൻെറ പുത്രനും, വി. പൗലോസ് ശ്ലീഹായുടെ ഗുരുവുമാണിദ്ദേഹം. ഇദ്ദേഹം ക്രിസ്തീയ വിശ്വാസം സ്വീകരിച്ചെന്നു ചില പിതാക്കന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, ഇദ്ദേഹം ഒരു യഹൂദനായിത്തന്നെ മരിച്ചുവെന്നാണു "തൽമൂദ്" എന്ന യഹൂദഗ്രന്ഥത്തിൽ പറയുന്നതു്.

ശ്ലീഹന്മാരെ അല്പസമയത്തേക്കു പുറത്തുകൊണ്ടുപോകുവാൻ ആവശ്യപ്പെട്ടു.

35 അനന്തരം, അവൻ അവരോടു പറഞ്ഞു: ഇസ്രായേൽജനങ്ങളേ, ഈ മനുഷ്യരെ സംബന്ധിച്ചു നിങ്ങൾ എന്താണു ചെയ്യുവാൻ പോകുന്നതെന്നു നല്ലവണ്ണം ചിന്തിക്കുവിൻ.

*36 എന്തുകൊണ്ടെന്നാൽ, താൻ ഒരു പ്രമാണിയാണെന്നു പറഞ്ഞുകൊണ്ടു കുറെനാൾ മുൻപ്, തെയോദാസ് എന്നൊരുവൻ പ്രത്യക്ഷപ്പെട്ടു. ഏകദേശം നാനൂറുപേർ അയാളുടെ കൂടെ ചേർന്നു. അയാൾ വധിക്കപ്പെട്ടു; അയാളെ വിശ്വസിച്ചവർ ചിതറിക്കപ്പെടുകയും നാമാവശേഷമാക്കപ്പെടുകയും ചെയ്തു.

*37 അയാൾക്കുശേഷം, ജനസംഖ്യയെടുത്ത കാലത്ത്, ഗലിലേയനായ യൂദാസ് ഉയർന്നുവന്നു. അയാളും വളരെപ്പേരെ വഴിതെറ്റിച്ചു വശത്താക്കി. അവനും നാശമട

---

*36 തെയോദാസ്—ഇയാളെപ്പറ്റി ക്ലിപ്തമായി ഒന്നും അറിയുന്നില്ല. ജോസെഫൂസ് പ്രസ്താവിക്കുന്ന തെയോദാസ് (A.D. 44) അല്ല ഇയാൾ. അതുകൊണ്ട്, ചില എതിർവാദികൾ പറയുന്നു, വി. ലൂക്കായുടെ ഈ പ്രസ്താവന തെറ്റാണെന്ന്. ജോസഫൂസിനും തന്റെ കാലനിർണ്ണയത്തിൽ ചിലപ്പോൾ തെറ്റുപറ്റിയിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കരുത്. അതുകൊണ്ട്, "എല്ലാം ശ്രദ്ധയോടെ........ക്രമമനുസരിച്ച്," (ലൂക്കാ 1: 2) പരിശുദ്ധാത്മാവിനാൽ നിവേശിതനായി, എഴുതിയിരിക്കുന്ന വി. ലൂക്കായുടെ പ്രസ്താവന തെറ്റുവാൻ പാടില്ല. B.C. നാലാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ട യൂദാസ് എന്ന വിപ്ലവകാരിയെപ്പറ്റിയായിരിക്കാം വി. ലൂക്കാ പ്രസ്താവിക്കുന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നു.

*37 യൂദാസ്—ഇയാളുടെ ജനനം, ഗമാലായിലാണ്. സാധാരണമായി വസിച്ചിരുന്നതും, വിപ്ലവം ഇളക്കിവിട്ടതും ഗ്ലീലായിലാണ്. റോമാക്കാരായിരുന്നു ഈ വിപ്ലവങ്ങളെല്ലാം അടിച്ചമർത്തിയത്. ജനസംഖ്യയെടുത്ത കാലം—6. A.D.

ഞ്ഞു; അയാളുടെ അനുയായികളെല്ലാം ചിതറിക്കപ്പെടുകയും ചെയ്തു.

38 ആകയാൽ, ഞാനിപ്പോൾ നിങ്ങളോടു പറയുന്നു. ഈ മനുഷ്യരോടു യാതൊന്നും ചെയ്യരുത്; അവരെ വെറുതെ വിടുക. കാരണം, ഈ സംഘവും ഈ സംരംഭവും മനുഷ്യരിൽ നിന്നാണെങ്കിൽ, അതു താനേ നശിച്ചുകൊള്ളും.

39 എന്നാൽ, ഇതു ദൈവത്തിൽനിന്നാണെങ്കിൽ, ഇതിനെ തകർക്കുക നിങ്ങൾക്കു സാദ്ധ്യമല്ല; പോരാ, ദൈവത്തെതന്നെ എതിർക്കുന്നവരായി ഒരുപക്ഷേ, നിങ്ങൾ ഗണിക്കപ്പെടും. എല്ലാവരും അദ്ദേഹത്തോടു യോജിച്ചു.

40 അവർ ശ്ലീഹന്മാരെ കൊണ്ടുവന്നു പ്രഹരിച്ചു. അനന്തരം, ഈശോയുടെ നാമത്തിൽ ഒരിക്കലും പ്രസംഗിച്ചു പോകരുതെന്നു കല്പിച്ച ശേഷം അവരെ വിട്ടയച്ചു.

41 അവരോ എന്നാൽ, ഈശോയുടെ നാമത്തെപ്രതി നിന്ദനമനുഭവിക്കുവാൻ യോഗ്യരായിത്തീർന്നതിൽ ആഹ്ലാദിച്ചുകൊണ്ടാണു സംഘത്തിന്റെ മുൻപിൽനിന്നു പോയത്.

42 ദിവസംതോറും അവർ ദൈവാലയത്തിലും, ഓരോ ഗൃഹത്തിലും ഈശോമിശിഹായെക്കുറിച്ചു മുടങ്ങാതെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു.

# അധ്യായം 6

## ഡീക്കന്മാരുടെ നിയമനം; എസ്തപ്പാനോസിന്റെ തീക്ഷ്ണത

*1 ആ നാളുകളിൽ, ശിഷ്യരുടെ എണ്ണം വർദ്ധിച്ചപ്പോൾ, ഗ്രീക്കുകാർ, തങ്ങളുടെ വിധവകൾ അനുദിനസേവനവൃത്തികളിൽ അവഗണിക്കപ്പെടുന്നുവെന്ന് എബ്രായക്കാർക്കെതിരായി പരാതിപറഞ്ഞു.

2 അപ്പോൾ, (ശ്ലീഹന്മാർ) പന്ത്രണ്ടുപേർ ശിഷ്യഗണത്തെ വിളിച്ചുകൂട്ടി പറഞ്ഞു: ദൈവവചനം ഉപേക്ഷിച്ചിട്ടു ഞങ്ങൾ ഭക്ഷണ മേശയിൽ ശുശ്രൂഷ ചെയ്യുക യുക്തമല്ല.

---

*1 ഗ്രീക്കുകാർ—യൂദമതത്തിൽ ജനിച്ചവരും, യൂദമതം സ്വീകരിച്ചവരുമായ വളരെപ്പേർ പലസ്തീനായ്ക്കു പുറത്തു വസിച്ചിരുന്നു. അവർ ഗ്രീക്കുഭാഷയാണു പ്രധാനമായി ഉപയോഗിച്ചിരുന്നത്. ഇവരിൽനിന്നു വിശ്വാസം സ്വീകരിച്ചവരെയാണു ഗ്രീക്കുകാർ എന്ന് ഈ വാക്യത്തിൽ വിളിക്കുന്നത്.

എബ്രായക്കാർ—പലസ്തീനാക്കാരും വിശ്വാസം സ്വീകരിച്ചവരുമായ യഹൂദർ 'ആരാമായ' ആണ് ഇവരുടെ സംസാരഭാഷ.

വിധവകൾ—യഹൂദരുടെയിടയിൽ വിധവകളെ അനാഥകളായി ഗണിച്ചിരുന്നതിനാൽ, ആദിമസഭയിൽ ഇവർക്കു പ്രത്യേക പരിചരണം നല്കിയിരുന്നു.

*3 ആകയാൽ, സഹോദരന്മാരേ, സൽകീർത്തിയുള്ളവരും, പരിശുദ്ധാത്മാവിനാലും വിജ്ഞാനത്താലും നിറഞ്ഞവരുമായ ഏഴു പേരെ നിങ്ങളിൽ നിന്നു തെരഞ്ഞെടുക്കുവിൻ; ഇവരെ ഈ വേലയ്ക്കായി ഞങ്ങൾ നിയമിക്കാം.

4 ഞങ്ങളോ, പ്രാൎത്ഥനയിലും വചനത്തിന്റെ ശുശ്രൂഷയിലും നിരന്തരം വ്യാപൃതരായിരിക്കും.

5 ഈ നിർദ്ദേശം എല്ലാവൎക്കും ഇഷ്ടപ്പെട്ടു. വിശ്വാസപൂരിതനും പവിത്രാത്മാവിനാൽ നിറഞ്ഞവനുമായ എസ്തപ്പാനോസിനേയും പീലിപ്പോസ്, പ്രൊക്കോരുസ്, നിക്കാനോർ, തീമോൻ, പർമേനാസ്, അന്ത്യോക്യക്കാരനും യൂദമതത്തിലേക്കു മാനസാന്തരപ്പെട്ടവനുമായ നിക്കോളാസ് എന്നിവരേയും അവർ തെരഞ്ഞെടുത്തു.

*6 ഇവരെ, അവർ ശ്ലീഹന്മാരുടെ മുൻപാകെ നിറുത്തി. ശ്ലീഹന്മാർ പ്രാൎത്ഥിച്ചുകൊണ്ടു്, അവരുടെമേൽ കൈകൾ വച്ചു.

---

*3 ഏഴു പേർ—ഓർശലത്തെ സഭയെ ഏഴു ഭാഗമായി വിഭജിച്ചിരുന്നതിനാലാണ് ഏഴു പേരെ തെരഞ്ഞെടുത്തതെന്നു പറയപ്പെടുന്നു. ഏതായാലും, 'ഏഴ്' എന്ന സംഖ്യ എബ്രായരുടെയിടയിൽ സംപൂജ്യമായി കരുതപ്പെട്ടിരുന്നു.

*6 കൈവയ്പും പ്രാർത്ഥനയും വഴി അവരെ ഡീക്കന്മാരായി വാഴിക്കുന്നു. ഒരുവനെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നതിനും അധികാരം നല്കുന്നതിനും കൈവയ്പു പഴയനിയമത്തിലെ ഒരു ആചാരമായിരുന്നു (പുറപ്പാ. 29: 10, 15;. സംഖ്യ: 8: 10; 27: 18). ഈ ക്രമം തന്നെയാണു ഡീക്കൻ പട്ടം നല്കുന്നതിനു തിരുസ്സഭ ഇന്നും ഉപയോഗിക്കുന്നതു്. ദൈവവചനം ഔദ്യോഗികമായി പ്രസംഗിക്കുക, പൂജാർപ്പണത്തിനു സഹായിക്കുക, ദിവ്യകാരുണ്യം എഴുന്നള്ളിച്ചു കൊടുക്കുക, സഭയുടെ ഭൗതികമായ കാര്യങ്ങൾ അന്വേഷിക്കുക എന്നീ ജോലികൾക്ക്, ഈ പട്ടം വഴി ഇവർ നിയുക്തരാകുന്നു. വ്യത്യസ്തശക്തിയും അധികാരവും നല്കുവാനാണെങ്കിലും, കൈവയ്പു ത

7 ദൈവവചനം കൂടുതൽ പ്രചരിച്ചു; ശിഷ്യരുടെ
സംഖ്യ ഓർശലത്തു വളരെ വർദ്ധിക്കുകയും ചെയ്തു. പുരോ
ഹിതന്മാരിൽ നിന്നും ഒരു നല്ല സംഖ്യ വിശ്വാസത്തിനു
കീഴ്പ്പെട്ടു.

8 എസ്തപ്പാനോസ്, പ്രസാദവരത്താലും ധീരതയാലും
നിറഞ്ഞവനായി, ജനതാമദ്ധ്യേ വലിയ അത്ഭുതങ്ങളും അട
യാളങ്ങളും പ്രവർത്തിച്ചു.

*9 അപ്പോൾ, ലിബർത്തിയൻകാർ, സൈറീനിയ
ക്കാർ, അലക്സാൻഡ്രിയക്കാർ എന്നറിയപ്പെടുന്നവരുടേയും,
സിലിഷിയായിൽനിന്നും ഏഷ്യയിൽനിന്നുമുള്ളവരുടേയും
സിനഗോഗുകളിൽനിന്ന് ഏതാനും പേർ മുൻപോട്ടു വന്ന്
എസ്തപ്പാനോസിനോടു തർക്കിച്ചു.

10 എന്നാൽ, (അവന്റെ) വിജ്ഞാനത്തേയും (അവ
നിൽ) സംസാരിച്ച അരൂപിയേയും എതിർക്കുവാൻ അവർക്കു
കഴിഞ്ഞില്ല.

11 അപ്പോൾ, മോശയ്ക്കും ദൈവത്തിനും എതിരായി
അവൻ ദൂഷണം പറയുന്നതു കേട്ടു എന്നു പ്രസ്താവിക്കുവാൻ
അവർ ചിലർക്കു കോഴ കൊടുത്തു.

12 ജനങ്ങളേയും മൂപ്പന്മാരേയും സ്ക്രീബന്മാരേയും
ഇളക്കിവിട്ടു; അവർ ഒരുമിച്ചു ചെന്ന് അവനെ പിടിച്ചു
സംഘത്തിന്റെ മുൻപാകെ കൊണ്ടുവന്നു.

13 കള്ളസാക്ഷികളേയും അവർ ഹാജരാക്കി. ഇവർ

---

ന്നെയാണു പുരോഹിതപട്ടം നല്കുന്നതിനും തിരുസ്സഭ ഉപയോഗി
ക്കുന്ന ക്രമം (1 തിമോ. 4: 14; 5: 22; 2 തിമോ. 1: 6).

*9 ലിബർത്തിയൻകാർ—റോമാക്കാരാൽ സ്വതന്ത്രരാക്കപ്പെ
ട്ട അടിമകൾ. ഓർശലത്തുതന്നെ, ഈ അവസരത്തിൽ, നാനൂററി
എൺപതു സിനഗോഗുകളുണ്ടായിരുന്നുവെന്നു 'തൽമൂദ്' എന്ന യഹൂദ
ഗ്രന്ഥത്തിൽ പറയുന്നു. പ്രത്യേകവിഭാഗക്കാർക്കും രാജ്യക്കാർക്കും പ്ര
ത്യേകം പ്രത്യേകം സിനഗോഗുണ്ടായിരുന്നു.

പറഞ്ഞു: ഇവൻ വിശുദ്ധ സ്ഥലത്തിനും നിയമത്തിനുമെതിരായി എപ്പോഴും പ്രസംഗിക്കുന്നു.

14 എന്തെന്നാൽ, നസ്രായക്കാരൻ ഈശോ ഈ സ്ഥലം നശിപ്പിക്കുമെന്നും, മോശ നമുക്കു നല്കിയ പാരമ്പര്യങ്ങൾ മാററിമറിക്കുമെന്നും ഇവൻ സംസാരിക്കുന്നതു ഞങ്ങൾ കേട്ടതാണ്.

15 സംഘത്തിലുണ്ടായിരുന്ന സകലരും അവനെ സൂക്ഷിച്ചു നോക്കി; അപ്പോൾ, ഒരു മാലാഖയുടേതുപോലെ അവൻെറ മുഖം അവർക്കു കാണപ്പെട്ടു.

# അധ്യായം 7

## എസ്തപ്പാനോസിൻെറ പ്രസംഗവും രക്തസാക്ഷിത്വവും

1 അപ്പോൾ, പ്രധാനപുരോഹിതൻ (എസ്തപ്പാനോസിനോടു) ചോദിച്ചു: ഇവയൊക്കെ ഇപ്രകാരം തന്നെയോ?

*2 അപ്പോൾ, അവൻ പ്രതിവചിച്ചു: അല്ലയോ സഹോദരന്മാരേ, പിതാക്കന്മാരേ, കേൾക്കുവിൻ. നമ്മുടെ പി

*2 യഹൂദവംശത്തിൻെറ ചരിത്രം—അബ്രാഹം മുതൽ ശ്ലേമോൻവരെ—എസ്തപ്പാനോസ് ചുരുക്കത്തിൽ വിവരിക്കുന്നു. മോശയ്ക്കും നിയമത്തിനുമെതിരായി താൻ പ്രസംഗിക്കുന്നുവെന്ന ആരോപണം ഖണ്ഡിക്കുകയും, മോശയേയും അദ്ദേഹത്തിൻെറ നിയമങ്ങളേ

താവായ അബ്രാഹം കാറാനിൽ വസിക്കുന്നതിനു മുൻപ്, മെസപ്പൊത്തോമിയായിൽ ആയിരുന്നപ്പോൾ, മഹത്വത്തിന്റെ ദൈവം അവനു പ്രത്യക്ഷനായി.

*3 അവിടുന്ന് അവനോടു പറഞ്ഞു: സ്വദേശത്തുനിന്നും ബന്ധുജനങ്ങളിൽനിന്നും പുറപ്പെട്ട്, ഞാൻ കാണിക്കുന്ന സ്ഥലത്തേക്കു വരുക.

*4 അപ്പോൾ, അവൻ കൽദായരുടെ നാട്ടിൽ നിന്നു പോയി കാറാനിൽ വസിച്ചു; അവന്റെ പിതാവിന്റെ മരണശേഷം, (ദൈവം) അവനെ അവിടെനിന്ന്, നിങ്ങളിപ്പോൾ വസിക്കുന്ന ഈ നാട്ടിലേക്കു കൊണ്ടുവന്നു.

5 എന്നാൽ, അവിടെ അവന് അവകാശമായി യാതൊന്നും—കാലടി സ്ഥലം പോലും—കൊടുത്തില്ല. എങ്കിലും, അതിന്റെ ഉടമസ്ഥാവകാശം അവനും, അവനുശേഷം അവന്റെ സന്തതികൾക്കും നല്കുമെന്ന് അവിടുന്നു വാഗ്ദാനം ചെയ്തു; ആ സമയത്ത് അവനു സന്താനം ഉണ്ടായിരുന്നുമില്ല.

---

യും താൻ അതിമാത്രം ബദ്ധപ്പെടുന്നുവെന്നു തെളിയിക്കുകയുമാണ് ഏസ്തപ്പാനോസ് ഇതുവഴി ചെയ്യുന്നത്. അദ്ദേഹത്തിന്റെ ഈ പ്രസംഗത്തിലെ ചില ഭാഗങ്ങൾ, സൃഷ്ടിയുടെ പുസ്തകത്തിലുള്ള വിവരണവുമായി അല്പം വ്യത്യാസപ്പെട്ടു കാണുന്നു. യാതൊരു ഒരുക്കവും കൂടാതെ, യഹൂദരുടെ പാരമ്പര്യമായ അറിവിനെ ആശ്രയിച്ച്, ഓർമ്മയിൽനിന്നു പറയുന്നതാകകൊണ്ടായിരിക്കണം ഈ വ്യത്യാസങ്ങൾ കാണുന്നത്.

കാറാൻ—എദേസായ്ക്കു തെക്കു മാറി സ്ഥിതിചെയ്യുന്ന ഒരു പട്ടണം.

*3 സൃഷ്ടി: 1 : 2.

*4 നിങ്ങളിപ്പോൾ വസിക്കുന്ന നാട്—പലസ്തീന.

*6 അവന്റെ സന്തതികൾ പരദേശത്തു വസിക്കേണ്ടിവരുമെന്നും, അവർ ഇവരെ അടിമകളാക്കി നാനൂറു വർഷത്തേക്കു പീഡിപ്പിക്കുമെന്നും ദൈവം അവനോടു പറഞ്ഞു.

7 എന്നാൽ, ഇവർ ശുശ്രൂഷിക്കുന്ന ജനതയെ ഞാൻ വിധിക്കും; ഇവയെല്ലാം കഴിഞ്ഞ് ഇവർ പുറപ്പെട്ടു വന്ന് ഈ സ്ഥലത്ത് എന്നെ ശുശ്രൂഷിക്കും (കർത്താവു പറഞ്ഞു).

*8 അനന്തരം, അവിടുന്നു പരിച്ഛേദനത്തിന്റെ ഉടമ്പടി അവനു നല്കി; അതിൻപ്രകാരം, അവന് ഇസഹാക്കു ജനിച്ചപ്പോൾ, എട്ടാം ദിവസം അവനെ ഛേദനാചാരം ചെയ്തു. ഇസഹാക്കു യാക്കോബിനെ ജനിപ്പിച്ചു; യാക്കോബു പന്ത്രണ്ടു ഗോത്രപിതാക്കന്മാരേയും.

9 ഗോത്രപിതാക്കന്മാർ അസൂയ നിമിത്തം യൗസേപ്പിനെ എജിപ്തിലേക്കു വിററു; എന്നാൽ, ദൈവം അവനോടുകൂടിയുണ്ടായിരുന്നു.

10 അവിടുന്ന് എല്ലാ കഷ്ടതകളിൽനിന്നും അവനെ രക്ഷപ്പെടുത്തി; എജിപ്തിലെ രാജാവായ പറവോന്റെ മുൻപിൽ അവന് അനുകൂല്യവും വിജ്ഞാനവും നല്കി. പറവോൻ അവനെ എജിപ്തിന്റേയും തന്റെ വസതി മുഴുവന്റേയും അധിപനായി നിയമിച്ചു.

---

*6 പരദേശം—എജിപ്ത്.

*8 പരിച്ഛേദനത്തിന്റെ ഉടമ്പടി—അബ്രാഹത്തിന്റെ സന്തതിയെ അനുഗ്രഹിക്കുമെന്നു ദൈവവും, ദൈവത്തോടു വിശ്വസ്തനായിരുന്നുകൊള്ളാമെന്ന് അബ്രാഹവും പരസ്പരം വാഗ്ദാനം ചെയ്തു. ഈ ഉടമ്പടിയുടെ ബാഹ്യലക്ഷ്യമായിട്ടാണു പരിച്ഛേദനകർമ്മം ഇസ്രായേൽമക്കളുടെയിടയിൽ ദൈവം നടപ്പാക്കിയത്. (സൃഷ്ടി. 17: 10, 11)

പന്ത്രണ്ടു ഗോത്രപിതാക്കന്മാർ—യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാർ. ഇവരാണ് ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ തലവന്മാർ (സൃഷ്ടി. 21: 2; 25: 25; 29: 32).

11 ആ അവസരത്തിൽ, എജിപ്തു മുഴുവനിലും കാനാനിലും ക്ഷാമവും വലിയ ക്ലേശവുമുണ്ടായി; നമ്മുടെ പിതാക്കന്മാർക്കു ഭക്ഷണവും ഇല്ലാതായി.

12 എന്നാൽ, എജിപ്തിൽ ധാന്യമുണ്ടെന്നു കേട്ടപ്പോൾ, യാക്കോബു നമ്മുടെ പിതാക്കന്മാരെ ആദ്യമായി അങ്ങോട്ടയച്ചു.

13 രണ്ടാം പ്രാവശ്യം യൗസേപ്പു സ്വസഹോദരന്മാർക്കു തിരിച്ചറിയപ്പെട്ടു; അവന്റെ ബന്ധുജനങ്ങളെക്കുറിച്ചു പറവോൻ അറിയുകയും ചെയ്തു.

14 യൗസേപ്പ് ആളയച്ച്, തന്റെ പിതാവിനേയും ബന്ധുജനങ്ങളെല്ലാവരേയും അവിടേക്കു ക്ഷണിച്ചു; അവർ എഴുപത്തഞ്ചു പേരുണ്ടായിരുന്നു.

15 അങ്ങനെ, യാക്കോബ് എജിപ്തിലേക്കു പോയി; അവനും നമ്മുടെ പിതാക്കന്മാരും മരിച്ചു.

*16 അവർ സിക്കിമിലേക്കു മാറ്റപ്പെട്ടു; സിക്കിമിന്റെ പുത്രനായ ഹേമറിന്റെ മക്കളിൽനിന്ന് അബ്രാഹം പണം കൊടുത്തു വാങ്ങിയ കല്ലറയിൽ അവർ സംസ്കരിക്കപ്പെടുകയും ചെയ്തു.

*17 ദൈവം അബ്രാഹത്തോടു ചെയ്തിരുന്ന വാഗ്ദാനത്തിന്റെ കാലം അടുത്തപ്പോൾ, ജനം എജിപ്തിൽ വളരുകയും പെരുകുകയും ചെയ്തു.

*18 അപ്പോൾ, യൗസേപ്പിനെ അറിയാത്ത വേറൊരു രാജാവ് എജിപ്തിൽ ഉണ്ടായി.

---

*16 സൃഷ്ടി. 28: 16, 50: 13—'സിക്കിമിന്റെ പുത്രനായ ഹേമറിന്റെ പുത്രന്മാർ' എന്നതിനു പകരം 'സിക്കിമിലെ ഹേമറിന്റെ പുത്രന്മാർ' എന്നുമാത്രം ആധുനികഗ്രീക്കു പ്രതികളിൽ കാണുന്നു.

*17 പുറപ്പാ. 1: 7.

*18 വേറൊരു രാജാവ്—തോത്മസ് III. (1515-1461 B.C.) വേറൊരു രാജകുടുംബത്തിലെ അംഗമായിരുന്നു ഇദ്ദേഹം.

19 ഇയാൾ നമ്മുടെ വംശത്തോടു കുടിലമായി പെരു
മാറി; അവരുടെ ശിശുക്കൾ ജീവിക്കാതിരിക്കുവാൻവേണ്ടി,
അവരെ ഉപേക്ഷിച്ചു കളയുവാൻ ഇയാൾ നമ്മുടെ പിതാക്ക
ന്മാരെ ഞെരുക്കി.
20 ആ കാലഘട്ടത്തിലാണു മോശ ജനിച്ചത്; അ
വൻ ദൈവത്തിനു ഇഷ്ടപ്പെട്ടവനായിരുന്നു; മൂന്നു മാസം
അവൻ പിതൃഭവനത്തിൽ വളർത്തപ്പെട്ടു.
21 അവൻ ഉപേക്ഷിക്കപ്പെട്ടപ്പോൾ, പറവോന്റെ
പുത്രി അവനെ എടുത്തു തന്റെ പുത്രനായി വളർത്തി.
22 മോശ എജീപ്തുകാരുടെ സകല ജ്ഞാനത്തിലും
അഭ്യസിപ്പിക്കപ്പെട്ടു; അവൻ വാക്കുകളിലും പ്രവൃത്തികളി
ലും ശക്തനായിരുന്നു.
23 അവനു, നാല്പതു വയസ്സു പൂർത്തിയായപ്പോൾ, ത
ന്റെ സഹോദരരായ ഇസ്രായേൽമക്കളെ സന്ദർശിക്കണമെ
ന്നു് അഗ്രഹം തോന്നി.
*24 അവരിൽ ഒരുവൻ ഭേദനമേല്ക്കുന്നതു കണ്ടു
അവൻ അയാളെ രക്ഷപ്പെടുത്തി; ആ എജീപ്തുകാരനെ
കൊലപ്പെടുത്തിക്കൊണ്ടു്, ഉപദ്രവിക്കപ്പെട്ടവനുവേണ്ടി പ്ര
തികാരം ചെയ്തു.
25 താൻ വഴി ദൈവം അവർക്കു രക്ഷ പ്രദാനം ചെ
യ്യുമെന്നു തന്റെ സഹോദരന്മാർക്കു മനസ്സിലായി എന്നു് അ
വൻ വിചാരിച്ചു; എന്നാൽ, അവർ അങ്ങനെ ഗ്രഹിച്ചില്ല.
*26 അടുത്ത ദിവസം അവർ പരസ്പരം കലഹിച്ചു
കൊണ്ടിരുന്നപ്പോൾ, അവൻ അവരുടെ പക്കൽ ചെന്നു്,

---

*24 പുറപ്പാ. 2: 12—ഇസ്രായേൽമക്കളുടെ രക്ഷകനാണു മോശ എന്നു് അവർ ഗ്രഹിക്കുന്നതിനു പരി. ആത്മാവിന്റെ പ്രത്യേകനിവേശനമനുസരിച്ചാണു്, മോശ എജീപ്തുകാരനെ കൊന്നതെന്നു പിതാക്കന്മാർ അഭിപ്രായപ്പെടുന്നു.

*26 പുറപ്പാ. 2: 17.

അവരെ സമാധാനപ്പെടുത്തിക്കൊണ്ടു പറഞ്ഞു: അല്ലയോ മ
നുഷ്യരേ, നിങ്ങൾ സഹോദരന്മാരല്ലേ? നിങ്ങൾ എന്തിനു്
അന്യോന്യം ഉപദ്രവിക്കുന്നു?
27 എന്നാൽ, സഹോദരനോടു ദ്രോഹം ചെയ്തവൻ
അവനെ തള്ളിമാററിക്കൊണ്ടു ചോദിച്ചു: ആരാണു നിന്നെ
ഞങ്ങളുടെ അധികാരിയും വിധികർത്താവുമായി നിയമിച്ചതു്?
28 എന്തു്? ഇന്നലെ നീ എജീപ്തുകാരനെ വധിച്ച
തുപോലെ എന്നെയും വധിക്കുമെന്നോ?
*29 ഈ വാക്കു കേട്ടു് മോശ ഓടിപ്പോയി, മെദിയാ
നിൽ ഒരു പരദേശിയായി വസിച്ചു. അവിടെ അവനു രണ്ടു
പുത്രന്മാർ ജനിച്ചു.
*30 നാല്പതു വത്സരം കഴിഞ്ഞപ്പോൾ, സീനാമലയു
യുടെ മരുഭൂമിയിൽ, ഒരു മാലാഖ, മുൾപ്പടർപ്പിൽ തീജ്ജ്വാ
ലയുടെ മദ്ധ്യേ, അവനു പ്രത്യക്ഷനായി.
31 മോശ ആ കാഴ്ച കണ്ടു്, അത്ഭുതപ്പെട്ടു. സൂക്ഷിച്ചു
നോക്കുവാൻ അതിനെ സമീപിച്ചപ്പോൾ, കർത്താവിന്റെ
സ്വരം അവൻ കേട്ടു:
32 ഞാൻ, നിന്റെ പിതാക്കന്മാരുടെ ദൈവമാകു
ന്നു—അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോ
ബിന്റെയും ദൈവം. അപ്പോൾ, ഭയന്നു വിറച്ചു മോശ (അ
വിടേക്കു) നോക്കുവാൻ ധൈര്യപ്പെട്ടില്ല.

---

*29 തന്റെ പ്രവൃത്തി പരസ്യമായെന്നറിഞ്ഞു്, അധികാരികളാൽ പിടിക്കപ്പെട്ടേക്കുമെന്നു ഭയന്നാണു മോശ ഓടിപ്പോയതു്.

*30 പുറപ്പാ. 3: 2—സീനാ, അഥവാ, ഹോറെബ്.

മാലാഖ—ഒരു ദൈവദൂതനാണു പ്രത്യക്ഷപ്പെട്ടു ദൈവനാമത്തിൽ മോശയോടു സംസാരിച്ചതെന്നു ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അഗ്നി ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാണു് (പുറപ്പാ. 24: 16, 17).

*33 അപ്പോൾ, കർത്താവ് അവനോടു പറഞ്ഞു: നിന്റെ പാദങ്ങളിൽനിന്നു ചെരിപ്പുകൾ അഴിച്ചു മാററുക. എന്തുകൊണ്ടെന്നാൽ, നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാകുന്നു.

34 എജിപ്തിലുള്ള എന്റെ ജനത്തിന്റെ പീഡകൾ ഞാൻ ശരിയായി കണ്ടു; അവരുടെ നെടുവീർപ്പുകളും ഞാൻ കേട്ടു. അവരെ രക്ഷിക്കുവാൻ ഞാൻ ഇറങ്ങിവന്നിരിക്കുകയാണ്. അതിനാൽ, ഇപ്പോൾ നീ വരുക; എജിപ്തിലേക്കു നിന്നെ ഞാൻ അയയ്ക്കും.

35 'ആരു നിന്നെ നേതാവും വിധിയാളനുമാക്കി' എന്നു ചോദിച്ചുകൊണ്ട് അവർ നിരസിച്ച മോശയെത്തന്നെ, മുൾപ്പടർപ്പിൽ അവനു പ്രത്യക്ഷപ്പെട്ട ദൈവദൂതൻവഴി, ദൈവം അവരുടെ നേതാവും രക്ഷകനുമാക്കി അയച്ചു.

36 എജിപ്തിലും ചെങ്കടലിലും നാല്പതുകൊല്ലം മരുഭൂമിയിലും, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചുകൊണ്ട് ഇവൻ അവരെ നയിച്ചു.

37 'നിങ്ങളുടെ സഹോദരന്മാരിൽനിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കായി ദൈവം ഉയർത്തും; അവനെ നിങ്ങൾ ശ്രവിക്കണം,' എന്ന് ഇസ്രായേൽമക്കളോടു പറഞ്ഞത് ഈ മോശതന്നെയാണ്.

*38 സീനാമലയിൽ, തന്നോടു സംസാരിച്ച ദൈവദൂതനോടും നമ്മുടെ പിതാക്കന്മാരോടുംകൂടി മരുഭൂമിയിലെ

---

*33 ചെരിപ്പുകൾ മാററുക—പാദരക്ഷ മാററിക്കൊണ്ടു് ഒരാളോടു സംസാരിക്കുന്നതു വലിയ ഭക്തിപ്രകടനമായി പൗരസ്ത്യർ കരുതുന്നു.

*38 പുറപ്പാ. 29: 3. -- സംഘം--ഇസ്രായേൽ ജനങ്ങളുടെ സമൂഹം.

സംഘത്തിലുണ്ടായിരുന്നവനും, നമുക്കു തരുവാൻ ജീവന്റെ
വചനങ്ങൾ സ്വീകരിച്ചവനും ഇവനാണ്.
39 ഇവനെ അനുസരിക്കുവാൻ നമ്മുടെ പിതാക്ക
ന്മാർ വിസമ്മതിച്ചു; അവർ ഇവനെ ധിക്കരിക്കുകയും, ആത്മ
നാ എജിപ്തിലേക്കു പിന്തിരികയും ചെയ്തു.
40 അവർ അഹറോനോടു പറഞ്ഞു: ഞങ്ങളുടെ മുൻ
പിൽ പോകുവാൻ ദേവന്മാരെ ഞങ്ങൾക്കായി ഉണ്ടാക്കുക.
എജിപ്തുനാട്ടിൽനിന്നു ഞങ്ങളെ പുറത്തുകൊണ്ടുവന്ന
മോശയ്ക്കു് എന്തുസംഭവിച്ചുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടല്ലോ.
41 ആ ദിവസങ്ങളിൽ അവർ ഒരു കാളക്കുട്ടിയെ ഉ
ണ്ടാക്കി, ആ വിഗ്രഹത്തിനു ബലിയർപ്പിക്കുകയും, തങ്ങളുടെ
കരങ്ങളുടെ സൃഷ്ടികളിൽ ആനന്ദിക്കുകയും ചെയ്തു.
42 അതിനാൽ, ദൈവം അവരിൽനിന്നു തിരിഞ്ഞു ക
ളയുകയും, ആകാശത്തിലെ ശക്തികൾക്കു സേവനം ചെയ്യുവാ
നായി അവരെ കൈവിടുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ,
പ്രവാചകന്മാരുടെ പുസ്തകങ്ങളിൽ ഇപ്രകാരം എഴുതപ്പെട്ടി
രിക്കുന്നു: ഇസ്രായേൽ ഗോത്രമേ, മരുഭൂമിയിൽ നാല്പതു വത്സ
രം നിങ്ങളെനിക്കു ബലികളും യാഗങ്ങളും സമർപ്പിച്ചുവോ?
*43 ആരാധിക്കുവാൻ നിങ്ങൾ നിർമ്മിച്ച പ്രതിമക
ളായ മോലോക്കിന്റെ പേടകത്തേയും, നിങ്ങളുടെ റംഫാം ദേ

---

ജീവന്റെ വചനങ്ങൾ--പത്തു പ്രമാണങ്ങളും ഇതരനിയമങ്ങളും.

*43 മോലോക്ക്--നീട്ടിപ്പിടിച്ച കൈകളോടും, മൃഗത്തിന്റേതുപോലുള്ള തലയോടുംകൂടെ നിർമ്മിച്ചിരുന്ന ഒരു വിഗ്രഹമാണിതു്. ഇതിന്റെ കൈകൾ ചുട്ടുപഴുപ്പിച്ചു കൊച്ചുകുഞ്ഞുങ്ങളെ അവയിൽ വച്ചു ബലിയർപ്പിച്ചിരുന്നു.

റംഫാം ദേവൻ--വിജാതീയരുടെ വേറൊരു ദേവൻ. റോമക്കാരുടെ സാറ്റേൺ ആയിരിക്കണം.

വൻെറ നക്ഷത്രത്തേയും നിങ്ങൾക്കായി നിങ്ങൾ സ്വീകരി
ച്ചു. അതിനാൽ, നിങ്ങളെ ഞാൻ ബാബിലോണിനപ്പുറം
കൊണ്ടുപോകും.

44 മോശ കണ്ട മാതൃകയിൽ നിർമ്മിക്കണമെന്നു ദൈ
വം അവനോടു കല്പിച്ച പ്രകാരം നിർമ്മിച്ച വാഗ്ദാനത്തി
ൻെറ പേടകം, നമ്മുടെ പിതാക്കന്മാരോട് അവിടുന്നു നിർദ്ദേ
ശിച്ചതനുസരിച്ച്, അവരോടുകൂടി മരുഭൂമിയിൽ ആയിരുന്നു.

*45 അതു നമ്മുടെ പിതാക്കന്മാർ യോശുവായോടൊ
ന്നിച്ച് എടുത്തു പുറജാതികളുടെ ദേശത്തേക്കു കൊണ്ടുവന്നു;
ദൈവം ഇവരെ (പുറജാതികളെ) നമ്മുടെ പിതാക്കന്മാരുടെ
മുൻപിൽ നിന്ന് ഓടിച്ചുകളഞ്ഞു. ദാവീദിൻെറ കാലംവരെ
അത് (പേടകം) അവിടെ ഉണ്ടായിരുന്നു.

46 അവൻ (ദാവീദ്) ദൈവതിരുമുൻപിൽ കരുണ ക
ണ്ടെത്തി; യാക്കോബിൻെറ ദൈവത്തിന് ഒരു കൂടാരം ഉണ്ടാ
യിക്കാണുവാൻ അവൻ ആഗ്രഹിച്ചു.

47 എന്നാൽ, ശ്ലേമോൻ ആണ് അവിടുത്തേക്ക് ഒരു
ഭവനം പണിയിച്ചത്.

*48 എങ്കിലും, പ്രവാചകൻ പറയുന്നതുപോലെ,
കൈകൾ നിർമ്മിച്ച വീടുകളിൽ അത്യുന്നതൻ വസിക്കു
ന്നില്ല:

---

ബാബിലോണിനപ്പുറം കൊണ്ടുപോകും--ബാബിലോൺ അടിമത്തത്തെ സൂചിപ്പിക്കുന്നു.

*45 യോശുവായോടൊന്നിച്ച് — യോശുവായുടെ നേതൃത്വത്തിൽ.

പുറജാതികളുടെ ദേശത്തേക്ക്—കാനാൻദേശം ആക്രമിച്ചപ്പോൾ.

*48 വീടുകളിൽ പാർക്കുന്നില്ല—മനുഷ്യനിർമ്മിതമായ ഒരു ഭവനം ദൈവത്തിനാവശ്യമില്ലെന്നർത്ഥം.

49 കർത്താവു പറയുന്നു: ആകാശം എൻെറ സിംഹാ
സനം; ഭൂമി എൻെറ പാദപീഠം; നിങ്ങളെനിക്കു് എന്തു ഭവ
നം പണിയിക്കും? അല്ലെങ്കിൽ, എൻെറ വിശ്രമസ്ഥലമേതു്?
50 എൻെറ കരമല്ലേ ഈ വസ്തുക്കളെല്ലാം നിർമ്മി
ച്ചതു്?
*51 ദൃഢകണ്ഠന്മാരേ, പരിച്ഛേദനം ചെയ്യാത്ത ഹൃ
ദയവും കാതുകളുമുള്ളവരേ, നിങ്ങൾ എപ്പോഴും പരിശുദ്ധാ
ത്മാവിനെ എതിർക്കുന്നു; നിങ്ങളുടെ പിതാക്കന്മാർ പ്രവർത്തി
ച്ചതുപോലെ തന്നെ നിങ്ങളും പ്രവർത്തിക്കുന്നു.
52 പ്രവാചകന്മാരിൽ ആരെയാണു നിങ്ങളുടെ പി
താക്കന്മാർ പീഡിപ്പിക്കാതിരുന്നിട്ടുള്ളതു്. നീതിമാൻെറ
ആഗമനത്തെപ്പററി പ്രവചിച്ചവരെ അവർ വധിച്ചു; നിങ്ങ
ളിപ്പോൾ, അവിടുത്തെത്തന്നെ ഒററിക്കൊടുക്കുകയും വധിക്കു
കയും ചെയ്തു.
*53 ദൈവദൂതന്മാർ വഴി നിങ്ങൾ നിയമം സ്വീക
രിച്ചു; എങ്കിലും, നിങ്ങളതനുസരിച്ചില്ല.
54 എന്നാൽ, ഇക്കാര്യങ്ങൾ കേട്ടപ്പോൾ അവർ കോ
പാക്രാന്തരായി അവനെ നോക്കി പല്ലു ഞെരിച്ചു.
55 എന്നാൽ, അവൻ പരിശുദ്ധാത്മാവിനാൽ നിറ
ഞ്ഞു സ്വർഗ്ഗത്തിലേക്കു സൂക്ഷിച്ചു നോക്കിയപ്പോൾ, ദൈവ
ത്തിൻെറ മഹത്വത്തെയും അവിടുത്തെ വലതുഭാഗത്തു നില്ക്കു
ന്ന ഈശോയേയും കണ്ടുകൊണ്ടു പറഞ്ഞു: ഇതാ സ്വർഗ്ഗം
തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻെറ വലതു
ഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു.

---

*51 ദൃഢകണ്ഠന്മാർ—നിയമത്തിനു കീഴ്പ്പെടുവാൻ മനസ്സില്ലാത്തവർ.

പരിച്ഛേദനം ചെയ്യാത്തവർ—ദൈവാജ്ഞകളെ ശ്രവിക്കുകയും അനുസരിക്കുകയും ചെയ്യാത്തവർ.

*53 ദൈവദൂതന്മാർ വഴി—ഗലാ. 3: 1-9; ഹെബ്രാ. 2: 2.

56 അപ്പോൾ, അവർ ഉച്ചത്തിൽ അട്ടഹസിച്ചുകൊണ്ടു ചെവിപൊത്തുകയും, അവൻെറ നേർക്ക് ഒരുമിച്ചു പാഞ്ഞടുക്കുകയും ചെയ്തു.

*57 അവർ അവനെ നഗരത്തിനു വെളിയിൽ പിടിച്ചുകൊണ്ടുപോയി കല്ലെറിഞ്ഞു; സാക്ഷികൾ തങ്ങളുടെ മേൽവസ്ത്രങ്ങൾ സാവൂൾ എന്നു പേരുള്ള ഒരു യുവാവിൻെറ പാദത്തിങ്കൽ വച്ചു.

*58 'കർത്താവായ ഈശോ, എൻെറ ആത്മാവിനെ സ്വീകരിക്കേണമേ' എന്നു പറഞ്ഞ് എസ്തപ്പാനോസ് പ്രാർത്ഥിക്കുകയിൽ അവർ അവനെ കല്ലെറിഞ്ഞു.

59 അനന്തരം, മുട്ടിന്മേൽ വീണ് ഉച്ചസ്വരത്തിൽ അവൻ നിലവിളിച്ചു പറഞ്ഞു: കർത്താവേ, ഈ പാപം അവരുടെമേൽ ചുമത്തരുതേ. ഇതു പറഞ്ഞശേഷം അവൻ കർത്താവിൽ നിദ്ര പ്രാപിച്ചു. സാവൂൾ അവൻെറ വധത്തിനു സമ്മതം നല്കിയിരുന്നു.

---

*57 സാക്ഷികൾ-- ആദ്യം കല്ലെറിയുന്നവർ ഇവരാണ് (Deut. 17: 7)

*58 എസ്തപ്പാനോസിൻെറ ഈ പ്രാർത്ഥന, നമ്മുടെ കർത്താവു കുരിശിൽ കിടന്നുകൊണ്ടു ചെയ്ത പ്രാർത്ഥനയോടു തുല്യമാണ്. (ലൂക്കാ. 23: 34) മനോഹരമായ ഈ പ്രാർത്ഥനയാണു സാവൂളിനെ മാനസാന്തരപ്പെടുത്തിയതെന്നു വിശ്വസിക്കപ്പെടുന്നു.

# അധ്യായം 8

## തിരുസ്സഭയ്ക്കുണ്ടായ മർദ്ദനം; സമരിയാക്കാരുടേയും എത്ത്യോപ്യാക്കാരൻ ഷണ്ഡന്റേയും മാനസാന്തരം.

---

*1 ആ അവസരത്തിൽ, ഓർശലത്തെ സഭയ്ക്കെതിരാ
യി ഒരു വലിയ മർദ്ദനമാരംഭിച്ചു; ശ്ലീഹന്മാരൊഴികെ, അവ
രെല്ലാവരും യൂദയായിലും സമരിയായിലുമുള്ള പ്രദേശങ്ങളി
ലേക്കു ചിതറിപ്പോയി.
2 ഭക്തജനങ്ങൾ എസ്തപ്പാനോസിനെ എടുത്തു സം
സ്കരിക്കുകയും അവനെക്കുറിച്ച് അധികമായി പ്രലപിക്കു
കയും ചെയ്തു.
3 എന്നാൽ, സാവൂൾ വീടുകൾതോറും കയറി സ്ത്രീ
കളെയും പുരുഷന്മാരേയും വലിച്ചിഴച്ചു ജയിലിൽ ഏല്പിച്ചു
കൊണ്ട്, സഭയ്ക്കു വലിയ നാശം വരുത്തിയിരുന്നു.
4 ചിതറിപ്പോയവരോ എന്നാൽ, ദൈവവചനം പ്ര
സംഗിച്ചുകൊണ്ടു ചുററിസ്സഞ്ചരിച്ചു.
5 പീലിപ്പോസ് സമരിയായുടെ പട്ടണത്തിലേക്കു
പോയി അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു.
6 പീലിപ്പോസ് ചെയ്ത അത്ഭുതങ്ങൾ കാണുകയും

---

*1 ആ അവസരത്തിൽ -- എസ്തപ്പാനോസിന്റെ മരണം കഴിഞ്ഞ ഉടനെ ഓർശലത്തു സഭാമർദ്ദനമാരംഭിച്ചു.

കേൾക്കുകയും ചെയ്തതിനാൽ, ജനങ്ങൾ അവൻ പറഞ്ഞിരു
ന്നവ ഏകമനസ്സോടെ ശ്രദ്ധിച്ചിരുന്നു.
7 അശുദ്ധാരൂപിയുണ്ടായിരുന്ന അനേകരിൽനിന്ന്,
അവ ഉച്ചത്തിൽ അലറിക്കൊണ്ട് ഒഴിഞ്ഞുപോയി. അനേകം
പക്ഷവാതരോഗികളും മുടന്തന്മാരും സുഖപ്പെടുത്തപ്പെട്ടു.
8 അതിനാൽ, ആ പട്ടണത്തിൽ വലിയ സന്തോ
ഷമുണ്ടായി.
9 എന്നാൽ, മുൻപേതന്നെ ക്ഷുദ്രപ്രവൃത്തികൾ ചെ
യ്തുകൊണ്ട്, ശീമോനെന്നു പേരുള്ള ഒരു മനുഷ്യൻ ആ പട്ട
ണത്തിലുണ്ടായിരുന്നു; താൻ ഏതോ വലിയവനാണെന്നു പ
റഞ്ഞുകൊണ്ടു സമരിയായിലെ ജനങ്ങളെ അവൻ വഴി തെ
റ്റിച്ചു.
*10 ചെറിയവൻ തുടങ്ങി വലിയവൻ വരെയുള്ള എ
ല്ലാവരും അവനെ ശ്രവിച്ചു; അവർ പറഞ്ഞു: ഇവൻ, വലിയ
ദൈവശക്തിയാണ്.
11 വളരെക്കാലമായി, അവൻ തന്റെ ക്ഷുദ്രപ്രവൃ
ത്തികൾകൊണ്ട് അവരെ വശീകരിച്ചിരുന്നതിനാലാണ്
അവർ അവനെ ശ്രദ്ധിച്ചിരുന്നത്.
12 എന്നാൽ, ദൈവരാജ്യം പ്രസംഗിച്ച പീലിപ്പോ
സിനെ അവർ വിശ്വസിച്ചപ്പോൾ, ഈശോമിശിഹായുടെ
നാമത്തിൽ അവർ—പുരുഷന്മാരും·സ്ത്രീകളും—ജ്ഞാനസ്നാന
പ്പെട്ടു.
*13 അപ്പോൾ, ശീമോൻതന്നേയും വിശ്വസിച്ച ജ്ഞാ
നസ്നാനം സ്വീകരിച്ച്, പീലിപ്പോസിനോടുകൂടി ചേർന്നു.

---

*10 ദൈവശക്തി -- ദൈവത്തിന്റെ അവതാരമെന്നോ, ദൈവദൂതനെന്നോ അർത്ഥമാക്കാം.

*13 ശീമോൻ വിശ്വസിച്ചു--ഇവൻ, വെറും ലൗകികമായ ഉദ്ദേശ്യത്തോടുകൂടി ബാഹ്യമായി മാത്രം വിശ്വാസം സ്വീകരിച്ചതാണെന്നു പിതാക്കന്മാർ അഭിപ്രായപ്പെടുന്നു.

കൂടാതെ, അടയാളങ്ങളും വലിയ അത്ഭുതങ്ങളും സംഭവിക്കുന്നതു കണ്ടു് അവൻ വിസ്മയിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്തു.

*14 സമറായക്കാർ ദൈവവചനം സ്വീകരിച്ചുവെന്നു് ഓർശലമിൽ ഉണ്ടായിരുന്ന ശ്ലീഹന്മാർ കേട്ടപ്പോൾ, അവർ പത്രോസിനേയും യോഹന്നാനേയും അവരുടെ പക്കലേക്കു് അയച്ചു.

15 ഇവർ അവിടെ ചെന്നപ്പോൾ, അവർ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുന്നതിനായി അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

*16 കാരണം, അവിടുന്നു് അതുവരെ അവരാരുടേയും മേൽ എഴുന്നെള്ളി വന്നിട്ടുണ്ടായിരുന്നില്ല; അവർ കർത്താവായ ഈശോയുടെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുക മാത്രമേ ചെയ്തിരുന്നുള്ളു.

---

*14 അവർ പത്രോസിനേയും യോഹന്നാനേയും അയച്ചു-- പീലിപ്പോസ് ആരംഭിച്ച വേല ഫലപ്രദമായി പൂർത്തിയാക്കുന്നതിനു പത്രോസും യോഹന്നാനും പോകേണ്ടതു് ആവശ്യകമാണെന്നു ശ്ലീഹന്മാർ എല്ലാവരും സമ്മതിച്ചു. അതിനാൽ, സമരിയായിലേക്കു പോകുവാൻ അവർ പത്രോസിനേയും യോഹന്നാനേയും ഉപദേശിക്കുകയാണു ചെയ്തതു്. മറിച്ചു്, ശ്ലീഹന്മാരുടെ സമൂഹത്തിനു പത്രോസിന്റെമേൽ അധികാരമുണ്ടായിരുന്നുവെന്നാണു് ഇതു തെളിയിക്കുന്നതെന്ന അഭിപ്രായം തെററാണ്. പൗലോസിനേയും ബർണബാസിനേയും വിശ്വാസികൾ ഓർശലത്തേക്കയച്ചതു് ഇതുപോലൊരു സംഭവമായി കണക്കാക്കാം (നടപടി 15: 2).

*16 ഈശോയുടെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചു-- ഈശോയുടെ നാമം ഏററു പറഞ്ഞുകൊണ്ടും, ആ നാമത്തിൽ പ്രാർത്ഥിച്ചുകൊണ്ടും എന്നർത്ഥമാകാം. ഈശോ സ്ഥാപിച്ച ജ്ഞാനസ്നാനം സ്വീകരിച്ചുവെന്ന അർത്ഥവും യോജിച്ചതുതന്നെ.

*17 അനന്തരം, അവർ അവരുടെമേൽ കൈകൾ വച്ചു; അപ്പോൾ, അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു.

*18 ശ്ലീഹന്മാരുടെ കൈവയ്പുവഴി പരിശുദ്ധാത്മാവു നല്കപ്പെട്ടുവെന്നു കണ്ടപ്പോൾ, ശീമോൻ അവർക്കു പണം കൊടുത്തുകൊണ്ടു പറഞ്ഞു:

19 ഞാൻ ആരുടെമേൽ എന്റെ കരങ്ങൾ വയ്ക്കുന്നുവോ, അവൻ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവാൻ വേണ്ടി ഈ അധികാരം എനിക്കും തരിക. എന്നാൽ, പത്രോസ് അവനോടു മറുപടി പറഞ്ഞു:

20 നിന്റെ പണം നിന്നോടൊന്നിച്ചു നശിക്കുവാൻ നിന്റെ കൈയിൽത്തന്നെ ഇരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, ദൈവദാനം ധനംകൊടുത്തു വാങ്ങാമെന്നു നീ വിചാരിച്ചു.

*21 ഇക്കാര്യത്തിൽ നിനക്കു യാതൊരു പങ്കും ഓഹരിയുമില്ല. കാരണം, നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ല.

22 ആകയാൽ, നിന്റെ ഈ ദുഷ്പ്രവൃത്തിയെക്കുറിച്ചു പ്രായശ്ചിത്തം അനുഷ്ഠിക്കുക; നിന്റെ ഈ ഹൃദയ

---

*17 കൈകൾവച്ചു—സ്ഥൈര്യലേപനം എന്ന കൂദാശ നല്കി. ആറാം പട്ടക്കാരനായ പീലിപ്പോസിനു ജ്ഞാനസ്നാനപ്പെടുത്താമെങ്കിലും സ്ഥൈര്യലേപനം നല്കുവാൻ അധികാരമില്ലായിരുന്നു. പ്രസ്തുത അധികാരം ശ്ലീഹന്മാർക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

*18 പണം കൊടുത്തു--ശീമോൻ, ആദ്ധ്യാത്മികാധികാരം പണം കൊടുത്തു വാങ്ങുവാൻ ശ്രമിക്കുന്നു. ഇതിൽനിന്നാണ്, ആദ്ധ്യാത്മികമായവ പണം കൊടുത്തു വാങ്ങുന്ന പാപത്തിനു 'സിമോനിയ'(Simony) എന്ന പേർ ഉണ്ടായത്.

*21 പങ്കും ഓഹരിയുമില്ല--പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിക്കുവാൻ അർഹതയില്ല എന്നർത്ഥം.

വിചാരം ഒരു പക്ഷെ നിന്നോടു ക്ഷമിക്കപ്പെടുന്നതിനു വേണ്ടി ദൈവത്തോടു പ്രാൎത്ഥിക്കുക.

*23 എന്തുകൊണ്ടെന്നാൽ, നീ കടുത്ത വിദ്വേഷത്തിലും പാപബന്ധനങ്ങളിലും അകപ്പെട്ടിരിക്കുന്നു എന്നു ഞാൻ കാണുന്നു.

*24 അപ്പോൾ, ശീമോൻ ഇങ്ങനെ ഉത്തരം പറഞ്ഞു: നീ പ്രസ്താവിച്ചവയിൽ ഒന്നും എനിക്കു സംഭവിക്കാതിരിക്കുവാൻ കൎത്താവിനോടു് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

25 പിന്നീടു്, അവർ (പത്രോസും യോഹന്നാനും) കൎത്താവിന്റെ വചനം പ്രസംഗിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്തിട്ടു്, ഓർശലത്തേക്കു തിരിച്ചു പോയി; (വഴിമദ്ധ്യേ) സമരിയാക്കാരുടെ പല ഗ്രാമങ്ങളിലും അവർ സുവിശേഷം പ്രസംഗിച്ചു.

*26 അപ്പോൾ, കൎത്താവിന്റെ ഒരു ദൂതൻ പീലിപ്പോസിനോടു് അരുളിച്ചെയ്തു: എഴുന്നേററു തെക്കോട്ടു്, ഓർശലത്തുനിന്നു ഗാസായിലേക്കുള്ള വഴിയിലേക്കു പോകുക. അതു മരുഭൂമിയാണു്.

*27 അവൻ എഴുന്നേററു പുറപ്പെട്ടു. ഓർശലത്തു് ആരാധിക്കുവാൻ എത്യോപ്യാക്കാരനായ ഒരു ഷണ്ഡൻ

---

*23 കടുത്ത വിദ്വേഷം (gall of bitterness)— ഹീനമായ പാപത്തെ കുറിക്കുവാൻ എബ്രായ ഭാഷയിലെ ഒരു പ്രയോഗം.

*24 ശീമോന്റെ ഈ അഭ്യർത്ഥന കാപട്യപൂർണ്ണമായിരുന്നെന്നു പിതാക്കന്മാർ അഭിപ്രായപ്പെടുന്നു. ഇയാൾ പിന്നീടു് ഒരു പാഷണ്ഡിയും സഭയുടെ ഒരു വലിയ ശത്രുവുമായിത്തീർന്നു.

*26 ഗാസാ—പലസ്തീനായുടെ തെക്കു പടിഞ്ഞാറേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണം.

*27 എത്യോപ്യാ—ഇപ്പോൾ അബിസീനിയാ എന്നു വിളിക്കപ്പെടുന്ന രാജ്യം.

വന്നിരുന്നു. അയാൾ എത്യോപ്യരുടെ രാജ്ഞിയായ
കാൻഡസിൻെറ കീഴിൽ ഒരു ഉയർന്ന അധികാരിയും, അ
വളുടെ സകല സ്വത്തുക്കളുടേയും മേൽനോട്ടക്കാരനും ആയി
രുന്നു.

28 അയാൾ സ്വന്തം വാഹനത്തിലിരുന്ന് ഏശയ്യാ
യുടെ പ്രവചനം വായിച്ചുകൊണ്ടു മടങ്ങുകയായിരുന്നു.

29 അപ്പോൾ, പരിശുദ്ധാത്മാവു പീലിപ്പോസിനോടു
പറഞ്ഞു: അടുത്തു ചെന്ന്, ആ വാഹനത്തോടു ചേർന്നുപോ
കുക.

30 പീലിപ്പോസ് അങ്ങോട്ട് ഓടിയടുത്തപ്പോൾ, അ
യാൾ ഏശയ്യായുടെ പ്രവചനം വായിക്കുന്നതു കേട്ടു ചോദി
ച്ചു: നിങ്ങൾ വായിക്കുന്നതു മനസ്സിലാകുന്നുവെന്നു വിചാരി
ക്കുന്നുണ്ടോ?

*31 അപ്പോൾ, അയാൾ പ്രതിവചിച്ചു; ആരെങ്കിലും
വ്യക്തമാക്കിത്തരുന്നില്ലെങ്കിൽ എനിക്കതെങ്ങനെ കഴിയും?
കയറി തന്നോടുകൂടിയിരിക്കണമെന്ന് അയാൾ പീലിപ്പോ
സിനോടപേക്ഷിച്ചു.

*32 അയാൾ വായിച്ചുകൊണ്ടിരുന്ന വേദപുസ്തകഭാ
ഗം ഇതായിരുന്നു: കൊല്ലപ്പെടുവാനുള്ള ഒരു ആടിനെപ്പോ
ലെ അവൻ നയിക്കപ്പെട്ടു. രോമം കത്രിക്കുന്നവൻെറ മുൻ
പിൽ നിശ്ശബ്ദം നില്ക്കുന്ന ആട്ടിൻകുട്ടിയെപ്പോലെ അവൻ
തൻെറ വായ് തുറന്നുമില്ല.

---

കാൻഡസ്—ഇതു രാജവംശത്തിൻെറ നാമമായിരിക്കണം.

*31 എനിക്കെങ്ങനെ കഴിയും—വേദപുസ്തകവ്യാഖ്യാനത്തിന് പ്രമാണരഹിതനായ ഒരാളുടെ ആവശ്യകത ഷണ്ഡൻ സമ്മതിക്കുന്നു.

*32 ഏശയ്യാ. 53: 7.

*33 അവൻെറ എളിമയിൽ അവൻെറ ന്യായവിധി മാററിക്കളഞ്ഞു; അവൻെറ തലമുറയെപ്പററി ആർ വിവരിക്കും? എന്തുകൊണ്ടെന്നാൽ, അവൻെറ ജീവൻ ഭൂമിയിൽനിന്നു് എടുക്കപ്പെട്ടു.

34 അപ്പോൾ, ഷണ്ഡൻ മറുപടിയായി പീലിപ്പോസിനോടു ചോദിച്ചു: പ്രവാചകൻ ഈ പറയുന്നതു് ആരെ സംബന്ധിച്ചാണു് എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. തന്നെക്കുറിച്ചോ മററു വല്ലവരേയും കുറിച്ചോ?

35 അപ്പോൾ, പീലിപ്പോസ് തൻെറ അധരങ്ങൾ തുറന്നു്, മിശിഹായെക്കുറിച്ചു്, ഈ തിരുവെഴുത്തു തുടങ്ങി അവനോടു് പ്രസംഗിച്ചു.

36 അവർ യാത്ര തുടരുകയിൽ, വെള്ളമുണ്ടായിരുന്ന ഒരു സ്ഥലത്തെത്തി; അപ്പോൾ, ഷണ്ഡൻ പറഞ്ഞു: ഇതാ, ഇവിടെ വെള്ളമുണ്ടല്ലോ? എനിക്കു ജ്ഞാനസ്നാനം സ്വീകരിക്കുവാൻ എന്താണു തടസ്സം?

*37 ഉടനെ, പീലിപ്പോസ് പ്രതിവചിച്ചു: നീ പൂർണ്ണ

---

*33 എളിമയിൽ—നിസ്സഹായാവസ്ഥയിൽ, അഥവാ, നിർഭാഗ്യാവസ്ഥയിൽ.

ന്യായവിധി മാററിക്കളഞ്ഞു—നീതിപൂർവ്വകമായ ഒരു വിധി അവനു നിഷേധിക്കപ്പെട്ടുവെന്നോ, ക്രൂരമരണത്തിനുള്ള അവൻെറ വിധി മഹത്വപൂർണ്ണമായ അവൻെറ ഉത്ഥാനം വഴി എടുത്തു കളഞ്ഞുവെന്നോ അർത്ഥമാകാം.

അവൻെറ തലമുറയെപ്പററി ആർ വിവരിക്കും?—അവൻെറ വംശത്തിൻെറ (സ്വജനത്തിൻെറ) ദുഷ്ടതയെ ആർ വിവരിക്കുമെന്നോ, പിതാവിൽനിന്നുള്ള അവൻെറ നിത്യജനനം, മറിയത്തിൽനിന്നുള്ള മനുഷ്യാവതാരം, മരിച്ചവരിൽനിന്നുള്ള ഉത്ഥാനം എന്നീ ത്രിവിധജനനങ്ങളുടെ മഹത്വത്തെ ആർ വിവരിക്കുമെന്നോ അർത്ഥമാകാം.

*37 ജ്ഞാനസ്നാനത്തിനു മുൻപു ബാഹ്യവും പ്രത്യക്ഷവുമായ

ഹൃദയത്തോടേ വിശ്വസിക്കുന്നെങ്കിൽ ആകാം. അപ്പോൾ, അവൻ ഇങ്ങനെ മറുപടിപറഞ്ഞു: ഈശോമിശിഹാ ദൈവപുത്രനാകുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു.

38 അനന്തരം, വണ്ടി നിറുത്തുവാൻ അവൻ ആജ്ഞാപിച്ചു. അവർ വെള്ളത്തിലേക്കിറങ്ങുകയും, പീലിപ്പോസ് ഷണ്ഡനെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു.

39 അവർ വെള്ളത്തിൽനിന്നു കയറി വന്നപ്പോൾ, കർത്താവിൻെറ അരൂപി പീലിപ്പോസിനെ എടുത്തുകൊണ്ടു പോയി. ഷണ്ഡൻ അതിനു ശേഷം അവനെ കണ്ടില്ല. അനന്തരം, അയാൾ സന്തോഷിച്ചുകൊണ്ടു യാത്ര തുടർന്നു.

*40 എന്നാൽ, പീലിപ്പോസ് അസ്സോത്തുസിൽ കാണപ്പെട്ടു; കേസറിയായിൽ എത്തിയതുവരെ കടന്നുപോയ എല്ലാ പട്ടണങ്ങളിലും അവൻ സുവിശേഷം പ്രസംഗിച്ചു.

———:o:———

വിശ്വാസപ്രകടനം പീലിപ്പോസ് ആവശ്യപ്പെടുന്നു. ഈ ഷണ്ഡൻ എത്യോപ്യായുടെ ശ്ലീഹായായിത്തീർന്നെന്നു പാരമ്പര്യം പറയുന്നു.

*40 അസ്സോത്തുസ്—ഗാസായ്ക്കു വടക്കുമാറി സ്ഥിതി ചെയ്യുന്ന പട്ടണം.

കേസറിയാ—പലസ്തീനായുടെ പടിഞ്ഞാറേ തീരത്തു കർമ്മല മലയുടെ തൊട്ടു തെക്കുമാറി സ്ഥിതി ചെയ്യുന്നതും, അഗസ്റ്റസ് സീസറിൻെറ ബഹുമാനാർത്ഥം ഹേറോദേസ് ഒന്നാമൻ പണികഴിപ്പിച്ചതുമായ നഗരം.

# അദ്ധ്യായം 9

## പൗലോസ് മാനസാന്തരപ്പെടുന്നു; പത്രോസ് ഐനയാസിനെ സുഖപ്പെടുത്തുകയും തബീത്തായെ ഉയിർപ്പിക്കുകയും ചെയ്യുന്നു.

1 സാവൂൾ, ഇനിയും കർത്താവിന്റെ ശിഷ്യർക്കെതിരായി ഭീഷണികളും സംഹാരശബ്ദവും വമിച്ചുകൊണ്ടിരുന്നു; അയാൾ പ്രധാനാചാര്യന്റെ പക്കൽ ചെന്ന്,

*2 ഈ മാർഗ്ഗത്തിലുള്ള സ്ത്രീകളെയോ പുരുഷന്മാരെയോ കണ്ടെത്തിയാൽ, അവരെ ബന്ധിച്ച് ഓർശലേത്തേക്കു കൊണ്ടുവരുന്നതിന്, ഡമസ്ക്കോസിലെ പ്രാർത്ഥനാലയങ്ങളിലേക്ക് അദ്ദേഹത്തിൽനിന്ന് കത്തുകൾ ആവശ്യപ്പെട്ടു.

---

*2 കത്തുകൾ—ക്രിസ്ത്യാനികളെ മർദ്ദിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള അധികാരപത്രം.

ഈ മാർഗ്ഗം—ക്രിസ്തീയ വിശ്വാസം.

ഡമസ്ക്കോസ്—സിറിയായുടെ തലസ്ഥാനം. ഈ പട്ടണം ഓർശലേത്തുനിന്നു നൂററിയിരുപത്തഞ്ചു മൈൽ വടക്കുകിഴക്കുമാറി സ്ഥിതി ചെയ്യുന്നു.

സിനഗോഗുകളിലേക്ക് — സിനഗോഗുകളുടെ അധികാരികൾക്ക്.

3 അവൻ യാത്ര ചെയ്തു ഡമസ്കോസിനെ സമീപി
ക്കാറായപ്പോൾ, പെട്ടെന്ന് ആകാശത്തിൽനിന്ന് ഒരു പ്രകാ
ശം അവൻെറ ചുററിലും മിന്നി.
4 അയാൾ നിലംപതിച്ചു; 'സാവൂൾ, സാവൂൾ നീ എ
ന്നെ മർദ്ദിക്കുന്നതെന്തിനു" എന്നു തന്നോടു സംസാരിക്കുന്ന
ഒരു സ്വരവും ശ്രവിച്ചു.
*5 കർത്താവേ, അവിടുന്നാരാണ്. അവൻ ചോ
ദിച്ചു. അപ്പോൾ അവിടുന്നു മറുപടി പറഞ്ഞു: നീ മർദ്ദിക്കു
ന്ന ഈശോയാണു ഞാൻ. മുള്ളിനെതിരെ ഉതയ്ക്കുന്നതു നിന
ക്കു കഠിനമാണ്.
6 അവൻ വിറയലോടും അത്ഭുതത്തോടും കൂടി ചോ
ദിച്ചു: നാഥാ! ഞാൻ എന്തു ചെയ്യണമെന്നാണ് അവിടുന്നാ
ഗ്രഹിക്കുന്നത്?
7 ഉടനെ, കർത്താവു് അവനോടു പറഞ്ഞു: എഴുന്നേ
ററു നഗരത്തിലേക്കു പോകുക; നീ ചെയ്യേണ്ടതെന്താണെ
ന്ന് അവിടെവച്ചു നിന്നോടു പറയപ്പെടും. അപ്പോൾ, അവ
നോടുകൂടി പോയിരുന്നവർ സ്വരംമാത്രം ശ്രവിച്ചു; എന്നാൽ,
ആളെ കാണാതിരുന്നതിനാൽ അത്ഭുതസ്തബ്ധരായി നിന്നു.
8 സാവൂൾ നിലത്തുനിന്നെഴുന്നേററു; തൻെറ കണ്ണു
കൾ തുറന്നിരുന്നിട്ടും അവൻ യാതൊന്നും ദർശിച്ചില്ല. ആ
കയാൽ, അവർ കൈകക്കു പിടിച്ചു് അവനെ ഡമസ്കോസിൽ
കൊണ്ടുവന്നു.

---

*5 നീ.... ഈശോയാണു ഞാൻ—തിരുസ്സഭ, മിശിഹായുടെ മൗ
തികശരീരമാണെന്നും, തിരുസ്സഭയെ പീഡിപ്പിക്കുന്നവർ മിശിഹാ
യെത്തന്നെയാണു പീഡിപ്പിക്കുന്നതെന്നും ഉള്ള വസ്തുത, ക്രിസ്തുവി
ൻെറ ഈ വാക്കുകളിൽനിന്നു സ്പഷ്ടമാകുന്നു.

മുള്ള്—മൃഗങ്ങൾ വലിക്കുന്ന വാഹനങ്ങളിൽ, അവയെ വേഗ
ത്തിൽ ഓടിക്കുവാൻവേണ്ടി ഘടിപ്പിച്ചിരിക്കുന്ന നീണ്ടു കൂർത്ത വടി.
പിറകോട്ടു് ഉതച്ചാൽ ഇതിൻെറ മുനയിൽ കൊണ്ടു മുറിവുണ്ടാകും.

9 കാഴ്ചയില്ലാതെ മൂന്നു ദിവസം അവൻ അവിടെ കഴിച്ചുകൂട്ടി. അവൻ ഭക്ഷിക്കുകയോ പാനം ചെയ്കയോ ചെയ്തില്ല.

*10 അനനിയാസ് എന്നു പേരുള്ള ഒരു ശിഷ്യൻ അപ്പോൾ, ഡമസ്ക്കൂസിലുണ്ടായിരുന്നു. അനനിയാസേ, എന്നു കർത്താവ് ഒരു ദർശനത്തിൽ അവനെ വിളിച്ചു. നാഥാ! ഇതാ, ഞാനിവിടെ. അവൻ മറുപടി പറഞ്ഞു.

*11 അപ്പോൾ, കർത്താവ് അവനോട് അരുളിച്ചെയ്തു: എഴുന്നേററു നേർവീഥി എന്നു വിളിക്കപ്പെടുന്ന തെരുവിലേക്കു ചെന്നു, താർസ്സൂസിലെ സാവൂൾ എന്നു പേരുള്ള ഒരുവനെ യൂദായുടെ ഭവനത്തിൽ അന്വേഷിക്കുക. അവൻ അവിടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കയാണു്.

*12 (അനനിയാസ് എന്നു പേരുള്ള ഒരു മനുഷ്യൻ അകത്തു പ്രവേശിക്കുന്നതും, തനിക്കു കാഴ്ച ലഭിക്കുന്നതിനുവേണ്ടി അദ്ദേഹത്തിൻെറ കരങ്ങൾ തൻെറമേൽ വയ്ക്കുന്നതും പൗലോസ് ദർശനത്തിൽ കണ്ടു.)

*13 എന്നാൽ, അനനിയാസ് മറുപടി നല്കി: നാഥാ! ഈ മനുഷ്യനെപ്പററി, ഇയാൾ ഓർശലത്തേ വിശുദ്ധർക്കു് എത്രയധികം തിന്മയാണു ചെയ്തിട്ടുള്ളതെന്ന് അനേകരിൽനിന്നു ഞാൻ കേട്ടിട്ടുണ്ടു്.

---

*10 അനനിയാസ്—ഇദ്ദേഹം കർത്താവിൻെറ എഴുപത്തിരണ്ടു ശിഷ്യന്മാരിൽ ഒരുവനാണെന്നു പറയപ്പെടുന്നു.

*11 നേർവീഥി—ഡമസ്ക്കൂസിലെ ഒരു പ്രധാനതെരുവ്.

താർസ്സൂസ്—ഏഷ്യാ മൈനറിലുള്ള ചിലിചിയായുടെ തലസ്ഥാനം.

*12 കൂടുതൽ വ്യക്തമാകുവാൻ വേണ്ടി വി. ലൂക്കാ ചേർത്ത ഒരു ഇടവാചകമാണിതു്.

*13 വിശുദ്ധർ—വിശ്വാസികളെ വിശുദ്ധരെന്നാണ് ആദിമസഭയിൽ വിളിച്ചിരുന്നതു്.

14 ഇവിടെ, അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുന്ന
സകലരേയും ബന്ധിക്കുവാൻ പ്രധാനപുരോഹിതന്മാരിൽ
നിന്ന് ഇവന് അധികാരം ലഭിച്ചിട്ടുമുണ്ട്.

*15 അപ്പോൾ, കർത്താവ് അവനോടു പറഞ്ഞു: നീ
പോകുക. എന്തുകൊണ്ടെന്നാൽ, പുറജാതികളുടേയും രാജാ
ക്കന്മാരുടേയും ഇസ്രായേൽമക്കളുടേയും മുൻപിലേക്ക് എൻെറ
നാമം വഹിച്ചുകൊണ്ടു പോകുവാൻ അവൻ എനിക്ക് ഒരു
തെരഞ്ഞെടുക്കപ്പെട്ട പാത്രമാകുന്നു.
16 എൻെറ നാമത്തെപ്രതി അവൻ എത്രയധികം
സഹിക്കണമെന്നു ഞാൻ അവനു വെളിപ്പെടുത്തും.
17 അപ്പോൾ, അനനിയാസ് പോയി ആ ഗൃഹത്തിൽ
പ്രവേശിച്ച്, സാവൂളിൻെറ മേൽ കരങ്ങൾവച്ചുകൊണ്ടു പ
റഞ്ഞു: സഹോദരാ, സാവൂൾ, നീ വരുമ്പോൾ, വഴിയിൽ നി
നക്കു പ്രത്യക്ഷനായ ഈശോനാഥൻ, നിനക്കു കാഴ്ച സിദ്ധി
ക്കുവാനും, നീ പരിശുദ്ധാത്മാവിനാൽ പൂരിതനാകുവാനുമാ
യി എന്നെ അയച്ചിരിക്കുന്നു.
18 പെട്ടെന്ന് അവൻെറ കണ്ണുകളിൽ നിന്നു ചെതു
മ്പൽപോലെ എന്തോ വീണു: അവൻ കാഴ്ച പ്രാപിക്കുകയും
ചെയ്തു. അവൻ എഴുന്നേററു ജ്ഞാനസ്നാനം സ്വീകരിച്ചു.

*19 അനന്തരം, അവൻ ഭക്ഷണം കഴിച്ചു ശക്തി
പ്രാപിച്ചു. ഡമസ്ക്കോസിലുണ്ടായിരുന്ന ശിഷ്യന്മാരോടുകൂടി
അവൻ കുറെ ദിവസങ്ങൾ താമസിച്ചു.

---

*15 തെരഞ്ഞെടുക്കപ്പെട്ട പാത്രം--പ്രത്യേകം തെരഞ്ഞെടുത്ത ഉപകരണം.

*19-26 പൗലോസ് ജ്ഞാനസ്നാനം സ്വീകരിച്ചശേഷം, ഏതാനും ദിവസങ്ങൾ ഡമസ്ക്കോസിൽ വസിച്ചുകൊണ്ട്, ശിഷ്യരോടൊത്തു സുവിശേഷം പ്രസംഗിച്ചു. (വാക്യം: 19-22). അനന്തരം, അദ്ദേഹം അറേബ്യായിലേക്കു പോയി. (ഗലാ: 1: 17, 18). എന്നാൽ, വി.

20 ഈശോ ദൈവപുത്രനാകുന്നുവെന്നു സിനഗോഗു
കളിൽ അവൻ പ്രസംഗിച്ചു.

21 അവനെ ശ്രവിച്ച എല്ലാവരും വിസ്മയിച്ചുകൊണ്ടു
പറഞ്ഞു: ഓർശലത്തു് ഈ നാമം ചൊല്ലി പ്രാർത്ഥിച്ചിരുന്ന
വരെ പീഡിപ്പിച്ചിരുന്നവൻ ഇവനല്ലയോ? ഇവിടെയും അ
തേ ഉദ്ദേശ്യത്തോടുകൂടി, അവരെ ബന്ധിച്ചു പ്രധാനാചാര്യ
ന്മാരുടെ പക്കലേക്കു കൊണ്ടുപോകുവാനായി വന്നവനും ഇ
വനല്ലയോ?

*22 എന്നാൽ, സാവൂൾ പൂർവ്വാധികം ശക്തി പ്രാ
പിച്ചു്, ഇവൻ ക്രിസ്തുവാകുന്നുവെന്നു സ്ഥാപിച്ചുപറഞ്ഞു
കൊണ്ടു്, ഡമസ്കോസിൽ വസിച്ചിരുന്ന യഹൂദരെ (വാദ
ത്തിൽ) തോല്പിച്ചു.

*23 വളരെനാൾ കഴിഞ്ഞപ്പോൾ, യഹൂദന്മാർ സം
ഘംകൂടി അവനെ വധിക്കുവാൻ ആലോചന നടത്തി.

*24 എന്നാൽ, അവരുടെ കെണിപ്രയോഗം സാവൂ
ളിനു വെളിപ്പെട്ടുത്തപ്പെട്ടു. അവനെ വധിക്കുവാൻ അവർ (പ
ട്ടണത്തിന്റെ) കവാടങ്ങളിൽ രാപ്പകൽ കാവൽനിന്നി
രുന്നു.

*25 ശിഷ്യരാകട്ടെ, രാത്രിയിൽ അവനെ കൊണ്ടുപോ
യി ഒരു കുട്ടയിലാക്കി, താഴത്തേക്കിറക്കി മതിലിനു പുറത്തു
വിട്ടു.

*26 അവൻ ഓർശലത്തു വന്നപ്പോൾ, ശിഷ്യരോടു
കൂടെ ചേരുവാൻ ആഗ്രഹിച്ചു; എന്നാൽ, അവർ എല്ലാവരും
അവനെ ഭയപ്പെട്ടു. കാരണം, അവൻ ഒരു ശിഷ്യനാണെന്നു്
അവർ വിശ്വസിച്ചില്ല.

---

ലൂക്കാ ഇതെപ്പറ്റി യാതൊന്നും ഇവിടെ പ്രസ്താവിക്കുന്നില്ല. "വള
രെ നാൾ കഴിഞ്ഞപ്പോൾ" (വാക്യം: 23) അറേബ്യയിൽനിന്നു്
അദ്ദേഹം തിരിച്ചുവന്നു ഡമസ്കോസിൽ തന്റെ പ്രേഷിതവേല തുടർന്നു.

*27 എന്നാൽ, ബർണബാസ് അവനെ ശ്ലീഹന്മാരുടെ പക്കൽ കൊണ്ടുവന്ന്, എപ്രകാരം അവൻ കർത്താവിനെ കണ്ടുവെന്നും അവിടുന്ന് അവനോടു സംസാരിച്ചുവെന്നും, ഡമസ്കോസിൽ വച്ച് എത്ര ധൈര്യപൂർവ്വം കർത്താവിന്റെ നാമത്തിൽ പ്രസംഗിച്ചുവെന്നും അവരോടു പറഞ്ഞു.

*28 ഓർശലത്ത്, അവൻ അവരോടൊന്നിച്ചു വരുകയും പോകുകയും ചെയ്തിരുന്നു; കർത്താവിന്റെ നാമത്തിൽ വിശ്വാസപൂർവ്വം വർത്തിക്കുകയും ചെയ്തു.

29 അവൻ പുറജാതികളോടു പ്രസംഗിക്കുകയും ഗ്രീക്കുകാരോടു തർക്കിക്കുകയും ചെയ്തു. അവരാകട്ടെ, അവനെ കൊല്ലുവാൻ ശ്രമിച്ചിരുന്നു.

30 എന്നാൽ, സഹോദരന്മാർ ഇതറിഞ്ഞപ്പോൾ, അവനെ കേസറിയായിൽ കൊണ്ടുവന്നു താർസൂസിലേക്കയച്ചു.

*31 ഈയവസരത്തിൽ, യൂദയാ മുഴുവനിലും ഗ്ലീലായിലും ശമരിയായിലും സഭയ്ക്കു സമാധാനമുണ്ടായി; ദൈവഭയത്തിൽ വ്യാപരിച്ചുകൊണ്ടു അതു് അഭിവൃദ്ധിപ്പെടുകയും പരിശുദ്ധാത്മാവിന്റെ ആശ്വാസത്താൽ നിറയുകയും ചെയ്തു.

---

മാനസാന്തരത്തിനു ശേഷം, മൂന്നു വർഷം കഴിഞ്ഞ്, അദ്ദേഹം ശ്ലീഹന്മാരെ കാണുവാൻ ഓർശലത്തേക്കു പോയി. (വാക്യം: 26)

*27 ബർണബാസ്—പൗലോസിനെപ്പോലെ ഇദ്ദേഹവും ഗമാലിയേലിന്റെ ശിഷ്യനായിരുന്നുവെന്നും, മുൻപേതന്നെ അവർ ഉറ്റമിത്രങ്ങളായിരുന്നുവെന്നും അഭിപ്രായപ്പെടുന്നു. ഇദ്ദേഹത്തെപ്പറ്റി 4-ാം അധ്യാ. 36-ാം വാക്യത്തിൽ പ്രസ്താവിക്കുന്നുണ്ട്.

*28 വരുകയും പോകുകയും ചെയ്തിരുന്നു—സ്വാതന്ത്ര്യമായി വ്യാപരിച്ചിരുന്നു.

*31 പൗലോസിന്റെ മാനസാന്തരമല്ല ഈ സമാധാനത്തിന്റെ കാരണം; പ്രത്യുത, റോമൻചക്രവർത്തിയായ കലിഗുളയ്ക്കെതിരായി യൂദന്മാർ ഇളക്കിവിട്ട ഒരു പ്രക്ഷോഭണമാണ്. അയാൾ ഈ അ

*32 പത്രോസ് എല്ലാവരേയും സന്ദർശിച്ചു ചുററി സഞ്ചരിക്കുകയിൽ, ലീദായിൽ വസിച്ചിരുന്ന വിശുദ്ധന്മാരുടെ പക്കൽ വന്നു.

33 അവിടെ എനയാസ് എന്നു പേരുള്ള ഒരു മനുഷ്യനെ അവൻ കണ്ടു. എട്ടു സംവത്സരമായി അയാഠം തളർവാതരോഗം പിടിപെട്ടു കിടക്കയിൽ കഴിയുകയായിരുന്നു.

34 അപ്പോഠം, പത്രോസ് അവനോടു പറഞ്ഞു: എനയാസെ, കർത്താവീശോമിശിഹാ നിന്നെ സുഖപ്പെടുത്തുന്നു; നീ എഴുന്നേററു നിൻെറ കിടക്ക തയ്യാറാക്കുക. ഉടൻ അവനെഴുന്നേററു.

*35 ലീദായിലും സാറോനിലും വസിച്ചിരുന്ന എല്ലാവരും അവനെ കണ്ടു കർത്താവിലേക്കു തിരിഞ്ഞു.

36 യോപ്പയിൽ, ദോർക്കാസ് എന്ന അർത്ഥമുള്ള തബിത്താ എന്നു പേരോടുകൂടി ഒരു ശിഷ്യയുണ്ടായിരുന്നു. അവഠം, താൻ ചെയ്ത സൽപ്രവൃത്തികളാലും ദാനധർമ്മങ്ങളാലും വളരെ സമ്പന്നയായിരുന്നു.

37 എന്നാൽ, ആ ദിവസങ്ങളിൽ അവഠം രോഗബാധിതയായി മരിച്ചു; അവർ അവളെ കുളിപ്പിച്ചു മുകളിലത്തെ ഒരു മുറിയിൽ കിടത്തി.

38 ലീദാ പട്ടണം യോപ്പേക്കു സമീപമായിരുന്നതിനാൽ, പത്രോസ് അവിടെ ഉണ്ടെന്നു ശിഷ്യന്മാർ അറിഞ്ഞു,

---

വസരത്തിൽ, തൻെറ ഒരു പ്രതിമ ഓർശലം ദൈവാലയത്തിൽ സ്ഥാപിക്കുവാൻ ശ്രമിച്ചതു പ്രക്ഷോഭണത്തിനു വഴിതെളിച്ചു; ഈ സ്ഥിതിയിൽ സഭാമർദ്ദനം വിസ്മരിക്കപ്പെട്ടുകയാണുണ്ടായതു്.

*32 ലീദാ—ഓർശലത്തിനു വടക്കു പടിഞ്ഞാറു സ്ഥിതി ചെയ്യുന്ന ഒരു പട്ടണം.

*35 സാറോൺ—കർമ്മലമലമുതൽ യോപ്പേവരെ നീണ്ടു കിടക്കുന്ന ഫലഭൂയിഷ്ഠമായ ഒരു സമതലപ്രദേശം.

തങ്ങളുടെ പക്കലേക്ക വരുവാൻ താമസിക്കരുത് എന്നപേ
ക്ഷിച്ചുകൊണ്ടു രണ്ടുപേരെ അവൻെറ അടുക്കലേക്കയച്ചു.
39 പത്രോസ് എഴുന്നേററു് അവരോടൊന്നിച്ചു പുറ
പ്പെട്ടു. അവൻ വന്നപ്പോൾ അവർ അവനെ മുകളിലത്തെ
മുറിയിലേക്ക കൊണ്ടുപോയി. വിധവകളെല്ലാവരും അവ
ൻെറ ചുററും നിന്ന കരയുകയും, ഡോർക്കാസ് തങ്ങൾക്കാ
യി ഉണ്ടാക്കിയ അങ്കികളും പുറംകുപ്പായങ്ങളും കാണിക്കുക
യും ചെയ്തു.
40 അവരെയെല്ലാവരേയും പുറത്താക്കിയിട്ടു പത്രോ
സു മുട്ടുകുത്തി പ്രാൎത്ഥിച്ചു. അനന്തരം, മൃതശരീരത്തിൻെറ
നേരെ തിരിഞ്ഞു പറഞ്ഞു: തബിത്താ, എഴുന്നേല്ക്കുക. അ
വൾ കണ്ണുകൾ തുറന്നു; പത്രോസിനെ കണ്ടപ്പോൾ എഴുന്നേ
ററിരുന്നു.
41 അവൻ കൈകൾ നീട്ടിക്കൊടുത്തു്, അവളെ എഴു
ന്നേല്പിച്ചു. അനന്തരം, വിശുദ്ധന്മാരേയും വിധവകളേയും വി
ളിച്ചു്, ജീവനുള്ളവളായി അവർക്ക് അവളെ ഏല്പിച്ചു.
42 ഇതു യോപ്പേ മുഴുവനിലും പ്രസിദ്ധമായി. അനേ
കർ കൎത്താവിൽ വിശ്വസിക്കുകയും ചെയ്തു.
43 തുകൽപ്പണിക്കാരനായ ശിമയോൻെറ കൂടെ പ
ത്രോസു വളരെ ദിവസങ്ങൾ യോപ്പേയിൽ വസിച്ചു.

# അധ്യായം 10

കൊർണേലിയൂസ് സഭയിൽ സ്വീകരിക്കപ്പെടുന്നു.
പത്രോസിനുണ്ടായ ദർശനം.

*1 കേസറിയായിൽ കൊർണേലിയൂസ് എന്നു പേരുള്ള ഒരു മനുഷ്യനുണ്ടായിരുന്നു. 'ഇത്താലിക്കാ' എന്നു വിളിക്കപ്പെടുന്ന സൈന്യവ്യൂഹത്തിലേ ഒരു ശതാധിപനായിരുന്നു അയാൾ.

2 അവൻ ഒരു മതഭക്തനായിരുന്നു. അയാളുടെ കുടുംബം മുഴുവൻ ദൈവത്തെ ഭയപ്പെട്ടിരുന്നു. അയാൾ ജനങ്ങൾക്കു ധാരാളം ദാനം ചെയ്യുന്നവനും നിരന്തരം, ദൈവത്തോടു പ്രാർത്ഥിക്കുന്നവനുമായിരുന്നു.

3 പകൽ ഏതാണ്ട് ഒൻപതാം മണിക്കൂറിൽ, ഒരു ദൈവദൂതൻ തന്റെ പക്കൽ വന്ന്, കൊർണേലിയൂസ് എന്നു തന്നെ വിളിക്കുന്നതായി ഈ മനുഷ്യൻ ഒരു ദർശനത്തിൽ വ്യക്തമായി കണ്ടു.

---

*1 കേസറിയാ—അദ്ധ്യാ. 8: 40-ാം വാക്യം കാണുക.

കൊർണേലിയൂസ്—'ജെൻസ് കൊർണേലിയ' എന്ന ഒരു ഉൽകൃഷ്ട റോമൻകുടുംബത്തിലേ അംഗമാണിദ്ദേഹം.

ഇത്താലിക്കാ —റോമൻസൈന്യവ്യൂഹത്തിന്റെ ഒരു വിഭാഗം. കേസറിയായിൽ വസിച്ചിരുന്ന റോമൻ ഗവർണ്ണറുടെ സംരക്ഷണത്തിനായി ഇററലിയിൽനിന്നു കൊണ്ടുവരപ്പെട്ടവരാണിവർ.

4 അയാൾ മാലാഖയെ കണ്ടു പരിഭ്രമിച്ച്, പ്രഭോ! ഇ
തെന്താണ് എന്നു ചോദിച്ചു. നിന്റെ പ്രാർത്ഥനകളും ദാന
ധർമ്മങ്ങളും ഒരു ഓർമ്മക്കുറിപ്പായി ദൈവസന്നിധിയിൽ എ
ത്തിയിരിക്കുന്നു എന്നു ദൂതൻ അയാളോടു പറഞ്ഞു.
*5 ഇപ്പോൾത്തന്നെ നീ യോപ്പേയിലേക്ക് ആളയച്ച്,
പത്രോസ് എന്ന് അപരനാമമുള്ള ശീമോനെ ഇങ്ങോട്ടു വിളി
ക്കുക.
6 അവൻ തുകൽപ്പണിക്കാരൻ ശീമോനോടുകൂടിയ
ണു താമസിക്കുന്നത്. അയാളുടെ വീടു കടൽത്തീരത്താണ്
നീ എന്തു ചെയ്യണമെന്ന് അവൻ നിന്നോടു പറയും.
7 തന്നോടു സംസാരിച്ച ദൈവദൂതൻ പിരിഞ്ഞുപോ
യപ്പോൾ, അയാൾ വീട്ടുവേലക്കാരിൽ രണ്ടുപേരെയും, ഒരു
പട്ടാളക്കാരനേയും വിളിച്ചു. അവൻ അയാളുടെ കീഴിലു
ള്ളവരിൽ ദൈവത്തെ ഭയപ്പെട്ടിരുന്ന ഒരുവനായിരുന്നു.
8 അവരോട് എല്ലാം വിവരിച്ചു പറഞ്ഞ ശേഷം, അ
യാൾ അവരെ യോപ്പേയിലേക്ക് അയച്ചു.
9 അവർ യാത്ര ചെയ്തു പിറേറദിവസം പട്ടണത്തോട്
അടുക്കാറായി. അപ്പോൾ, ഏകദേശം ആറാം മണിക്കൂറിൽ
പത്രോസ് പ്രാർത്ഥിക്കുന്നതിനായി വീടിന്റെ മുകൾത്തട്ടി
ലേക്കു പോയി.
10 വിശപ്പു തോന്നുകയാൽ ഭക്ഷണം കഴിക്കുവാൻ
അദ്ദേഹം ആഗ്രഹിച്ചു. അവർ പാചകം ചെയ്തുകൊണ്ടിരിക്കു
മ്പോൾ അദ്ദേഹത്തിന് ഒരു സമാധിയുണ്ടായി.
11 സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതായും, നാലു കോ
ണുകളിലും തൂക്കി, സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കിറക്കപ്പെ
ടുന്ന ഒരു വലിയ ചണവസ്ത്രംപോലുള്ള ഒരു പാത്രം താണു
വരുന്നതായും അദ്ദേഹം ദർശിച്ചു.

---

*5 യോപ്പേ—കേസറിയായിക്കു നാല്പതു മൈൽ തെക്കുമാറി
സ്ഥിതി ചെയ്യുന്ന ഒരു പട്ടണം.

12 അതിൽ ഭൂമിയിലെ സകലയിനം നാല്ക്കാലിമൃഗങ്ങളും ഇഴജന്തുക്കളും ആകാശത്തിലെ പറവകളും ഉണ്ടായിരുന്നു.

13 പത്രോസേ, നീ എഴുന്നേററു് അവയെ കൊന്നു ഭക്ഷിക്കുക എന്നൊരു സ്വരവും കേട്ടു.

*14 എന്നാൽ, പത്രോസ് പ്രതിവചിച്ചു: എനിക്കു് അതു പാടില്ല. എന്തുകൊണ്ടെന്നാൽ, ഹീനവും അശുദ്ധവുമായ യാതൊന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല.

*15 ദൈവം വിശുദ്ധമാക്കിയവയെ അശുദ്ധമെന്നു നീ വിളിക്കരുതു്: ആ സ്വരം രണ്ടാമതും അദ്ദേഹത്തോടു പറഞ്ഞു.

16 മൂന്നു പ്രാവശ്യം ഇപ്രകാരം സംഭവിച്ചു. ഉടൻതന്നെ ആ പാത്രം സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടു.

17 തനിക്കുണ്ടായ ദർശനത്തിൻെറ അർത്ഥമെന്തെന്നു പത്രോസു ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, കൊർണ്ണേലിയൂസിനാൽ അയയ്ക്കപ്പെട്ട ആളുകൾ ശെമയോൻെറ താമസസ്ഥലം അന്വേഷിച്ചു പടിക്കൽവന്നു നിന്നു.

18 പത്രോസ് എന്നു് അപരനാമമുള്ള ശെമയോൻ അവിടെയാണോ പാർക്കുന്നതു് എന്നു് അവർ വിളിച്ചു ചോദിച്ചു.

---

*14, 15 മൃഗങ്ങളെ ശുദ്ധമെന്നും അശുദ്ധമെന്നും തരംതിരിച്ചിട്ടു്, അശുദ്ധമായവയെ ഭക്ഷിക്കരുതെന്നു പഴയനിയമത്തിൽ ദൈവം ഇസ്രായേൽമക്കളോടു കല്പിച്ചു. (ആചാ. xi: 2; നിയമാവ. xiv: 3). പത്രോസ് ഈ നിയമം ഇപ്പോഴും കണിശമായി ആചരിച്ചിരുന്നു. എന്നാൽ, പഴയനിയമം അവസാനിച്ചിരിക്കുന്നുവെന്നും, മിശിഹായുടെ പരിത്രാണകർമ്മം ലോകം മുഴുവനേയും വിശുദ്ധമാക്കുകയും, അതിൻെറ രക്ഷാകരഫലം യൂദന്മാരും വിജാതീയരും ഒരുപോലെ അനുഭവിക്കേണ്ട കാലം സമാഗതമാകുകയും ചെയ്തിരിക്കുന്നുവെന്നും, ദൈവം പത്രോസിനെ ഈ ദർശനം വഴി ഗ്രഹിപ്പിക്കുന്നു.

19 പത്രോസ് ദർശനത്തെപ്പററി ചിന്തിച്ചുകൊണ്ടിരിക്കവേ, പരിശുദ്ധാത്മാവ് അവനോട് അരുളിച്ചെയ്തു: ഇതാ, മൂന്നുപേർ നിന്നെ അന്വേഷിക്കുന്നു.

20 ആകയാൽ, എഴുന്നേററ് ഇറങ്ങിച്ചെന്ന് ഒന്നും സംശയിക്കാതെ അവരോടുകൂടി പോകുക. എന്തുകൊണ്ടെന്നാൽ, ഞാനാണ് അവരെ അയച്ചിരിക്കുന്നത്.

21 അപ്പോൾ, പത്രോസ് അവരുടെ പക്കലേക്ക് ഇറങ്ങിച്ചെന്നു ചോദിച്ചു: നിങ്ങൾ അന്വേഷിക്കുന്ന ആൾ ഞാൻ തന്നെ; നിങ്ങൾ വന്ന കാര്യം എന്താണ്?

22 അപ്പോൾ, അവർ പറഞ്ഞു: നീതിമാനും ദൈവഭയമുള്ളവനും, ഉത്തമനെന്നു യഹൂദജനം മുഴുവൻ സാക്ഷ്യപ്പെടുത്തുന്നവനുമായ കൊർണ്ണേലിയൂസ് എന്ന ശതാധിപനു തൻെറ ഭവനത്തിലേക്ക് അങ്ങയെ ക്ഷണിച്ചു വരുത്തി അങ്ങയുടെ വചനങ്ങൾ ശ്രവിക്കണമെന്ന് ഒരു ദൈവദൂതനിൽനിന്നു ദൗത്യം ലഭിച്ചിരിക്കുന്നു.

23 അപ്പോൾ, അവൻ അവരെ അകത്തേക്കു കൊണ്ടുപോയി വസിപ്പിച്ചു. പിറേറ ദിവസം അവൻ എഴുന്നേററ് അവരോടൊന്നിച്ചു പോയി; യോപ്പേയിലെ ഏതാനും സഹോദരന്മാരും അവനെ അനുഗമിച്ചു.

24 അടുത്തദിവസം അവൻ കേസറിയായിൽ വന്നു. കൊർണ്ണേലിയൂസ്, തൻെറ ബന്ധുജനങ്ങളേയും ഉററമിത്രങ്ങളേയും ക്ഷണിച്ചുവരുത്തിക്കൊണ്ട്, അവരെ പ്രതീക്ഷിച്ചിരിക്കയായിരുന്നു.

25 പത്രോസ് അകത്തു പ്രവേശിച്ച ഉടനെ കൊർണ്ണേലിയൂസ് അവനെ എതിരേററു കാല്ക്കൽവീണു വന്ദിച്ചു.

26 എന്നാൽ, പത്രോസ് അയാളെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു പറഞ്ഞു: എഴുന്നേല്ക്കുക; ഞാനും ഒരു മനുഷ്യൻ തന്നെയാണ്.

27 അയാളോടു സംസാരിച്ചുകൊണ്ട് അവൻ അക

ത്തേക്കു പോയി; അപ്പോൾ, അവിടെ വന്നുകൂടിയിരുന്ന അ
നേകരെ കാണുകയും ചെയ്തു.
*28 ഉടനെ, അവൻ അവരോടു പറഞ്ഞു: യഹൂദനാ
യ ഒരു മനുഷ്യന്, ഒരു അന്യജാതിക്കാരനുമായി മൈത്രി പാ
ലിക്കുകയോ അയാളുടെ പക്കൽ പോകുകയോ ചെയ്യുക എത്ര
നിഷിദ്ധമെന്നു നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ആരേയും
ഹീനനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്നു ദൈവം
എനിക്കു വെളിപ്പെടുത്തി.
29 അതുകാരണം, എനിക്ക് ആളുവിട്ടപ്പോൾ ഒട്ടും
സംശയിക്കാതെ ഞാൻ വന്നു. ആകയാൽ, നിങ്ങൾ എന്തി
നാണ് എനിക്ക് ആളയച്ചതെന്നു ഞാൻ ചോദിച്ചുകൊ
ള്ളട്ടേ.
*30 അപ്പോൾ, കൊർണ്ണേലിയൂസ് പറഞ്ഞു: ഈ സ
മയം മുതൽ നാലുദിവസം മുൻപ്, ഒൻപതാം മണിക്കൂറിൽ
എന്റെ വീട്ടിൽ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു.
ധവളവസ്ത്രധാരിയായ ഒരു മനുഷ്യൻ എന്റെ മുൻപിൽ
വന്നു പറഞ്ഞു:
31 കൊർണ്ണേലിയൂസേ, നിന്റെ പ്രാർത്ഥന കേൾക്ക
പ്പെട്ടിരിക്കുന്നു. നിന്റെ ദാനധർമ്മങ്ങൾ ദൈവതിരുമുൻപിൽ
അനുസ്മരിക്കപ്പെട്ടിരിക്കുന്നു.
32 ആകയാൽ, നീ യോപ്പേയിലേക്ക് ആളയച്ച്, പ
ത്രോസ് എന്ന് അപരനാമമുള്ള ശീമോനെ ഇങ്ങോട്ടു വിളി

---

*28 നിഷിദ്ധം—യഹൂദർ പുറജാതികളുടെ ഗൃഹത്തിൽ പ്രവേശിക്കുകയോ, അവരോടൊന്നിച്ചു ഭക്ഷിക്കുകയോ ചെയ്തിരുന്നില്ല. പഴയനിയമത്തിൽ ദൈവം ഇപ്രകാരം കല്പിച്ചിട്ടില്ലെങ്കിലും, യൂദന്മാർ സനിഷ്കർഷം പാലിച്ചുപോന്നിരുന്ന ഒരു പാരമ്പര്യാചാരമാണിത്. (യോഹ. 18: 28; മർക്കോ. 7: 2).

*30 നാലു ദിവസം മുൻപ് — 'മൂന്നു ദിവസം മുൻപ്" എന്നും ആധുനികതർജ്ജമകളിൽ കാണുന്നു.

ക്കം. കടൽത്തീരത്തു്, തുകൽപ്പണിക്കാരനായ ശെമയോൻെറ വീട്ടിലാണു് അവൻ താമസിക്കുന്നതു്.

33 തന്മൂലം, ഉടൻതന്നെ ഞാൻ അങ്ങേക്കു് ആളയച്ചു. ഇങ്ങോട്ടു പുറപ്പെട്ടതിൽ അങ്ങു നന്നായി പ്രവത്തിച്ചിരിക്കുന്നു. ആകയാൽ, കർത്താവിനാൽ അങ്ങയോടു കല്പിക്കപ്പെട്ടവയെല്ലാം കേൾക്കുന്നതിനു ഞങ്ങളെല്ലാവരും ഇതാ, അങ്ങയുടെ പക്കൽ സന്നിഹിതരായിരിക്കുന്നു.

*34 അപ്പോൾ, പത്രോസ് ഇപ്രകാരം പറഞ്ഞു: ദൈവം മുഖംനോക്കുന്നവനല്ല എന്നു സത്യമായും ഞാൻ അറിയുന്നു.

*35 പ്രത്യുത, ഏതു ജാതിയിലും, അവിടുത്തെ ഭയപ്പെടുന്നവനും നീതി പ്രവർത്തിക്കുന്നവനും അവിടുത്തേക്കു സ്വീകാര്യനാണു്.

36 യേശുക്രിസ്തുവഴി സമാധാനം പ്രസംഗിച്ചുകൊണ്ടു് ഇസ്രായേൽമക്കൾക്കു ദൈവം തൻെറ സന്ദേശം അയച്ചു. (അവൻ സകലത്തിൻേറയും നാഥനാണു്.)

37 യൂദയാ മുഴുവനിലും പരസ്യമാക്കപ്പെട്ട വാർത്ത നിങ്ങളും അറിഞ്ഞുകാണുമല്ലോ. എന്തുകൊണ്ടെന്നാൽ, യോ

---

*34, 35 മതങ്ങളെല്ലാം സത്യമെന്നു് ഈ വാക്യങ്ങളിൽനിന്നു തെളിയുന്നുവെന്നു ചിലർ വാദിക്കുന്നു. എന്നാൽ, വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായും അവിടുത്തേ പ്രബോധനങ്ങളും ഇസ്രായേൽമക്കൾക്കുവേണ്ടി മാത്രമാണെന്ന യഹൂദക്രിസ്ത്യാനികളുടെ ധാരണ അബദ്ധമാണെന്നുമാത്രം, പത്രോസ് തനിക്കുണ്ടായ ദർശനത്തെ അടിസ്ഥാനമാക്കി ഇവിടെ സമർത്ഥിക്കുകയാണു ചെയ്യുന്നതു്. ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുന്നു സ്ഥാപിച്ച സഭയുടെ അംഗമായിരിക്കുകയും ചെയ്യേണ്ടതു രക്ഷയ്ക്കാവശ്യകമാണെന്നു് വേദപുസ്തകത്തിൽ പല ഭാഗങ്ങളിലും സ്പഷ്ടമായി പറഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കരുതു്.

ഹന്നാൻ പ്രസംഗിച്ച മാമ്മോദീസയ്ക്കുശേഷം ഗ്ലീലായിൽനിന്ന് അതു് ആരംഭിച്ചു.

38 (അതായത്) നസ്രസ്സിലെ ഈശോയെക്കുറിച്ച്: ദൈവം, പരിശുദ്ധാത്മാവിനാലും ശക്തിയാലും അവനെ എങ്ങനെ അഭിഷേകം ചെയ്തുവെന്നും, അവൻ നന്മ പ്രവർത്തിച്ചുകൊണ്ടും, പിശാചിനാൽ പീഡിതരായ എല്ലാവരേയും സുഖപ്പെടുത്തിക്കൊണ്ടും എങ്ങനെ ചുററിസ്സഞ്ചരിച്ചുവെന്നും (നിങ്ങൾ അറിഞ്ഞു കാണുമല്ലോ.) എന്തുകൊണ്ടെന്നാൽ, ദൈവം അവനോടുകൂടി ഉണ്ടായിരുന്നു.

39 അവൻ യഹൂദരുടെ നാട്ടിലും ഓർശലത്തും പ്രവർത്തിച്ചവയെല്ലാം ഞങ്ങൾ സാക്ഷികളാണ്. അവനെ അവർ മരത്തിൽ തൂക്കിക്കൊന്നു.

40 എന്നാൽ, മൂന്നാം ദിവസം ദൈവം അവനെ ഉയിർപ്പിച്ചു; ഇങ്ങനെ, പ്രത്യക്ഷനാകുവാൻ ഇടവരുത്തുകയും ചെയ്തു.

41 എല്ലാവർക്കുമല്ല; പ്രത്യുത, ദൈവത്താൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരുന്ന സാക്ഷികൾക്ക്—മരിച്ചവരിൽനിന്ന് അവൻ ഉയിർത്തെഴുന്നേററശേഷം, അവനോടൊന്നിച്ചു ഭക്ഷിക്കുകയും പാനം ചെയ്കയും ചെയ്ത ഞങ്ങൾക്ക് (പ്രത്യക്ഷനായി).

42 ജീവിക്കുന്നവരുടേയും മരിച്ചവരുടേയും വിധികർത്താവായി ദൈവത്താൽ നിയുക്തനായവൻ താൻതന്നെയെന്നു ജനങ്ങളോടു പ്രസംഗിക്കുവാനും സാക്ഷ്യപ്പെടുത്തുവാനും അവൻ ഞങ്ങളോടു കല്പിച്ചു.

43 അവനിൽ വിശ്വസിക്കുന്നവരെല്ലാം അവൻെറ നാമത്തിൽ പാപമോചനം പ്രാപിക്കുമെന്ന്, സകല പ്രവാചകന്മാരും അവനെപ്പററി സാക്ഷ്യം വഹിക്കുന്നു.

*44 പത്രോസ് ഈ വാക്കുകൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ, ഈ വാക്കുകൾ ശ്രവിച്ച എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവ് ഇറങ്ങി.

*45 വിജാതീയരുടെമേലും പരിശുദ്ധാത്മാവിന്റെ വരപ്രസാദം വർഷിക്കപ്പെട്ടതിൽ പത്രോസിനോടുകൂടി വന്നിരുന്ന പരിച്ഛേദിതരായ വിശ്വാസികൾ വിസ്മയംപൂണ്ടു.

46 എന്തുകൊണ്ടെന്നാൽ, അവർ വിവിധഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വപ്പെടുത്തുന്നതും അവർ കേട്ടു.

47 അപ്പോൾ, പത്രോസ് പറഞ്ഞു: നമ്മെപ്പോലെതന്നെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ഇവർക്കു ജ്ഞാനസ്നാനം നല്കാതിരിക്കുവാൻ തക്കവണ്ണം വെള്ളം തടയുവാൻ ആർക്കെങ്കിലും കഴിയുമോ?

48 ആകയാൽ, കർത്താവീശോമിശിഹായുടെ നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവാൻ അവൻ കല്പിച്ചു. അനന്തരം, ഏതാനും ദിവസം തങ്ങളോടുകൂടി പാർക്കണമെന്ന് അവർ അവനോട് അപേക്ഷിച്ചു.

---

*44, 45 ജ്ഞാനസ്നാനത്തിനു മുൻപു പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതായ സംഭവം ഇതൊന്നുമാത്രമേ ഉള്ളൂ. വിശ്വാസദാനം സ്വീകരിക്കുന്നതിനു യൂദനായിരിക്കേണ്ടതിന്റെ ആവശ്യകതയില്ലെന്ന്, അവിടെയുണ്ടായിരുന്ന യഹൂദക്രിസ്ത്യാനികളെ ഗ്രഹിപ്പിക്കുന്നതിനായിരിക്കണം അനന്യസാധാരണമായ ഈ അത്ഭുതം പ്രവർത്തിക്കുവാൻ ദൈവം തിരുമനസ്സായത്. എങ്കിലും, സഭയുടെ അംഗമാകുന്നതിനു ജ്ഞാനസ്നാനം അനുപേക്ഷണീയമായതിനാൽ അവരെ ഉടൻതന്നെ മാമ്മോദീസാ മുക്കുന്നു.

# അധ്യായം 11

വിജാതീയരെ സഭയിൽ സ്വീകരിച്ചതിനെ പത്രോസ് ന്യായീകരിക്കുന്നു. അന്ത്യോക്യയിൽ അനേകംപേർ മാനസാന്തരപ്പെടുന്നു.

---

1 വിജാതീയരും ദൈവവചനം സ്വീകരിച്ചിരിക്കുന്നു
വെന്ന് അപ്പസ്തോലന്മാരും യൂദയായിലുള്ള സഹോദരന്മാരും
കേട്ടു.
2 പത്രോസ് ഓർശ്ലത്തു വന്നപ്പോൾ, പരിച്ഛേദന
ക്കാർ അവനോടു തർക്കിച്ചു.
*3 അവർ ചോദിച്ചു: നീ എന്തുകൊണ്ടു പരിച്ഛേദി
തരല്ലാത്തവരുടെ പക്കൽ പോവുകയും അവരോടൊരുമിച്ചു
ഭക്ഷണം കഴിക്കുകയും ചെയ്തു?
*4 അപ്പോൾ പത്രോസ് അവരോടു കാര്യങ്ങൾ ക്രമ
മായി പറയുവാൻ ആരംഭിച്ചു:

---

*3 4, ജ്ഞാനസ്നാനം സ്വീകരിച്ച വിജാതീയർ പരിച്ഛേദനത്തിനും മൂശയുടെ നിയമങ്ങൾക്കും വിധേയരാകണമെന്നു യഹൂദക്രിസ്ത്യാനികൾ വാദിച്ചിരുന്നു. എന്നാൽ, ഇവയൊന്നും കൂടാതെ വിജാതീയരായ കൊർണേലിയൂസിനേയും കുടുംബാംഗങ്ങളേയും ജ്ഞാനസ്നാനപ്പെടുത്തി, യഹൂദക്രിസ്ത്യാനികളോടൊപ്പം അവരെ പരിഗണിച്ചതിൽ ഇവർ അമർഷംകൊണ്ടു. പത്രോസ് തനിക്കുണ്ടായ ദർശനത്തെ അടിസ്ഥാനമാക്കി, തന്റെ പ്രവൃത്തി ദൈവാജ്ഞപ്രകാരമാണെന്ന് അവരെ ഗ്രഹിപ്പിക്കുന്നു.

5 ഞാൻ യോപ്പെ നഗരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരു
ന്നു. അപ്പോൾ, നാലുകോണും പിടിച്ച്, സ്വർഗ്ഗത്തിൽനിന്ന്
ഇറക്കപ്പെടുന്ന ഒരു വലിയ വസ്ത്രം പോലുള്ള പാത്രം താണു
വന്ന് എന്നെ സമീപിക്കുന്നതായി ഒരു സമാധിയിൽ ഞാൻ
ദർശിച്ചു.
6 അതിലേക്കു ഞാൻ സൂക്ഷിച്ചു നോക്കിയപ്പോൾ, ഭൂ
മിയിലെ നാല്ക്കാലിജന്തുക്കളേയും മൃഗങ്ങളേയും ഇഴജന്തുക്ക
ളേയും ആകാശപ്പറവകളേയും (അതിൽ) ഞാൻ കണ്ടു.
7 പത്രോസേ, എഴുന്നേററു കൊന്നു ഭക്ഷിക്കുക, എ
ന്ന് എന്നോടു പറയുന്ന ഒരു സ്വരവും ഞാൻ കേട്ടു.
8 അപ്പോൾ, ഞാൻ പ്രതിവചിച്ചു: കർത്താവേ, അതു
പാടില്ല. എന്തുകൊണ്ടെന്നാൽ, ഹീനവും അശുദ്ധവുമായ യാ
തൊന്നും ഒരിക്കലും എൻെറ വായിൽ പ്രവേശിച്ചിട്ടില്ല.
9 അപ്പോൾ, ആ സ്വരം സ്വർഗ്ഗത്തിൽനിന്നു വീണ്ടും
പ്രതിവചിച്ചു: ദൈവം വിശുദ്ധമാക്കിയവയെ അശുദ്ധമെന്നു
നീ വിളിക്കരുത്.
10 മൂന്നു പ്രാവശ്യം ഇപ്രകാരം സംഭവിച്ചു. അനന്ത
രം, അവയെല്ലാം വീണ്ടും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു.
11 ഉടൻതന്നെ, കേസറിയായിൽനിന്ന് എൻെറ പ
ക്കലേക്ക് അയയ്ക്കപ്പെട്ട മൂന്നു പേർ ഞാൻ പാർത്തിരുന്ന വീ
ട്ടിൽ വന്നുചേർന്നു.
12 ഒട്ടും സംശയിക്കാതെ, അവരോടുകൂടി പോകണ
മെന്ന് (പരിശുദ്ധ) ആത്മാവ് എന്നോട് അരുളിച്ചെയ്തു. ഈ
ആറു സഹോദരന്മാരും എന്നോടൊന്നിച്ചു പോന്നു; ഞങ്ങൾ
ആ മനുഷ്യൻെറ വീട്ടിൽ പ്രവേശിക്കുകയും ചെയ്തു.
13 തൻെറ ഭവനത്തിൽ ഒരു മാലാഖ വന്നു നിന്നു
കൊണ്ട് ഇപ്രകാരം തന്നോടു പറയുന്നതായി അയാൾ കണ്ടു

വെന്നു ഞങ്ങളോടു പറഞ്ഞു: യോപ്പയിലേക്ക് ആളയച്ചു പ
ത്രോസ് എന്ന് അപരനാമമുള്ള ശീമോനെ ഇങ്ങോട്ടു വിളി
ക്കുക.
14 നീയും നിൻെറ കുടുംബം മുഴുവനും രക്ഷ പ്രാപി
ക്കുവാനുള്ള വചനങ്ങൾ അവൻ നിന്നോടു പറയും.
15 ഞാൻ സംസാരിക്കാൻ ആരംഭിച്ചപ്പോൾ, മുൻപു
നമ്മുടെമേൽ എന്നതുപോലെ പരിശുദ്ധാത്മാവു് അവരുടെ
മേലും ഇറങ്ങി ആവസിച്ചു.
16 കർത്താവു് അരുളിച്ചെയ്ത വാക്യം അപ്പോൾ എ
ൻെറ ഓർമ്മയിൽ വന്നു: യോഹന്നാൻ വെള്ളംകൊണ്ടു
ജ്ഞാനസ്നാനം നല്കി; എന്നാൽ, നിങ്ങൾ പരിശുദ്ധാത്മാ
വു മൂലം ജ്ഞാനസ്നാനം സ്വീകരിക്കും.
17 കർത്താവീശോമിശിഹായിൽ വിശ്വസിച്ചവരായ
നമുക്കെന്നപോലെ, അതേ വരപ്രസാദം ദൈവം അവർക്കും
പ്രദാനം ചെയ്തെങ്കിൽ, ദൈവത്തെ തടയുവാൻ ഞാനാരാണ്?
18 ഇവകേട്ട്, അവർ ശാന്തരായി. (നിത്യ) ജീവനാ
യുള്ള അനുതാപം പുറജാതികൾക്കും ദൈവം നല്കിയിരി
ക്കുന്നല്ലോ എന്നു പറഞ്ഞ് അവർ ദൈവത്തെ സ്തുതിച്ചു.
*19 എസ്തപ്പാനോസു നിമിത്തമുണ്ടായ മതപീഡനം
കാരണം ചിതറിപ്പോയിരുന്നവർ, യഹൂദന്മാരോടല്ലാതെ മ
ററാരോടും (ദൈവ) വചനം പ്രസംഗിക്കാതെ, ഫെനീസ്യം
സൈപ്രസ്സും അന്ത്യോക്യയുംവരെ ചെന്നെത്തി.

---

*19 ഗ്രന്ഥകർത്താവ് 8-ാം അധ്യ. 4-ാം വാക്യത്തിൽ പറഞ്ഞു നിറുത്തിയ കാര്യങ്ങൾ വീണ്ടും ഈ വാക്യത്തിൽ തുടരുന്നു.

ഫെനീഷ്യാ—പലസ്തീനായുടെ വടക്കുപടിഞ്ഞാറ്, മെഡിറററേനിയൻെറ തീരത്തു നീണ്ടു കിടക്കുന്ന ഒരു ചെറിയ ഭൂപ്രദേശം.

സൈപ്രസ്—മെഡിറററേനിയൻ കടലിൽ, ഫെനീഷ്യയ്ക്കു പടിഞ്ഞാറുവശത്തു സ്ഥിതിചെയ്യുന്ന ഒരു ദ്വീപ്.

അന്ത്യോക്യ—സിറിയായുടെ തലസ്ഥാനം

20 എന്നാൽ, അവരിൽ ചിലർ സൈപ്രസിലും
സൈറീനിലും നിന്നുള്ളവരായിരുന്നു. അവർ അന്ത്യോക്യ
യിൽ പ്രവേശിച്ചപ്പോൾ, ഗ്രീക്കുകാരോടും ഈശോ നാഥനെ
അറിയിച്ചുകൊണ്ടു പ്രസംഗിച്ചു.
21 കർത്താവിൻെറ കരം അവരോടുകൂടിയുണ്ടായിരു
ന്നു. അനേകം പേർ വിശ്വസിച്ചു കർത്താവിലേക്കു തിരിഞ്ഞു.
22 ഓർശലത്തെ സഭയ്ക്ക് ഈ സംഗതികളെക്കുറിച്ചു
ള്ള വാർത്ത ലഭിച്ചു; അപ്പോൾ ബർന്നബാസിനെ അവർ അ
ന്ത്യോക്യയിലേക്ക് അയച്ചു.
23 അവൻ അവിടെ ചെന്നു ദൈവത്തിൻെറ കൃപ
കണ്ടു സന്തോഷിച്ചു. സ്ഥിരചിത്തതയോടെ കർത്താവിൽ നി
ലനില്പുവാൻ അവൻ അവരെ ഉപദേശിച്ചു.
24 എന്തുകൊണ്ടെന്നാൽ, അവൻ ഒരു നല്ല മനുഷ്യ
നും, പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവ
നുമായിരുന്നു. ഒരു വലിയ ജനക്കൂട്ടം കർത്താവിനോടു ചേർക്ക
പ്പെട്ടു.
25 അനന്തരം, സാവൂളിനെ അന്വേഷിച്ച്, ബർണ
ബാസ് താർസൂസിലേക്കു പോയി. അവനെ കണ്ടെത്തിയ
പ്പോൾ, അന്ത്യോക്യയിലേക്കു കൂട്ടിക്കൊണ്ടു വന്നു.
26 അവർ അവിടെ സഭയിൽ ഒരു വർഷം മുഴു
വൻ സംഘടിച്ചു പ്രവർത്തിച്ച്, ഒരു വലിയ ജനക്കൂട്ടത്തെ
പഠിപ്പിച്ചു; അന്ത്യോക്യയിൽവച്ചാണു ശിഷ്യർ ആദ്യമായി
ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടതു്.
*27 ഈ നാളുകളിൽ, പ്രവാചകന്മാർ ഓർശലത്തു
നിന്ന് അന്ത്യോക്യയിലേക്കു വന്നു.

*27 പ്രവാചകന്മാർ—പരി. ആത്മാവിൽനിന്നു പ്രവചനവരം സിദ്ധിച്ച ഭക്തരായ ക്രിസ്ത്യാനികൾ.

*28 അവരിൽ അഗാബൂസ് എന്നു പേരുള്ള ഒരാറം എഴുന്നേററു്, ലോകമെങ്ങും ഒരു വലിയ ക്ഷാമമുണ്ടാകുമെന്നു പരിശുദ്ധാത്മാവിനാൽ നിവേശിതനായി അവരെ അറിയിച്ചു; ക്ലാവുദിയൂസിൻെറ കാലത്തു് അതു സംഭവിക്കുകയും ചെയ്തു.

29 ശിഷ്യർ ഓരോരുത്തനും താന്താങ്ങളുടെ കഴിവനുസരിച്ചു്, യൂദയായിൽ വസിക്കുന്ന സഹോദരങ്ങൾക്കു സഹായം അയച്ചു കൊടുക്കുവാൻ തീരുമാനിച്ചു.

*30 ബർണബാസും സാവൂളും വഴി മൂപ്പന്മാർക്കു സഹായം അയച്ചുകൊടുത്തുകൊണ്ടു്, അവരതു നിവ്വഹിച്ചു.

---

*28 ലോകമെങ്ങും—റോമാസാമ്രാജ്യം മുഴുവൻ. ക്ലാവുദിയൂസ് ചക്രവത്തിയുടെ ഭരണകാലം 41-54 A. D. ആണു്. അദ്ദേഹത്തിൻെറ കാലത്തു രാജ്യത്തിൽ പലയിടത്തും, പ്രത്യേകിച്ചു്, A.D. 45-ൽ യൂദയായിൽ, വലിയ ക്ഷാമം ഉണ്ടായി.

അഗാബൂസ്— ഇയാളെപ്പററി നട. 21: 10, 11-ൽ പറയുന്നതൊഴിച്ചു യാതൊരറിവുമില്ല.

*30 മൂപ്പന്മാർ—സുവിശേഷം പ്രസംഗിക്കുന്നതിനും ക്രിയാശകൾ അനുഷ്ഠിക്കുന്നതിനും ശ്ലീഹന്മാരാൽ പ്രത്യേകം നിയമിക്കപ്പെട്ടവർ. ആദിമസഭയിൽ മൂപ്പന്മാർ (ancients) എന്ന പദം വൈദികന്മാരേയും മെത്രാന്മാരേയും കുറിക്കുന്നതിനു് ഒരുപോലെ ഉപയോഗിച്ചിരുന്നു. പിന്നീടു്, വൈദികന്മാരെ കുറിക്കുവാൻമാത്രം പ്രസ്തുതപദം ഉപയോഗിക്കുവാൻ തുടങ്ങി.

# അധ്യായം 12

### ഹേറോദേസിന്റെ മതമർദ്ദനം. പത്രോസിന്റെ മോചനം. ഹേറോദേസിനുണ്ടായ ദൈവശിക്ഷ.

*1 അക്കാലത്ത്, ഹേറോദേസ് രാജാവ്, സഭയിൽ ചിലരെ പീഡിപ്പിക്കുവാൻ കരം ഉയർത്തി.

*2 യോഹന്നാന്റെ സഹോദരനായ യാക്കോബിനെ അയാൾ വാളുകൊണ്ടു വധിച്ചു.

*3 യഹൂദന്മാർക്ക് അത് ഇഷ്ടപ്പെട്ടുവെന്നു കാൺകയാൽ, അയാൾ പത്രോസിനേയും പിടിക്കുവാൻ ഒരുമ്പെട്ടു. അന്നു പുളിപ്പില്ലാത്ത അപ്പത്തിന്റെ നാളുകളായിരുന്നു.

4 അയാൾ അവനെ ബന്ധനസ്ഥനാക്കിയ ശേഷം, കാരാഗൃഹത്തിലടച്ചു; സൂക്ഷിക്കുവാൻ നന്നാലുപേർ അടങ്ങിയ നാലു ഗണം പട്ടാളക്കാർക്ക് അവനെ ഏല്പിച്ചു. പെസഹാ കഴിഞ്ഞ് അവനെ ജനസമക്ഷം കൊണ്ടുവരണമെന്നായിരുന്നു അയാൾ ഉദ്ദേശിച്ചത്.

---

*1 ഹേറോദേസ്—ഹേറോദേസ് ഒന്നാമന്റെ മരുമകനും. കർത്താവിനെ പരിഹസിച്ച ഹേറോദേസ് അന്തിപ്പാസിന്റെ അനന്തിരവനും.

*2 യാക്കോബ്—സബദിയുടെ പുത്രനായ വലിയ യാക്കോബ്. ശ്ലീഹന്മാരിൽ ആദ്യം രക്തസാക്ഷിത്വം വരിച്ചത് ഇദ്ദേഹമാണ്.

*3 പുളിപ്പില്ലാത്ത....—പെസഹാദിനങ്ങൾ.

*5 അങ്ങനെ, പത്രോസ് കാരാഗൃഹത്തിൽ സൂക്ഷിക്കപ്പെട്ടു. എന്നാൽ, സഭ ഇടവിടാതെ ദൈവത്തിൻെറ പക്കൽ അവനുവേണ്ടി പ്രാൎത്ഥിച്ചുകൊണ്ടിരുന്നു.

6 ഹേറോദേസ് അവനെ (ജനസമക്ഷം) കൊണ്ടുവരുവാനിരുന്ന അതേ രാത്രിയിൽ, പത്രോസ് രണ്ടു പടയാളികളുടെ മദ്ധ്യത്തിൽ, രണ്ടു ചങ്ങലകളാൽ ബന്ധിതനായി ഉറങ്ങുകയായിരുന്നു. സൂക്ഷിപ്പുകാർ പാറാവു കാത്തു വാതുക്കൽ നിന്നിരുന്നു.

7 കൎത്താവിൻെറ ഒരു ദൂതൻ അപ്പോൾ പത്രോസിൻെറ പക്കൽ വന്നുനിന്നു; മുറിക്കകത്തു പ്രകാശം വെട്ടിത്തിളങ്ങി. വേഗം എഴുന്നേല്ക്കു എന്നു പറഞ്ഞുകൊണ്ടു ദൂതൻ അവനെ തട്ടിയുണൎത്തി. അപ്പോൾ ചങ്ങലകൾ അവൻെറ കൈകളിൽനിന്ന് ഊരിവീണു.

8 അര മുറുക്കി ചെരിപ്പുകൾ ധരിക്കുക എന്നു മാലാഖ അവനോടു പറഞ്ഞു. അവൻ അപ്രകാരം ചെയ്തു. 'മേലങ്കി ധരിച്ച് എന്നെ അനുഗമിക്കുക' എന്നു ദൈവദൂതൻ വീണ്ടും പറഞ്ഞു.

9 വെളിയിലിറങ്ങി അവൻ ദൂതനെ അനുഗമിച്ചു. മാലാഖ ചെയ്തവ യാഥാൎത്ഥ്യമാണെന്ന് അവൻ അറിഞ്ഞിരുന്നില്ല; അതൊരു ദർശനം മാത്രമാണെന്നാണു വിചാരിച്ചതു്.

*10 ഒന്നും രണ്ടും കാവല്യകൾ കടന്ന്, അവർ നഗരത്തിലേക്കുള്ള ഇരുമ്പു കവാടത്തിങ്കലെത്തി. അതു് അവൎക്കായി താനേ തുറന്നു. പുറത്തിറങ്ങി, ഒരു തെരുവു കടന്നയുടനെ ദൈവദൂതൻ അവനെ വിട്ടുപോയി.

---

*5 പത്രോസിനെ സഭയുടെ തലവനായി ഗണിച്ചിരുന്നുവെന്നാണ്, 'സഭ മുഴുവൻെറയും' തീക്ഷ്ണമായ ഈ പ്രാൎത്ഥന തെളിയിക്കുന്നതു്.

*10 ഒന്നും രണ്ടും കാവല്യകൾ—ഒന്നാം കാവൽ ജയിലിൻെറ വാതല്യം, രണ്ടാമത്തേതു്, ആ കെട്ടിടത്തിൻെറ ഇതരഭാഗങ്ങളും കാത്തിരുന്നു.

11 അപ്പോൾ, പത്രോസിനു ബോധമുണ്ടായി. അവൻ
പറഞ്ഞു: ഹേറോദേസിൻെറ പിടിയിൽനിന്നും യഹൂദജന
ത്തിൻെറ സകല പ്രതീക്ഷകളിൽനിന്നും എന്നെ രക്ഷിക്കു
വാൻ ദൈവം തൻെറ ദൂതനെ അയച്ചുവെന്ന് എനിക്കു പരി
പൂർണ്ണമായി ബോധപ്പെട്ടിരിക്കുന്നു.

*12 പത്രോസ് ഇപ്രകാരം ചിന്തിച്ചുകൊണ്ട്, മർക്കോ
സ് എന്ന അപരനാമമുള്ള യോഹന്നാൻെറ അമ്മയായ മറി
യത്തിൻെറ വീട്ടിൽവന്നു. അവിടെ വളരെ ആളുകൾ സം
ഘംചേർന്നു പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

13 അവൻ വാതുക്കൽ മുട്ടിയപ്പോൾ റോദ എന്നു പേ
രുള്ള ഒരു ബാലിക വിളികേട്ട് ഇറങ്ങിവന്നു.

14 പത്രോസിൻെറ സ്വരം തിരിച്ചറിഞ്ഞപ്പോൾ, സ
ന്തോഷാധിക്യത്താൽ കതകുകൾ തുറക്കാതെതന്നെ അവൾ
അകത്തേക്കോടി, പത്രോസ് വാതുക്കൽ വന്നുനില്ക്കുന്നുവെന്നു
പറഞ്ഞു.

15 പക്ഷേ, അവർ അവളോട്, നിനക്കു ഭ്രാന്താണെ
ന്നു പറഞ്ഞു. എന്നാൽ, അവൾ ഉറപ്പിച്ചു പറഞ്ഞു, അതു വാ
സ്തവമാണെന്ന്. അപ്പോൾ, അതു് അവൻെറ കാവൽദൂതനാ
ണെന്ന് അവർ മറുപടി നല്കി.

16 പത്രോസാകട്ടെ, കതകിൽ മുട്ടിക്കൊണ്ടിരുന്നു.
കതകു തുറന്നപ്പോൾ അവർ അവനെ കണ്ടു വിസ്മയിച്ചു.

*17 എന്നാൽ, അവർ നിശ്ശബ്ദരായിരിക്കുവാൻ കൈ
കൊണ്ട് ആംഗ്യം കാണിച്ചശേഷം, കർത്താവു തന്നെ കാരാ
ഗൃഹത്തിൽനിന്നു പുറത്തുകൊണ്ടുവന്നതു് എങ്ങനെയെന്ന്

---

*12 മർക്കോസ്—ഇദ്ദേഹം സുവിശേഷകനായ മർക്കോസാ
ണെന്ന് കരുതപ്പെടുന്നു.

*17 യാക്കോബ്—അൽഫേവൂസിൻെറ പുത്രനായ ചെറിയ
യാക്കോബ്. ഇദ്ദേഹം അന്ന് ഓർശലത്തെ മെത്രാനായിരുന്നു.

അവൻ വിവരിച്ചു പറഞ്ഞു. ഈ സംഗതികൾ യാക്കോബിനേയും മററുസഹോദരന്മാരേയും അറിയിക്കുവാൻ പറഞ്ഞ ശേഷം അവൻ പുറപ്പെട്ടു മറെറാരു സ്ഥലത്തേക്കു പോയി.

18 പ്രഭാതമായപ്പോൾ, പത്രോസിന് എന്തു സംഭവിച്ചു എന്നതിനെക്കുറിച്ചു പട്ടാളക്കാരുടെയിടയിൽ അനല്പമായ പരിഭ്രമമുളവായി.

19 ഹേറോദേസ് അന്വേഷിച്ചിട്ട് അവനെ (പത്രോസിനെ) കാണായ്കയാൽ, കാവൽക്കാരെ വിസ്തരിച്ച്, അവരെ കൊല്ലുവാൻ വിധി കല്പിച്ചു. അനന്തരം, അയാൾ യൂദയായിൽനിന്നു കേസറിയായിലേക്കു പോയി, അവിടെ താമസമാക്കി.

20 ടിറിയൻകാരോടും സിദോണിയാക്കാരോടും അയാൾ കോപിച്ചിരുന്നു. അതിനാൽ, അവർ ഒന്നുചേർന്ന് അയാളുടെ പക്കൽ വന്ന്, രാജാവിൻെറ പള്ളിയറക്കാരനായ ബ്ലാസ്തുസിനെ സ്വാധീനപ്പെടുത്തി, സമാധാനത്തിനുവേണ്ടി യാചിച്ചു. എന്തുകൊണ്ടെന്നാൽ, അവരുടെ രാജ്യങ്ങൾ സംരക്ഷിച്ചിരുന്നതു് അയാളായിരുന്നു.

*21 ഒരു നിശ്ചിതദിവസം, ഹേറോദേസ് രാജകീയ

---

മറെറാരു സ്ഥലത്തേക്കു പോയി—പത്രോസ് അഗ്രിപ്പായുടെ അധികാരയതിർത്തി വിട്ടുപോകുന്നു. അദ്ദേഹം ആദ്യം അന്ത്യോക്യയിലേക്കും, പിന്നീട്, റോമയിലേക്കും പോയി എന്നാണ് ഈ വേർപാടിനെപ്പററി സഭാപിതാക്കന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതു്. അങ്ങനെയെങ്കിൽ, അദ്ദേഹം പലസ്തീനാ വിട്ടതു് A. D. 41-ലോ 42-ലോ ആയിരിക്കണം. ഏതാനും വർഷങ്ങൾ അന്ത്യോക്യയിൽ കഴിച്ചശേഷം അദ്ദേഹം റോമിലേക്കു പോകുകയും, നീറോയുടെ കാലത്തു A.D. 67-ലോ 68-ലോ വധിക്കപ്പെടുകയും ചെയ്തു. ഇതിനിടയ്ക്കു് ഓർശലത്തെ സൂനഹദോസിൽ സംബന്ധിക്കുവാൻ A. D. 51-ൽ റോമിൽനിന്നു് ഓർശലത്തു വന്നു.

*21 നിശ്ചിതദിവസം—ക്ലാവുദിയൂസ് ചക്രവർത്തിയുടെ ബ

വസ്ത്രങ്ങൾ ധരിച്ചു ന്യായാസനത്തിലിരുന്ന് അവരോടു പ്ര
സംഗിച്ചു.
•22 അപ്പോൾ, ജനങ്ങൾ ആർത്തുവിളിച്ചു പറഞ്ഞു:
ഇതു ദൈവത്തിന്റെ സ്വരമാണ്; മനുഷ്യന്റേതല്ല.
*23 പെട്ടെന്ന്, കർത്താവിന്റെ ദൂതൻ അയാളെ പ്ര
ഹരിച്ചു. എന്തുകൊണ്ടെന്നാൽ, ദൈവത്തെ അയാൾ ബഹുമാ
നിച്ചില്ല. പുഴുക്കൾക്ക് ഇരയായി അയാൾ മരണമടഞ്ഞു.
24 ദൈവവചനം വ്യാപിക്കുകയും ക്രിസ്ത്യാനികൾ
വർദ്ധിക്കുകയും ചെയ്തു.
*25 ബർണാബാസും സാവൂളും, തങ്ങളുടെ കൃത്യം നി
ർവ്വഹിച്ചതിനുശേഷം, മർക്കോസ് എന്ന് അപരനാമമുള്ള യോ
ഹന്നാനേയും കൂട്ടിക്കൊണ്ടു ഓർശലത്തുനിന്നു മടങ്ങി.

---

ഹുമാനാർത്ഥം കേസറിയായിൽ നടത്തിയ ആഘോഷങ്ങളുടെ രണ്ടാം ദിവസം.

*22 ഈ സംഭവത്തെപ്പററി ജൊസേഫൂസ് പറയുന്നു: "ജനങ്ങൾ വിളിച്ചുപറഞ്ഞ വാക്കുകൾ ഇതായിരുന്നു: 'ഞങ്ങളോടു കരുണയുണ്ടാകണമേ. ഈ നാൾവരെ നീ മനുഷ്യനാണെന്നു ഞങ്ങൾ കരുതി; എന്നാൽ, നീ ദേവനാണെന്ന് ഇപ്പോൾ ഞങ്ങൾ ഗ്രഹിക്കുന്നു'" പറഞ്ഞവർ തീർച്ചയായും പേഗൻമതാവലംബികളായിരിക്കണം. എന്നാൽ, ഹേറോദേസ് ഈ പ്രശംസാവചനങ്ങളെ യാതൊരു എതിർപ്പുംകൂടാതെ അംഗീകരിക്കുകയാണുണ്ടായതു്. അതുകൊണ്ടു്, അയാൾ ഉടൻ ശിക്ഷിക്കപ്പെട്ടു:

*23 മരണമടഞ്ഞു—ജൊസേഫൂസിന്റെ വിവരണപ്രകാരം, പെട്ടെന്ന്, അയാളുടെ ഉദരത്തിലും ശിരസ്സിലും ഭയങ്കരമായ വേദനയുണ്ടാകുകയും, അഞ്ചു ദിവസം കഴിഞ്ഞു മരിക്കുകയും ചെയ്തു.

പുഴുക്കൾക്കിരയായി—അതിസാരം (Dysentery)ആണ് മരണകാരണമെന്നു ജൊസേഫൂസ് പ്രസ്താവിക്കുന്നു. അതുകൊണ്ടു്, ഉദരത്തിലുണ്ടായ കൃമികളായിരിക്കണം വി. ലൂക്കാ ഇവിടെ വിവക്ഷിക്കുന്നതു്.

*25 പൗലോസും ബർണാബാസും, പിരിച്ചെടുത്ത പണം (11:30) കൊണ്ടുവന്ന്, ഓർശലത്തെ ക്ഷാമപീഡിതരായ ക്രിസ്ത്യാനികളുടെയിടയിൽ വിതരണം ചെയ്തിട്ടു തിരിച്ചു പോകുന്നു.

# അദ്ധ്യായം 13

**സാവൂളും ബർണബാസും പരിശുദ്ധാത്മാവിനാൽ വിജാതീയരുടെ പക്കലേക്ക് അയയ്ക്കപ്പെടുന്നു. അവർ സൈപ്രസിലും പിസീദിയായിലെ അന്ത്യോക്യയിലും പ്രസംഗിക്കുന്നു.**

---

***1 അന്ത്യോക്യയിലെ സഭയിൽ പ്രവാചകന്മാരും ഉപദേഷ്ടാക്കളും ഉണ്ടായിരുന്നു. ബർണബാസും, നീഗർ എന്നു വിളിക്കപ്പെട്ടിരുന്ന ശീമോനും, കെവുറീൻകാരനായ ലൂസിയൂസും, ഹേറോദേസ് തെത്രാർക്കായുടെ വളർത്തുസഹോദരനായിരുന്ന മനാഹനും, സാവൂളും ഇവരിൽ പെട്ടവരാണ്.**

***2 അവർ കർത്താവിനു ശുശ്രൂഷ ചെയ്യുകയും ഉപവസിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു: ഞാൻ അവർക്കായി തെരഞ്ഞെടുത്തു നിശ്ചയിച്ച ജോലിക്കു സാവൂളിനേയും ബർണബാസിനേയും എനിക്കുവേണ്ടി വേർതിരിക്കുക.**

---

*1 പ്രവാചകന്മാർ—അധ്യാ. 11: 27-ാം വാ. കാണുക.

മനാഹൻ—ഹേറോദേസിന്റെ ഭാവിമഹിമാവുകളെപ്പററി പ്രവചിച്ച എസനേയുടെ പുത്രൻ. എസനേയുടെ പ്രവചനത്തിൽ സന്തുഷ്ടനായ ഹേറോദേസ് മനാഹനെ കൊട്ടാരത്തിൽ താമസിപ്പിക്കുകയും വിദ്യ അഭ്യസിപ്പിക്കുകയും ചെയ്തു. അതുകൊണ്ടാണ്, ഹേറോദേസിന്റെ വളർത്തുസഹോദരനെന്ന് അയാൾ വിളിക്കപ്പെടുന്നത്.

*2 ശുശ്രൂഷചെയ്തു—'അപ്പം വിഭജിക്കുക', അഥവാ, ദിവ്യബ

*3 അപ്പോൾ, അവർ ഉപവാസവും പ്രാർത്ഥനയും കഴി
ഞ്ഞു്, അവരുടെമേൽ കൈവച്ചു് അവരെ യാത്രയാക്കി.

*4 അങ്ങനെ, പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ട
അവർ സെലൂസിയായിലേക്കപോയി; അവിടെ നിന്നു സൈ
പ്രസിലേക്ക കപ്പൽ കയറി.

*5 അവർ സലമീനായിൽ വന്നപ്പോൾ, യഹൂദരു
ടെ സിനഗോഗുകളിൽ ദൈവവചനം പ്രസംഗിച്ചു. അവരു
ടെ സഹായത്തിനു യോഹന്നാനും ഉണ്ടായിരുന്നു.

*6 അവർ ആ ദ്വീപു മുഴുവൻ ചുററിസ്സഞ്ചരിച്ചു പാ
ഫോസ്വരെ എത്തിയപ്പോൾ, യഹൂദനും മന്ത്രവാദിയും കള്ള
പ്രവാചകനും ബർജേസു എന്നു പേരുള്ളവനുമായ ഒരു മനു
ഷ്യനെ കണ്ടുമുട്ടി.

---

ലി അർപ്പിക്കുക എന്ന കർമ്മത്തെ പ്രധാനമായി കുറിക്കുന്നു

വേർതിരിക്കുക—വേദപുസ്തകത്തിൽ ഈ പ്രയോഗത്തിനു ലൗകി
കമായ എല്ലാ വ്യാപാരങ്ങളിലും നിന്നകന്നു്, ദൈവസേവനത്തിനു
പരിപൂർണ്ണമായി സമർപ്പിക്കുക എന്നർത്ഥമുണ്ടു്. (സംഖ്യ. 18: 24)

*3 കൈവച്ചു—ഇതുവഴി പൗലോസിനേയും ബർണബാസി
നേയും മെത്രാന്മാരായി ഉയർത്തിയെന്നു പിതാക്കന്മാർ ഐകകണ്ഠ്യേ
ന അഭിപ്രായപ്പെടുന്നു.

*4 ഇവിടംമുതൽ നടപടിപ്പുസ്തകത്തിൻെറ രണ്ടാംഭാഗം ആ
രംഭിക്കുന്നു. ഇതുവരെ പത്രോസിൻെറ പ്രവർത്തനങ്ങളായിരുന്നു പ്ര
ധാന പ്രതിപാദ്യവിഷയം. ഇവിടംമുതൽ പൗലോസിൻെറ പ്രവർത്ത
നങ്ങളാണു വിവരിക്കുക.

സെലൂചിയാ—അന്ത്യോക്യയുടെ തുറമുഖം.

*5 യോഹന്നാൻ—സുവിശേഷകനായ മർക്കോസ്.

*6 പാഫോസ്—സൈപ്രസിലെ ഒരു പ്രധാന പട്ടണം.

*7 അയാൾ വിവേകമതിയായ സെർജിയൂസ് പൗലോസ് എന്ന ദേശാധിപനോടുകൂടി ആയിരുന്നു. ദൈവവചനം ശ്രവിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് അവൻ ബർണബയേയും സാവൂളിനേയും ആളയച്ചു.

8 എന്നാൽ, 'എലിമാസ്' എന്ന പ്രസ്തുതമന്ത്രവാദി (ഇപ്രകാരമാണ് അയാളുടെ പേർ ഭാഷാന്തരം ചെയ്യപ്പെടുന്നത്) ദേശാധിപനെ വിശ്വാസത്തിൽനിന്നു പിന്തിരിക്കണമെന്ന ഉദ്ദേശ്യത്തോടെ അവരെ എതിർത്തു.

*9 അപ്പോൾ സാവൂൾ, അഥവാ, പൗലോസ് പരിശുദ്ധാത്മാവിനാൽ പൂരിതനായി അയാളെ സൂക്ഷിച്ചുനോക്കിക്കൊണ്ട്,

10 പറഞ്ഞു: സകലവിധ വഞ്ചനയും കാപട്യവും നിറഞ്ഞവനേ, സാത്താന്റെ സന്താനമേ, സകല നീതിയുടേയും ശത്രുവേ, കർത്താവിന്റെ നേരായ വഴികളെ ദുഷിപ്പിക്കുന്നതിൽ നിന്നു നീ പിന്മാറുകയില്ലേ?

11 ഇതാ! കർത്താവിന്റെ കരം നിന്റെമേൽ നിപ

---

*7 രണ്ടുവിധത്തിലാണു റോമൻ ചക്രവർത്തി അധിനിവേശരാജ്യങ്ങളെ ഭരിച്ചിരുന്നത്: നേരിട്ടു ഗവർണ്ണർവഴിക്കും, ദേശാധിപന്മാരെ നിയമിച്ചുകൊണ്ടു സെനാത്തുസുവഴിക്കും. അക്കാലത്തു സൈപ്രസിന്റെ ദേശാധിപൻ സെർജിയൂസ് പൗലോസ് ആയിരുന്നു.

*9 സാവൂൾ എന്നതു് എബ്രായനാമവും, പൗലോസ് എന്നതു റോമൻനാമവുമാണ്. മഹാനായ സെർജിയൂസ് പൗലോസിനെ മാനസാന്തരപ്പെടുത്തിയതിന്റെ അനുസ്മരണയ്ക്കായിട്ടാണു സാവൂൾ, പൗലോസെന്ന നാമം സ്വീകരിച്ചതെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ, ഗ്രീക്കുകാരുടേയും റോമാക്കാരുടേയുമിടയിൽ കൂടുതൽ ഫലപ്രദമായി തന്റെ പ്രേഷിതപ്രവർത്തനം തുടർന്നുകൊണ്ടുപോകുവാൻ വേണ്ടിയായിരുന്നു അദ്ദേഹം ഈ റോമൻനാമം സ്വീകരിച്ചതെന്ന അഭിപ്രായമാണു കൂടുതൽ സ്വീകാര്യം.

തിച്ചിരിക്കുന്നു. നീ അന്ധനായിത്തീരും; കുറെക്കാലത്തേക്കു
നീ സൂൎയ്യനെ ദർശിക്കുകയില്ല. ഉടനെ, മൂടലും അന്ധകാരവും
അവനെ ബാധിച്ചു. അപ്പോൾ, അയാൾ തപ്പിനടക്കുകയും, ത
ന്നെ കൈക്കു പിടിച്ചു നയിക്കുവാൻ ആളെ അന്വേഷിക്കുക
യും ചെയ്തു.
12 ഈ സംഭവം ദർശിച്ചമാത്രയിൽ, ദേശാധിപൻ
കർത്താവിൻെറ പ്രബോധനങ്ങളെപ്പറ്റി വിസ്മയിച്ചു വി
ശ്വാസം സ്വീകരിച്ചു.
*13 അനന്തരം, പൗലോസും അവനോടുകൂടി ഉണ്ടാ
യിരുന്നവരും പാഫോസിൽനിന്നു കപ്പൽകയറി, പംഫീ
ലിയായിലെ 'പെർഗി'ൽ വന്നുചേർന്നു. യോഹന്നാൻ അ
വരെ പിരിഞ്ഞു് ഓർശലത്തേക്കു പോയി.
14 അവർ പെർഗിലൂടെ യാത്ര ചെയ്തു്, പിസീദിയാ
യിലെ അന്ത്യോക്യയിലെത്തി. സാബത്തുനാളിൽ അവർ സി
നഗോഗിൽ കയറി ഇരുന്നു.
15 നിയമവും പ്രവാചകന്മാരും വായിക്കപ്പെട്ട ശേ
ഷം, സിനഗോഗിലെ അധികാരികൾ അവരുടെ പക്കൽ ആ
ളയച്ചു പറഞ്ഞു: സഹോദരന്മാരേ, നിങ്ങൾക്കു ജനങ്ങളോടു്
ഉപദേശരൂപേണ വല്ലതും പറയാനുണ്ടെങ്കിൽ പറയാം.
16 അപ്പോൾ, പൗലോസ് എഴുന്നേറ്റു്, ജനങ്ങളോ
ടു നിശ്ശബ്ദരായിരിപ്പാൻ കൈകൊണ്ടു് ആംഗ്യം കാണിച്ചശേ
ഷം പറഞ്ഞു: ഇസ്രായേൽ ജനങ്ങളേ, ദൈവത്തെ ഭയപ്പെടു
ന്നവരേ, കേൾക്കുവിൻ:
17 ഇസ്രായേൽ ജനത്തിൻെറ ദൈവം നമ്മുടെ പി
താക്കന്മാരെ തിരഞ്ഞെടുക്കുകയും, ജനം ഈജിപ്തിൽ വിദേ
ശവാസം അനുഭവിച്ചിരുന്നപ്പോൾ, അവരെ ഉയർത്തുകയും
തൻെറ കരബലത്താൽ അവിടെനിന്നു പുറപ്പെടുത്തുകയും
ചെയ്തു.

---

*13 പെർഗ്ഗ്—പംഫീലിയായുടെ തലസ്ഥാനം.

*18 നാല്പതു വർഷക്കാലം മരുഭൂമിയിൽ അവരുടെ നടപടികളിൽ അവിടുന്നു സഹിഷ്ണുവായിരുന്നു.

19 കനാൻദേശത്തെ ഏഴു ജനതകളെ നശിപ്പിച്ചു ശേഷം, അവരുടെ ദേശം അവിടുന്ന് അവർക്കായി കുറിയിട്ടു വിഭജിച്ചു.

*20 അങ്ങനെ, ഏകദേശം നാനൂററമ്പതു വത്സരങ്ങൾ അവസാനിക്കുകയും ചെയ്തു. ഇവയ്ക്കുശേഷം, ശാമുവേൽ പ്രവാചകൻെറ കാലംവരെ അവിടുന്ന് അവർക്കു ന്യായാധിപന്മാരെ നല്കി.

21 പിന്നീട്, അവർ ഒരു രാജാവിനെ ആവശ്യപ്പെട്ടു. ബഞ്ചമിൻ ഗോത്രക്കാരനായ കീശിൻെറ പുത്രൻ സാവൂളിനെ നാല്പതുകൊല്ലത്തേക്കു ദൈവം അവർക്കു (രാജാവായി) നല്കി.

22 അവിടുന്നു സാവൂളിനെ പുറന്തള്ളിയപ്പോൾ, ദാവീദിനെ അവർക്കു രാജാവായി അവിടുന്ന് ഉയർത്തി. അവനെപ്പററി അവിടുന്ന് ഇങ്ങനെ സാക്ഷ്യം നല്കി: ഈശെയുടെ പുത്രനായ ദാവീദിനെ എൻെറ ഹൃദയത്തിനു ഒത്തവനായി ഞാൻ കണ്ടെത്തി. അവൻ എൻെറ ഇഷ്ടമെല്ലാം നിറവേററും.

23 ദൈവം തൻെറ വാഗ്ദാനമനുസരിച്ച്, ഈ മനു

---

*18 സഹിഷ്ണുവായിരുന്നു—തീററിപ്പോററിയെന്നും പല പ്രതികളിലും കാണുന്നുണ്ട്.

*20 നാനൂററമ്പതു വത്സരം — ചില വ്യാഖ്യാതാക്കൾ ഇതിനെ 19-ാം വാക്യത്തോടും, ചിലർ 20-ാം വാക്യത്തോടും യോജിപ്പിക്കുന്നു. ഈജിപ്തിലെ പ്രവാസംമുതൽ കാനാനിൽ വാസമുറപ്പിച്ചുനാൾവരെയുള്ള വർഷങ്ങളാണിവയെന്ന് ഒന്നാമത്തേക്കൂട്ടരും, കാനാനിലെ വാസം തുടങ്ങി, ന്യായാധിപന്മാരുടെ ഭരണമവസാനിച്ചതുവരെയുള്ള സംവത്സരങ്ങളാണിവയെന്നു രണ്ടാമത്തേക്കൂട്ടരും വ്യാഖ്യാനിക്കുന്നു.

ഷ്യന്റെ സന്തതിയിൽനിന്ന് ഈശോയെ ഇസ്രായേലിനു
രക്ഷകനായി ഉയർത്തി.
24 അവിടുത്തെ വരവിനു മുൻപ്, സ്നാപകയോഹ
ന്നാൻ ഇസ്രായേൽജനങ്ങളോടെല്ലാം അനുതാപത്തിന്റെ
മാമ്മോദീസായെപ്പററി പ്രസംഗിച്ചിരുന്നു.
25 യോഹന്നാൻ തന്റെ ജോലി നിർവ്വഹിച്ചുകൊണ്ടി
രുന്നപ്പോൾ, ഇപ്രകാരം പറഞ്ഞിരുന്നു: ഞാനല്ല നിങ്ങൾ
വിചാരിക്കുന്ന ആൾ. പിന്നെയോ, ഇതാ അവൻ എന്റെ
പിന്നാലെ വരുന്നു. അവന്റെ പാദങ്ങളിലെ ചെരുപ്പുകൾ
അഴിക്കുവാൻ ഞാൻ യോഗ്യനല്ല.
26 സഹോദരന്മാരേ, അബ്രാഹാമിന്റെ ഗോത്രക്കാ
രേ, ദൈവഭയമുള്ളവരേ, ഈ രക്ഷയുടെ വചനം നിങ്ങൾക്കാ
ണ് അയയ്ക്കപ്പെട്ടിരിക്കുന്നത്.
27 എന്തുകൊണ്ടെന്നാൽ, ഓർശലത്തു വസിച്ചിരു
ന്നവരും അവിടത്തെ ഭരണകർത്താക്കളും, അവനെയോ, എ
ല്ലാ ശാബതുദിവസങ്ങളിലും വായിക്കപ്പെടുന്ന ദീർഘദർശി
കളുടെ സ്വരത്തെയോ അറിയാതെതന്നെ അവനെ വി
ധിച്ചുകൊണ്ട് അവ (പ്രവചനങ്ങൾ) നിവൃത്തിയാക്കി.
28 മരണത്തിന് അർഹമായ യാതൊന്നും അവർ ക
ണ്ടില്ലെങ്കിലും, അവനെ വധിക്കണമെന്നു പീലാത്തോസി
നോട് അവർ ആവശ്യപ്പെട്ടു.
29 അവനെപ്പററി എഴുതപ്പെട്ടിരുന്നവയെല്ലാം നിവൃ
ത്തിയാക്കിയശേഷം, അവർ അവനെ (കഴ)മരത്തിൽനിന്നി
റക്കി ഒരു കല്ലറയിൽ അടക്കം ചെയ്തു.
30 എന്നാൽ, മൂന്നാം ദിവസം ദൈവം അവനെ മരി
ച്ചവരിൽനിന്ന് ഉയിർപ്പിച്ചു.
31 തന്നോടുകൂടി ഗ്ലീലായിൽനിന്ന് ഓർശലത്തേക്കു
പോയവർക്ക്, അവൻ വളരെ നാളത്തേക്കു പ്രത്യക്ഷപ്പെട്ടു
കയുണ്ടായി. അവർ ഇപ്പോളും ജനങ്ങൾക്കു സാക്ഷികളാണ്.

32, 33 ഞങ്ങൾ നിങ്ങളോടു പ്രഖ്യാപിക്കുന്നു. നമ്മുടെ പിതാക്കന്മാരോടു ചെയ്യപ്പെട്ട വാഗ്ദാനം ഈശോയെ ഉയിർപ്പിച്ചുകൊണ്ടു്, നമ്മുടെ സന്തതികൾക്കു ദൈവം നിറവേററിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നീ എൻെറ പുത്രനാകുന്നു, ഇന്നു നിന്നെ ഞാൻ ജനിപ്പിച്ചു എന്നു രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നു.

*34 മരിച്ചവരിൽ നിന്നു് അവനെ ഉയിർപ്പിച്ചതു വീണ്ടും ജീർണ്ണിച്ചുപോകുവാനല്ലെന്നു കാണിക്കുവാനായി, ദൈവം ഇപ്രകാരം അരുളിച്ചെയ്തു: ദാവീദിൻെറ പരിശുദ്ധവും വിശ്വസ്തവുമായ കാര്യങ്ങൾ ഞാൻ നിങ്ങൾക്കു നല്കും.

35 മറെറാരിടത്തും അവിടുന്നു പറയുന്നു: അങ്ങയുടെ പരിശുദ്ധനു ജീർണ്ണത ഭവിക്കുവാൻ അങ്ങു് അനുവദിക്കുകയില്ല.

36 എന്തുകൊണ്ടെന്നാൽ, ദാവീദു ദൈവേഷ്ടത്തിനു യോജിച്ച വിധം തൻെറ തലമുറയിൽ ശുശ്രൂഷ ചെയ്തശേഷം മരണം പ്രാപിക്കുകയും പിതാക്കന്മാരോടുകൂടെ സംസ്കരിക്കപ്പെടുകയും വിലയം പ്രാപിക്കുകയും ചെയ്തു.

37 എന്നാൽ, മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിച്ചവൻ ജീർണ്ണിതനായില്ല.

38 ആകയാൽ സഹോദരന്മാരേ, നിങ്ങൾ അറിഞ്ഞാലും: പാപങ്ങളിൽനിന്നും, മൂശയുടെ നിയമത്താൽ നിങ്ങൾക്കു നീതീകരണം പ്രാപിക്കുവാൻ കഴിയാതിരുന്ന സകലത്തിൽനിന്നുമുള്ള മോചനം അവൻ വഴി നിങ്ങൾക്കു് അറിയിക്കപ്പെട്ടിരിക്കുന്നു.

---

*34 ദാവീദിൻെറ പരിശുദ്ധവും........നല്കും—ഇസ. 55: 3—ദൈവം ദാവീദിനോടു ചെയ്ത പരിശുദ്ധവും നിലനില്ക്കുന്നതുമായ വാഗ്ദാനങ്ങൾ മിശിഹായിൽ നിറവേറുമെന്നർത്ഥം.

39 വിശ്വസിക്കുന്ന ഏവനും അവനാൽ നീതീകരി
ക്കപ്പെടുന്നു.
40 ആകയാൽ, ദീർഘദർശികളാൽ പറയപ്പെട്ടതു
നിങ്ങൾക്കു സംഭവിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ.
*41 നിന്ദ കാട്ടുന്നവരേ, നിങ്ങൾ കാണുവിൻ! അ
ത്ഭുതപരതന്ത്രരായി നാശമടയുവിൻ. എന്തുകൊണ്ടെന്നാൽ,
ആരെങ്കിലും നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കാ
ത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യുന്നു.
42 അനന്തരം, അവർ പോകാനിറങ്ങിയപ്പോൾ, അ
ടുത്ത സാബത്തുനാളിലും ഈ വചനങ്ങൾ തങ്ങളോടു സംസാ
രിക്കണമെന്ന് അവർ അവരോട് അപേക്ഷിച്ചു.
43 സിനഗോഗു പിരിഞ്ഞപ്പോൾ, യഹൂദന്മാരിലും,
ദൈവസേവനം ചെയ്തിരുന്ന വിജാതീയരിലും വളരെപ്പേർ
പൗലോസിനേയും ബർണബാസിനേയും അനുഗമിച്ചു. അവർ
അവരോടു സംസാരിച്ചുകൊണ്ടു്, ദൈവത്തിന്റെ പ്രസാദവ
രത്തിൽ നിലനില്ക്കുവാൻ അവർക്കു പ്രബോധനം നല്കി.
44 അടുത്ത സാബത്തിൽ, പട്ടണവാസികൾ എല്ലാ
വരുംതന്നെ ദൈവവചനം കേൾക്കുന്നതിനായി ഒരുമിച്ചു
കൂടി.
45 ജനബാഹുല്യം കണ്ടു യഹൂദന്മാർ അസൂയാകലു
ഷിതരായി ദൈവദൂഷണം പറഞ്ഞുകൊണ്ടു്, പൗലോസ്
പ്രസംഗിച്ച കാര്യങ്ങളെ എതിർത്തു.
46 അപ്പോൾ, പൗലോസും ബർണബാസും ധൈര്യസ
മേതം ഇപ്രകാരം പ്രസ്താവിച്ചു: ദൈവവചനം ആദ്യമായി

---

*41 ഹബാക്കുക്കു്—1: 5—പ്രവൃത്തി—ശിക്ഷയെന്നർത്ഥം. ഇസ്രായേൽമക്കൾ കാനാൻകാരാൽ ശിക്ഷിക്കപ്പെടുവാൻ ദൈവം അനുവദിച്ചതുപോലെ, ദൈവവചനത്തെ ധിക്കരിക്കുന്ന ഇവരും ദൈവത്താൽ ശിക്ഷിക്കപ്പെടുമെന്നു പൗലോസ് മുന്നറിയിപ്പു നല്കുന്നു.

നിങ്ങളോടു പ്രസംഗിക്കുക ഞങ്ങളുടെ ചുമതലയായിരുന്നു. എന്നാൽ, നിങ്ങറം അതു തിരസ്കരിക്കുകയും, നിത്യജീവിതത്തിന് അയോഗ്യരായി നിങ്ങളെത്തന്നെ വിധിക്കുകയും ചെയ്തതിനാൽ, ഇതാ, ഞങ്ങറം വിജാതീയരുടെ പക്കലേക്കു തിരിയുന്നു

47 എന്തുകൊണ്ടെന്നാൽ, കത്താവു ഞങ്ങളോട് ഇപ്രകാരം കല്പിച്ചിരിക്കുന്നു: ലോകത്തിൻെറ അതിർത്തിവരെയും നീ രക്ഷയ്ക്കു കാരണമാകേണ്ടതിന്, വിജാതീയർക്കു വെളിച്ചമായി നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു.

*48 വിജാതീയർ ഇതു കേട്ടു സന്തോഷിച്ചു; അവർ കത്താവിൻെറ വചനത്തെ മഹത്വപ്പെടുത്തി; നിത്യജീവിതത്തിനായി നിശ്ചയിക്കപ്പെട്ടിരുന്നവരെല്ലാം വിശ്വസിക്കുകയും ചെയ്തു.

49 കത്താവിൻെറ വചനം രാജ്യമാസകലം പ്രചരിപ്പിക്കപ്പെട്ടു

*50 എന്നാൽ, യഹൂദജനം പൗലോസിനും ബർണബാസിനും എതിരായി, മതതീക്ഷ്ണതയുള്ളവരും മാന്യരുമായ സ്ത്രീകളേയും പട്ടണത്തിലേ പ്രധാനികളേയും പ്രക്ഷുബ്ധരാക്കിക്കൊണ്ട്, മർദ്ദനനടപടികറം ആരംഭിച്ചു. അങ്ങനെ, അവരെ തങ്ങളുടെ അതിർത്തികളിൽനിന്നു ബഹിഷ്കരിച്ചു.

---

*48 നിശ്ചയിക്കപ്പെട്ടിരുന്നവർ—നന്മനസ്സുള്ളവർ, അർഹരായവർ എന്നെല്ലാം അത്ഥമാക്കാം.

*50 മാന്യരായ സ്ത്രീകറം—യൂദവേദം സ്വീകരിച്ചവരും, പേഗൻ മതാവലംബികളായ ഭർത്താക്കന്മാരുള്ളവരുമായ വിജാതീയസ്ത്രീകറം. തങ്ങളുടെ ഭർത്താക്കന്മാരെ പൗലോസിനെതിരായി ഇളക്കിവിടുവാനാണ് ഇവർ ശ്രമിച്ചത്.

*51 അവരാകട്ടെ, തങ്ങളുടെ പാദങ്ങളിലെ പൊടി അവർക്ക് എതിരായി തട്ടിക്കളഞ്ഞിട്ട്, ഇക്കോനോനിലേക്കു വന്നു.

52 ശിഷ്യന്മാർ ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞു.

# അധ്യായം 14

പൗലോസും ബർണബാസും
ഇക്കോനോനിലും ലിസ്ത്രായിലും പ്രസംഗിക്കുന്നു.
പൗലോസ് ഒരു മുടന്തനെ സുഖപ്പെടുത്തുന്നു.
അദ്ദേഹം കല്ലെറിയപ്പെടുന്നു. അവർ
ദർബേയിലും പെർഗിലും
പ്രസംഗിക്കുന്നു.

1 ഇക്കോനോനിൽവച്ച്, അവർ ഒരുമിച്ചു യഹൂദരുടെ സിനഗോഗിൽ പ്രവേശിച്ച്, യഹൂദരും ഗ്രീക്കുകാരും ഉൾപ്പെട്ട ഒരു വലിയഗണം വിശ്വസിക്കുവാൻ തക്കവണ്ണം പ്രസംഗിച്ചു.

2 എന്നാൽ, വിശ്വസിക്കാതിരുന്ന യൂദന്മാർ, സഹോദരന്മാർക്കെതിരായി വിജാതീയരെ ഇളക്കിവിടുകയും കോപാവിഷ്ടരാക്കുകയും ചെയ്തു.

*51 ഇക്കോനോൻ—അന്ത്യോക്യയ്ക്ക് നൂറു മൈൽ വടക്കുകിഴക്കു സ്ഥിതി ചെയ്യുന്ന ഒരു പട്ടണം.

3 കർത്താവിൽ വിശ്വസ്തതയോടെ ശുശ്രൂഷചെയ്തു വളരെ നാൾ അവർ അവിടെ വസിച്ചു. അവിടുന്ന് അവരുടെ കരങ്ങളാൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നതിനു വരം നല്കിക്കൊണ്ടു്, തന്റെ കരുണയുടെ വചനത്തിനു സാക്ഷ്യം നല്കി.

4 പട്ടണത്തിലെ ജനങ്ങൾ രണ്ടായി തിരിഞ്ഞു. ചിലർ യൂദന്മാരോടും മററു ചിലർ അപ്പസ്തോലന്മാരോടും ചേർന്നു.

5 അവരെ അവമാനിക്കണമെന്നും കല്ലെറിയണമെന്നും വിജാതീയരും യഹൂദരും അവരുടെ പ്രമാണികളും ബഹളം കൂട്ടി.

*6 അപ്പോൾ, അവർ അതു മനസ്സിലാക്കി, ലിക്കോനിയായിലെ പട്ടണങ്ങളായ ലിസ്ത്രായിലേക്കും ദർബേയിലേക്കും, അവയ്ക്കു ചുററുമുള്ള സ്ഥലങ്ങളിലേക്കും ഓടിപ്പോയി. അവിടെ അവർ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു.

7 കാലിനു ശക്തിയില്ലാത്ത ഒരു മുടന്തൻ ലിസ്ത്രായിലുണ്ടായിരുന്നു. അവൻ അമ്മയുടെ ഉദരത്തിൽനിന്നുതന്നെ മുടന്തനും ഒരിക്കലും നടന്നിട്ടില്ലാത്തവനുമായിരുന്നു.

8 പൗലോസ് പ്രസംഗിക്കുന്നതു് ഇവൻ കേട്ടു. അദ്ദേഹം അവനെ നോക്കിയപ്പോൾ, സുഖമാക്കപ്പെടുമെന്ന വിശ്വാസം അവനുണ്ടെന്നു മനസ്സിലാക്കുകയാൽ,

9 അവനോടു് ഉച്ചത്തിൽ പറഞ്ഞു: നിന്റെ കാലിന്മേൽ നേരെ നില്ക്കുക. ഉടനെ, അവൻ ചാടി എഴുന്നേററു നടന്നു.

10 പൗലോസ് ചെയ്തതു കണ്ടപ്പോൾ, ജനക്കൂട്ടം ലി

---

*6 ലിസ്ത്രാ—ഇക്കോണോനിനു മുപ്പതു മൈൽ തെക്കു മാറി സ്ഥിതി ചെയ്യുന്ന പട്ടണം.

ക്കോണിയൻ ഭാഷയിൽ വിളിച്ചു പറഞ്ഞു: ദേവന്മാർ മനു
ഷ്യരൂപത്തിൽ നമ്മുടെ പക്കലേക്ക് ഇറങ്ങിവന്നിരിക്കുന്നു.

*11 ബർണബാസിനെ അവർ ജൂപ്പിററർ എന്നും പൗ
ലോസിനെ മെർക്കുറിയെന്നും വിളിച്ചു. കാരണം, ഇവനായി
രുന്നു പ്രധാന പ്രസംഗകൻ.

*12 പട്ടണത്തിൻെറ പടിക്കൽ ഉണ്ടായിരുന്ന ജൂപ്പി
ററിൻെറ പൂജാരി കാളകളേയും പുഷ്പമാല്യങ്ങളേയും പട്ട
ണവാതുക്കൽ കൊണ്ടുവന്നു; ജനങ്ങളോടൊത്ത് (ഇവർക്കു)
ബലിയർപ്പിക്കുവാൻ ആഗ്രഹിച്ചു.

*13 അപ്പസ്തോലന്മാരായ പൗലോസും ബർണബാ
സും ഇതുകേട്ടു തങ്ങളുടെ വസ്ത്രങ്ങൾ വലിച്ചുകീറി ജനങ്ങളു
ടെ ഇടയിലേക്കു ചാടിയിറങ്ങി വിളിച്ചുപറഞ്ഞു:

14 ഹേ, മനുഷ്യരേ, നിങ്ങൾ എന്തുകൊണ്ട് ഇങ്ങ
നെ ചെയ്യുന്നു? ഞങ്ങളും നിങ്ങളെപ്പോലെ മരണത്തിനു് അ
ധീനരായ മനുഷ്യരാണ്. ഞങ്ങൾ നിങ്ങളോടു പ്രസംഗിക്കു
ന്നതു്, ഈ വ്യർത്ഥകാര്യങ്ങളിൽനിന്നു പിന്മാറി, ആകാശ
വും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും സൃഷ്ടിച്ച ജീ
വനുള്ള ദൈവത്തിൻെറ പക്കലേക്കു നിങ്ങൾ തിരിയണമെ
ന്നാണ്.

---

*11 ബർണബാസിനെ ജൂപ്പിററർ എന്നു വിളിക്കുവാൻ കാര
ണം, അദ്ദേഹത്തിൻെറ ആകാരസൗഷ്ഠവമായിരുന്നെന്നു് അഭിപ്രായ
പ്പെടുന്നു. പൗലോസിൻെറ വാഗ്മിത്വമാണ്, ദേവന്മാരുടെ വക്താ
വായ മെർക്കുറി എന്നു് അദ്ദേഹത്തെ വിളിക്കുവാൻ കാരണം.

*12 ജൂപ്പിററർ ആ പട്ടണത്തിൻെറ സംരക്ഷകനായിരുന്നതു
കൊണ്ടു്, ആ ദേവൻെറ അമ്പലം പട്ടണത്തിലേക്കുള്ള പ്രവേശനക
വാടത്തിൽ സ്ഥിതി ചെയ്തിരുന്നു.

*13 വസ്ത്രം കീറി—ദുഃഖവും കോപവും കാണിക്കുവാൻ യൂദ
ന്മാർ ഇപ്രകാരം ചെയ്യുക പതിവാണ്. (മത്താ. 26: 65)

*15 ജനപദങ്ങൾ സ്വന്തം മാർഗ്ഗങ്ങളിൽ വ്യാപരിക്കുവാൻ മുൻകാലങ്ങളിൽ അവിടുന്നു സമ്മതിച്ചിരുന്നു.

*16 എന്നിരുന്നാലും, സ്വർഗ്ഗത്തിൽനിന്നു നന്മ ചെയ്യുകയും മഴയും സമൃദ്ധിയുടെ കാലാവസ്ഥകളും നല്കുകയും നമ്മുടെ ഹൃദയങ്ങളെ നന്മയും ഭക്ഷണവും കൊണ്ടു തൃപ്തമാക്കുകയും ചെയ്തുകൊണ്ട് അവിടുന്നു തന്നെക്കുറിച്ചു സാക്ഷ്യം നല്കാതിരുന്നില്ല.

17 ഈ കാര്യങ്ങൾ പറഞ്ഞുകൊണ്ട്, തങ്ങൾക്കു ബലിയർപ്പിക്കുന്നതിൽനിന്ന് അവർ ജനങ്ങളെ ഒരുതരത്തിൽ പിന്തിരിച്ചു.

*18 അപ്പോൾ, അന്ത്യോക്യയിലും ഇക്കോനോനിലും നിന്ന് ഏതാനും യഹൂദന്മാർ അവിടേക്കു വന്നു. അവർ ജന

---

*15, 16 ക്രിസ്തുവിനു മുൻപ്, യൂദന്മാരല്ലാത്ത മററു ജനതകളെ നയിച്ചിരുന്നതു സ്വാഭാവികനിയമം മാത്രമായിരുന്നു. ഇസ്രായേൽ മക്കൾക്കു നല്കപ്പെട്ട വെളിപാടുകളും ദൈവത്തിൻെറ പ്രത്യേകസംരക്ഷണവും അവർക്കു ലഭിച്ചില്ല. എങ്കിലും, ബുദ്ധിയുടെ സ്വാഭാവികവെളിച്ചത്തിലൂടേയും, ദൃശ്യപ്രപഞ്ചത്തിലൂടേയും ഏകസത്യദൈവത്തെ അറിയുന്നതിനുള്ള കഴിവു മനുഷ്യനു ദൈവം പ്രദാനംചെയ്തു. (റോമ. 1: 18-21; 2: 14, 15) എന്നാൽ, മനുഷ്യൻെറ ബലഹീനത അവനെ "ഈ വ്യർത്ഥകാര്യങ്ങളി"ലേക്കു (വാക്യം. 14) നയിച്ചു. അങ്ങനെ, ക്രിസ്തുവിൻെറ കാലംവരെ, അവർ "സ്വന്തം മാർഗ്ഗങ്ങളിൽ വ്യാപരിക്കുവാൻ" (വാക്യം. 15) അവിടുന്ന് അനുവദിച്ചു. എങ്കിലും, പ്രകൃതിയുടെ നന്മകൾ സമൃദ്ധമായി അവരുടെമേൽ വർഷിച്ചുകൊണ്ട്, ദൈവം തൻെറ അസ്തിത്വത്തെ അവർക്കു വെളിപ്പെടുത്തിയിരുന്നു. (വാക്യം. 16)

*18 കുറെ ദിവസങ്ങൾ കഴിഞ്ഞതാണ് ഈ സംഭവം നടക്കുന്നതു്.

ക്കൂട്ടത്തെ പ്രേരിപ്പിച്ച്, പൗലോസിനെ കല്ലെറിയുകയും അവൻ മരിച്ചെന്നു കരുതി പട്ടണത്തിനു പുറത്തേക്കു വലിച്ചിഴച്ചുകൊണ്ടു പോകുകയും ചെയ്തു.

*19 എന്നാൽ, ശിഷ്യന്മാർ ചുററുംകൂടി നില്ക്കവേ, അവൻ എഴുന്നേററു പട്ടണത്തിനുള്ളിൽ പ്രവേശിച്ചു; അടുത്ത ദിവസം ബർണബാസും ഒരുമിച്ചു ദെർബേയിലേക്കു പോയി.

20 ആ പട്ടണത്തിൽ സുവിശേഷം പ്രസംഗിക്കുകയും അനേകംപേരെ പഠിപ്പിക്കുകയും ചെയ്തശേഷം, അവർ ലിസ്ത്രായിലേക്കും ഇക്കോനോനിലേക്കും അന്ത്യോക്യയിലേക്കും വീണ്ടും പോയി.

21 ശിഷ്യന്മാരെ സ്ഥിരീകരിക്കുകയും, വിശ്വാസത്തിൽ നിലനില്ക്കണമെന്നും ഏറെ ക്ലേശങ്ങളിലൂടെയാണു നാം ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതെന്നും അവരെ ഉപദേശിക്കുകയും ചെയ്തു.

*22 അവർ ഓരോ സഭയിലും അവർക്കായി പുരോഹിതന്മാരെ അഭിഷേചിച്ചു; ഉപവാസപൂർവ്വം പ്രാർത്ഥിച്ചശേഷം, അവർ വിശ്വസിച്ച കർത്താവിന് അവരെ ഭരമേല്പിക്കുകയും ചെയ്തു.

23 അനന്തരം, പിസീദിയായിൽക്കൂടി അവർ പംഫിലിയായിൽ വന്നു.

---

*19 പൗലോസിൻെറ ഈ സുഖപ്രാപ്തി തീർച്ചയായും ഒരത്ഭുതംമൂലം സംഭവിച്ചതാണ്.

*22 ലിസ്ത്രാ, ഇക്കോനോൻ മുതലായ സ്ഥലങ്ങളിൽ തിരിച്ചുവന്ന്, പലർക്കും പുരോഹിതപട്ടം നല്കി, സഭയെ സംഘടിപ്പിക്കുന്നു.

*24 പെർഗിൽ ദൈവവചനം പ്രസംഗിച്ച ശേഷം, അവർ അത്താലിയായിലേക്ക പോയി.

*25 അവിടെനിന്ന് അവർ അന്ത്യോക്യയിലേക്ക കപ്പൽ കയറി. അവർ പൂർത്തിയാക്കിയ വേലയ്ക്കായി ദൈവാനുഗ്രഹത്തിന് അവർ നിയുക്തരായത് ആ സ്ഥലത്തുവച്ചായിരുന്നുവല്ലോ.

26 അവർ അവിടെ എത്തിയ ശേഷം സഭ വിളിച്ചുകൂട്ടി, ദൈവം തങ്ങളോട്ട ചെയ്ത വലിയ കാര്യങ്ങളും, വിജാതീയർക്ക് അവിടുന്ന വിശ്വാസത്തിൻെറ വാതിൽ തുറന്ന വിധവും വിവരിച്ചു കേൾപ്പിച്ചു.

27 ശിഷ്യരോടൊന്നിച്ച് അവർ ഏറെനാൾ അവിടെ വസിച്ചു.

---

*24 അത്താലിയ—പംഫീലിയായുടെ ഒരു തുറമുഖം.

*25 A. D. 40-ൽ ആയിരിക്കണം ഇവർ അന്ത്യോക്യയിൽ തിരിച്ചു വന്നത്. A. D. 51-ൽ ഓർശലത്തുവച്ചു നടന്ന സൂനഹദോസുവരെ അവർ അവിടെ വസിച്ചിരിക്കണം.

# അധ്യായം 15

## ഛേദനാചാരത്തെപ്പററിയുള്ള തർക്കം. ഓർശലത്തേ സൂനഹദോസിൻെറ തീരുമാനവും എഴുത്തും.

*1 ചിലർ യൂദയായിൽനിന്നു വന്നു്, സഹോദരരെ
ഇങ്ങനെ പഠിപ്പിച്ചിരുന്നു: മോശയുടെ നിയമപ്രകാരം പരി
ച്ഛേദനം ചെയ്തില്ലെങ്കിൽ രക്ഷ പ്രാപിക്കുക നിങ്ങൾക്കു സാ
ധ്യമല്ല.
*2 പൗലോസും ബർണബാസും അവരുമായിട്ടു വലിയ
വാഗ്വാദം നടത്തി. അപ്പോൾ, ഈ പ്രശ്നംസംബന്ധിച്ച്,
ഓർശലത്തു ശ്ലീഹന്മാരുടേയും പുരോഹിതന്മാരുടേയും പക്ക
ലേക്ക്, പൗലോസും ബർണബാസും എതിർപക്ഷത്തുള്ള ഏ
താനുംപേരും പോകണമെന്ന് അവർ തീരുമാനിച്ചു.
3 സഭ അവരെ വഴിയിലോളം അനുഗമിച്ചു. അവിടെനി
ന്ന് അവർ വിജാതീയരുടെ മാനസാന്തരത്തെപ്പററി വിവരി

---

*1, 2 വിവാദവിഷയമെന്തെന്നു്, അധ്യാ. 11. വാക്യം 3 കാണുക. ശ്ലീഹന്മാരിൽനിന്നു തങ്ങൾക്കു് അധികാരം ലഭിച്ചിട്ടുണ്ടെന്നു വിശ്വസിച്ചുകൊണ്ടാണു് ഇവർ ഇപ്രകാരം പഠിപ്പിച്ചതു്. ഇതു വളരെ ദൂഷ്യഫലങ്ങൾക്കു കാരണമാകുമെന്നറിഞ്ഞു്, പൗലോസും ബർണബാസും, എതിർകക്ഷിയിലെ ചിലയാളുകളും കൂടി ഓർശലത്തു ചെന്നു ശ്ലീഹന്മാരെ കണ്ടു വിവാദം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

ച്ചു പറഞ്ഞുകൊണ്ട്, ഫെനീസും സമരിയായും വഴി യാത്ര ചെയ്തു. സഹോദരന്മാരെല്ലാവർക്കും അത്യധികമായ ആനന്ദം അവർ പ്രദാനം ചെയ്തു.

4 ഓർശലത്തു വന്നപ്പോൾ സഭയും ശ്ലീഹന്മാരും മൂപ്പന്മാരും അവരെ സ്വീകരിച്ചു. തങ്ങൾവഴി ദൈവം പ്രവർത്തിച്ച വലിയ കാര്യങ്ങൾ അവർ അവരോടു പറഞ്ഞു.

5 എന്നാൽ, വിശ്വാസം സ്വീകരിച്ചവരും ഫരിസേയരുടെ ഗണത്തിൽപ്പെട്ടവരുമായ ചിലർ എഴുന്നേററു വാദിച്ചു: അവർ പരിച്ഛേദനം ചെയ്യപ്പെടുകയും മോശയുടെ പ്രമാണം അനുസരിക്കുവാൻ ആജ്ഞാപിക്കപ്പെടുകയും വേണം.

*6 ശ്ലീഹന്മാരും മൂപ്പന്മാരും ഇക്കാര്യത്തെപ്പററി ആലോചിക്കുന്നതിനു യോഗം കൂടി.

*7 വലിയ വാദപ്രതിവാദങ്ങൾക്കുശേഷം, പത്രോസ് എഴുന്നേററ് അവരോടു പറഞ്ഞു: സഹോദരന്മാരേ, എൻെറ അധരങ്ങൾവഴി വിജാതീയർ സുവിശേഷവചനം ശ്രവിച്ചു വിശ്വസിക്കേണ്ടതിന്, ദൈവം ആദ്യദിനങ്ങളിൽ നമ്മുടെയിടയിൽ ഒരു തിരഞ്ഞെടുപ്പു നടത്തിയെന്നു നിങ്ങൾക്ക് അറിയാമല്ലോ.

8 ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കെന്നതുപോലെ, അവർക്കും പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്തുകൊണ്ടു സാക്ഷ്യം നല്കി.

---

*6 ഈ യോഗം സഭയുടെ ഒന്നാമത്തെ സൂനഹദോസായി ഗണിച്ചു വരുന്നു. സഭാതലവനായ പത്രോസും ശ്ലീഹന്മാരും പുരോഹിതന്മാരും ഇതിൽ സംബന്ധിച്ചിരുന്നു. ഇതിലേ നിശ്ചയം സഭയുടെ പൊതുനിയമമാണെന്നു പ്രത്യേകം പറയേണ്ടല്ലോ.

*7 പത്രോസു പറഞ്ഞു—ഇരു കക്ഷികളുടേയും വാദങ്ങൾ ശ്രവിച്ചശേഷം, സ്ഭയുടെ തലവനായ പത്രോസു തനിക്കുണ്ടായ ദർശനത്തെ അടിസ്ഥാനമാക്കി സത്യം അവരെ ഗ്രഹിപ്പിക്കുകയും അവസാനതീരുമാനമെന്തെന്ന് അവരോടു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

9 അവരുടെ ഹൃദയങ്ങളെ അവിടുന്നു വിശ്വാസ
ത്താൽ പവിത്രീകരിച്ചതിനാൽ, നമുക്കും അവർക്കും തമ്മിൽ
അവിടുന്നു യാതൊരു വ്യത്യാസവും കല്പിച്ചിട്ടില്ല.
*10 ആകയാൽ, നമ്മുടെ പിതാക്കന്മാർക്കോ നമു
ക്കോ വഹിക്കുവാൻ കഴിയാത്ത ഒരു നുകം ശിഷ്യന്മാരുടെ
കഴുത്തിൽ വച്ചുകൊണ്ടു നിങ്ങൾ എന്തിന് ഇപ്പോൾ ദൈവ
ത്തെ പരീക്ഷിക്കുന്നു?
11 കർത്താവീശോമിശിഹായുടെ വരപ്രസാദത്താൽ
നാമും, അതുപോലെതന്നെ അവരും രക്ഷിക്കപ്പെടുമെന്നു നാം
വിശ്വസിക്കുന്നു.
12 അപ്പോൾ, ജനക്കൂട്ടം മുഴുവൻ ശാന്തമായി; തങ്ങൾ
വഴി ദൈവം വിജാതീയരുടെയിടയിൽ പ്രവർത്തിച്ച വലിയ
അടയാളങ്ങളും അത്ഭുതങ്ങളും ബർണബാസും പൗലോസും
വിവരിക്കുന്നതു കേൾക്കുകയും ചെയ്തു.
*13 അവർ മൗനം അവലംബിച്ചപ്പോൾ, യാക്കോബ്
ഇങ്ങനെ മറുപടി പറഞ്ഞു: സഹോദരന്മാരേ, എന്നെ ശ്രവി
ക്കുവിൻ.
14 വിജാതീയരുടെ ഇടയിൽനിന്നു ദൈവത്തിന്റെ
നാമത്തിനായി ഒരു ജനതയെ തിരഞ്ഞെടുക്കുവാൻ അവിടു
ന്ന് ആദ്യം എങ്ങനെ (അവരെ) സന്ദർശിച്ചുവെന്നു ശിമ
യോൻ വിവരിച്ചു കഴിഞ്ഞല്ലോ.
*15 എഴുതപ്പെട്ടിരിക്കുന്നതുപോലെ, പ്രവാചകന്മാരു
ടെ വാക്കുകൾ ഇതിനോടു യോജിക്കുന്നു.

---

*10 വഹിക്കുവാൻ കഴിയാത്ത—യൂദന്മാരുടെയിടയിൽ നട
പ്പിലിരുന്ന അനേകം ശിക്ഷണനിയമങ്ങളെയാണു പത്രോസ് ഇവി
ടെ വിവക്ഷിക്കുക.

*13 യാക്കോബ്—ഓർശ്ലേത്തെ മെത്രാനായിരുന്ന ചെറിയ
യാക്കോബ്.

*15 ആമോസ്: 9: 11, 12.

16 (അതായത്), ഇവയ്ക്കുശേഷം ഞാൻ തിരിച്ചുവന്ന്, ദാവീദിൻെറ നിലംപതിച്ച കൂടാരം പുതുക്കിപ്പണിയും: അതിൻെറ നഷ്ടശിഷ്ടങ്ങൾ ഞാൻ പുതുക്കിപ്പണിതു് അതിനെ പുനഃസ്ഥാപിക്കും.

17 ശേഷിച്ച ജനങ്ങളും, എൻെറ നാമത്താൽ വിളിക്കപ്പെടുന്ന ജനപദങ്ങളും കർത്താവിനെ അന്വേഷിക്കുന്നതിനുവേണ്ടിയാണിതു്, എന്നു് ഇതു പ്രവർത്തിക്കുന്ന കർത്താവ് അരുളിച്ചെയ്യുന്നു.

18 കർത്താവിനു തൻെറ പ്രവൃത്തി ലോകാരംഭംമുതൽ അറിയപ്പെട്ടിരുന്നു.

19 ഇക്കാരണത്താൽ, വിജാതീയരിൽനിന്നു ദൈവത്തിങ്കലേക്കു തിരിയുന്നവരെ അലട്ടേണ്ടതില്ലെന്നു ഞാൻ നിശ്ചയിക്കുന്നു.

*20 എന്നാൽ, അവർ വിഗ്രഹങ്ങളെ സംബന്ധിച്ച അശുദ്ധികളിൽനിന്നും വേശ്യാവൃത്തിയിൽനിന്നും ശ്വാസം മുട്ടിച്ചു കൊന്നവയിൽനിന്നും രക്തത്തിൽനിന്നും അകന്നുനില്ക്കണമെന്നു് അവർക്കു നമ്മൾ എഴുതണം.

---

*20 വിഗ്രഹങ്ങളെസ്സംബന്ധിച്ച അശുദ്ധി—വിഗ്രഹങ്ങൾക്ക് അർപ്പിച്ച ബലിയിൽ നിന്നെടുത്ത മാംസം.

ശ്വാസംമുട്ടിച്ചു കൊന്നവ—രക്തം ഭക്ഷണമായി ഉപയോഗിക്കരുതെന്നു നോഹിനോടു ദൈവം കല്പിച്ചിട്ടുണ്ടായിരുന്നു. (സൃഷ്ടി. 9: 4) ശ്വാസം മുട്ടിച്ചു കൊന്ന മൃഗങ്ങളുടെ മാംസത്തിൽ ധാരാളം രക്തം കെട്ടി നില്ക്കുന്നതിനാൽ, അതും ഭക്ഷിക്കുവാൻ പാടില്ലെന്നു് ഇസ്രായേലിൽ നിയമമുണ്ടായി. (ആചാ. 3: 17; 7: 26)

മോശയുടെ നിയമങ്ങൾ വിജാതീയരുടെമേൽ അടിച്ചേല്പിക്കേണ്ടതില്ലെന്ന പത്രോസിൻെറ തീരുമാനത്തോടു യാക്കോബും യോജിച്ചു. എന്നാൽ, സമാധാനവും ഐക്യവും നിലനിറുത്തുന്നതിനുവേണ്ടി, യൂദന്മാർ സനിഷ്കർഷം പാലിച്ചുപോരുന്ന മേല്പറഞ്ഞ നിയമങ്ങൾ വിജാതീയരും പാലിക്കണമെന്നും, പരസ്യമായി അവർ അവ

21 എന്തുകൊണ്ടെന്നാൽ, പഴയകാലംതുടങ്ങി എല്ലാ പട്ടണങ്ങളിലും മൂശയുടെ ഗ്രന്ഥങ്ങൾക്കു സിനഗോഗുകളിൽ പ്രസംഗകന്മാരുണ്ട്. അവിടെ അവ വായിക്കപ്പെടുകയും ചെയ്യുന്നു.

22 അപ്പോൾ, ശ്ലീഹന്മാരും മൂപ്പന്മാരും സഭമുഴുവനും കൂടി തങ്ങളുടെ കൂട്ടത്തിൽനിന്നു ചിലരെ തെരഞ്ഞെടുത്തു്, പൗലോസിനോടും ബർണബാസിനോടുംകൂടി അന്ത്യോക്യായിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചു. ഇവരാകട്ടെ, സഹോദരന്മാരിൽ പ്രധാനികളായിരുന്ന സീലാസും, ബർസബാസ് എന്നു് അപരനാമമുള്ള യൂദായുമായിരുന്നു.

23 തങ്ങളുടെ കൈകൊണ്ടുതന്നെ അവർ ഇങ്ങനെ എഴുതി: ശ്ലീഹന്മാരും മൂപ്പന്മാരും, വിജാതീയരിൽനിന്നു് അന്ത്യോക്യായിലും സിറിയായിലും സിലീസ്യായിലുമുള്ള സഹോദരർക്ക്: നമസ്കാരം.

24 ഞങ്ങളിൽനിന്നു ചിലർവന്നു വാക്കുകളാൽ നിങ്ങളെ അസ്വസ്ഥരാക്കുകയും നിങ്ങളുടെ ആത്മാക്കളെ വഴിതെറ്റിക്കുകയും ചെയ്തുവെന്നു ഞങ്ങൾ കേട്ടു; അവർക്കു ഞങ്ങൾ (ഇങ്ങനെ) യാതൊരു കല്പനയും നല്കിയിട്ടില്ല.

25 അതിനാൽ, യോഗംകൂടി ചിലരെ തെരിഞ്ഞെടുത്തു നമ്മുടെ ഏറ്റം പ്രിയപ്പെട്ട ബർണബാസിനോടും പൗ

---

ലംഘിക്കരുതെന്നുംകൂടി യോഗം തീരുമാനിച്ചിരിക്കുന്നതായി യാക്കോബു പ്രഖ്യാപിക്കുകയും, എഴുത്തുമൂലം അന്ത്യോക്യയിലുള്ള വിജാതീയക്രിസ്ത്യാനികളെ ഈ നിശ്ചയം അറിയിക്കുകയും ചെയ്യുന്നു. (വാക്യം. 22-29) ഭക്ഷണത്തെസ്സംബന്ധിക്കുന്ന ഈ നിയമങ്ങൾ വെറും ശിക്ഷണപരവും സമാധാനപാലനത്തിനുവേണ്ടിയുള്ളതുമായിരുന്നതിനാൽ, ഉതപ്പിനു കാരണമാകുന്നില്ലെങ്കിൽ ലംഘിക്കുവാൻ പാടുണ്ടായിരുന്നു. (1 കൊറി. 10: 25-27)

ലോസീനോടുംകൂടെ നിങ്ങളുടെ പക്കലേക്ക് അയയ്ക്കുക ഉത്തമമെന്നു ഞങ്ങൾക്കു തോന്നി.

26 നമ്മുടെ കർത്താവീശോമിശിഹായുടെ നാമത്തെ പ്രതി തങ്ങളുടെ ജീവനെ സമർപ്പിച്ചിട്ടുള്ളവരാണിവർ.

27 ആകയാൽ, ഞങ്ങൾ യൂദായേയും സീലാസിനേയും അയയ്ക്കുന്നു; ഈ കാര്യങ്ങൾ അവർതന്നെ നിങ്ങളോടു നേരിട്ടുപറയും.

28 എന്തുകൊണ്ടെന്നാൽ, അത്യാവശ്യകമായ ഈ കാര്യങ്ങളൊഴികെ, കൂടുതൽ ഭാരമൊന്നും നിങ്ങളുടെമേൽ ചുമത്താതിരിക്കുക ഉചിതമെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നുന്നു.

29 അതായത്, വിഗ്രഹങ്ങൾക്കു സമർപ്പിക്കപ്പെട്ട വസ്തുക്കളിൽനിന്നും രക്തത്തിൽനിന്നും ശ്വാസംമുട്ടിച്ചു കൊന്നവയിൽനിന്നും വേശ്യാവൃത്തിയിൽനിന്നും നിങ്ങൾ അകന്നിരിക്കണം. ഇവയിൽനിന്നു നിങ്ങളെത്തന്നെ സൂക്ഷിക്കുന്നുവെങ്കിൽ നിങ്ങൾ നന്നായി പ്രവർത്തിക്കും. വന്ദനം!

30 അവർ അങ്ങനെ അയയ്ക്കപ്പെട്ടു. അവർ അന്ത്യോക്യയിലെത്തി ജനങ്ങളെ വിളിച്ചുകൂട്ടി അവർക്ക് ആ എഴുത്തു കൊടുത്തു.

31 അവർ അതു വായിച്ചപ്പോൾ, (അതിലേ) സമാശ്വാസനത്തെപ്പററി സന്തോഷിച്ചു.

*32 യൂദായും സീലാസും പ്രവാചകന്മാർകൂടി ആയിരുന്നതിനാൽ, വളരെ കാര്യങ്ങൾ പറഞ്ഞ്, സഹോദരന്മാരെ ആശ്വസിപ്പിക്കുകയും സ്ഥൈര്യപ്പെടുത്തുകയും ചെയ്തു.

33 അവിടെ കുറെനാൾ താമസിച്ചശേഷം, അവരെ അയച്ചവരുടെ പക്കലേക്കു സമാധാനത്തോടേ മടങ്ങിപ്പോകുവാൻ സഹോദരന്മാർ അവരെ അനുവദിച്ചു.

---

*32 പ്രവാചകന്മാർ—പ്രവചനവരം ലഭിച്ചിട്ടുള്ളവർ.

34 എന്നാൽ, അവിടെത്തന്നെ താമസിക്കുക ഉചിത
മെന്നു സീലാസിനു തോന്നി. ആകയാൽ, യൂദാ തനിച്ച് ഓർ
ശലത്തേക്കു മടങ്ങി.

35 പൗലോസും ബർണബാസും മററനേകംപേരോടു
കൂടി ദൈവവചനം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെ
യ്തുകൊണ്ട്, അന്ത്യോക്യയിൽ താമസിച്ചു.

36 കുറച്ചു നാളുകൾക്കുശേഷം പൗലോസ് ബർണ
ബാസിനോടു പറഞ്ഞു: നമ്മൾ കർത്താവിൻെറ വചനം പ്ര
സംഗിച്ച എല്ലാ പട്ടണങ്ങളിലും മടങ്ങിച്ചെന്നു നമ്മുടെ സ
ഹോദരന്മാരെ സന്ദർശിച്ച്, അവർ എങ്ങനെ കഴിയുന്നുവെ
ന്നു കാണാം.

37 മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാ
നേയും തങ്ങളോടുകൂടി കൊണ്ടുപോകണമെന്നു ബർണബാ
സ് താൽപര്യപ്പെട്ടു.

38 എന്നാൽ, അയാളെ കൊണ്ടുപോകരുതെന്നു പൗ
ലോസ് ആഗ്രഹിച്ചു. (കാരണം, അവരോടുകൂടി പ്രവത്തന
ങ്ങൾക്കായി പോകാതെ, പംഫീലിയായിൽവച്ച് അയാൾ
അവരെ വിട്ടുപോയി).

*39 അങ്ങനെ, അഭിപ്രായവ്യത്യാസം ഉണ്ടാവുക
യാൽ, അവർതമ്മിൽ പിരിഞ്ഞു. ബർണബാസാകട്ടെ, മർ
ക്കോസിനെ കൂട്ടിക്കൊണ്ടുതന്നെ സൈപ്രസിലേക്കു കപ്പൽ
കയറി.

*39 അഭിപ്രായവ്യത്യാസമുണ്ടാകുകയാൽ — തീക്ഷ്ണതയിൽ നിന്നുറവെടുത്ത ഒരു ചെറിയ വഴക്കാണിതു്. പൗലോസ് മർക്കോസിൻെറ സ്ഥിരതയെ അവിശ്വസിച്ചതാണു വഴക്കിനു കാരണം. എന്നാൽ, താമസിയാതെ ഈ തെററിദ്ധാരണ നീങ്ങുകയും മർക്കോസ് പൗലോസിൻെറ ഉത്തമസഹപ്രവർത്തകനായിത്തീരുകയും ചെയ്തു. (കൊളോ. 4: 10; 2 തിമോ. 4: 11)

40 എന്നാൽ, പൗലോസ് സീലാസിനെ കൂട്ടിക്കൊ
ണ്ടു്, സഹോദരന്മാരാൽ ദൈവാനുഗ്രഹത്തിനു സമർപ്പിക്ക
പ്പെട്ടവനായി യാത്രതിരിച്ചു.

41 അവൻ സഭകൾക്കു സ്ഥൈര്യം നല്കിക്കൊണ്ടു
സിറിയായിലും ചിലിച്ചിയായിലുംകൂടി സഞ്ചരിച്ചു; ശ്ലീഹ
ന്മാരുടേയും മൂപ്പന്മാരുടേയും കല്പനകൾ അനുസരിക്കുവാൻ
അവരോടു് ആജ്ഞാപിക്കുകയും ചെയ്തിരുന്നു.

# അധ്യായം 16

പൗലോസ് സഭകളെ സന്ദർശിച്ചു നടക്കുകയിൽ
മക്കദോനിയായിൽ പ്രസംഗിക്കുവാൻ
വിളിക്കപ്പെടുന്നു. ഫിലിപ്പിയിൽവച്ചു്
അദ്ദേഹം അടിക്കപ്പെടുന്നു.

1 അങ്ങനെ, അവൻ ദെർബേയിലും ലിസ്ത്രായിലും വ
ന്നു ചേർന്നു. അവിടെ തിമോത്തിയെന്നു പേരുള്ള ഒരു ശി
ഷ്യനുണ്ടായിരുന്നു; അയാൾ, വിശ്വാസം സ്വീകരിച്ച ഒരു
യഹൂദസ്ത്രീയുടെ മകനായിരുന്നു. അയാളുടെ പിതാവു് ഒരു
വിജാതീയനും.

2 ലിസ്ത്രായിലേയും ഇക്കോനോനിലേയും സഹോദര
ന്മാർ ഇയാളെപ്പററി നല്ല സാക്ഷ്യം നല്കി.

3 അയാളെ തന്നോടുകൂടി കൊണ്ടുപോകണമെന്നു
പൗലോസ് ആഗ്രഹിച്ചു. ആ ദേശങ്ങളിലെ യഹൂദന്മാരെപ്ര

തി അവൻ അയാളെ പരിച്ഛേദനം ചെയ്തു. എന്തുകൊണ്ടെ
ന്നാൽ, അയാളുടെ പിതാവ് ഒരു വിജാതീയനായിരുന്നുവെ
ന്ന് അവരെല്ലാം അറിഞ്ഞിരുന്നു.
4 അവർ പട്ടണങ്ങളിലൂടെ കടന്നുപോയപ്പോൾ, ഓർ
ശലത്തുള്ള ശ്ലീഹന്മാരും മൂപ്പന്മാരും തീരുമാനിച്ചുറപ്പിച്ച നി
ശ്ചയങ്ങൾ കാക്കുന്നതിന് അവ അവരെ അറിയിച്ചു.
5 സഭകൾ വിശ്വാസത്തിൽ സ്ഥിരപ്പെട്ടു; അവയുടെ
എണ്ണം അനുദിനം വർദ്ധിച്ചുവരുകയും ചെയ്തു.
*6 അവർ ഫ്രീജിയായിലും ഗലാത്യാരാജ്യത്തിലുംകൂ
ടി കടന്നുപോയപ്പോൾ, ഏഷ്യായിൽ (ദൈവ) വചനം പ്ര
സംഗിക്കുവാൻ പരിശുദ്ധാത്മാവിനാൽ അവർ വിലക്കപ്പെട്ടു.
*7 അവർ മിസ്സിയായിൽ എത്തിയപ്പോൾ, ബിത്തീ
നിയായിലേക്കു പോകുവാൻ ശ്രമിച്ചു. എന്നാൽ, ഈശോയു
ടെ (പരിശുദ്ധ) ആത്മാവ് അവരെ അനുവദിച്ചില്ല.
*8 ആകയാൽ, അവർ മിസ്സിയാ കടന്നു ത്രോവാസി
ലേക്കു പോയി.
*9 മക്കദോനിയക്കാരനായ ഒരു മനുഷ്യൻ (സമീ
പെ) നിന്ന്, മക്കദോനിയായിലേക്കു വന്നു ഞങ്ങളെ സഹാ

---

*6 ഏഷ്യാ—ഏജിയൻ കടലിടുക്കിനു പുറവും കിടക്കുന്ന സ്ഥലങ്ങളെയാണ് ഇവിടെ ഏഷ്യായെന്നു വിളിക്കുന്നത്.

വിലക്കപ്പെട്ടു—അവിടത്തെ ജനങ്ങൾ ദൈവവചനം സ്വീകരിക്കുവാൻ അർഹമായ സ്ഥിതിയിലല്ലായിരുന്നതുകൊണ്ടായിരിക്കാം അവർ പരി. ആത്മാവിനാൽ തടയപ്പെട്ടത്.

*7 മിസ്സിയാ—ഏഷ്യാമൈനറിൻെറ തുറമുഖം.

*8 ത്രോവാസ്—ഗ്രീസിലെ ട്രോയി പട്ടണത്തിനടുത്തു സ്ഥിതി ചെയ്തിരുന്ന ഒരു തുറമുഖം.

*9 മക്കദോനിയക്കാരനായ മനുഷ്യൻ—വി. ലൂക്കാതന്നെയായിരിക്കണം ഈ മനുഷ്യനെന്ന് അഭിപ്രായപ്പെടുന്നു.

യിക്കുക എന്ന് അഭ്യർത്ഥിക്കുന്നതായ ഒരു ദർശനം രാത്രി
യിൽ പൗലോസിനുണ്ടായി.

*10 അവനു ദർശനം ഉണ്ടായപ്പോൾതന്നെ, മക്കദോ
നിയായിലേക്കു പുറപ്പെട്ടുവാൻ ഞങ്ങൾ തീരുമാനിച്ചു. എന്തു
കൊണ്ടെന്നാൽ, അവരോടു സുവിശേഷം പ്രസംഗിക്കുവാൻ
ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നുവെന്നു ഞങ്ങൾ പൂർണ്ണമാ
യി ഗ്രഹിച്ചു.

11 ത്രോവാസിൽനിന്നു കപ്പൽ കയറി ഞങ്ങൾ നേ
രിട്ടു സാമോത്രാച്ചിയായിലേക്കും, പിറേറ ദിവസം നെയാ
പ്പോളിസിലേക്കും വന്നു.

12 അവിടെനിന്ന്, മക്കദോനിയായുടെ ഒരുഭാഗത്തെ
പ്രധാനപട്ടണവും ഒരു കുടിയേററസ്ഥലവുമായ ഫിലിപ്പിയാ
യിലേക്കും (വന്നു ) കൂടിയാലോചനകൾ നടത്തിക്കൊണ്ടു ഞ
ങ്ങൾ ആ പട്ടണത്തിൽ കുറച്ചു ദിവസം താമസിച്ചു.

13 സാബത്തു ദിവസം ഞങ്ങൾ പട്ടണകവാടത്തിനു
പുറത്തുകടന്നു നദീതീരത്തേക്കു ചെന്നു. അവിടെ പ്രാർത്ഥന
നടക്കുന്നതായി ഞങ്ങൾക്കു തോന്നി. അവിടെ കൂടിയിരുന്ന
സ്ത്രീകളോടു ഞങ്ങൾ അവിടെയിരുന്നു സംസാരിച്ചു.

14 തിയാത്തിറാപട്ടണക്കാരിയും ദൈവത്തെ ആരാ
ധിച്ചിരുന്നവളും പട്ടുവില്പനക്കാരിയുമായ ലിദിയാ എന്നു പേ
രുള്ള ഒരു സ്ത്രീയും (അവരെ) കേൾക്കുന്നുണ്ടായിരുന്നു. പൗ
ലോസ് പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനു കർത്താവ് അ
വളുടെ ഹൃദയം തുറന്നു.

15 അവളും കുടുംബവും ജ്ഞാനസ്നാനം സ്വീകരിച്ച
പ്പോൾ, അവൾ ഞങ്ങളോട് ഇങ്ങനെ അഭ്യർത്ഥിച്ചു: ഞാൻ
കർത്താവിനോടു വിശ്വസ്തയാണെന്നു നിങ്ങൾക്കു ബോധപ്പെ

---

*10 ഗ്രന്ഥകർത്താവായ വി. ലൂക്കാ 'ഞങ്ങൾ' എന്ന് ആദ്യ
മായി ഇവിടെയാണ് ഉപയോഗിക്കുന്നത്. കാരണം, അദ്ദേഹം പൗ
ലോസിൻെറ സഹപ്രവർത്തകനായി ചേർന്നത് ഇവിടെവച്ചാണ്.

ട്ടിട്ടുണ്ടെങ്കിൽ, എന്റെ വീട്ടിൽ വന്നു താമസിക്കുവിൻ. അ
വർ ഞങ്ങളെ നിർബന്ധിച്ചു.

16 ഞങ്ങൾ പ്രാർത്ഥിക്കുവാൻ പോയപ്പോൾ, പ്രശ്ന
ഭൂതം ആവേശിച്ച ഒരു ബാലിക ഞങ്ങളെ കണ്ടു. ഭാവികാര്യ
ങ്ങൾ പറഞ്ഞുകൊണ്ട് അവൾ തന്റെ യജമാനന്മാർക്കു വ
ലിയ ആദായമുണ്ടാക്കിയിരുന്നു.

17 ഇവൾ പൗലോസിനേയും ഞങ്ങളേയും പിൻതുട
ന്നുകൊണ്ടു വിളിച്ചു പറഞ്ഞു: ഈ മനുഷ്യർ അത്യുന്നതനായ
ദൈവത്തിന്റെ ശുശ്രൂഷകന്മാരാകുന്നു. ഇവർ നിങ്ങളോടു ര
ക്ഷയുടെ മാർഗ്ഗം പ്രസംഗിക്കുന്നു.

18 പലദിവസം അവൾ ഇങ്ങനെ ചെയ്തു. പൗലോ
സ് കേട്ടുമടുത്തപ്പോൾ, തിരിഞ്ഞ് ആ ഭൂതത്തോടു പറഞ്ഞു:
ഈശോമിശിഹായുടെ നാമത്തിൽ നിന്നോടു ഞാൻ കല്പിക്കു
ന്നു; ഇവളിൽനിന്നു പുറത്തു പോകുക. തൽക്ഷണം, അത്
അവളെ വിട്ടുപോയി.

19 എന്നാൽ, അവളുടെ യജമാനന്മാർ, തങ്ങളുടെ വ
രുമാനത്തിനുള്ള പ്രത്യാശ നഷ്ടപ്പെട്ടെന്നു കാൺകയാൽ,
പൗലോസിനേയും സീലാസിനേയും പിടിച്ചു തെരുവിൽ അ
ധികാരികളുടെ പക്കലേക്കു കൊണ്ടുപോയി.

20 അവരെ നഗരാധിപന്മാരുടെ മുൻപിൽ ഹാജരാ
ക്കിക്കൊണ്ട് അവർ പറഞ്ഞു: യഹൂദന്മാരായ ഈ മനുഷ്യർ
നമ്മുടെ പട്ടണത്തിൽ അസ്വാസ്ഥ്യം ഉളവാക്കുന്നു.

21 റോമൻ പൗരന്മാരായ നമുക്കു സ്വീകരിക്കുവാനോ
അനുസരിക്കുവാനോ അനുവദനീയമല്ലാത്ത ആചാരങ്ങൾ ഇ
വർ പ്രസംഗിക്കുന്നു.

22 ജനങ്ങൾ അവർക്കെതിരായി ഓടിക്കൂടി; നഗരാ
ധിപന്മാർ തങ്ങളുടെ വസ്ത്രങ്ങൾ കീറിക്കൊണ്ട്, അവരെ വ
ടികൊണ്ടടിക്കുവാൻ ആജ്ഞാപിച്ചു.

23 വളരെയധികം പ്രഹരിച്ചശേഷം, അവരെ കാരാഗൃഹത്തിൽ അടച്ചു; കരുതലോടെ സൂക്ഷിച്ചുകൊള്ളുവാൻ പാറാവുകാവല്ക്കാരനോടു കല്പിക്കുകയും ചെയ്തു.

24 അപ്രകാരം ഒരു കല്പന കിട്ടുകയാൽ, അവൻ അവരെ കാരാഗൃഹത്തിന്റെ ഉള്ളറയിലേക്കു തള്ളിക്കൊണ്ടുപോയി; അവരുടെ കാലുകൾ ആമംകൊണ്ടു ബന്ധിച്ചു.

25 അർദ്ധരാത്രിയിൽ, പൗലോസും സീലാസും പ്രാർത്ഥിച്ചുകൊണ്ടു ദൈവത്തെ പുകഴ്ത്തി. അപ്പോൾ, തടവിലുണ്ടായിരുന്നവർ അവരുടെ ശബ്ദം കേട്ടു.

26 ആ പാറാവിന്റെ അടിത്തറയിളകത്തക്കവിധം പെട്ടെന്ന്, ഒരു വലുതായ ഭൂമികുലുക്കം ഉണ്ടായി. ഉടൻതന്നെ, കതകുകളെല്ലാം തുറക്കപ്പെട്ടു: എല്ലാവരുടേയും വിലങ്ങുകൾ അഴിഞ്ഞു വീണു.

27 പാറാവുകാവല്ക്കാരൻ ഉറക്കത്തിൽനിന്നു ഞെട്ടിയുണർന്നു. കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നു കിടക്കുന്നതു കണ്ടപ്പോൾ, തടവുപുള്ളികൾ ഒളിച്ചോടിപ്പോയിക്കാണുമെന്നു കരുതി, വാൾ വലിച്ചൂരിക്കൊണ്ട്, അവൻ തന്നാത്തന്നെ മൃതിപ്പെടുത്തുമായിരുന്നു.

28 അപ്പോൾ, ഉയർന്നസ്വരത്തിൽ പൗലോസ് ഇപ്രകാരം വിളിച്ചുപറഞ്ഞു: നിന്നോടു നീ ഒരു ദ്രോഹവും ചെയ്യരുത്; എന്തുകൊണ്ടെന്നാൽ, ഞങ്ങളെല്ലാവരും ഇവിടെത്തന്നെയുണ്ട്.

29 അപ്പോൾ, ഒരു വിളക്കു വരുത്തിയ ശേഷം, അവൻ ഉള്ളിലേക്കു കടന്നു ചെന്ന്, വിറയലോടുകൂടി പൗലോസിന്റേയും സീലാസിന്റേയും കാല്ക്കൽ വീണു.

30 അനന്തരം, അവരെ പുറത്തുകൊണ്ടുവന്ന് അവൻ ചോദിച്ചു: യജമാനന്മാരേ, രക്ഷ പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം?

31 അപ്പോൾ, അവർ മറുപടി പറഞ്ഞു: കർത്താവായ
ഈശോയിൽ വിശ്വസിക്കുക. നീയും നിൻെറ കുടുംബവും
രക്ഷ പ്രാപിക്കും.
32 അവർ അവനോടും അവൻെറ കുടുംബാംഗങ്ങളോ
ടും കർത്താവിൻെറ വചനം പ്രസംഗിച്ചു.
33 അവൻ അപ്പോൾത്തന്നെ, രാത്രിയിൽ അവരെ
കൂട്ടിക്കൊണ്ടുപോയി, അവരുടെ മുറിവുകൾ കഴുകി. തൽക്ഷ
ണം, അവനും അവൻെറ വീട്ടിലുള്ളവരും ജ്ഞാനസ്നാനം സ്വീ
കരിക്കുകയും ചെയ്തു.
34 അവൻ അവരെ തൻെറ വീട്ടിൽ കൊണ്ടുവന്നുട
നെ, അവർക്കായി മേശയൊരുക്കി; ദൈവത്തിൽ വിശ്വസി
ച്ച തൻെറ കുടുംബാംഗങ്ങളോടുകൂടി ആനന്ദിക്കുകയും ചെയ്തു.
35 പ്രഭാതമായപ്പോൾ, ആ മനുഷ്യർ പൊയ്ക്കൊള്ളട്ടെ
യെന്നു പറഞ്ഞു നഗരാധിപന്മാർ പട്ടാളത്തിലെ ഉദ്യോഗ
സ്ഥന്മാരെ അയച്ചു.
36 പാറാവുകാവല്ക്കാരൻ ഈ വാർത്ത പൗലോസി
നെ അറിയിച്ചു: നിങ്ങളെ വിട്ടയയ്ക്കുവാൻ നഗരാധിപന്മാർ
ആളയച്ചിരിക്കുന്നു. ആകയാൽ, ഇപ്പോൾ ഇവിടം വിട്ടു സ
മാധാനത്തോടെ പോകുവിൻ.
*37 എന്നാൽ, പൗലോസ് അവരോടു പറഞ്ഞു: വി
ധിക്കപ്പെടാതെതന്നെ, റോമാക്കാരായ ഞങ്ങളെ പരസ്യമാ
യി അവർ അടിക്കുകയും കാരാഗൃഹത്തിൽ അടയ്ക്കുകയും ചെ
യ്തു. ഇപ്പോൾ അവർ രഹസ്യമായി ഞങ്ങളെ പുറത്താക്കുന്നു
വെന്നോ? അതു പാടില്ല; അവർ തന്നെ വരട്ടെ.
*38 അവർ തന്നെ ഞങ്ങളെ പുറത്താക്കട്ടെ. പട്ടാള
ത്തിലെ ഉദ്യോഗസ്ഥന്മാർ ഈ വാക്കുകൾ നഗരാധിപന്മാ

---

*37-38 ഒരു റോമൻപൗരനെ ചമ്മട്ടി കൊണ്ടടിക്കുവാനോ, വിസ്തരിക്കാതെ ശിക്ഷിക്കുവാനോ പാടില്ലെന്നു നിയമമുണ്ടായിരുന്നു. അധികാരികൾ ഇതിനു വിരുദ്ധമായി തന്നോടു പ്രവർത്തിച്ചതിനാൽ,

രോടു പറഞ്ഞു. അവർ റോമാക്കാരാണെന്നു കേൾക്കുകയാൽ, അവർ വല്ലാതെ ഭയപ്പെട്ടു.

39 അവർ ചെന്നു് അവരോടു് അപേക്ഷിച്ചു; അവരെ പുറത്തുകൊണ്ടു വന്നശേഷം, ആ പട്ടണം വിട്ടുപോകുവാൻ ആവശ്യപ്പെടുകയും ചെയ്തു.

40 അവർ കാരാഗൃത്തിൽനിന്നു പുറത്തുപോയി ലിദിയായുടെ വീട്ടിൽ പ്രവേശിച്ചു. സഹോദരന്മാരെ സന്ദർശിച്ചു് അവരെ സാന്ത്വനപ്പെടുത്തിയശേഷം അവർ അവിടം വിട്ടുപോയി.

# അധ്യായം 17

## പൗലോസ് തെസലോനിക്കയിലും ബെറോയിലും ആതൻസിലും പ്രസംഗിക്കുന്നു.

*1 അവർ അംഫിപ്പോലീസും അപ്പല്ലോനിയായും കടന്നു്, യഹൂദരുടെ ഒരു പ്രാർത്ഥനാലയമുണ്ടായിരുന്ന തെസലോനിക്കയിലെത്തി.

---

പൗലോസ് പരസ്യമായ ക്ഷമാപണം ആവശ്യപ്പെടുന്നു. താൻ പ്രസംഗിക്കുന്ന ജനങ്ങളുടെയിടയിൽ തനിക്കു കൂടുതൽ സ്വാധീനതാശക്തി ലഭിക്കുന്നതിനുകൂടെയാണു പൗലോസ് ഇപ്രകാരം പ്രവർത്തിച്ചതു്.

*1 അംഫിപ്പോലീസ്—മക്കദോനിയായുടെ നാലു ഭാഗങ്ങളിൽ ഒന്നാമത്തേതിന്റെ തലസ്ഥാനം. രണ്ടാമത്തേതിന്റെ തലസ്ഥാനമാണു തെസലോനിക്ക.

2 പൗലോസ് തന്റെ പതിവനുസരിച്ച് അവരുടെ
അടുത്തു ചെന്നു്, മൂന്നു ശാബതദിനങ്ങളിൽ വേദപുസ്തക
ത്തെ ആധാരമാക്കി അവരോടു സംസാരിച്ചു.

3 മിശിഹാ പീഡകൾ സഹിക്കുകയും മരിച്ചവരിൽ
നിന്നു് ഉയിർക്കുകയും ചെയ്യേണ്ടിയിരുന്നുവെന്നു പ്രഖ്യാപി
ക്കുകയും തെളിയിക്കുകയും ചെയ്തു: ഞാൻ നിങ്ങളോടു പ്രസം
ഗിക്കുന്ന ഈശോമിശിഹാതന്നെയാകുന്നു അവൻ.

4 അപ്പോൾ, അവരിൽ ചിലർ വിശ്വസിച്ചു പൗ
ലോസിനോടും സീലാസിനോടും ചേർന്നു; ദൈവത്തെ സേ
വിച്ചവരിൽ ചിലരും വിജാതീയരിൽനിന്നു് ഒരു വലിയ കൂ
ട്ടവും അനേകം കുലീനസ്ത്രീകളും ചേർന്നു.

*5 എന്നാൽ, യഹൂദന്മാർ അസൂയയാൽ പ്രേരിതന്മാരാ
യി, ആഭാസന്മാരായ ഏതാനും ദുഷ്ടന്മാരെ കൂട്ടിക്കൊണ്ടു വി
പ്ലവമുണ്ടാക്കി നഗരത്തെ ഇളക്കി. ജാസോന്റെ ഭവനം ആ
ക്രമിച്ച് അവരെ പുറത്തിറക്കി ജനങ്ങളുടെ പക്കൽ കൊണ്ടു
വരുവാൻ ശ്രമിച്ചു.

6 എന്നാൽ അവരെ കണ്ടുകിട്ടാഞ്ഞതിനാൽ, ജാ
സോനേയും ചില സഹോദരന്മാരേയും നഗരാധിപന്മാരുടെ
പക്കലേക്കു വലിച്ചു കൊണ്ടുപോയി വിളിച്ചു പറഞ്ഞു: നഗ
രത്തെ ഇളക്കിയവർ ഇവിടേയും വന്നിരിക്കുന്നു.

7 ജാസോൻ അവരെ സ്വീകരിച്ചു. ഈശോ എന്ന
വേറൊരു രാജാവുണ്ടു് എന്നു പറഞ്ഞുകൊണ്ടു് അവർ സീസ
റിന്റെ കല്പനകൾക്കു വിപരീതമായി പ്രവർത്തിക്കുന്നു.

8 ഇവ കേട്ടജനങ്ങളും നഗരാധിപന്മാരും പരിഭ്രാന്ത
രായി.

---

*5 ജാസോന്റെ ഭവനം—ഇവിടെയായിരുന്നു പൗലോസും കൂ
ട്ടുകാരും വസിച്ചിരുന്നതു്.

9 ജാസോനിൽനിന്നും മററുള്ളവരിൽ നിന്നും ജാമ്യം
സ്വീകരിച്ച ശേഷം അവർ അവരെ വിട്ടയച്ചു.
*10 സഹോദരന്മാരാകട്ടെ, പൗലോസിനേയും സീലാ
സിനേയും ഉടൻതന്നെ രാത്രിയിൽ ബെറോയിലേക്കയച്ചു.
അവർ അവിടെ ചെന്നു യഹൂദരുടെ സിനഗോഗിൽ പ്ര
വേശിച്ചു.
11 ഇവർ തെസ്സലോനിക്കയിലുള്ളവരെക്കാൾ ഉത്ത
മന്മാരായിരുന്നു; വളരെ താൽപര്യത്തോടെ ഇവർ ദൈവവ
ചനം സ്വീകരിച്ചു; ഇവയൊക്കെ ഇപ്രകാരം തന്നെയോ എ
ന്നറിയുവാൻ ദിവസവും വിശുദ്ധ ലിഖിതങ്ങൾ പരിശോധി
ക്കുകയും ചെയ്തിരുന്നു.
*12 അവരിൽ വളരെപ്പേരും, വിജാതീയകളായ അനേ
കം മാന്യസ്ത്രീകളും, പുരുഷന്മാരിൽ പലരും വിശ്വസിച്ചു.
13 പൗലോസ് ബെറോയിലും ദൈവവചനം പ്രസം
ഗിച്ചുവെന്നറിഞ്ഞ്, തെസലോനിക്കയിലുള്ള യൂദന്മാർ അ
വിടേയും ചെന്നു ജനക്കൂട്ടത്തെ ഇളക്കി കഴപ്പമുണ്ടാക്കി.
*14 ഉടൻതന്നെ, കടൽത്തീരത്തേക്ക പോകുവാൻ
സഹോദരന്മാർ പൗലോസിനെ അയച്ചു; എന്നാൽ, സീലാ
സും തിമോത്തിയും അവിടെത്തന്നെ താമസിച്ചു.
*15 പൗലോസിനെ കൂട്ടിക്കൊണ്ടുപോയവർ, അവനെ
അതൻസുവരെ കൊണ്ടുവന്നു; സീലാസും തിമോത്തിയും അ

---

*10 ബെറോയാ—മക്കദോനിയായുടെ മൂന്നാമത്തേ ഭാഗത്തി
ൻെറ തലസ്ഥാനം.

*12 മാന്യസ്ത്രീകൾ—അധ്യാ. 13: വാക്യം 50 കാണുക.

*14 കടൽത്തീരത്തേക്ക്—കടൽവഴി യാത്ര ചെയ്യുവാൻ എ
ന്നർത്ഥം.

*15 അതൻസ്—അററിക്കാ എന്ന റോമൻ പ്രോവിൻസി
ൻെറ തലസ്ഥാനം. താത്വികന്മാർ, ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ

തിവേഗം അവൻെറ അടുത്തു ചെല്ലണമെന്ന് ഒരു കല്പന അ
വനിൽനിന്നു സ്വീകരിച്ചുകൊണ്ട് അവർ തിരിച്ചുപോയി.

16 പൗലോസ്, ആതൻസിൽ അവരെ പ്രതീക്ഷിച്ചി
രിക്കവേ, ആ നഗരം മുഴുവൻ വിഗ്രഹാരാധനയിൽ മുഴുകി
യിരിക്കുന്നുവെന്നുകണ്ട്, അവൻെറ മനസ്സ പ്രക്ഷുബ്ധ
മായി.

17 അതിനാൽ, അവൻ സിനഗോഗിൽവച്ചു യഹൂദ
രോടും ദൈവത്തെ ശുശ്രൂഷിച്ചിരുന്നവരോടും, എല്ലാദിവ
സവും ചന്തസ്ഥലത്തുവച്ച്, അവിടെ ഉണ്ടായിരുന്നവരോടും
യുക്തിവാദം നടത്തി.

*18 എപ്പിക്കൂരിയരും സ്റ്റോയിക്കുകാരുമായ ഏതാനും
താത്വികന്മാർ അവനോടു തർക്കിച്ചു. ചിലർപറഞ്ഞു: എ
ന്താണീ വിടുവായൻ പറയുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ,
മററു ചിലർ (പറഞ്ഞു:) ഇവൻ പുതിയ ദേവന്മാരെ അവത
രിപ്പിക്കുന്നവനാണെന്നു തോന്നുന്നല്ലോ? കാരണം, അവൻ
ഈശോയേയും ഉത്ഥാനത്തേയും കുറിച്ച് അവരോടു പ്രസംഗി
ച്ചിരുന്നു.

*19 അവർ അവനെ അരയോപ്പാഗസിലേക്കു കൂട്ടി

---

മുതലായവരുടെ അധിവാസകേന്ദ്രമെന്ന നിലയിൽ ഈ നഗരം ഭുവ
നപ്രസിദ്ധമായിരുന്നു.

*18 എപ്പിക്കൂരിയർ—എപ്പിക്കൂറൂസ് എന്ന താത്വികൻെറ പ
ഠനങ്ങൾ സ്വീകരിച്ചിട്ടുള്ളവർ. ആത്മാവിൻെറ അമർത്യത, ദൈവാ
സ്തിക്യം എന്നിവ ഇവർ നിഷേധിച്ചിരുന്നു. ഈലോക സുഖങ്ങൾ ആ
വോളം അനുഭവിക്കുകയാണു മനുഷ്യൻെറ ജീവിതോദ്ദേശ്യമെന്ന് ഇ
വർ പഠിപ്പിച്ചു.

സ്റ്റോയിക്കുകാർ—ഇവർ വിശ്വദേവതാവാദികളും, ആത്മപരി
ത്യാഗമാണ് ഏററം വലിയ പുണ്യമെന്നു പഠിപ്പിച്ചിരുന്നവരുമാണ്.
ബാഹ്യമായി കാർക്കശ്യം നിറഞ്ഞ ഒന്നായിരുന്നു ഇവരുടെ ജീവിതം.

*19 അരയോപ്പാഗസ്—'കുജൻെറ കുന്ന്' എന്നാണിതിൻെറ

കൊണ്ടു വന്നു പറഞ്ഞു: നീ പ്രസംഗിക്കുന്ന ഈ പുതിയ പഠനം എന്താണെന്നു ഞങ്ങളെ അറിയിക്കുമോ?

20 ചില പുതിയ കാര്യങ്ങൾ നീ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നല്ലോ. അതുകൊണ്ട്, ഇക്കാര്യങ്ങൾ എന്താകുന്നുവെന്ന് അറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

21 (അത്തീനിയക്കാരും അവിടെയുണ്ടായിരുന്ന വിദേശീയരും, ഏതെങ്കിലും പുതിയ കാര്യങ്ങൾ പറയുകയോ കേൾക്കുകയോ അല്ലാതെ മററു യാതൊരു ജോലിയിലും ഏർപ്പെട്ടിരുന്നില്ല.)

22 എന്നാൽ, പൗലോസ് അരയോപ്പാഗസിൻെറ നടുവിൽനിന്നുകൊണ്ടു പറഞ്ഞു: ആതൻസുകാരേ, നിങ്ങൾ എല്ലാക്കാര്യങ്ങളിലും അതിവിശ്വാസമുള്ളവരാണെന്നു ഞാൻ ഗ്രഹിക്കുന്നു.

*23 എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ വിഗ്രഹങ്ങൾ നോക്കിക്കൊണ്ടു ഞാൻ കടന്നുപോയപ്പോൾ 'അറിയപ്പെടാത്ത ദൈവത്തിന്' എന്ന് എഴുതിയിരിക്കുന്ന ഒരു ബലിപീഠം കണ്ടു. അറിയാതെ നിങ്ങൾ ആരാധിക്കുന്നവനെയാണു ഞാൻ നിങ്ങളോടു പ്രസംഗിക്കുന്നത്.

---

വാച്യാർത്ഥം. ആതൻസ് നഗരത്തിൻെറ മധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഉന്നത ന്യായാസനമാണിത്. മതപരമായ കാര്യങ്ങളെസ്സംബന്ധിച്ച് അവസാനതീരുമാനം ചെയ്യുന്നത് ഇവിടെയാണ്.

*23 ആതൻസുകാർ അനേകം ദേവന്മാരെ ആരാധിച്ചിരുന്നു. എന്നാൽ, തങ്ങൾക്ക് അറിയപ്പെടാത്ത ദേവന്മാർ ഇനിയുമുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നതിനാൽ, അവരുടെ അപ്രീതിയെ ഭയന്ന് "അറിയപ്പെടാത്ത ദേവന്" അനേകം പീഠങ്ങൾ അവർ ആതൻസിൽ സ്ഥാപിച്ചിരുന്നു.

*24 ലോകത്തേയും അതിലുള്ള സകലത്തേയും സൃഷ്ടിച്ച ദൈവം—ആകാശത്തിൻേറയും ഭൂമിയുടേയും നാഥനായ അവിടുന്ന്—കൈകൾ നിർമ്മിച്ച ആലയങ്ങളിൽ വസിക്കുന്നില്ല.

*25 എന്തെങ്കിലും ആവശ്യമുള്ളവനെപ്പോലെ, അവിടുന്നു മനുഷ്യരുടെ കൈകളാൽ പരിസേവിക്കപ്പെടുന്നില്ല; എല്ലാവർക്കും ജീവനും അത്രുപിയും മററു സകലത്തും നല്കുന്നത് അവിടുന്നാകുന്നു.

*26 ഭൂമുഖത്തെ മുഴുവൻ അധിവസിക്കുന്നതിന് ഒരുവനിൽനിന്നു മനുഷ്യകുലത്തെ മുഴുവൻ അവിടുന്ന് ഉൽപാദിപ്പിച്ചു. അവരുടെ അധിവാസത്തിനു നിശ്ചിതസമയങ്ങളും അതിരുകളും അവിടുന്നു നിശ്ചയിച്ചു.

27 അവർ അവിടുത്തെ ആരായുന്നതിനും എങ്ങനെയെങ്കിലും, അവിടുത്തെ അന്വേഷിച്ചു കണ്ടെത്തുന്നതിനുംവേണ്ടിയത്രേ ഇത്: എന്നാൽ, ദൈവം നമ്മളിൽ ആരിൽനിന്നും വിദൂരസ്ഥനല്ല.

*28 എന്തുകൊണ്ടെന്നാൽ, അങ്ങിൽ അത്രേ നാം ജീവിക്കുകയും ചരിക്കുകയും സ്ഥിതിചെയ്യുകയും ചെയ്യുന്നത്. നിങ്ങളുടെ ചില കവികൾ പ്രസ്താവിച്ചിട്ടുള്ളതുപോലെ: "എ

---

*24, 25 അധ്യാ. 7: വാക്യം 48 കാണുക—ആതൻസുകാർ ധരിച്ചുവച്ചിരിക്കുന്നതിൽനിന്നു തീർത്തും വിഭിന്നമാണ്, യഥാർത്ഥദൈവത്തിൻെറ ഗുണങ്ങൾ എന്നു പൗലോസ് അവരെ ഗ്രഹിപ്പിക്കുന്നു.

*26 ഒരുവനിൽ നിന്ന് ഉൽപാദിപ്പിച്ചു.— അത്തേനിയക്കാർ ഉൽപത്തികൊണ്ടും വംശംകൊണ്ടും മററുള്ള ജനതകളിൽനിന്നു വ്യത്യസ്തരാണെന്നു വിശ്വസിച്ചിരുന്നു. പൗലോസ്, അവരുടെ വിശ്വാസം അബദ്ധമാണെന്നു ഗ്രഹിപ്പിക്കുന്നു.

*28 നിങ്ങളുടെ ചില കവികൾ—സിലീചിയൻ കവിയായ അറിത്തുസിൻെറ (3. B. C.) 'ഫെനോമെനാ' എന്ന ഗ്രന്ഥത്തിൽ നാ

ന്നുകൊണ്ടെന്നാൽ, നമ്മളും അവിടുത്തെ സന്തതികളാകുന്നു."

29 നാം ദൈവത്തിൻെറ സന്താനങ്ങളാകകൊണ്ട്, ദൈവികത്വം, മനുഷ്യൻെറ കലാവൈഭവവും കല്പനാചാതുര്യവും കൊത്തിത്തീർത്ത സ്വർണ്ണത്തിനോ വെള്ളിക്കോ കല്ലിനോ തുല്യമാണെന്നു വിചാരിക്കരുത്.

30 അജ്ഞതയുടെ ഈ കാലങ്ങളുടെ നേരെ ദൈവം കണ്ണടച്ചുകളഞ്ഞു; ഇപ്പോഠം, എല്ലാവരും എല്ലായിടത്തും പ്രായശ്ചിത്തമനുഷ്ഠിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു.

*31 താൻ നിയമിച്ചിട്ടുള്ള ആ മനുഷ്യൻ വഴി ലോകത്തെ നീതിപൂർവ്വം വിധിക്കുവാൻ ഒരു ദിവസം അവിടുന്നു നിശ്ചയിച്ചിട്ടുണ്ട്; മരിച്ചവരിൽനിന്ന് അവനെ ഉയിർപ്പിച്ചുകൊണ്ട് എല്ലാവർക്കും അവിടുന്നു വിശ്വാസം പ്രദാനം ചെയ്തിരിക്കുന്നു.

32 മരിച്ചവരുടെ ഉത്ഥാനത്തെപ്പററി ശ്രവിച്ചപ്പോഠം ചിലർ പരിഹസിച്ചു; മററു ചിലർ പറഞ്ഞു: ഇതെപ്പററി ഞങ്ങഠം വീണ്ടും ശ്രവിച്ചുകൊള്ളാം.

33 ആകയാൽ, പൗലോസ് അവരുടെ മദ്ധ്യത്തിൽനിന്നു പോയി.

*34 എന്നാൽ, ചിലർ അവനോടു ചേർന്നു വിശ്വസി

---

ന്നെടുത്തിട്ടുള്ള വാക്യമാണു പൗലോസ് ശ്ലീഹാ ഇവിടെ ഉദ്ധരിക്കുന്നത്. മററു പല ഗ്രീക്കു കവികളുടെ ഗ്രന്ഥങ്ങളിലും ഇതേവാചകം കാണുന്നതുകൊണ്ടാണ്, 'നിങ്ങളുടെ കവികഠം' എന്നു ബഹുവചനരൂപത്തിൽ പറഞ്ഞിരിക്കുന്നത്.

*31 നിയമിച്ചിട്ടുള്ള ആ മനുഷ്യൻ—ഈശോമിശിഹാ.

*34 ഡീയനീഷ്യസ് — അരയോപ്പാഗസ് ന്യായാധിപസഭ

ച്ചു; ഇക്കൂട്ടത്തിൽ ന്യായാധിപസംഘത്തിലെ ഡിയനീഷ്യസും ദമാരിസ് എന്നൊരു സ്ത്രീയും മററു ചിലരും ഉണ്ടായിരുന്നു.

# അധ്യായം 18

## പൗലോസ് കോറിന്തിൽ സഭ സ്ഥാപിക്കുകയും എഫേസൂസിൽ പ്രസംഗിക്കുകയും ചെയ്യുന്നു.

1 ഇവയ്ക്കുശേഷം, പൗലോസ് ആതൻസിൽ നിന്നു പുറപ്പെട്ടു കോറിന്തിൽ വന്നു.

*2 പോന്തുസിൽ ജനിച്ചവനും അടുത്തുതന്നെ റോമായിൽ നിന്നു വന്നവനും (യൂദന്മാരെല്ലാം റോമാ വിട്ടുകൊള്ളണമെന്നു ക്ലാവുദിയൂസ് കല്പിച്ചിട്ടുണ്ടായിരുന്നു) അകപിലഎന്ന പേരോടുകൂടിയവനുമായ ഒരു യൂദനെ, അവൻെറ ഭാര്യ പ്രിഷില്ലായോടുകൂടി കണ്ടു് (പൗലോസ്) അവൻെറ പക്കൽ വന്നു.

---

സ്സിലെ ഒരംഗം. ഇദ്ദേഹം ആതൻസിൻെറ ഒന്നാമത്തെ മെത്രാനായി എന്നു പാരമ്പര്യം പറയുന്നു.

*2 അകപിലായും പ്രിഷില്ലായും—ഇവർ റോമാക്കാരായ യഹൂദരാണ്. പത്രോസ് മാനസാന്തരപ്പെടുത്തിയവരായിരിക്കണം. റോമയിൽ യൂദന്മാർ അസ്വസ്ഥത സൃഷ്ടിച്ചതാണ ക്ലാവുദീയൂസിൻെറ കല്പനയ്ക്കു കാരണം.

*3 അവൻെറ തൊഴിൽ അവരുടേതുതന്നെയായിരു
ന്നതിനാൽ, അവൻ അവരോടുകൂടെ താമസിച്ചു തൊഴിൽ
ചെയ്തു. (അവരുടെ തൊഴിൽ കൂടാരപ്പണിയായിരുന്നു.)
4 എല്ലാ ശബത്തുദിനത്തിലും അവൻ സിനഗോഗിൽ
കർത്താവീശോമിശിഹായുടെ നാമം പ്രസംഗിക്കുകയും യഹൂദ
ന്മാരേയും ഗ്രീക്കുകാരേയും സമ്മതിപ്പിക്കുകയും ചെയ്തിരുന്നു.
5 സീലാസും തിമോത്തിയും മക്കദോനിയായിൽനി
ന്നു വന്നപ്പോൾ, ഈശോ ക്രിസ്തുവാകുന്നുവെന്നു പൗലോസ്
തീക്ഷ്ണതയോടേ പ്രസംഗിക്കുകയും യൂദന്മാർക്കു സാക്ഷ്യം
നല്കുകയും ചെയ്തുകൊണ്ടിരുന്നു.
6 എന്നാൽ, അവർ പ്രതിവാദം പുറപ്പെടുവിക്കുകയും
ദൈവദൂഷണം പറയുകയും ചെയ്തപ്പോൾ, അവൻ തൻെറ
വസ്ത്രം കുടഞ്ഞുകൊണ്ടു പറഞ്ഞു: നിങ്ങളുടെ രക്തം നിങ്ങളു
ടെ ശിരസ്സിൽതന്നെ പതിക്കട്ടേ. ഞാൻ നിർദ്ദോഷിയാകു
ന്നു. ഇനിമേൽ, വിജാതീയരുടെ പക്കലേക്കു ഞാൻ പോകും.
7 അവൻ അവിടെനിന്നു പുറപ്പെട്ട്, ദൈവത്തെ ആ
രാധിച്ചിരുന്ന തീത്തുസ് യുസ്തുസ് എന്ന ഒരു മനുഷ്യൻെറ
ഭവനത്തിൽ പ്രവേശിച്ചു. അയാളുടെ ഗൃഹം സിനഗോഗിനു
തൊട്ടടുത്തായിരുന്നു.
8 സിനഗോഗിൻെറ അധികാരിയായ ക്രിസ്പുസ്
തൻെറ കുടുംബം മുഴുവനോടുംകൂടി കർത്താവിൽ വിശ്വസി
ച്ചു. കോറിന്ത്യക്കാരായ വളരെപ്പേർ (പൗലോസിൻെറ പ്ര
സംഗം) കേട്ടു വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു.
9 കർത്താവു രാത്രിയിൽ ഒരു ദർശനത്തിൽ പൗലോ
സിനോടു പറഞ്ഞു: ഭയപ്പെടേണ്ട, പ്രസംഗിക്കുക; മൗനമവ
ലംബിക്കരുത്.

*3 എല്ലാ യൂദന്മാരും ഏതെങ്കിലും കൈവേല അഭ്യസിച്ചിരി
ക്കണമെന്നതു നിർബ്ബന്ധനിയമമായിരുന്നു. പൗലോസ് കൂടാരപ്പണി
യാണ് അഭ്യസിച്ചത്.

10 കാരണം, ഞാൻ നിന്നോടുകൂടിയുണ്ട്; നിന്നെ ഉ
പദ്രവിക്കുവാൻ ഒരു മനുഷ്യനും നിന്റെ മുൻപിൽ വരികയി
ല്ല. എന്തുകൊണ്ടെന്നാൽ, ഈ നഗരത്തിൽ എനിക്കു വളരെ
ആളുകളുണ്ട്.

11 അവരുടെയിടയിൽ ദൈവവചനം പ്രസംഗിച്ചു
കൊണ്ട്, അവൻ അവിടെ ഒരു വർഷവും ആറുമാസവും താമ
സിച്ചു.

*12 എന്നാൽ, ഗാളിയ, അക്കായിയായുടെ ദേശാധി
പൻ ആയിരുന്നപ്പോൾ, യൂദന്മാർ ഒത്തൊരുമിച്ചു പൗലോ
സിനെതിരായി ഇളകി, അവനെ ന്യായാസനത്തിൻമുൻപാ
കെ കൊണ്ടുവന്നു പറഞ്ഞു:

13 നിയമത്തിനു വിരോധമായി ദൈവത്തെ ആരാധി
ക്കുവാൻ ഈ മനുഷ്യൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.

14 എന്നാൽ, പൗലോസ് വായ് തുറക്കുവാൻ ആരം
ഭിച്ചപ്പോൾതന്നെ, ഗാളിയ യൂദന്മാരോടു പറഞ്ഞു: അനീതി
പരമായ വല്ല കാര്യത്തെയോ, ദുഷ്പ്രവൃത്തിയെയോസ്സംബ
ന്ധിച്ചായിരുന്നെങ്കിൽ, അല്ലയോ യഹൂദരേ, ന്യായപൂർവ്വം
ഞാൻ നിങ്ങളോടു യോജിക്കുമായിരുന്നു.

15 എന്നാൽ, ഇവ, വാക്കിനെയോ പേരിനെയോ
നിങ്ങളുടെ നിയമത്തെയോ സംബന്ധിക്കുന്ന കാര്യങ്ങളാണെ
ങ്കിൽ, അതു നിങ്ങൾതന്നെ നോക്കിക്കൊൾക; ആവകകാ
ര്യങ്ങൾക്കു ഞാൻ വിധിയാളനായിരിക്കുകയില്ല.

16 അവൻ അവരെ ന്യായാസനത്തിങ്കൽ നിന്നു പറ
ഞ്ഞയച്ചു.

17 എന്നാൽ, സിനഗോഗിന്റെ അധികാരിയായ
സൊസ്ഥേനോസിനെ എല്ലാവരും കൂടി പിടിച്ചു ന്യായാസ

---

*12 ഗാളിയ—സെനെക്കു എന്ന താത്വികന്റെ സഹോദ
രൻ.

നത്തിൻെറ മുൻപിൽവച്ചു പ്രഹരിച്ചു. എന്നാൽ, ഗാല്ലിയ
ഇവയൊന്നും കൂട്ടാക്കിയില്ല.

*18 പൗലോസ് കുറച്ചുദിവസങ്ങൾകൂടി അവിടെ താ
മസിച്ചശേഷം, സഹോദരരോടു യാത്രപറഞ്ഞു്, താനെടു
ത്തിരുന്ന വ്രതമനുസരിച്ചു ചെങ്ക്റെയിൽ വച്ചു തല മുണ്ഡ
നം ചെയ്തിട്ടു്, സീറിയായിലേക്കു കപ്പൽ കയറി. പ്രിഷില്ലാ
യും അക്വില്ലായും അവനെ അനുഗമിച്ചു.

*19 എഫേസൂസിലെത്തിയപ്പോൾ, പൗലോസ് അവ
രെ അവിടെ വിട്ടു. അവനാകട്ടെ, സിനഗോഗിൽ പ്രവേശി
ച്ചു യഹൂദരുമായി തർക്കത്തിലേർപ്പെട്ടു.

20 കുറച്ചു നാളുകൾകൂടെ അവിടെ താമസിക്കണമെ
ന്നുള്ള അവരുടെ അഭ്യർത്ഥനയെ അവൻ നിരസിക്കുകയാണു
ചെയ്തതു്.

21 ദൈവം അനുവദിക്കുമെങ്കിൽ, വീണ്ടും ഞാൻ നി
ങ്ങളുടെ പക്കലേക്കു മടങ്ങി വരുമെന്നു വാക്കു കൊടുത്തശേ
ഷം, അവൻ യാത്രപറഞ്ഞു് എഫേസൂസിൽനിന്നു പുറപ്പെട്ടു.

22 അവൻ കേസറിയായിൽ ഇറങ്ങി ഓർശലത്തു
ചെന്നു്, അവിടത്തെ സഭയ്ക്കു സ്വസ്തി പറഞ്ഞു. അനന്തരം,
അന്ത്യാക്യയിൽ വന്നുചേർന്നു.

23 കുറച്ചു നാളുകൾ അവിടെ താമസിച്ചതിനു ശേ
ഷം, അവൻ പുറപ്പെട്ടു് അനുക്രമം ഗലാത്ത്യയിലും ഫ്രിജി
യായിലും ചുററിസ്സഞ്ചരിച്ചു സകല ശിഷ്യരേയും (വിശ്വാ
സത്തിൽ) ഉറപ്പിച്ചു.

24 ഈയവസരത്തിൽ, അപ്പൊള്ളോ എന്നു നാമധാ

---

*18 ചെങ്ക്റേ—കോറിന്തിൻെറ ഒരു തുറമുഖം.

*19 എഫേസൂസ്—ഏഷ്യയുടെ (അധ്യാ. 16: വാക്യം 6) ത
ലസ്ഥാനവും ഒരു ഉന്നതവാണിജ്യകേന്ദ്രവുമാണീ പട്ടണം.

രിയായ ഒരു യഹൂദൻ എഫേസൂസിലേക്കു വന്നു. അലക്
സാണ്ഡ്റിയായിൽ ജനിച്ച ഇവൻ വാഗ്മിയും വേദപുസ്തക
ത്തിൽ നിപുണനുമായിരുന്നു.

25 കർത്താവിൻെറ വഴിയിൽ അഭ്യസിപ്പിക്കപ്പെട്ടവ
നും തീക്ഷ്ണമതിയുമായ ഇവൻ ഈശോയെക്കുറിച്ചുള്ള കാ
ര്യങ്ങൾ ഉത്സാഹപൂർവ്വം പറയുകയും പഠിപ്പിക്കുകയും ചെയ്തു
വന്നു. എങ്കിലും, ഇവൻ യോഹന്നാൻെറ മാമ്മോദീസായെ
ക്കുറിച്ചു മാത്രമേ അറിഞ്ഞിരുന്നുള്ളു.

26 ആകയാൽ, ഈ മനുഷ്യൻ ധൈര്യസമേതം സിന
ഗോഗുകളിൽ പ്രസംഗിക്കുവാൻ ഇറങ്ങി. പ്രിഷില്ലായും അ
കിലായും ഇവനെ കേൾക്കുകയാൽ, ഇവനെ കൂട്ടിക്കൊണ്ടു
പോയി കർത്താവിൻെറ വഴിയെ ജാഗ്രതാപൂർവ്വം ഇവനു വി
ശദമാക്കിക്കൊടുത്തു.

27 അക്കായിയായിലേക്കു പോകുവാൻ ഇയാൾ ആഗ്ര
ഹിച്ചു. അപ്പോൾ, അവിടെയുള്ള ശിഷ്യന്മാർ ഇയാളെ സ്വീ
കരിക്കുവാൻ ഉപദേശിച്ചുകൊണ്ട്, സഹോദരന്മാർ അവർ
ക്കെഴുതി. ഇയാളുടെ ആഗമനം വിശ്വാസികൾക്കു വളരെയ
ധികം പ്രയോജനപ്രദമായിരുന്നു.

28 എങ്ങനെയെന്നാൽ, അതീവതീക്ഷ്ണതയോടേ,
ഇവൻ പരസ്യമായി, ഈശോതന്നെയാണു ക്രിസ്തുവെന്നു
വേദപുസ്തകത്തെ ആധാരമാക്കി യഹൂദരെ ബോധപ്പെടുത്തി.

# അധ്യായം 19

## പൗലോസ് എഫേസൂസിൽ സഭ സ്ഥാപിക്കുന്നു. വെള്ളിപ്പണിക്കാർ കലഹമുണ്ടാക്കുന്നു.

*1 അപ്പൊളൊ കോറിന്തിൽ ആയിരുന്നപ്പോൾ, പൗലോസ് ഉപരിതലപ്രദേശങ്ങളിൽക്കൂടി കടന്ന് എഫേസൂസിൽ വന്നു; അവിടെ ഏതാനും ശിഷ്യരെ കണ്ടു.

*2 അവരോട് അവൻ, നിങ്ങൾ വിശ്വാസികളായതിനു ശേഷം പരിശുദ്ധാത്മാവിനെ സ്വീകരിച്ചുവോ എന്നു ചോദിച്ചു. പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ലല്ലോ, എന്ന് അവർ മറുപടി നല്കി.

3 അങ്ങനെയെങ്കിൽ, നിങ്ങൾ ഏതു ജ്ഞാനസ്നാനമാണു സ്വീകരിച്ചത് എന്ന് അവൻ അവരോടു ചോദിച്ചു. അവർ പറഞ്ഞു: യോഹന്നാന്റെ ജ്ഞാനസ്നാനം.

---

*1 ഉപരിതലപ്രദേശങ്ങൾ— ഗലാത്യയിലും ഫ്രീജിയായിലുമുള്ള പർവ്വതപ്രദേശങ്ങൾ.

*2 ഞങ്ങൾ കേട്ടിട്ടില്ലല്ലോ — പരിശുദ്ധാത്മാവിന്റെ നാമം പോലും അവർക്ക് അജ്ഞാതമാണെന്നായിരിക്കുകയില്ല ഇതിന്റെ അർത്ഥം; കാരണം, യോഹന്നാൻമാംദാന തന്റെ പ്രസംഗത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. (യോഹ. 1: 33) അതുകൊണ്ട്, പരിശുദ്ധാത്മാവിനെ സ്വീകരിക്കുക സാദ്ധ്യമാണെന്ന വസ്തുത അവർക്ക് അജ്ഞാതമായിരുന്നെന്നേ ഇതിന്നർത്ഥമാക്കുവാൻ വഴിയുള്ളൂ.

4 അപ്പോൾ പൗലോസ് പറഞ്ഞു: എന്റെ പിന്നാലേ വരുന്നവനിൽ, അതായത്, ഈശോമിശിഹായിൽ നിങ്ങൾ വിശ്വസിക്കണം എന്നു പറഞ്ഞുകൊണ്ടു യോഹന്നാൻ ജനങ്ങൾക്ക് അനുതാപത്തിന്റെ ജ്ഞാനസ്നാനമാണു നല്കിയത്.

5 ഇക്കാര്യങ്ങൾ കേട്ടപ്പോൾ, കർത്താവായ ഈശോയുടെ നാമത്തിൽ അവർ ജ്ഞാനസ്നാനം സ്വീകരിച്ചു.

6 അനന്തരം, പൗലോസ് അവരുടെ മേൽ കൈകൾ വച്ചു. അപ്പോൾ, പരിശുദ്ധാത്മാവ് അവരുടെമേൽ എഴുന്നെള്ളിവന്നു; അവർ പല ഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു.

7 അവർ ഏകദേശം പന്ത്രണ്ടു പേരുണ്ടായിരുന്നു.

8 പിന്നീട്, അവൻ സിനഗോഗിൽ പ്രവേശിച്ചു മൂന്നുമാസക്കാലത്തേക്കു സുധീരം പ്രസംഗിച്ച്, ദൈവരാജ്യത്തെസ്സംബന്ധിച്ചു തർക്കിക്കുകയും ഉപദേശിക്കുകയും ചെയ്തു.

*9 എന്നാൽ, ചിലർ കഠിന(ഹൃദയ)രായി വിശ്വസിക്കാതെ കർത്താവിന്റെ മാർഗ്ഗങ്ങളെ ദുഷിച്ചു ജനക്കൂട്ടത്തിന്റെ മുൻപിൽ സംസാരിച്ചതിനാൽ, അവൻ അവരെ വിട്ടുമാറി, ശിഷ്യരെ അവരിൽനിന്നു വേർതിരിച്ച് ഒരു ററിറാന്നൂസിന്റെ പാഠശാലയിൽ ദിനംപ്രതി വാദം നടത്തിവന്നു.

10 രണ്ടു വർഷക്കാലം ഇങ്ങനെ തുടർന്നതിനാൽ, ഏഷ്യയിൽ വസിച്ചിരുന്ന യഹൂദരും വിജാതീയരുമായ എല്ലാവരും കർത്താവിന്റെ വചനം ശ്രവിച്ചു.

11 ദൈവം പൗലോസിന്റെ കരങ്ങൾ വഴി അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചു.

---

*9 ററിറാന്നൂസ്—ഒരു യഹൂദറബിയായ ഇദ്ദേഹം തന്റെ പാഠശാല പൗലോസിന്റെ ഉപയോഗത്തിനായി വിട്ടുകൊടുത്തിരുന്നു.

12 അവൻെറ ദേഹത്തുണ്ടായിരുന്ന തൂവാലകളും
മേൽവസ്ത്രങ്ങളും പോലും രോഗികളുടെ പക്കലേക്ക കൊണ്ടു
വരപ്പെട്ടപ്പോൾ, രോഗങ്ങൾ അവരെ വിട്ടുമാറി. ദുഷ്ടാരൂപി
കൾ അവരിൽനിന്നൊഴിഞ്ഞു പോയി.

*13 ഭൂതോച്ചാടനം ചെയ്തു ചുററിനടന്ന യഹൂദന്മാ
രിൽ ചിലർ, പൗലോസ് പ്രസംഗിക്കുന്ന ഈശോയുടെ നാ
മത്തിൽ ആണയിട്ടു ഞാൻ നിങ്ങളോടു കല്പിക്കുന്നു എന്നു പ
റഞ്ഞുകൊണ്ടു പിശാചുബാധിതരുടെ മേൽ കർത്താവീശോയു
ടെ നാമം വിളിച്ചപേക്ഷിക്കുവാൻ ശ്രമിച്ചു.

*14 ഇപ്രകാരം ചെയ്തുവർ, യഹൂദനും പ്രധാനപുരോ
ഹിതനുമായ സ്കേവായുടെ ഏഴു പുത്രന്മാരായിരുന്നു.

15 എന്നാൽ, അശുദ്ധാരൂപി അവരോട് ഇങ്ങനെ മ
റുപടി പറഞ്ഞു: ഈശോമിശിഹായെ ഞാനറിയും, പൗലോ
സിനേയും ഞാനറിയും; എന്നാൽ, നിങ്ങളാരാണ്?

16 അശുദ്ധാരൂപിയുണ്ടായിരുന്ന ആ മനുഷ്യൻ അവ
രുടെ മേൽ ചാടിവീണ് അവരെ രണ്ടുപേരേയും കീഴടക്കി
ജയിച്ചു. അതിനാൽ, അവർ നഗ്നരും മുറിവേററവരുമായി ആ
വീട്ടിൽനിന്നോടിക്കളഞ്ഞു.

---

*13 ഭൂതോച്ചാടനം ചെയ്തു—ദൈവനാമത്തിൽ പിശാചുക്കളെ പുറത്താക്കുവാൻ തങ്ങൾക്കു കഴിവുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ടു ചിലർ യഹൂദന്മാരുടെയിടയിൽ നടന്നിരുന്നു. പലരും കപടവേഷക്കാരായിരുന്നു. കർത്താവിൻെറ കാലത്തും ഇത്തരക്കാർ അവരുടെയിടയിലുണ്ടായിരുന്നല്ലോ. (മക്കേ. 9: 37; മത്താ. 12: 27)

*14 ഏഴു പുത്രന്മാർ—രണ്ടു പുത്രന്മാരെന്നു ചില കൈയെഴുത്തുപ്രതികളിൽ കാണുന്നു. 16-ാം വാക്യത്തോടു ഇതു കൂടുതൽ യോജിക്കുന്നു.

17 എഫേസൂസിൽ വസിച്ചിരുന്ന സകല യഹൂദരും
വിജാതീയരും ഇതറിഞ്ഞു. അതിനാൽ, അവരെല്ലാവരും ഭയ
പ്പെട്ടു; കർത്താവീശോയുടെ നാമം മഹത്വപ്പെടുകയും ചെയ്തു.

*18 വിശ്വസിച്ചവരിൽ അനേകം പേർ വന്നു തങ്ങ
ളുടെ പ്രവൃത്തികളെ വെളിപ്പെടുത്തുകയും ഏററു പറയുകയും
ചെയ്തു.

19 മന്ത്രവാദം ചെയ്തിരുന്നവരിൽ അനേകർ തങ്ങളു
ടെ പുസ്തകങ്ങൾ കൊണ്ടുവന്നു സകലരുടേയും മുൻപിൽവച്ചു
ചുട്ടുകളഞ്ഞു. അവയുടെ വില കണക്കാക്കിയപ്പോൾ, അമ്പ
തിനായിരം വെള്ളിനാണയങ്ങൾ എന്ന് അവർ കണ്ടു.

20 അങ്ങനെ, ദൈവവചനം ശക്തി പ്രാപിക്കുകയും
സ്ഥിരപ്പെടുകയും ചെയ്തു.

21 ഇവയെല്ലാമവസാനിച്ചപ്പോൾ, പൗലോസ് മക്ക
ദോനിയായിലും അക്കായിയായിലും കൂടി സഞ്ചരിക്കവേ,
ഓർശലത്തേക്കു പോകണമെന്നു മനസ്സിൽ നിശ്ചയിച്ചു. അ
വിടെ ചെന്നശേഷം എനിക്കു റോമായും കാണണം എന്ന്
അവൻ പറഞ്ഞു.

22 തന്നെ സഹായിച്ചിരുന്നവരിൽ തിമോത്തി, എ
റാസ്തസ് എന്ന രണ്ടുപേരെ മക്കദോനിയായിലേക്ക് അയച്ച
ശേഷം, അവൻ കുറെക്കാലത്തേക്ക് ഏഷ്യയിൽ വസിച്ചു.

*23 അക്കാലത്തു കർത്താവിൻെറ മാർഗ്ഗത്തെപ്പററി അ
നല്പമായ കലഹമുണ്ടായി.

---

*18 പ്രവൃത്തികൾ ഏററു പറഞ്ഞുകൊണ്ട്—അവർ യഥാർത്ഥ
ത്തിൽ പാപസങ്കീർത്തനം കഴിക്കുകയായിരുന്നു എന്നാണ് ഇവിടെ
ഉപയോഗിക്കുന്ന ഗ്രീക്കു പദത്തിൽ നിന്നു മനസ്സിലാക്കുന്നത്.

*23 കർത്താവിൻെറ മാർഗ്ഗം—ക്രിസ്തീയമാർഗ്ഗം.

*24 എന്തുകൊണ്ടെന്നാൽ, ഡെമട്രിയസ്സ് എന്ന പേ
രുള്ള ഒരു വെള്ളിപ്പണിക്കാരൻ, ദിയാന (ദേവി) യുടെ രജ
തക്ഷേത്രങ്ങൾ നിർമ്മിച്ച്, ജോലിക്കാർക്കു വലിയ ലാഭം
ഉണ്ടാക്കിക്കൊടുത്തിരുന്നു.

25 അയാൾ അവരേയും അതേ തൊഴിൽക്കാരായ മററു
ള്ളവരേയും വിളിച്ചുകൂട്ടി പറഞ്ഞു: മാന്യരേ, ഈ തൊഴിലാണു
നമ്മുടെ ആദായമാർഗ്ഗമെന്നു നിങ്ങൾക്കറിയാമല്ലോ?

26 അങ്ങനെയിരിക്കേ, കൈകൊണ്ടു നിർമ്മിച്ചവ
ദേവന്മാരല്ലെന്നു പറഞ്ഞ്, എഫേസൂസിലേ മാത്രമല്ല, ഏ
ഷ്യ മുഴുവനിലേയും വലിയൊരു ജനക്കൂട്ടത്തെ ഈ പൗലോ
സ്സ് സമ്മതിപ്പിച്ചു വഴി തെററിച്ചിരിക്കുന്നു എന്നതു നിങ്ങൾ
കാണുകയും കേൾക്കുകയും ചെയ്യുന്നല്ലോ.

27 അതു കാരണം, നമ്മുടെ ഈ വ്യാപാരം നശിക്കു
ത്തക്ക ആപത്തിൽ ആകുമെന്നു മാത്രമല്ല, മഹാദേവിയായ ദി
യാനയുടെ ക്ഷേത്രം നിസ്സാരമെന്നു പരിഗണിക്കപ്പെടുകയും
ചെയ്യും; മാത്രമല്ല, ഏഷ്യ മുഴുവനും അഖിലലോകവും ആരാ
ധിക്കുന്ന അവളുടെ മഹത്വം ക്രമേണ നശിക്കുവാനും തു
ടങ്ങും.

28 ഇക്കാര്യങ്ങൾ കേട്ട് അവർ കോപം നിറഞ്ഞവ
രായി, എഫേസൂസുകാരുടെ ദിയാന മഹത്വമുള്ളവളാകുന്നു
വെന്ന് ആർപ്പുവിളിച്ചു.

---

*24 ദിയാന—ഇതു ലത്തീൻ നാമമാണ്. ഈ ദേവതയെ ഇംഗ്ലീഷിൽ 'വീനസ്' എന്നും ഗ്രീക്കിൽ 'അർത്തേമീസ്' എന്നും വിളിക്കുന്നു.

രജതക്ഷേത്രങ്ങൾ—ദിയാനദേവതയുടെ ക്ഷേത്രം ചിത്രീകരിച്ചിട്ടുള്ള ചെറിയ രൂപങ്ങൾ. ഇതു് എഫേസൂസുകാർ തങ്ങളുടെ കഴുത്തിൽ ഭക്തിപൂർവ്വം ധരിച്ചിരുന്നു. എഫേസൂസിലുണ്ടായിരുന്ന ദിയാനയുടെ അമ്പലം ലോകത്തിലേ ഏഴ് അത്ഭുതങ്ങളിൽ ഒന്നായിരുന്നു.

*29 നഗരം മുഴുവൻ ഇളകിവശായി. പൗലോസി
ന്റെ കൂട്ടുകാരും മക്കദോനിയാക്കാരുമായ ഗായൂസിനേയും അ
രിസ്തർക്കോസിനേയും അവർ പിടിച്ചുകൊണ്ടു്, ഒന്നിച്ചു വി
നോദശാലയിലേക്കോടി.
30 പൗലോസ് ജനക്കൂട്ടത്തിലേക്കു വരുവാൻ ഒരുങ്ങി
യപ്പോൾ, ശിഷ്യന്മാർ അവനെ തടഞ്ഞു.
31 കൂടാതെ, ഏഷ്യയിലെ അധികാരികളിൽ അവ
ന്റെ കൂട്ടുകാരായിരുന്ന ചിലരും അവന്റെ പക്കൽ ആളുക
ളെ അയച്ചു്, അവൻ വിനോദശാലയിൽ പ്രവേശിക്കുവാൻ
തുനിയരുതെന്നു് അഭ്യർത്ഥിച്ചു.
32 ചിലർ ഒന്നും മററു ചിലർ വേറൊന്നും വിളിച്ചു
പറഞ്ഞു; കാരണം, ജനക്കൂട്ടം ക്ഷോഭിച്ചിരുന്നു. തങ്ങൾ എ
ന്തിനു വന്നുവെന്നു കൂട്ടത്തിൽ ഒരു വലിയ വിഭാഗത്തിനു് അ
റിയാൻ പാടില്ലായിരുന്നു.
33 അപ്പോൾ, അവർ അലക്സാണ്ടറിനെ ജനമദ്ധ്യത്തിൽ
നിന്നു പിടിച്ചു കൊണ്ടു വന്നു; യൂദന്മാർ അയാളെ മുൻപോട്ടു
തള്ളിവിട്ടു. നിശ്ശബ്ദരായിരിപ്പാൻ കൈകൊണ്ടു് ആംഗ്യം കാ
ണിച്ചിട്ടു്, ജനക്കൂട്ടത്തോടു ന്യായം പറയുവാൻ അലക്സാണ്ടർ
ആഗ്രഹിച്ചു.
34 എന്നാൽ, അയാൾ യൂദനാണെന്നു് അറിഞ്ഞു ഉട
നെ, എല്ലാവരും ഏകസ്വരത്തിൽ, എഫേസൂസുകാരുടെ ദി
യാന മഹത്വമുള്ളവളാണെന്നു് ഏകദേശം രണ്ടു മണിക്കൂർ
നേരം ആർത്തു വിളിച്ചു.
*35 അപ്പോൾ, നഗരാധിപൻ ജനങ്ങളെ ശാന്തരാ
ക്കിക്കൊണ്ടു പറഞ്ഞു: എഫേസൂസുകാരായ ജനങ്ങളേ, എഫേ
സൂസുകാരുടെ നഗരം, മഹാദേവിയും ജൂപ്പിററിന്റെ കുമാ

---

*29 വിനോദശാല—പരസ്യസമ്മേളനത്തിനും പ്രദർശനത്തി
നും ഉപയോഗിച്ചിരുന്ന സ്ഥലം. എഫേസൂസിലെ വിനോദശാല അ
ന്നു ലോകത്തിലുള്ളതിലേററം വലുതായിരുന്നു.

*35 ജൂപ്പിററിന്റെ കുമാരി—ദിയാനയുടെ വിഗ്രഹം സ്വർഗ്ഗ

തിയും പ്രതാപവതിയുമായ ദിയാനയെ ആരാധിക്കുന്നൊന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

36 ഇക്കാര്യത്തിന് എതിരുപറയുവാൻ ആർക്കും സാധിക്കുകയില്ലാത്തതിനാൽ, സാഹസമൊന്നും പ്രവർത്തിക്കാതെ നിങ്ങൾ പ്രശാന്തരാകേണ്ടതാണ്.

37 എന്തുകൊണ്ടെന്നാൽ, നിങ്ങളിവിടെ കൊണ്ടുവന്നിരിക്കുന്ന ഈ മനുഷ്യർ, ദൈവാലയത്തെ കൊള്ളചെയ്യാത്തവരും നിങ്ങളുടെ മഹാദേവിയെ ദുഷിച്ചു പറയാത്തവരുമാണ്.

38 എന്നാൽ, ദമേത്രയോസിനോ അയാളോടുകൂടിയുള്ള തൊഴിലാളികൾക്കോ ആർക്കെങ്കിലുമെതിരായി എന്തെങ്കിലുമുണ്ടെങ്കിൽ, നീതിന്യായക്കോടതി തുറന്നു കിടക്കുന്നുവല്ലോ; ദേശാധിപന്മാരുമുണ്ട്. അവർ പരസ്പരം കുററാരോപണം നടത്തട്ടേ.

39 എന്നാൽ, വേറെ ഏതെങ്കിലും കാര്യമാണു നിങ്ങൾ ആവശ്യപ്പെടുന്നതെങ്കിൽ, നിയമാനുസാരമായ ഒരു സഭയിൽ അക്കാര്യം തീർച്ചപ്പെടുത്താം.

*40 പക്ഷേ, ഈ ബഹളത്തിനു കാരണക്കാരനായി കുററപ്പെടുത്തുവാനും സമാധാനം ബോധിപ്പിക്കുവാനും ആരുമില്ലാത്തതിനാൽ, ഇന്നത്തേ ലഹളയ്ക്കു ഞങ്ങൾതന്നെ ചോദ്യം ചെയ്യപ്പെടുവാനുള്ള ആപത്തിലായിരിക്കുന്നു. ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ട് അയാൾ ജനക്കൂട്ടത്തെ പിരിച്ചുവിട്ടു.

---

ത്തിൽ നിന്ന്—ജൂപ്പിററിൻെറ പക്കൽനിന്ന്—അയയ്ക്കപ്പെട്ടതാണെന്ന് എഫേസൂസുകാർ വിശ്വസിച്ചിരുന്നു.

ആരാധിക്കുന്നൊന്ന്—സംരക്ഷിക്കുന്നൊന്ന്.

*40 വിപ്ലവം സൃഷ്ടിക്കുകയോ അതു് അനുവദിക്കുകയോ ചെയ്യുന്നവർക്കെതിരായി റോമാക്കാർ കർശനനടപടികളെടുത്തിരുന്നു.

# അദ്ധ്യായം 20

**പൗലോസ് മക്കദോനിയായിലും ഗ്രീസിലും കൂടി കടന്നുപോകുന്നു: ത്രോവാസിൽവച്ച്, മരിച്ച ഒരുവനെ ഉയിർപ്പിക്കുന്നു; എഫേസൂസിലെ വൈദികഗണത്തോടു പ്രസംഗിക്കുന്നു.**

1 കലഹം അവസാനിച്ചപ്പോൾ, പൗലോസ് ശിഷ്യ
രെ സമീപത്തു വിളിച്ച് ഉപദേശിച്ചശേഷം, യാത്ര പറഞ്ഞു
മക്കദോനിയായിലേക്കു പുറപ്പെട്ടു.
2 ആ പ്രദേശങ്ങളിൽ ചെന്ന്, അവർക്കു വളരെ ഉപ
ദേശങ്ങൾ നല്കിയ ശേഷം, അവൻ ഗ്രീസിൽ വന്നു ചേർന്നു.
3 അവിടെ അവൻ മൂന്നു മാസം ചെലവഴിച്ചു. അന
ന്തരം, സിറിയായിലേക്കു കപ്പൽ കയറുവാൻ ഒരുങ്ങിയ
പ്പോൾ, യഹൂദന്മാർ അവനു കെണിവച്ചു. അതിനാൽ, മക്ക
ദോനിയായിൽക്കൂടി മടങ്ങിപ്പോകുവാൻ അവൻ തീരുമാ
നിച്ചു.
4 ബെറോയക്കാരനായ ഫീറൂസിന്റെ പുത്രൻ സോപ്പാ
ത്തറും, തെസലോനിയാക്കാരായ അരിസ്താർക്കൂസും സെ
ക്കുന്തൂസും, ദെർബെക്കാരനായ ഗായൂസും തിമോത്തിയും, ഏ
ഷ്യാക്കാരനായ തിക്കിക്കോസും ത്രോഫിമൂസും അവനെ അ
നുഗമിച്ചു.

*5 ഇവർ മുൻപേ പോയി ഞങ്ങളെ പ്രതീക്ഷിച്ചു ത്രോവാസിൽ താമസിച്ചു.

*6 ഞങ്ങളാകട്ടെ, പുളിപ്പില്ലാത്ത അപ്പങ്ങളുടെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ, പിലിപ്പിയായിൽ നിന്നു കപ്പൽ കയറി അഞ്ചു ദിവസംകൊണ്ടു ത്രോവാസിൽ അവരുടെ പക്കൽ എത്തി. അവിടെ ഞങ്ങൾ ഏഴു ദിവസം പാർത്തു.

*7 ആഴ്ചയുടെ ഒന്നാം ദിവസം അപ്പം മുറിക്കുന്നതിനു ഞങ്ങൾ ഒന്നിച്ചുകൂടിയപ്പോൾ, പൗലോസ്, അടുത്ത ദിവസം പിരിഞ്ഞു പോകുവാനിരുന്നതുകൊണ്ട്, അവരോടു സംഭാഷിച്ചു. അർദ്ധരാത്രിവരേയും അവൻ സംഭാഷണം തുടർന്നു.

8 ഞങ്ങൾ സമ്മേളിച്ചിരുന്ന മുകളിലത്തെ നിലയിൽ അനേകം വിളക്കുകളുണ്ടായിരുന്നു.

9 എവുത്തിക്കൂസ് എന്നു പേരുള്ള ഒരു ചെറുപ്പക്കാരൻ ജനാലയ്ക്കൽ ഇരിക്കുകയായിരുന്നു. അവൻ (പൗലോസ് പ്രസംഗം ദീർഘിപ്പിക്കുകയാൽ) വല്ലാതെ ഉറങ്ങിപ്പോയി. ഉറക്കം കാരണം, മൂന്നാം നിലയിൽനിന്ന് അവൻ താഴെ വീണു. മരിച്ചവനായി അവനെ എടുത്തുകൊണ്ടു വന്നു.

10 പൗലോസ് അവന്റെ പക്കലേക്ക് ഇറങ്ങിച്ചെന്ന് അവന്റെമേൽ വീണ് അവനെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു: നിങ്ങൾ വിഷമിക്കേണ്ട. എന്തുകൊണ്ടെന്നാൽ, അവന്റെ ആത്മാവ് അവനിൽത്തന്നെയുണ്ട്.

---

*5, 6 വി. ലൂക്കാ പൗലോസിനോടുകൂടി വീണ്ടും ചേർന്നുവെന്നു 'ഞങ്ങൾ' എന്ന പ്രയോഗം തെളിയിക്കുന്നു. 16-ാം അദ്ധ്യാ. 10-ാം വാക്യത്തിൽ ആരംഭിച്ച ഈ പ്രയോഗം 17-ാം വാക്യത്തിൽ അവസാനിച്ചശേഷം, ഇവിടെയാണു വീണ്ടും തുടങ്ങുക.

*7 ആഴ്ചയുടെ ഒന്നാം ദിവസം—ആരംഭംമുതലേ സഭയിൽ ഞായറാഴ്ച പരിശുദ്ധമായി ആചരിച്ചിരുന്നുവെന്ന് ഈ വാക്യത്തിൽനിന്നു സ്പഷ്ടമാണ്.

11 അനന്തരം, മുകളിൽ പോയി അപ്പം മുറിച്ചു ഭക്ഷി
ക്കുകയും പ്രഭാതംവരെ ദീർഘനേരം അവരോടു സംസാരിക്കു
കയും ചെയ്തു. അതിന്നുശേഷം, അവൻ യാത്ര തിരിച്ചു.
12 അവരാകട്ടെ, ആ യുവാവിനെ ജീവനുള്ളവനായി
ക്കൂട്ടിക്കൊണ്ടു വന്നു. അവരുടെ സന്തോഷം കുറച്ചൊന്നുമല്ലാ
യിരുന്നു.
13 ഞങ്ങൾ കപ്പൽ കയറി, പൗലോസിനെ കയററു
വാൻ വേണ്ടി ആസോസിലേക്കു പുറപ്പെട്ടു. എന്തുകൊണ്ടെ
ന്നാൽ, കരവഴി യാത്ര ചെയ്യുവാൻ അവൻ തീരുമാനിച്ച
പ്പോൾ, ഇപ്രകാരമാണു ഞങ്ങളോടു നിർദ്ദേശിച്ചിരുന്നത്.
14 ആസോസിൽവച്ച് അവൻ ഞങ്ങളെ കണ്ട
പ്പോൾ, ഞങ്ങൾ അവനേയും കയററി, മിത്തിലീനേയിൽ
വന്നു.
15 അവിടെനിന്നു പുറപ്പെട്ട്, പിറേറദിവസം ഞ
ങ്ങൾ കിയോസിന്നെതിരെ വന്നു. അടുത്ത ദിവസം സാമോ
സിലെത്തി; അതിന്നടുത്ത ദിവസം മിലേത്തൂസിലും ചെന്നു
ചേർന്നു.
16 എന്തുകൊണ്ടെന്നാൽ, ഏഷ്യയിൽ ഇനിയും അ
ല്പംപോലും താമസം നേരിടാതിരിക്കുവാൻ എഫേസൂസ് തീ
രത്തു കൂടി കടന്നുപോകുവാൻ പൗലോസ് തീരുമാനിച്ചിരു
ന്നു. കാരണം, കഴിയുമെങ്കിൽ ഓർശലത്തുതന്നെ പന്തക്കുസ്താ
ആചരിക്കുവാൻ അവൻ ആഗ്രഹിച്ചു.
*17 മിലേത്തൂസിൽനിന്ന് എഫേസൂസിലേക്ക് ആള
യച്ച്, സഭയിലെ മൂപ്പന്മാരെ അവൻ വിളിപ്പിച്ചു.
*18 അവർ അവൻെറ പക്കൽ വന്നു കൂടിയപ്പോൾ,
അവൻ അവരോടു പറഞ്ഞു: ഏഷ്യയിൽ ഞാൻ വന്ന ആദ്യ

---

*17 മിലേത്തൂസ്—എഫേസൂസിൻെറ തുറമുഖം.
*18-35—എഫേസൂസിലെ മെത്രാന്മാരേയും വൈദികന്മാരേയും

ദിവസം മുതൽ എപ്പോഴും ഞാൻ എപ്രകാരമാണു നിങ്ങളോടുകൂടി ആയിരുന്നതെന്നു നിങ്ങൾക്ക് അറിയാമല്ലോ.

19 സർവ്വവിനയത്തോടും കണ്ണീരോടും, യൂദന്മാരുടെ ഗൂഢാലോചനകൾമൂലം എനിക്കു സംഭവിച്ച സകലവിധ പരീക്ഷണങ്ങളോടും കൂടി കർത്താവിനു ഞാൻ ശുശ്രൂഷ ചെയ്തു.

20 നിങ്ങൾക്ക് ഉപകാരപ്രദമായിരുന്ന യാതൊന്നിനേയും പററി ഞാൻ മൗനം പാലിച്ചില്ല; പ്രത്യുത, അവയെല്ലാം ഞാൻ നിങ്ങളോടു പ്രസംഗിക്കുകയും, പരസ്യമായും, വീടുകൾ തോറും കയറിയിറങ്ങിയും പഠിപ്പിക്കുകയും ചെയ്തു.

21 യഹൂദന്മാരോടും വിജാതീയരോടും ദൈവത്തിങ്കലേക്കുള്ള അനുതാപവും നമ്മുടെ കർത്താവീശോമിശിഹായിലുള്ള വിശ്വാസവും ഞാൻ പ്രഖ്യാപിച്ചു.

22 ഇതാ, ഇപ്പോൾ (പരിശുദ്ധ) ആത്മാവിൽ ദൃഢബദ്ധനായി ഞാൻ ഓർശ്ലേമിലേക്കു പോകുന്നു. എനിക്ക് അവിടെ എന്തു സംഭവിക്കുമെന്ന് അറിഞ്ഞുകൂടാ.

23 ഓർശ്ലേമിൽ എനിക്കു വിലങ്ങുകളും ഞെരുക്കങ്ങളും വരുവാനിരിക്കുന്നുവെന്നു പരിശുദ്ധാത്മാവ് എല്ലാ പട്ടണങ്ങളിലും എനിക്കു സാക്ഷ്യം നല്കുന്നതായി മാത്രം (അറിയാം.)

24 എന്നാൽ, ഞാൻ ഇതൊന്നും ഭയപ്പെടുന്നില്ല. ദൈവാനുഗ്രഹത്തെപ്പററിയുള്ള സുവിശേഷത്തിനു സാക്ഷ്യംവഹിക്കുവാനായി കർത്താവീശോമിശിഹായിൽ നിന്നു ഞാൻ സ്വീകരിച്ച, വചനത്തിൻെറ ശുശ്രൂഷയും, എൻെറ ഓട്ടവും പൂർത്തിയാക്കുന്നതിനുവേണ്ടി ഞാൻ എൻെറ ജീവനെ എന്നെക്കാൾ വിലയുള്ളതായി കരുതുന്നില്ല.

---

വിളിച്ചുകൂട്ടി. അവർക്കു പൗലോസ് അവസാനമായി ഒരുപദേശം നല്കുന്നു.

25 ഇതാ, ഞാൻ ആരുടെയിടയിൽ ദൈവരാജ്യം പ്ര
സംഗിച്ചുകൊണ്ടു സഞ്ചരിച്ചുവോ, ആ നിങ്ങളിൽ ആരും ത
ന്നെ ഇനി എൻെറ മുഖം ദർശിക്കുകയില്ല.
26 അതിനാൽ, എല്ലാവരുടേയും രക്തത്തിൽ നിന്നു
ഞാൻ നിർമ്മലനാണെന്നുള്ളതിനു ഇന്നു നിങ്ങളെ ഞാൻ
സാക്ഷികളാക്കുന്നു.
27 എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറ അഭീഷ്ട
ങ്ങളെല്ലാം നിങ്ങളെ അറിയിക്കുന്നതിൽ ഞാൻ ഉപേക്ഷ കാ
ണിച്ചിട്ടില്ല.
*28 അതിനാൽ, നിങ്ങളെക്കുറിച്ചും, ദൈവം തൻെറ
രക്തം നല്കിക്കൊണ്ടു വാങ്ങിയ സഭയെ ഭരിക്കുവാൻ പരി
ശുദ്ധാത്മാവു നിങ്ങളെ മെത്രാന്മാരായി നിയമിച്ച അജഗണ
ത്തെക്കുറിച്ചും ശ്രദ്ധയുള്ളവരായിരിപ്പിൻ.
29 എന്തുകൊണ്ടെന്നാൽ, എൻെറ വേർപാടിനു ശേ
ഷം അജഗണത്തോടു ദയ കാണിക്കാത്ത ദുഷ്ടച്ചെന്നായ്ക്കൾ
നിങ്ങളുടെയിടയിൽ പ്രവേശിക്കും എന്നു എനിക്കറിയാം.
30 അബദ്ധകാര്യങ്ങൾ പഠിപ്പിച്ചുകൊണ്ടു, തങ്ങളു
ടെ പിന്നാലെ ശിഷ്യരെ കൂട്ടുവാൻ നിങ്ങളിൽനിന്നുതന്നെ
ആളുകൾ ഉണ്ടാകും.
31 അതുകൊണ്ടു, മൂന്നു വർഷത്തേക്കു രാവും പക
ലും ഞാൻ കണ്ണീരോടേ നിങ്ങളിൽ ഓരോരുത്തനേയും നിര
ന്തരം ഉപദേശിച്ചിരുന്നുവെന്നു ഓർമ്മിച്ചു, നിങ്ങൾ ഉണർ
വ്വുള്ളവരായിരിപ്പിൻ.
32 വദ്ധിപ്പിക്കുന്നതിനും, വിശുദ്ധീകരിക്കപ്പെട്ട എ
ല്ലാവരോടും കൂടി അവകാശം നല്കുന്നതിനും ശക്തിയുള്ള

---

*28 മെത്രാൻ (Bishop) എന്ന പദം ആദ്യമായി ഇവിടെയാ
ണു ഉപയോഗിക്കുന്നതു. 'മേൽനോട്ടക്കാരൻ' എന്നാണു ഈ വാക്യ
ത്തിൻെറ അർത്ഥം.

ദൈവത്തിനും അവിടുത്തെ കൃപാവചനത്തിനും ഇപ്പോൾ നിങ്ങളെ ഞാൻ ഭരമേല്പിക്കുന്നു.

33 ഞാൻ ആരുടേയും വെള്ളിയോ സ്വർണ്ണമോ വസ്ത്രമോ മോഹിച്ചില്ല.

34 അതു നിങ്ങൾക്ക് അറിയാം. എന്തുകൊണ്ടെന്നാൽ, എനിക്കും എന്നോടുകൂടിയുണ്ടായിരുന്നവർക്കും ആവശ്യമുള്ളവ ഈ കൈകൾതന്നെ സമ്പാദിച്ചു.

*35 ഇപ്രകാരംതന്നെ നിങ്ങൾ എങ്ങനെ അദ്ധ്വാനിച്ച്, ബലഹീനരെ സംരക്ഷിക്കണമെന്നും, 'സ്വീകരിക്കുന്നതിനെക്കാൾ നല്കുന്നതു കൂടുതൽ സൗഭാഗ്യകര'മെന്ന് ഈശോനാഥൻ അരുളിച്ചെയ്ത വചനങ്ങൾ എങ്ങനെ ഓർമ്മിക്കണമെന്നും എല്ലാം ഞാൻ നിങ്ങൾക്കു കാണിച്ചുതന്നു.

36 ഇവ പറഞ്ഞശേഷം, അവൻ മുട്ടുകുത്തി അവരോടൊന്നിച്ചു പ്രാർത്ഥിച്ചു.

37 എല്ലാവരും വളരെ കരഞ്ഞു; പൗലോസിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് അവർ അവനെ ചുംബിച്ചു.

38 ഇനിയും തന്റെ മുഖം അവർ കാണുകയില്ലെന്നു അവൻ പറഞ്ഞ വചനം നിമിത്തം അവർ വളരെ വ്യസനിച്ചു; അനന്തരം, അവർ അവനെ കപ്പലിലേക്കു നയിച്ചു.

---

*35 'സ്വീകരിക്കുന്നതിനെക്കാൾ....സൗഭാഗ്യകരം'—ഈ വാക്യം സുവിശേഷങ്ങളിലില്ല. കർത്താവിന്റെ മറ്റു പല പ്രബോധനങ്ങളേയും പോലെ ഇതും പാരമ്പര്യം വഴി ലഭിച്ചതായിരിക്കണം.

# അധ്യായം 21

## പൗലോസ് ഓർശലത്തേക്കു പോകുന്നു. ദൈവാലയത്തിൽവച്ച് അദ്ദേഹം പിടിക്കപ്പെടുന്നു.

***1 അവരെ വിട്ടുപിരിഞ്ഞശേഷം, ഞങ്ങൾ യാത്ര ചെയ്തു നേരെ കോവൂസിലേക്കും, അവിടെ നിന്നു പത്താറായിലേക്കും വന്നു.**

***2 ഫെനീസിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടപ്പോൾ, ഞങ്ങൾ അതിൽ കയറി യാത്രചെയ്തു.**

**3 ഞങ്ങൾ സൈപ്രസ് (ദ്വീപ്) കണ്ടുതുടങ്ങിയപ്പോൾ, അതിനെ ഇടത്തുവശത്ത് അക്കിക്കൊണ്ട്, സിറിയായിലേക്കു യാത്രചെയ്തു തീരുസിൽ വന്നു. എന്തുകൊണ്ടെന്നാൽ, അവിടെ കപ്പലിലെ ചരക്ക് ഇറക്കേണ്ടിയിരുന്നു.**

---

*1 കോവൂസ്, റോദസ്—മെഡിററേനിയനിലെ രണ്ടു ദ്വീപുകൾ.

പത്താറ—ലിച്ചീയായുടെ തുറമുഖം.

*2 ഫെനീസ്—പലസ്തീനായുടെ പടിഞ്ഞാറേ തീരത്തു നീണ്ടു കിടക്കുന്ന വീതികുറഞ്ഞ ഭൂവിഭാഗം.

4 അവിടെ ശിഷ്യരെ കാണുകയാൽ, ഏഴു ദിവസം
ഞങ്ങൾ അവിടെ താമസിച്ചു. ഓർശലത്തേക്കു പോകരുതെ
ന്ന് അവർ (പരിശുദ്ധ) ആത്മാവു മൂലം പൗലോസിനോടു പ
റഞ്ഞു.

5 ആ ദിവസങ്ങൾ കഴിഞ്ഞപ്പോൾ, ഞങ്ങൾ യാത്ര
തുടർന്നു. പട്ടണത്തിനു വെളിയിൽ വരുന്നതുവരെ, അവർ
ഭാര്യമാരോടും കുട്ടികളോടും കൂടെ ഞങ്ങളെ അനുയാത്ര ചെ
യ്തു. കടൽക്കരയിൽ മുട്ടുകുത്തി ഞങ്ങൾ പ്രാർത്ഥിച്ചു.

6 അനന്തരം, പരസ്പരം യാത്രപറഞ്ഞു ഞങ്ങൾ ക
പ്പൽ കയറി. അവർ വീടുകളിലേക്കും മടങ്ങി.

*7 തീറുസിൽനിന്നുള്ള കപ്പൽയാത്ര പൂർത്തിയാക്കി
ഞങ്ങൾ റെറാളമേയിയിൽ വന്നിറങ്ങി; അവിടെ സഹോദര
ന്മാരെ അഭിവാദനം ചെയ്തു് അവരോടുകൂടി ഒരു ദിവസം താ
മസിച്ചു.

*8 അടുത്ത ദിവസം ഞങ്ങൾ പുറപ്പെട്ടു കേസറിയാ
യിൽ വന്നു. ഏഴു പേരിൽ ഒരുവനായ പീലിപ്പോസ് സുവി
ശേഷകൻെറ വീട്ടിൽ പ്രവേശിച്ച്, അവനോടുകൂടി താമ
സിച്ചു.

9 പ്രവചനം പറഞ്ഞിരുന്നവരും കന്യകകളുമായ
നാലു പുത്രിമാർ അവനുണ്ടായിരുന്നു.

10 ഞങ്ങൾ കുറെ ദിവസം അവിടെ താമസിച്ചു. അ
പ്പോൾ, അഗാബൂസ് എന്നു പേരുള്ള ഒരു പ്രവാചകൻ യൂദ
യായിൽ നിന്ന് അവിടെ വന്നു.

---

*4 പരി. ആത്മാവു മൂലം—പരി. ആത്മാവിൻെറ നിവേശനത്താൽ.

*7 റെറാളെമേയി—ഫെനീഷ്യയുടെ തുറമുഖം.

*8 സുവിശേഷകൻ—സുവിശേഷപ്രസംഗകൻ എന്നർത്ഥം.

11 അവൻ ഞങ്ങളെ സമീപിച്ചു, പൗലോസിൻെറ അരക്കെട്ട് എടുത്തു സ്വന്തം കൈകാലുകൾ കെട്ടിക്കൊണ്ടു പറഞ്ഞു: പരിശുദ്ധാത്മാവ് ഇങ്ങനെ പറയുന്നു: ഈ അരക്കെട്ട് ആരുടേതാണോ അവനെ യഹൂദന്മാർ ഓർശലത്തുവച്ച് ഇപ്രകാരം ബന്ധിച്ച്, വിജാതീയരുടെ കൈകളിൽ ഏല്പിക്കും.

12 ഇതു കേട്ടപ്പോൾ ഞങ്ങളും തദ്ദേശവാസികളും അവനോട് ഓർശലത്തേക്കു പോകരുതെന്ന് അഭ്യർത്ഥിച്ചു.

13 അപ്പോൾ, പൗലോസ് ഇങ്ങനെ ഉത്തരം പറഞ്ഞു: നിങ്ങൾ കരഞ്ഞ് എൻെറ ഹൃദയത്തെ വേദനിപ്പിക്കുന്നതെന്തിന്? എന്തുകൊണ്ടെന്നാൽ, കർത്താവീശോമിശിഹായുടെ നാമത്തെപ്രതി ഓർശലത്തുവച്ചു ബന്ധിതനാകുന്നതിനു മാത്രമല്ല, മരിക്കുന്നതിനും ഞാൻ തയ്യാറാണ്.

14 അവനെ സമ്മതിപ്പിക്കാൻ കഴിയാതെ വരുകയാൽ, കർത്താവിൻെറ ഇഷ്ടം നിറവേറട്ടെ എന്നു പറഞ്ഞു ഞങ്ങൾ മൗനം അവലംബിച്ചു.

15 ആ ദിവസങ്ങൾക്കു ശേഷം, വേണ്ട ഒരുക്കത്തോടെ ഞങ്ങൾ ഓർശലത്തേക്കു പോയി.

16 *കേസറിയായിൽനിന്ന് ഏതാനും ശിഷ്യന്മാരും ഞങ്ങളോടു കൂടി വന്നു. സൈപ്രസ്കാരനും ഒരു പഴയ ശിഷ്യനുമായ മെനാസോനേയും അവർ കൂടെ കൊണ്ടുവന്നിരുന്നു. അവൻെറ വീട്ടിലായിരുന്നു ഞങ്ങൾക്കു താമസിക്കേണ്ടിയിരുന്നത്.

17 ഞങ്ങൾ ഓർശലത്തു വന്നപ്പോൾ, സഹോദരന്മാർ ഞങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചു.

18 അടുത്ത ദിവസം പൗലോസ് ഞങ്ങളോടൊരുമിച്ചു യാക്കോബിൻെറ പക്കൽച്ചെന്നു. മൂപ്പന്മാർ എല്ലാവരും ഒന്നിച്ചുകൂടിയിട്ടുണ്ടായിരുന്നു.

19 അവർക്കു സ്വസ്തിപറഞ്ഞ ശേഷം, തൻെറ പ്രവ

ത്തനങ്ങൾ വഴി ദൈവം വിജാതീയരുടെ ഇടയിൽ എന്തെല്ലാം ചെയ്തുവെന്ന് അവൻ പ്രത്യേകം പ്രത്യേകം വിവരിച്ചു.

20 ഇതുകേട്ട് അവർ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് അവനോടു പറഞ്ഞു: യഹൂദരിൽ എത്ര ആയിരങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന്, സഹോദരാ, നീ കാണുന്നുവല്ലോ. അവരെല്ലാം നിയമത്തെപ്രതി തീക്ഷ്ണതയുള്ളവരാകുന്നു

21 മക്കളെ പരിച്ഛേദനം ചെയ്യരുതെന്നും പാരമ്പര്യമനുസരിച്ചു വ്യാപരിക്കരുതെന്നും പറഞ്ഞുകൊണ്ട്, മോശയിൽ നിന്ന് അകന്നുപോകുവാൻ വിജാതീയരുടെ ഇടയിലുള്ള യഹൂദരെ നീ പഠിപ്പിക്കുന്നതായി നിന്നെപ്പററി അവർ കേട്ടിരിക്കുന്നു.

22 ആകയാൽ, എന്താണു ചെയ്യേണ്ടത്? ജനങ്ങളെല്ലാം തീർച്ചയായും ഓടിക്കൂടും. എന്തുകൊണ്ടെന്നാൽ, നീ ഇവിടെ വന്നിരിക്കുന്നുവെന്ന് അവർ കേൾക്കും.

*23 അതുകൊണ്ട്, ഞങ്ങൾ നിന്നോടു പറയുന്നതു ചെയ്യുക: വ്രതം എടുത്തിട്ടുള്ള നാലു പുരുഷന്മാർ ഞങ്ങളുടെ കൂടെയുണ്ട്.

*24 നീ അവരെ കൊണ്ടുപോയി നീയും, അവരോടു കൂടി ശുദ്ധികർമ്മം നടത്തുക. അവരുടെ തല മുണ്ഡനം ചെയ്യുന്നതിനു വേണ്ട ചെലവും നീ വഹിക്കണം. അപ്പോൾ,

---

*23, 24. പൗലോസ് മൂശയുടെ നിയമങ്ങൾ അനുസരിക്കുന്നുണ്ടെന്നു ജനങ്ങളെ ബോധപ്പെടുത്തുവാൻ വേണ്ടി, 'നസറിത്തസ്' (സംഖ്യ. 6: 1-24) എന്ന വ്രതം എടുത്തിരുന്ന നാലു യഹൂദക്രിസ്ത്യാനികളോടു ചേർന്ന്, അവരെപ്പോലെ വ്രതമെടുത്തു തല മുണ്ഡനം ചെയ്തു (അധ്യാ. 18: 18) ശുദ്ധികർമ്മം നടത്തുവാനും കാഴ്ചകൾക്കുള്ള ചെലവെല്ലാം അദ്ദേഹംതന്നെ വഹിക്കുവാനും സഭാധികാരികൾ അദ്ദേഹത്തെ ഉപദേശിക്കുന്നു.

നിന്നെപ്പററി കേട്ടവ അവാസ്തവമാണെന്നും, നീയും നി
യമപ്രകാരം വ്യാപരിക്കുന്നവനാണെന്നും അവർ മനസ്സി
ലാക്കും.

*25 വിശ്വാസം സ്വീകരിച്ച വിജാതീയരെസ്സംബ
ന്ധിച്ചിടത്തോളം, വിഗ്രഹങ്ങൾക്ക് അർപ്പിക്കപ്പെട്ടവയിൽ
നിന്നും രക്തത്തിൽനിന്നും ശ്വാസംമുട്ടിച്ചുകൊന്നവയിൽ
നിന്നും പരസംഗത്തിൽനിന്നും മാത്രം അവർ അകന്നു ജീവി
ക്കണമെന്നു കല്പിച്ചുകൊണ്ടു ഞങ്ങൾ എഴുതിയിട്ടുണ്ട്.

*26 പൗലോസ് ആ പുരുഷന്മാരെ കൂട്ടിക്കൊണ്ടു പോ
യി, പിറേറദിവസം അവരോടുകൂടി വിശുദ്ധികർമ്മം നട
ത്തി. അവരിൽ ഓരോരുത്തനുംവേണ്ടി കാഴ്ചസമർപ്പിക്കുവാ
നുള്ള വിശുദ്ധീകരണത്തിൻെറ ദിനങ്ങൾ പൂർത്തിയാകും എ
ന്ന് അറിവു കൊടുത്തുകൊണ്ടു ദൈവാലയത്തിൽ പ്രവേശി
ക്കുകയും ചെയ്തു.

27 ആ ഏഴു ദിവസം പൂർത്തിയാകാറായപ്പോൾ, ഏ
ഷ്യയിൽ നിന്നുള്ള യഹൂദന്മാർ അവനെ ദൈവാലയത്തിൽ
കണ്ടു. അവർ ജനങ്ങളെ മുഴുവൻ ഇളക്കിവിടുകയും അവനെ
കൈയേററം ചെയ്യുകയും ചെയ്തുകൊണ്ടു വിളിച്ചുപറഞ്ഞു:

28 ഇസ്രായേൽജനമേ സഹായിക്കുവിൻ. എല്ലാ സ്ഥ
ലത്തും എല്ലാവരേയും ജനത്തിനെതിരായും നിയമത്തിനെതി
രായും ഈ സ്ഥലത്തിനെതിരായും പഠിപ്പിക്കുന്ന മനുഷ്യൻ
ഇവനാകുന്നു. മാത്രമല്ല, (ഇവൻ) പുറജാതികളെ ദൈവാല
യത്തിനുള്ളിൽ പ്രവേശിപ്പിക്കുകയും ഈ വിശുദ്ധസ്ഥലത്തെ
അശുദ്ധമാക്കുകയും ചെയ്തിരിക്കുന്നു.

---

*26 അറിവുകൊടുത്തുകൊണ്ട്—ശുദ്ധീകരണദിനങ്ങൾ അവ
സാനിക്കുമ്പോൾ, കാഴ്ചകൾ സമർപ്പിക്കുകയും വ്രതം പൂർത്തിയാക്കി
യെന്നു വിധിക്കുകയും ചെയ്യേണ്ടതു പുരോഹിതന്മാരാണ്. അതുകൊ
ണ്ട്, പൗലോസ് ശുദ്ധീകരണദിനങ്ങൾ അവസാനിക്കുന്ന സമയം
പുരോഹിതന്മാരെ അറിയിക്കുന്നു.

*29 (എന്തുകൊണ്ടെന്നാൽ, എഫേസിയാക്കാരനായ
ത്രോഫിമൂസിനെ അവർ പട്ടണത്തിൽവച്ചു പൗലോസിനോ
ടുകൂടി കാണുകയുണ്ടായി. ഇയാളെ അവൻ ദൈവലയത്തിൽ
പ്രവേശിപ്പിച്ചുവെന്നാണ് അവർ വിചാരിച്ചതു്.)
30 പട്ടണം മുഴുവൻ ഇളകിവശായി; ജനങ്ങളെല്ലാം
ഓടിക്കൂടി. പൗലോസിനെ പിടിച്ചു ദൈവാലയത്തിൽ നിന്നു
വലിച്ചിഴച്ചു പുറത്തുകൊണ്ടുവന്നു; ഉടൻതന്നെ, വാതിലു
കൾ അടയ്ക്കപ്പെടുകയും ചെയ്തു.
*31 അവർ അവനെ കൊല്ലുവാൻ ശ്രമിക്കവേ, ഓർ
ശലം മുഴുവൻ പ്രക്ഷുബ്ധമായിരിക്കുന്നുവെന്ന വിവരത്തെപ്പ
ററി സൈന്യാധിപന് അറിവു ലഭിച്ചു.
32 തൽക്ഷണം, അയാൾ കുറെ പട്ടാളക്കാരോടും ശ
താധിപന്മാരോടും കൂടി അവരുടെ അടുക്കലേക്ക് ഓടി. സൈ
ന്യാധിപനേയും പട്ടാളക്കാരേയും കണ്ടതുകൊണ്ടു് അവർ പി
ന്നീടു പൗലോസിനെ അടിച്ചില്ല.
33 അപ്പോൾ, സൈന്യാധിപൻ അടുത്തുവന്നു് അവ
നെ പിടിച്ചു; രണ്ടു ചങ്ങലകൾകൊണ്ടു് അവനെ ബന്ധി
ക്കുവാൻ കല്പനയും കൊടുത്തു. അവൻ ആരെന്നും എന്താണു
ചെയ്തതെന്നും അയാൾ ചോദിച്ചു.
34 ജനക്കൂട്ടത്തിൽ ചിലർ ഒന്നും ചിലർ മററൊന്നും
വിളിച്ചുപറഞ്ഞു. ബഹളത്തിൻെറ കാരണം ഒന്നുംതന്നെ

---

*29 ദൈവാലയത്തിൽ പ്രവേശിപ്പിച്ചു—വിജാതീയനായ ഒ
രാൾക്ക് ദൈവാലയത്തിൽ പ്രവേശിക്കുവാൻ അനുവാദമില്ല. അവർ
ക്കായി പ്രത്യേകം തിരിച്ചിട്ടുള്ള സ്ഥലത്തു് (court of the gentiles)
മാത്രമേ പ്രവേശിക്കാവൂ.

*31 സൈന്യാധിപൻ—ഇദ്ദേഹം യൂദയായിലേ ഗവർണ്ണറു
ടെ പ്രതിനിധിയായി ഓർശലത്തു താമസിച്ചിരുന്നയാളാണ്. ഏതു
വിപ്ലവത്തേയും നേരിടാൻ ഒരു ഗണം പട്ടാളം എപ്പോഴും അദ്ദേഹ
ത്തിൻെറ കീഴിലുണ്ടായിരിക്കും.

തീർച്ചയായി അറിയാൻ കഴിയാതെവന്നതിനാൽ, അവനെ പാളയത്തിലേക്ക കൊണ്ടുപോകുവാൻ അയാൾ കല്പിച്ചു.

*35 അവൻ നടകളുടെ സമീപമെത്തിയപ്പോൾ, ജനങ്ങളുടെ തള്ളിക്കയററം നിമിത്തം പടയാളികൾ അവനെ എടുക്കേണ്ടതായിവന്നു.

36 എന്തുകൊണ്ടെന്നാൽ, 'അവനെ നശിപ്പിക്കുക' എന്നു വിളിച്ചു പറഞ്ഞുകൊണ്ടു ജനക്കൂട്ടം പിൻതുടർന്നിരുന്നു.

37 തന്നെ പാളയത്തിൽ പ്രവേശിപ്പിക്കാറായപ്പോൾ, പൗലോസ് സൈന്യാധിപനോടു ചോദിച്ചു: നിന്നോട് അല്പം സംസാരിക്കുവാൻ എന്നെ അനുവദിക്കുമോ? അപ്പോൾ, അവൻ ചോദിച്ചു: നിനക്കു ഗ്രീക്കു സംസാരിക്കാൻ കഴിയുമോ?

*38 ഈ ദിവസങ്ങൾക്കു മുൻപ് ഒരു ബഹളമുണ്ടാക്കുകയും ഘാതകന്മാരായ നാലായിരം പേരെ മരുഭൂമിയിലേക്കു നയിക്കുകയും ചെയ്ത ആ എജീപ്തുകാരനല്ലേ നീ?

39 അപ്പോൾ, പൗലോസ് അവനോടു പറഞ്ഞു: ഞാൻ ഒരു യഹൂദനാണ്; ചിലീച്ചിയായിൽ ഒട്ടും അപ്രധാനമല്ലാത്ത നഗരമായ താർസൂസിലെ ഒരു പൗരൻ. ജനങ്ങളോടു സം

---

*35 നടകൾ—ദൈവാലയത്തിൽ നിന്നു പാള്യത്തിലേക്കുള്ള (Tower of Antonia) നടപ്പാത.

*38 എജീപ്തുകാരൻ—എജീപ്തുകാരനായ ഈ യഹൂദൻ ഓർശലത്തുവന്ന്, ഒരു പ്രവാചകനെന്നു നടിച്ചുകൊണ്ട്, ആയിരക്കണക്കിനു ജനങ്ങളെ വശീകരിക്കുകയും റോമാക്കാർക്കെതിരായി അവരെ വിപ്ലവത്തിനൊരുക്കുകയും ചെയ്തു. ഓർശലത്തിൻെറ സുശക്തമായ പ്രാകാരത്തെ നിലംപതിപ്പിക്കുവാൻ തൻെറ ഒരൊററ വാക്കു മതിയാകുമെന്ന് അയാൾ വീരവാദം മുഴക്കി. എന്നാൽ, റോമൻഗവർണ്ണരായ ഫെലിക്സ് പട്ടാളക്കാരെ അയച്ച് അയാളേയും അനുചരന്മാരേയും ചിതറിച്ചു.

സാരിക്കുവാൻ എന്നെ അനുവദിക്കണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു.

*40 അയാൾ അനുവാദം കൊടുത്തപ്പോൾ, പൗലോസ് നടയിൽ നിന്നുകൊണ്ടു ജനങ്ങളോടു (മൗനമായിരിക്കുവാൻ) കൈകൊണ്ട് ആംഗ്യം കാണിച്ചു. അപ്പോൾ, വലിയ നിശ്ശബ്ദത ഉളവാകുകയും അവൻ അവരോട് എബ്രായഭാഷയിൽ ഇപ്രകാരം സംസാരിക്കുകയും ചെയ്തു.

# അധ്യായം 22

പൗലോസ് തൻെറ മാനസാന്തരചരിത്രം ജനങ്ങളോടു വിവരിക്കുന്നു. റോമൻപൗരനുള്ള അവകാശം ഉന്നയിച്ച് അടിശിക്ഷയിൽനിന്നു രക്ഷപ്രാപിക്കുന്നു.

1 സഹോദരന്മാരേ, പിതാക്കന്മാരേ, എനിക്കു പറയാനുള്ള സമാധാനം കേട്ടാലും.

2 (അവൻ എബ്രായഭാഷയിൽ സംസാരിക്കുന്നതു കേട്ടപ്പോൾ, അവർ കൂടുതൽ നിശ്ശബ്ദത പാലിച്ചു.)

*3 അപ്പോൾ അവൻ പറഞ്ഞു: ഞാൻ ഒരു യഹൂദനാണ്; ചിലിീച്ചിയായിലുള്ള താർസൂസിൽ ഞാൻ ജനിച്ചു.

*40 അന്നത്തെ സംസാരഭാഷയായ 'അരാമായ' ആയിരിക്കണം എബ്രായ എന്നിവിടെ പറയുന്നത്.

*3 ഗമാലിയേൽ—അധ്യാ. 5: വാക്യം 34 കാണുക.

എന്നാൽ, ഈ പട്ടണത്തിൽ ഗമാലിയേലിൻെറ പാദത്തി
ങ്കൽ ഞാൻ വളർത്തപ്പെട്ടുകയും പിതാക്കന്മാരുടെ നിയമങ്ങ
ളുടെ സത്യത്തിൽ അഭ്യസിപ്പിക്കപ്പെട്ടുകയും ചെയ്തു. നിങ്ങ
ളെല്ലാവരും ഇന്ന് ഏതു പ്രകാരമോ അപ്രകാരം, നിയമ
ത്തിൽ ഞാനും തീക്ഷ്ണതയുള്ളവനാണ്.

4 പുരുഷന്മാരേയും സ്ത്രീകളേയും ബന്ധിച്ചു കാരാഗ്ര
ഹത്തിൽ ഏല്പിച്ചുകൊണ്ട്, ഈ (പുതിയ) മാർഗ്ഗത്തെ നശി
പ്പിക്കവാൻതക്കവണ്ണം ഞാൻ അവരെ പീഡിപ്പിച്ചു.

5 പ്രധാനാചാര്യനും മൂപ്പന്മാരെല്ലാവരും ഇതിന് എ
നിക്ക സാക്ഷികളാണ്. അവരിൽനിന്ന ഞാൻ സഹോദര
ന്മാർക്ക് എഴുത്തുകൾ വാങ്ങിക്കൊണ്ട്, അവരെ (ക്രിസ്ത്യാനി
കളെ) ശിക്ഷിക്കുവാനായി ഡമസ്ക്കോസിൽനിന്ന് അവരെ
ബന്ധിച്ച് ഓർശ്ലേമിലേക്ക കൊണ്ടുവരുവാൻ അവിടേക്ക
പോയി.

6 എന്നാൽ, ഞാൻ യാത്രചെയ്തു ഡമസ്ക്കോസ്
സമീപിക്കാറായപ്പോൾ, മദ്ധ്യാഹ്നത്തിൽ പെട്ടെന്ന് ഒരു വലി
യ പ്രകാശം ആകാശത്തിൽനിന്ന് എനിക്ക ചുററും വീശി.

7 ഞാൻ നിലത്തു വീണു; 'സാവൂൾ, സാവൂൾ, നീ എ
ന്നെ പീഡിപ്പിക്കുന്നതെന്തിന്' എന്ന് എന്നോടു സംസാരി
ക്കുന്ന ഒരു സ്വരവും ഞാൻ കേട്ടു.

8 അപ്പോൾ, ഞാൻ പ്രത്യുത്തരിച്ചു. കർത്താവേ, അങ്ങ്
ആരാണ്? അവിടുന്ന് എന്നോടു പറഞ്ഞു: നീ പീഡിപ്പിക്കു
ന്ന ഈശോയാണു ഞാൻ.

9 എന്നോടുകൂടിയുണ്ടായിരുന്നവർ ആ പ്രകാശം ക
ണ്ടു; എന്നാൽ, എന്നോടു സംസാരിച്ചവൻെറ സ്വരം അ
വർ കേട്ടില്ല.

10 അപ്പോൾ ഞാൻ ചോദിച്ചു: കർത്താവേ, ഞാൻ
എന്തു ചെയ്യണം? കർത്താവ് എന്നോടു പറഞ്ഞു: എഴുന്നേററു

ഡമസ്ക്കോസിലേക്കു പോകുക. നീ ചെയ്യേണ്ടവയെക്കുറി ച്ചെല്ലാം അവിടെ നിന്നോടു പറയപ്പെടും.

11 ആ പ്രകാശത്തിൻെറ ദീപ്തി നിമിത്തം എൻെറ കാഴ്ച നശിച്ചിരുന്നതിനാൽ, സഹചരന്മാരാൽ കൈക്കു പി ടിച്ചു നയിക്കപ്പെട്ട്, ഞാൻ ഡമസ്ക്കോസിൽ വന്നു.

12 അവിടെ വസിച്ചിരുന്ന യഹൂദന്മാരെല്ലാവരും സാ ക്ഷ്യം നല്കിയിരുന്നതുപോലെ നിയമങ്ങൾ അനുസരിച്ചി രുന്ന ഒരു അനനിയാസ്,

13 എൻെറ പക്കൽവന്നുനിന്ന് എന്നോടു പറഞ്ഞു: സഹോദരാ, സാവൂൾ, ഇങ്ങോട്ടു നോക്കൂ. ഞാൻ ഉടൻതന്നെ അവൻെറ നേരെ നോക്കി.

14 അപ്പോൾ അവൻ പറഞ്ഞു: തൻെറ അഭീഷ്ടം ഗ്ര ഹിക്കുന്നതിനും നീതിമാനെ ദർശിക്കുന്നതിനും അവൻെറ അധരത്തിൽനിന്നുള്ള സ്വരം ശ്രവിക്കുന്നതിനും നമ്മുടെ പി താക്കന്മാരുടെ ദൈവം നിന്നെ മുൻകൂട്ടി തെരഞ്ഞെടുത്തിരി ക്കുന്നു.

15 എന്തുകൊണ്ടെന്നാൽ, നീ കാണുകയും കേൾക്കു കയും ചെയ്തവയ്ക്കു സകലരുടേയും മുൻപാകെ നീ അവന്നു സാക്ഷിയായിരിക്കണം.

16 എന്തിനു നീ താമസം വരുത്തുന്നു? വന്ന് അവ ൻെറ നാമം വിളിച്ച് അപേക്ഷിച്ചു ജ്ഞാനസ്നാനം സ്വീക രിക്കുക. അങ്ങനെ, നിൻെറ പാപങ്ങൾ കഴുകിക്കളയുകയും ചെയ്യുക.

17 പിന്നീട്, ഞാൻ വീണ്ടും ഓർശ്ലേത്തു വന്നു ദൈ വാലയത്തിൽ പ്രാർത്ഥിക്കുകയിൽ എനിക്ക് ഒരു ദർശന മുണ്ടായി.

18 അവിടുന്ന് എന്നോടു സംസാരിക്കുന്നതായി ഞാൻ കണ്ടു: സമയം കളയാതെ നീ വേഗം ഓർശ്ലേത്തുനിന്നു

പുറത്തുപോകുക. എന്തുകൊണ്ടെന്നാൽ, എന്നെക്കുറിച്ചുള്ള
നിന്റെ സാക്ഷ്യം അവർ സ്വീകരിക്കുകയില്ല.

19 അപ്പോൾ ഞാൻ പറഞ്ഞു: നാഥാ, അവർക്കറി
യാമല്ലോ, അങ്ങിൽ വിശ്വസിച്ചവരെ ഞാൻ ജയിലിൽ അ
ടയ്ക്കുകയും സിനഗോഗുകൾതോറും മർദ്ദിക്കുകയും ചെയ്തിരു
ന്നുവെന്ന്.

20 അങ്ങേ വേദസാക്ഷിയായ എസ്തപ്പാനോസിന്റെ
രക്തം ചൊരിയപ്പെട്ടപ്പോൾ ഞാൻ സമീപെ നിന്ന് അതി
ന സമ്മതം നല്കി: ഞാൻ അവനെ വധിച്ചവരുടെ വസ്ത്ര
ങ്ങൾ സൂക്ഷിക്കുകയും ചെയ്തു.

21 അപ്പോൾ, അവിടുന്ന എന്നോട പറഞ്ഞു: പോകു
ക, എന്തുകൊണ്ടെന്നാൽ, വിദൂരത്തിൽ പുറജാതികളുടെ പ
ക്കലേക്ക നിന്നെ ഞാൻ അയയ്ക്കും.

22 ഇത്രയും പറഞ്ഞതുവരെ അവർ കേട്ടിരുന്നു. പെ
ട്ടെന്നു സ്വരമുയർത്തി അവർ വിളിച്ചുപറഞ്ഞു: ഭൂമുഖത്തുനി
ന്ന് ഇത്തരക്കാരനെ കൊണ്ടുപോകുക. എന്തുകൊണ്ടെന്നാൽ,
ഇവൻ ജീവിച്ചിരിക്കുക ഉചിതമല്ല.

23 ഇങ്ങനെ, അട്ടഹസിച്ചുകൊണ്ട് അവർ തങ്ങളു
ടെ മേൽവസ്ത്രങ്ങൾ ഊരിയെറിയുകയും അന്തരീക്ഷത്തിലേക്ക
പൂഴിവാരി വിതറുകയും ചെയ്തു.

24 അപ്പോൾ, അവർ അവനെതിരായി ഇപ്രകാരം
ആക്രോശിക്കുവാൻ ഉണ്ടായ കാരണം എന്തെന്നറിയുന്നതി
നായി അവനെ പാളയത്തിലേക്ക കൊണ്ടുവരുന്നതിനും അ
ടിച്ചു ദോഷോപദ്രവം ഏല്പിക്കുന്നതിനും സൈന്യാധിപൻ
ആജ്ഞാപിച്ചു.

*25 അവർ അവനെ കയറുകൊണ്ടു ബന്ധിച്ചപ്പോൾ,

---

*25 'അടിക്കുക ന്യായമാണോ'—അദ്ധ്യാ. 16: വാക്യം. 37 കാ
ണുക.

പൗലോസ് സമീപത്തു നിന്നിരുന്ന ശതാധിപനോട്: വിധി
ക്കപ്പെടാത്തവനും റോമൻ പൗരനുമായ ഒരുത്തനെ ചമ്മട്ടി
കൊണ്ടു് അടിക്കുക നിങ്ങൾക്കു ന്യായമാണോ എന്നു ചോ
ദിച്ചു.
26 ശതാധിപൻ ഇതുകേട്ടപ്പോൾ, സൈന്യാധിപ
ന്റെ പക്കൽ ചെന്ന് അവനോടു ചോദിച്ചു: അങ്ങ് എന്താ
ണു ചെയ്യാൻപോകുന്നതു്? ഈ മനുഷ്യൻ ഒരു റോമൻ
പൗരനാണല്ലോ!
27 സൈന്യാധിപൻ വന്ന് അവനോടു ചോദിച്ചു: നീ
ഒരു റോമൻപൗരനാണോ? എന്നോടു പറയുക. അതേ, എന്ന്
അദ്ദേഹം ഉത്തരം നല്കി.
*28 സൈന്യാധിപൻ പറഞ്ഞു: ഞാൻ വളരെ പ
ണം കൊടുത്താണു ഈ പൗരത്വം സമ്പാദിച്ചതു്. അതിനു
പൗലോസ് മറുപടി പറഞ്ഞു: ഞാനോ അങ്ങനെ ജനിച്ചവ
നാണു്.
29 ആകയാൽ, അവനെ മർദ്ദിക്കുവാൻ ഒരുങ്ങിയിരു
ന്നവർ ഉടനെ അവനിൽനിന്നകന്നുപോയി. അവൻ റോ
മൻപൗരനാണെന്നു ഗ്രഹിച്ചപ്പോൾ, അവനെ ബന്ധിച്ചതി
നെക്കുറിച്ചു സൈന്യാധിപനും ഭയപ്പെട്ടു.
30 പിറേറദിവസം, എന്തു കാരണത്താലാണു യൂദ
ന്മാർ അവനിൽ കുററമാരോപിച്ചതു് എന്നു വ്യക്തമായി അ
റിയുവാൻ, സൈന്യാധിപൻ അവന്റെ ബന്ധനം നീക്കിയ
ശേഷം, പുരോഹിതന്മാരും സംഘം മുഴുവനും ഒരുമിച്ചുകൂടു
വാൻ കല്പിച്ചു. അനന്തരം, പൗലോസിനെ കൊണ്ടുവന്ന് അ
വരുടെ മുൻപിൽ നിറുത്തി.

---

*28 പൗരത്വം സമ്പാദിച്ചതു്—ഒരു നിശ്ചിതസംഖ്യ സ്വീകരിച്ചുകൊണ്ടു് ഒരാൾക്കു റോമൻപൗരത്വം നല്കുവാൻ ചക്രവർത്തി സംസ്ഥാനങ്ങളുടെ ഗവർണ്ണർമാക്കു് അനുവാദം നല്കിയിരുന്നു.

# അധ്യായം 23

**പൗലോസ് സെൻഹദ്രിൻെറ മുൻപാകെ**
**വിസ്തരിക്കപ്പെടുന്നു; യഹൂദരുടെ ഗൂഢാലോചന**
**വെളിപ്പെട്ടതിനാൽ അദ്ദേഹം കേസറിയാ**
**യിലേക്ക് അയയ്ക്കപ്പെടുന്നു.**

1 പൗലോസ് സംഘത്തെ നോക്കിക്കൊണ്ടു പറഞ്ഞു:
സഹോദരന്മാരേ, ഇന്നുവരെ ഞാൻ ദൈവത്തിൻെറ മുൻപാ
കെ നിർമ്മലമായ മനഃസാക്ഷിയോടെയാണു വ്യാപരിച്ചി
ട്ടുള്ളതു്.
2 അപ്പോൾ, പ്രധാനാചാര്യനായ അനനിയാസ്, അ
ടുത്തു നിന്നവരോട് അവൻെറ കന്നത്തടിക്കാൻ കല്പിച്ചു.
*3 പൗലോസ് ഉടൻ പറഞ്ഞു: വെള്ളപൂശിയ
മതിലേ, ദൈവം നിന്നെ അടിക്കും, എന്തുകൊണ്ടെ
ന്നാൽ, നീ (ഇവിടെ) ഇരിക്കുന്നതു് നിയമപ്രകാരം എന്നെ
വിധിക്കുവാനായിരിക്കേ, നിയമവിരുദ്ധമായി എന്നെ അടി
ക്കുവാൻ കല്പിക്കുന്നോ?
4 ദൈവത്തിൻെറ പ്രധാനാചാര്യനെ നീ അധിക്ഷേ
പിക്കുന്നോ? സമീപത്തു നിന്നിരുന്നവർ ചോദിച്ചു.

---

*3 ദൈവം നിന്നെ അടിക്കും—**A.D.** 66-ൽ അനനിയാസ് വധിക്കപ്പെട്ടപ്പോൾ, ഈ പ്രവചനം നിറവേറി.

*5 സഹോദരന്മാരേ, അദ്ദേഹം പ്രധാനാചാര്യനാണെന്നു ഞാനറിഞ്ഞില്ല. എന്തുകൊണ്ടെന്നാൽ, 'നിൻെറ ജനത്തിൻെറ അധിപനെക്കുറിച്ചു തിന്മ സംസാരിക്കരുത്' എന്നെഴുതപ്പെട്ടിരിക്കുന്നു എന്നു പൗലോസ് പ്രത്യുത്തരിച്ചു.

*6 ഒരു വിഭാഗം സദ്ദുച്ചേയരും മററത് ഫരിസേയരുമാണെന്നറിഞ്ഞ്, പൗലോസ് അപ്പോഠം വിളിച്ചുപറഞ്ഞു: സഹോദരന്മാരേ, ഞാനൊരു ഫരിസേയനാണ്; ഒരു ഫരിസേയപുത്രനുമാണ്. മരിച്ചവരുടെ ഉയിർപ്പും പ്രത്യാശയും സംബന്ധിച്ചാണല്ലൊ ഞാൻ വിസ്തരിക്കപ്പെടുന്നത്.

7 അവൻ ഇങ്ങനെ പറഞ്ഞപ്പോഠം, ഫരിസേയരുടേയും സദ്ദുച്ചേയരുടേയും ഇടയിൽ ഒരു തക്കമുണ്ടായി; ജനസംഘം രണ്ടുചേരിയായി തിരിഞ്ഞു.

8 എന്തുകൊണ്ടെന്നാൽ, സദ്ദുച്ചേയർ പറയുന്നു: ഉയിർപ്പും മാലാഖയും അരൂപിയും ഇല്ലെന്ന്. ഫരിസേയരാകട്ടെ, രണ്ടിലും വിശ്വസിക്കുന്നു.

9 അങ്ങനെ, അവിടെ വലിയ ബഹളമുണ്ടായി. അപ്പോഠം ഫരിസേയരിൽ ചിലർ എഴുന്നേററ്, ഇവനിൽ ഞങ്ങഠം കുററമൊന്നും കാണുന്നില്ല; അരൂപിയോ മാലാഖയോ അവനോടു സംസാരിച്ചെങ്കിലെന്ത്? എന്നു പ്രസ്താവിച്ചു.

---

*5 ഞാനറിഞ്ഞില്ല—പ്രധാനപുരോഹിതൻ നിയമപരമായി പ്രവത്തിക്കാഞ്ഞതിനാൽ, പൗലോസ് വ്യാജോക്തിയായി സംസാരിക്കുകയായിരുന്നെന്നു ചിലരും, പുരോഹിതൻ തൻെറ ഔദ്യോഗികവേഷത്തിലല്ലായിരുന്നതിനാൽ, പൗലോസ് അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ലെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു.

*6 ഫരിസേയർ—ഇവർ മൂശയുടെ നിയമങ്ങളെ നിഷ്കൃഷ്ടമായി അനുസരിച്ചിരുന്നവരും, മരിച്ചവരുടെ ഉത്ഥാനത്തിലും മരണാനന്തരജീവിതത്തിലും വിശ്വസിച്ചിരുന്നവരുമാണ്. സദ്ദുച്ചേയർ—അധ്യാ. 5: വാക്യം. 17 കാണുക.

10 വലിയ തക്കമുണ്ടായപ്പോൾ, പൗലോസിനെ അവർ ചിന്തിക്കീറിയേക്കുമെന്നു ഭയപ്പെട്ടു്, സൈന്യാധിപൻ ഭടന്മാരോടു്, ഇറങ്ങിച്ചെന്നു് അവനെ അവരുടെയിടയിൽനിന്നു ബലമായി പിടിച്ചു പാളയത്തിലേക്കു കൊണ്ടുപോകുവാൻ കല്പിച്ചു.

11 രാത്രിയായപ്പോൾ കർത്താവു് അവന്റെ സമീപത്തു വന്നു പറഞ്ഞു: ധൈര്യമായിരിക്കുക. എന്തുകൊണ്ടെന്നാൽ, നീ ഓർശലത്തു് എനിക്കു സാക്ഷ്യംവഹിച്ചതുപോലെ റോമായിലും സാക്ഷ്യംവഹിക്കണം.

12 പ്രഭാതമായപ്പോൾ, ഏതാനും യഹൂദന്മാർ ഒന്നിച്ചുകൂടി, പൗലോസിനെ വധിച്ചതിനുശേഷമല്ലാതെ തങ്ങൾ ഭക്ഷിക്കുകയോ പാനംചെയ്യുകയോ ഇല്ലെന്നു ശപഥം ചെയ്തു.

13 ഈ ശപഥംചെയ്തവർ നാല്പതിൽപരമുണ്ടായിരുന്നു.

14 അവർ പ്രധാനപുരോഹിതന്മാരെയും മൂപ്പന്മാരെയും സമീപിച്ചു പറഞ്ഞു: പൗലോസിനെ വധിച്ചതിനുശേഷമല്ലാതെ യാതൊന്നും ഭക്ഷിക്കുകയില്ല എന്നു ഞങ്ങൾ ഉഗ്രശപഥം ചെയ്തിട്ടുണ്ടു്.

15 അതിനാൽ, അവനെപ്പററി കൂടുതൽ വ്യക്തമായി അറിയാനുണ്ടെന്ന ഭാവത്തിൽ, അവനെ നിങ്ങളുടെ പക്കൽ കൊണ്ടുവരണമെന്നു സംഘത്തോടൊത്തു നിങ്ങൾ സൈന്യാധിപനെ അറിയിക്കണം. അവൻ ഇവിടെ എത്തുന്നതിനു മുൻപു് അവനെ കൊല്ലുവാൻ ഞങ്ങൾ തയ്യാറാണു്.

16 പൗലോസിന്റെ സഹോദരിയുടെ പുത്രൻ, അവരുടെ ഗൂഢാലോചന കേൾക്കുകയാൽ, വന്നു കൂടാരത്തിൽ പ്രവേശിച്ചു പൗലോസിനെ വിവരം ധരിപ്പിച്ചു.

17 അപ്പോൾ, പൗലോസ് ശതാധിപന്മാരിൽ ഒരുവനെ വിളിച്ചു പറഞ്ഞു: ഈ യുവാവിനെ സൈന്യാധിപന്റെ

പക്കൽ കൊണ്ടുപോകുക. ഇവന്നു് അയാളോട്ടു് എന്തോ പറ
യുവാനുണ്ടു്.
18 അയാൾ അവനെ കൂട്ടിക്കൊണ്ടു സൈന്യാധിപ
ന്റെ പക്കൽച്ചെന്നു പറഞ്ഞു: ഈ യുവാവിന്നു് അങ്ങയോട്ടു്
എന്തോ പറയുവാനുള്ളതിനാൽ ഇവനെ അങ്ങേ പക്കൽ കൊ
ണ്ടുവരണമെന്നു തടവുകാരനായ പൗലോസ് എന്നോട്ടു് ആ
വശ്യപ്പെട്ടു.
19 അപ്പോൾ, സൈന്യാധിപൻ അവനെ കൈക്കുപി
ടിച്ചു തനിയെ കൂട്ടിക്കൊണ്ടുപോയി അവനോടു ചോദിച്ചു: നി
നക്കു് എന്താണു് എന്നോടു പറയുവാനുള്ളതു്?
20 ഉടനെ അവൻ പറഞ്ഞു: തങ്ങൾ പൗലോസി
നെപ്പററി കൂടുതൽ വ്യക്തമായി അറിയാനുണ്ടെന്ന ഭാവ
ത്തിൽ, അവനെ സംഘത്തിന്റെ മുൻപാകെ കൊണ്ടുവരണ
മെന്നു് അങ്ങയോട്ടു് ആവശ്യപ്പെടാൻ യഹൂദന്മാർ തീരുമാനി
ച്ചിരിക്കുന്നു.
21 എന്നാൽ, അങ്ങു് അവരെ വിശ്വസിക്കരുതു്. എന്തു
കൊണ്ടെന്നാൽ, അവരിൽ നാല്പതിൽപ്പരം പേർ അവനുവേ
ണ്ടി പതിയിരിക്കുന്നു. അവനെ വധിച്ചതിനുശേഷമല്ലാതെ,
ഭക്ഷിക്കുകയോ പാനംചെയ്യുകയോ ഇല്ലെന്നു് അവർ ശപ
ഥംചെയ്തിട്ടുണ്ടു്. ഇപ്പോൾ അവർ തയ്യാറായി, അങ്ങിൽനി
ന്നു് ഒരു വാക്കു പ്രതീക്ഷിച്ചു നില്ക്കുന്നു.
22 ഈ കാര്യങ്ങൾ തന്നോടു വെളിപ്പെടുത്തിയെന്നു്
ആരോടും പറയരുതെന്നു കല്പിച്ചിട്ടു്, സൈന്യാധിപൻ ആ
യുവാവിനെ പറഞ്ഞയച്ചു.
23 അനന്തരം, അവൻ രണ്ടു ശതാധിപന്മാരെ വിളി
ച്ചുപറഞ്ഞു: രാത്രി മൂന്നാംമണിക്കു കേസറിയായിലേക്കു പോ
കുവാൻ ഇരുനൂറു കാലാൾപടയാളികളേയും എഴുപതു കുതി
രപ്പടയാളികളേയും ഇരുനൂറു ശൂലധാരികളേയും തയ്യാറാക്കു
വിൻ.

24 പൗലോസിനെ കയററി സുരക്ഷിതനായി ഫെലി
ക്സ് ഗവർണ്ണരുടെ പക്കൽ എത്തിക്കുവാൻ (വാഹന) മൃ
ഗങ്ങളേയും തയ്യാറാക്കുവിൻ.

25 (എന്തുകൊണ്ടെന്നാൽ, യഹൂദന്മാർ അവനെ ബ
ലംപ്രയോഗിച്ചു പിടിച്ചുകൊണ്ടുപോയി കൊല്ലുകയും, പി
ന്നീട്, താൻ കോഴവാങ്ങിയെന്നു അപലപിക്കപ്പെടുകയും,
ചെയ്യുമെന്നു അവൻ ഭയപ്പെട്ടു.) ഇപ്രകാരം ഒരെഴുത്തും അ
വൻ എഴുതി:

26 ക്ലോഡിയസ് പീസിയാസ്, മഹാപ്രതാപവാനാ
യ ഗവർണ്ണർ ഫെലിക്സിനു വന്ദനം പറയുന്നു.

27 യഹൂദന്മാർ ഈ മനുഷ്യനെ പിടിച്ചു കൊല്ലുവാൻ
ഒരുങ്ങിയപ്പോൾ, ഇവൻ ഒരു റോമാക്കാരനാണെന്ന് അറി
ഞ്ഞതിനാൽ, ഞാൻ സൈന്യത്തോടുകൂടിച്ചെന്ന് ഇവനെ ര
ക്ഷപ്പെടുത്തി.

28 ഇവൻെറമേൽ അവർ ചുമത്തിയ കുററം എന്തെ
ന്നറിയുവാൻ ഞാൻ ഇവനെ അവരുടെ സംഘത്തിലേക്കു
കൊണ്ടുവന്നു.

29 അവരുടെ നിയമത്തെസ്സംബന്ധിക്കുന്ന വിഷയ
ങ്ങളിൽ ഇവൻ കുററമാരോപിക്കപ്പെടുന്നുവെന്നു ഞാൻ
കണ്ടു. എന്നാൽ, മരണത്തിനോ ബന്ധനത്തിനോ യോഗ്യമാ
യ യാതൊന്നും ഇവനിൽ ആരോപിച്ചതായി ഞാൻ ക
ണ്ടില്ല.

30 അവർ ഇവനു വിരോധമായി നടത്തിയ ഗൂഢാലോ
ചന എന്നെ അറിയിച്ചപ്പോൾ ഇവനെ ഞാൻ അങ്ങയുടെ
പക്കലേക്ക് അയയ്ക്കുന്നു. അങ്ങയുടെ മുൻപിൽ ന്യായവാദം
ചെയ്തുകൊള്ളുവാൻ അവൻെറ കുററാരോപകന്മാരോടു ഞാൻ
പറയുകയും ചെയ്തിട്ടുണ്ട്. വന്ദനം.

*31 തങ്ങളോടു കല്പിക്കപ്പെട്ടതനുസരിച്ചു ഭടന്മാർ പൗലോസിനെ രാത്രിയിൽ അന്തിപ്പാത്രിസിലേക്കു കൊണ്ടുവന്നു.

32 പിറേറദിവസം അവനെ അനുഗമിക്കുവാൻ കുതിരപ്പടയാളികളെ നിയോഗിച്ചിട്ട്, അവർ പാളയത്തിലേക്ക് മടങ്ങിപ്പോയി.

33 അവർ കേസറിയായിൽ എത്തി, എഴുത്തു ഗവർണ്ണറെ ഏല്പിച്ചു; പൗലോസിനെ അവൻെറ മുൻപിൽ ഹാജരാക്കുകയും ചെയ്തു.

34 അയാൾ അതു വായിച്ചശേഷം, പൗലോസ് ഏതു രാജ്യത്തുനിന്നാണെന്നു ചോദിച്ചു; ചിലീച്ചിയായിൽനിന്നാണെന്നു മനസ്സിലാക്കുകയും ചെയ്തു.

35 നിന്നിൽ കുററമാരോപിച്ചവർ വരുമ്പോൾ നിന്നെ ഞാൻ വിസ്തരിക്കുന്നതാണെന്ന് അവൻ പറഞ്ഞു. അനന്തരം, ഹേറോദേസിൻെറ ന്യായാസനമന്ദിരത്തിൽ അവനെ സൂക്ഷിക്കുവാൻ കല്പിക്കുകയും ചെയ്തു.

---

*31 അന്തിപ്പാത്രിസ്—ഓർശ്ലത്തുനിന്നു ഏകദേശം 42 മൈൽ ദൂരെ സ്ഥിതിചെയ്യുന്ന ഒരു ചെറിയ ഗ്രാമം.

# അധ്യായം 24

## പൗലോസ് ഫെലിക്സിന്റെ മുൻപിൽ തന്റെ നിരപരാധിത്വം വെളിപ്പെടുത്തുകയും അവനോടു സത്യവിശ്വാസം പ്രസംഗിക്കുകയും ചെയ്യുന്നു

1 അഞ്ചു ദിവസത്തിനു ശേഷം, ഏതാനും മൂപ്പന്മാ
രോടും തെർത്തുല്ലൂസ് എന്ന നിയമപണ്ഡിതനോടുംകൂടെ പ്ര
ധാനപുരോഹിതനായ അനനിയാസ് വന്ന്, പൗലോസി
നെതിരായി വാദിക്കുവാൻ ഗവർണ്ണറെ സമീപിച്ചു.

2, 3 പൗലോസിനെ ഹാജരാക്കിയശേഷം തെർത്തു
ല്ലൂസ് അവനെതിരായി ഇങ്ങനെ വാദിക്കുവാൻ ആരംഭിച്ചു:
മഹാപ്രതാപവാനായ ഫെലിക്സേ, അങ്ങയുടെ കീഴിൽ ഞ
ങ്ങൾ പരിപൂർണ്ണസമാധാനത്തിൽ ജീവിക്കുന്നു. അങ്ങയുടെ
ദീർഘദൃഷ്ടിയാൽ വളരെയധികം കാര്യങ്ങൾ നേരെയാകുക
യും ചെയ്തിരിക്കുന്നു. അവ എവിടെയും എപ്പോഴും കൃതജ്ഞതാ
പൂർവ്വം ഞങ്ങൾ സമ്മതിക്കുന്നു.

4 എന്നാൽ, ഞാൻ അങ്ങേക്കു ശല്യകാരണമാകാതി
രിക്കുന്നതിനു ഞങ്ങളുടെ ഈ ചുരുങ്ങിയ വാക്കുകൾ അങ്ങു
കരുണാപൂർവ്വം ശ്രവിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

*5 ഈ മനുഷ്യനെ ഒരു ജനവഞ്ചകനായും ലോകമെ
ങ്ങും യഹൂദരുടെയിടയിൽ കലാപം സൃഷ്ടിക്കുന്നവനായും ഞ
ങ്ങൾ കണ്ടു; കൂടാതെ, ഇവൻ നസ്രായസംഘത്തിൻെറ വി
പ്ലവനേതാവുമാണ്.

6 ദൈവാലയത്തെ അശുദ്ധമാക്കുന്നതിനും ഇവൻ ശ്ര
മിച്ചു. അപ്പോൾ, ഞങ്ങൾ ഇവനെ ബന്ധിക്കുകയും ഞങ്ങളു
ടെ നിയമപ്രകാരം വിസ്തരിക്കുവാൻ ഒരുങ്ങുകയും ചെയ്തു.

7 എന്നാൽ, സൈന്യാധിപനായ ലിസിയാസ് ഞ
ങ്ങൾക്ക് എതിരെ വന്ന്, അവനെ ഞങ്ങളുടെ കരങ്ങളിൽ
നിന്ന ബലം പ്രയോഗിച്ചു പിടിച്ചു കൊണ്ടുപോയി.

8 അവനിൽ കുററം ആരോപിക്കുന്നവരോടു നിൻെറ
പക്കൽ വരുവാൻ അവൻ കല്പിക്കുകയും ചെയ്തു. ഞങ്ങൾ
ഇവനിൽ ആരോപിച്ച കുററങ്ങളെപ്പററി നിനക്കുതന്നെ പ
രിശോധിച്ചു മനസ്സിലാക്കാം.

9 ഈ കാര്യങ്ങളെല്ലാം ഇപ്രകാരംതന്നെയെന്നു യഹൂ
ദന്മാരും കൂടിപ്പറഞ്ഞു.

10 (സംസാരിക്കുവാൻ ഗവർണ്ണർ ആംഗ്യം കാണി
ച്ചപ്പോൾ) പൗലോസ് പറഞ്ഞു: വളരെ കൊല്ലങ്ങളായി ഈ
ജനത്തിൻെറമേൽ നീ ന്യായാധിപനായിരിക്കുന്നുവെന്ന് എ
നിക്കറിയാവുന്നതുകൊണ്ട്, ധൈര്യസമേതം ഞാൻ എന്നെ
ക്കുറിച്ചു സമാധാനം നല്കാം.

11 ഞാൻ ഓർശലത്ത് ആരാധിക്കാൻ പോയിട്ടു വെ
റും പന്ത്രണ്ടു ദിവസങ്ങളേ ആയിട്ടുള്ളുവെന്ന് അറിയാൻ നി
നക്കു കഴിയുമല്ലോ.

12 ദൈവാലയത്തിൽ വച്ച് ആരോടെങ്കിലും തർക്കി

---

*5 നസ്രായസംഘം—ഇപ്രകാരമാണു യഹൂദന്മാർ ക്രിസ്ത്യാ
നികളെ അവജ്ഞാപൂർവ്വം വിളിച്ചിരുന്നത്.

ക്കുന്നതായോ, സിനഗോഗുകളിലോ പട്ടണത്തിലോ വച്ചു ജ
നങ്ങളെ വിളിച്ചുകൂട്ടുന്നതായോ അവർ എന്നെ കണ്ടില്ല.

13 ഇപ്പോൾ അവർ എന്നിൽ ആരോപിക്കുന്ന കുററ
ങ്ങൾ നിൻെറ മുൻപിൽ തെളിയിക്കുവാൻ അവർക്കു കഴിയു
കയുമില്ല.

14 എന്നാൽ, ഇതു നിന്നോടു ഞാൻ സമ്മതിച്ചു പറ
യുന്നു: നിയമത്തിലും പ്രവാചകന്മാരിലും എഴുതപ്പെട്ടിരിക്കു
ന്നവയെല്ലാം വിശ്വസിച്ചുകൊണ്ടുതന്നെ, പിതാവായ എ
ൻെറ ദൈവത്തെ, അവർ പാഷണ്ഡത എന്നു വിളിക്കുന്ന
മാർഗ്ഗത്തിൽ ഞാൻ ശുശ്രൂഷിക്കുന്നു.

15 അവർ തന്നേയും പ്രതീക്ഷിക്കുന്നതുപോലെ, നീതി
മാന്മാർക്കും ദുഷ്ടന്മാർക്കും ഉയിർപ്പുണ്ടാകുമെന്നു ഞാൻ ദൈ
വത്തിൽ ശരണപ്പെടുകയും ചെയ്യുന്നു.

16 ഇതിൽ ദൈവത്തിൻേറയും മനുഷ്യരുടേയും പ
ക്കൽ കുററമില്ലാത്ത ഒരു മനഃസാക്ഷി ഉണ്ടായിരിക്കുവാൻ
ഞാൻ എപ്പോഴും പരിശ്രമിക്കുന്നു.

17 വളരെ കൊല്ലങ്ങൾക്കു ശേഷം, എൻെറ ജനത്തി
ന്നു ദാനധർമ്മങ്ങൾ നല്കുവാനും, നേർച്ചകാഴ്ചകൾ (അ
ർപ്പിക്കുവാനുമായി) ഇപ്പോൾ ഞാൻ വന്നു.

18 ഈ പ്രവൃത്തികളാൽ ദൈവാലയത്തിൽവച്ചു ശു
ദ്ധീകരിക്കപ്പെട്ടവനായിട്ടാണു് എന്നെ കണ്ടതു്; ജനക്കൂട്ടത്തി
ലോ ബഹളത്തിലോ അല്ല.

19 (ബഹളമുണ്ടാക്കിയതു്) ഏഷ്യയിൽ നിന്നുള്ള ഏ
താനും യഹൂദന്മാരാണു്. എനിക്കു് എതിരായി എന്തെങ്കിലും
ആരോപിക്കുവാനുണ്ടെങ്കിൽ അവർ നിൻെറ പക്കൽ വരേണ്ട
തായിരുന്നു.

20 അല്ലെങ്കിൽ, ഈ മനുഷ്യർതന്നെ പറയട്ടേ, ഞാൻ
അവരുടെ സംഘത്തിനു മുൻപിൽ നിന്നപ്പോൾ അവർ എ
ന്നിൽ എന്തെങ്കിലും കുററം കണ്ടോ എന്നു്.

21 മരിച്ചവരുടെ ഉയിർപ്പിനെപ്പററി ഞാൻ ഇന്നു നിങ്ങളാൽ വിധിക്കപ്പെടുന്നു എന്ന വാക്ക് അവരുടെ മദ്ധ്യേ നിന്നുകൊണ്ടു ഞാൻ വിളിച്ചുപറഞ്ഞുവെന്നുമാത്രം.

*22 ഈ മാർഗ്ഗത്തെപ്പററി ഫെലിക്സിനു സ്പഷ്ടമായ അറിവുണ്ടായിരുന്നതിനാൽ, 'ലീസിയാസ് സൈന്യാധിപൻ വരുമ്പോൾ ഞാൻ നിന്നെ കേൾക്കുന്നതാണ്' എന്നു പറഞ്ഞ് അയാൾ അവരെ പിരിച്ചുവിട്ടു.

23 അനന്തരം, സൗകര്യങ്ങൾ നല്കി അവനെ സൂക്ഷിക്കണമെന്നും, അവനെ ശുശ്രൂഷിക്കുന്നതിൽനിന്ന് അവന്റെ സ്നേഹിതരിൽ ആരെയും തടയരുതെന്നും ഒരു ശതാധിപനോട്ട് അവൻ കല്പിച്ചു.

24 കുറച്ചുദിവസങ്ങൾക്കുശേഷം, ഫെലിക്സ് തന്റെ ഭാര്യയും ഒരു യഹൂദയുമായ ദ്രുസില്ലയോടുകൂടിവന്ന്, പൗലോസിനെ വരുത്തി, അവനിൽനിന്ന് ഈശോമിശിഹായിലുള്ള വിശ്വാസത്തെപ്പററി കേട്ടു.

25 അവൻ നീതിയേയും ചാരിത്ര്യത്തേയും വരുവാനിരിക്കുന്ന വിധിയേയും പററി സംസാരിച്ചപ്പോൾ, ഫെലിക്സ് ഭയപ്പെട്ടു പറഞ്ഞു: ഏതായാലും, ഇപ്പോൾ നീ പോകുക. എനിക്കു സൗകര്യം കിട്ടുമ്പോൾ നിന്നെ ഞാൻ വിളിപ്പിക്കാം.

26 പൗലോസിൽനിന്നു കോഴ കിട്ടണമെന്നും അവൻ പ്രതീക്ഷിച്ചു; അതിനുവേണ്ടി പല പ്രാവശ്യം അവന് ആളുവിട്ട്, അവനോടു സംസാരിക്കുകയും ചെയ്തിരുന്നു.

---

*22 ഫെലിക്സിന് .... അറിവുണ്ടായിരുന്നതിനാൽ—ഫെലിക്സ് കേസറിയായിൽ പ്രൊക്കുറേററായിരിക്കവേ, അവിടെയുള്ള ക്രിസ്ത്യാനികളുമായുള്ള സമ്പർക്കത്തിൽനിന്നു ക്രിസ്തീയ പ്രബോധനങ്ങളെക്കുറിച്ചു ധാരാളം കേട്ടിരുന്നു.

27 രണ്ടുകൊല്ലത്തിനു ശേഷം, ഫെലിക്സിൻെറ പിൻഗാമിയായി പോർസിയൂസ് ഫെസ്തുസ് വന്നു. യഹൂദന്മാരോടു പ്രീതി കാണിക്കുവാൻ വേണ്ടി ഫെലിക്സ് പൗലോസിനെ തടവുകാരനായിത്തന്നെ വിട്ടിട്ടു പോയി.

# അധ്യായം 25

പൗലോസ് കേസറിൻെറ പക്കൽ അപ്പീൽ ബോധിപ്പിക്കുന്നു. അഗ്രിപ്പാരാജാവ് അവൻെറ ന്യായങ്ങൾ കേൾക്കുന്നു.

*1 ഫെസ്തുസ് സംസ്ഥാനത്തു വന്ന്, മൂന്നു ദിവസത്തിനു ശേഷം കേസറിയായിൽ നിന്ന് ഓർശലത്തേക്കു പോയി.

2 പ്രധാനാചാര്യന്മാരും യഹൂദപ്രമാണികളും പൗലോസിനെതിരായി അവൻെറ പക്കൽ ചെന്നു ബോധിപ്പിച്ചു:

3 പൗലോസിനെ ഓർശലത്തേക്കു കൊണ്ടുവരുവാൻ കല്പിക്കണമെന്ന് അവനെതിരായി അനുവാദം അപേക്ഷിച്ചു. വഴിമദ്ധ്യേ അവനെ കൊല്ലുവാൻ അവർ പതിയിരുത്തിയിരുന്നു.

4 പൗലോസ് കേസറിയായിൽ സൂക്ഷിക്കപ്പെടുന്നെന്നും, താൻതന്നെ താമസിയാതെ അങ്ങോട്ടു പുറപ്പെടുന്നുണ്ടെന്നും ഫെസ്തുസ് മറുപടി പറഞ്ഞു.

---

*1 സംസ്ഥാനം—യൂദയ.

*5 ആകയാൽ, ആ മനുഷ്യനിൽ എന്തെങ്കിലും കുററ
മുണ്ടെങ്കിൽ, നിങ്ങളിൽ പ്രാപ്തിയുള്ളവർ എന്നോടുകൂടി വന്ന്
അവനിൽ കുററമാരോപിക്കുവിൻ എന്ന് അയാറം നിർദ്ദേ
ശിച്ചു.

6 അവരോടുകൂടി എട്ടോ പത്തോ ദിവസങ്ങറംമാത്രം താ
മസിച്ചതിനു ശേഷം, അവൻ കേസറിയായിലേക്കു പോയി.
അടുത്ത ദിവസം അവൻ ന്യായാസനത്തിലിരുന്ന്, പൗലോ
സിനെ ഹാജരാക്കുവാൻ കല്പിച്ചു.

7 അവനെ ഹാജരാക്കിയപ്പോറം, ഓർശലത്തുനിന്നു
വന്നിരുന്ന യഹൂദന്മാർ, അവനു ചുററും കൂടി അനേകം ഗുരു
തരമായ ആരോപണങ്ങറം ഉന്നയിച്ചു. എന്നാൽ, അവ തെ
ളിയിക്കുവാൻ അവർക്കു കഴിഞ്ഞില്ല.

8 അപ്പോറം, പൗലോസ് ഉത്തരം പറഞ്ഞു: യഹൂദ
രുടെ നിയമത്തിനോ ദൈവാലയത്തിനോ കേസറിനോ എ
തിരായി ഞാൻ ഒരു കുററവും ചെയ്തിട്ടില്ല.

9 ഫെസ്തൂസ് ആകട്ടെ, യഹൂദന്മാരെ പ്രീതിപ്പെടു
ത്തുവാൻവേണ്ടി പൗലോസിനോടു മറുപടി പറഞ്ഞു: ഓർശ
ലത്തേക്കു പോയി, ഈ കാര്യങ്ങളെക്കുറിച്ച് എൻെറ മുൻപാ
കെ വിധിക്കപ്പെടുവാൻ നിനക്കു മനസ്സുണ്ടോ?

10 അപ്പോറം പൗലോസ് പ്രതിവചിച്ചു: ഞാൻ കേ
സറിൻെറ ന്യായാസനത്തിൻ മുൻപാകെയാണു നില്ക്കുന്നത്.
ഇവിടെത്തന്നെ ഞാൻ വിധിക്കപ്പെടണം. നീ നന്നായി അ
റിയുന്നതുപോലെ, യഹൂദന്മാർക്കു ഞാൻ ഒരു ദ്രോഹവും ചെ
യ്തിട്ടില്ല.

*11 എന്തുകൊണ്ടെന്നാൽ, ഞാൻ അവരെ ദ്രോഹിക്കു
കയോ, മരണത്തിന് അർഹമായ എന്തെങ്കിലും പ്രവൃത്തി

*5 പ്രാപ്തിയുള്ളവർ—അധികാരമുള്ളവർ.

*11 കേസർ—നീറോ ചക്രവർത്തി.

ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, മരിക്കുവാൻ ഞാൻ ഒരുക്കമാണ്. എന്നാൽ, അവർ എൻെറമേൽ ആരോപിക്കുന്ന ഈ കാര്യങ്ങൾ ഒന്നും എന്നിൽ ഇല്ലെങ്കിൽ, അവർക്ക് എന്നെ ഏല്പിച്ചുകൊടുക്കുവാൻ ഒരുത്തനും സാധിക്കുകയില്ല. ഞാൻ കേസറിൻെറ പക്കൽ അപ്പീൽ ബോധിപ്പിക്കുന്നു.

12 സംഘവുമായി ആലോചിച്ചശേഷം, ഫെസ്തുസ് പറഞ്ഞു: നീ കേസറിൻെറ പക്കൽ അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടോ? (എങ്കിൽ) കേസറിൻെറ പക്കലേക്കു നീ പോകണം.

*13 കുറെദിവസങ്ങൾക്കുശേഷം, അഗ്രിപ്പാരാജാവും ബർണീസും ഫെസ്തുസിനെ അഭിവാദ്യം ചെയ്യുവാൻ കേസറിയായിലേക്കു വന്നു.

*14 അവർ അവിടെ വളരെദിവസങ്ങൾ താമസിക്കവേ, ഫെസ്തുസ് പൗലോസിനെപ്പററി രാജാവിനോടു പറഞ്ഞു: ഫെലിക്സ് തടവിലിട്ടിട്ടു പോയ ഒരു മനുഷ്യൻ ഇവിടെയുണ്ട്.

---

*13 അഗ്രിപ്പാ, ബെർണീസ്, — അഗ്രിപ്പാ II യൂദായുടെ ഗവർണ്ണറായിരുന്നു. ബെർണീസ് അയാളുടെ സഹോദരിയാണെങ്കിലും രാജാവുമായി പാപജീവിതം നയിച്ചിരുന്നവളാണ്. പുതിയ പ്രൊക്കുറേറററായ ഫെസ്തുസിനു തങ്ങളുടെ ബഹുമാനാദരങ്ങൾ സമർപ്പിക്കുവാനാണ് അവർ വന്നതു്.

*14 ഫെസ്തുസിനു യഹൂദമതത്തേയും ആചാരങ്ങളേയും പററി വലിയ ജ്ഞാനമില്ലാതിരുന്നതിനാൽ, പൗലോസിൻെറമേൽ ആരോപിക്കപ്പെട്ട കുററം അയാൾ ശരിയായി ഗ്രഹിച്ചില്ല. അതുകൊണ്ടു്, എന്തെങ്കിലും കൂടുതൽ ജ്ഞാനം ഇതെപ്പററി ലഭിക്കുമെന്ന പ്രതീക്ഷയോടേയാണ് അയാൾ ഇക്കാര്യം അഗ്രിപ്പാ രാജാവിനെ വിവരിച്ചു കേൾപ്പിക്കുന്നതു്.

കൂടാതെ, വിസ്തരിക്കപ്പെടുവാൻ ഒരു തടങ്കൽപ്പുള്ളിയെ കേസറിൻെറ പക്കലേക്കയയ്ക്കുമ്പോൾ, അയാളുടെമേൽ ആരോപിക്കപ്പെട്ടിരി

15 ഞാൻ ഓർശലത്തായിരുന്നപ്പോൾ, പ്രധാനപു
രോഹിതന്മാരും യഹൂദജനപ്രമാണികളും അവനെസ്സംബന്ധി
ച്ച്, അവനെതിരായി മരണവിധി ആവശ്യപ്പെട്ടുകൊണ്ട് എ
ന്റെ പക്കൽ വന്നു.

16 ഞാൻ അവർക്കു മറുപടി നല്കി: വാദികൾ ഹാ
ജരായിട്ട്, അവരുടെ മുൻപിൽ തനിക്കെതിരായുള്ള ആരോപ
ണങ്ങളെപ്പററി ന്യായവാദം ചെയ്യുവാൻ അവസരം നല്കു
ന്നതിനു മുൻപ് ഒരുവനെ മരണത്തിനു വിധിക്കുക റോമാ
ക്കാർക്കു പതിവില്ല.

17 ആകയാൽ, അവർ അവിടെ വന്നപ്പോൾ, ഒട്ടും
താമസിയാതെ അടുത്ത ദിവസംതന്നെ ഞാൻ ന്യായാസന
ത്തിലിരുന്ന് അവനെ കൊണ്ടുവരുവാൻ കല്പിച്ചു.

18 വാദികൾ എഴുന്നേററിട്ട്, കുററമെന്ന് എനിക്കു
തോന്നത്തക്ക ഒരാരോപണവും അവനെതിരായി ഉന്നയി
ച്ചില്ല.

19 എന്നാൽ, അവനെതിരായി അവർക്കുണ്ടായിരുന്ന
വാദങ്ങൾ തങ്ങളുടെ വിശ്വാസത്തെസ്സംബന്ധിച്ചും, മരിച്ചു
പോയവനും ജീവിച്ചിരിക്കുന്നുവെന്നു പൗലോസ് വാദിക്കു
ന്നവനും ആയ ഏതോ ഈശോയെപ്പററിയുമാണ്.

20 ഈ വാദങ്ങളെപ്പററി എനിക്കു സംശയമുണ്ടായ
തിനാൽ, ഓർശലത്തു പോയി അവിടെ ഈ കാര്യങ്ങളെപ്പ
ററി വിധിക്കപ്പെടുന്നതിനു സമ്മതമാണോ എന്നു ഞാൻ
ചോദിച്ചു.

21 എന്നാൽ, അഗസ്റ്റസിനാൽമാത്രം താൻ വിസ്തരി
ക്കപ്പെടണമെന്നു പൗലോസ് ബോധിപ്പിക്കുകയാൽ, സീസ
റിന്റെ പക്കലേക്ക് അയയ്ക്കുന്നതുവരെ അവനെ സൂക്ഷിക്കാൻ
ഞാൻ കല്പിച്ചു.

---

കുന്ന കുററങ്ങളുടെ ഒരു ഔദ്യോഗികവിശദീകരണം കൂടി ചക്രവർത്തി
ക്കു സമർപ്പിക്കുവാൻ സംസ്ഥാനങ്ങളുടെ അധിപന്മാർക്കു കടമയുണ്ട്.
(വാക്യം 26)

22 അപ്പോൾ അഗ്രിപ്പാ ഫെസ്തുസിനോടു പറഞ്ഞു: ആ മനുഷ്യനെ കേൾക്കുവാൻ എനിക്കും ആഗ്രഹമുണ്ട്. നാളെ നിങ്ങൾക്ക് അവനെ കേൾക്കാം, എന്ന് അയാൾ പ്രതിവചിച്ചു.

23 അടുത്ത ദിവസം അഗ്രിപ്പായും ബർണീസും വലിയ ആഡംബരത്തോടേ വന്ന്, സൈന്യാധിപന്മാരോടും നഗരപ്രമാണികളോടും കൂടി ന്യായാസനമണ്ഡപത്തിൽ പ്രവേശിച്ചു. ഫെസ്തുസിന്റെ ആജ്ഞപ്രകാരം പൗലോസ് കൊണ്ടുവരപ്പെട്ടു.

24 അപ്പോൾ, ഫെസ്തുസ് പറഞ്ഞു: അഗ്രിപ്പാ രാജാവേ, ഞങ്ങളോടുകൂടി ഇവിടെ സന്നിഹിതരായിരിക്കുന്ന ജനങ്ങളേ, മേലിൽ അവൻ ജീവിക്കാൻ അനുവദിക്കരുത് എന്ന് ആരെപ്പററി ഓർശലത്തുവച്ചു യഹൂദജനാവലി എന്റെ പക്കൽ വന്ന് ആവശ്യപ്പെടുകയും ബഹളംകൂട്ടുകയും ചെയ്തുവോ ആ മനുഷ്യനെ നിങ്ങൾ കണ്ടാലും.

25 പക്ഷേ, മരണത്തിനർഹമായ യാതൊന്നും ഇവൻ ചെയ്തതായി ഞാൻ കണ്ടില്ല. എങ്കിലും, ഇവൻതന്നെ അഗസ്തുസിന്റെ പക്കൽ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാൽ, ഇവനെ (അങ്ങോട്ട്) അയയ്ക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുകയാണ്.

26 ഇവനെപ്പററി എന്റെ യജമാനന് എഴുതുവാൻ നിശ്ചിതമായി ഒന്നും എനിക്കില്ല. അക്കാരണത്താൽ, വിസ്തരിച്ചിട്ട്, എന്താണ് എഴുതേണ്ടതെന്ന് അറിയുവാൻ ഞാൻ ഇവനെ നിങ്ങളുടെ പക്കൽ, പ്രത്യേകിച്ച്, അഗ്രിപ്പാരാജാവേ, അങ്ങേപ്പക്കൽ കൊണ്ടുവന്നിരിക്കുന്നു.

27 എന്തുകൊണ്ടെന്നാൽ, ആരോപിക്കപ്പെട്ടിരിക്കുന്ന കുററങ്ങൾ ഏവയെന്നു രേഖപ്പെടുത്താതെ ഒരു തടങ്കൽപ്പുള്ളിയെ അയയ്ക്കുക യുക്തമല്ലെന്ന് എനിക്കു തോന്നുന്നു.

# അദ്ധ്യായം 26

### പൗലോസ് തന്റെ ജീവിതത്തേയും മാനസാന്തരത്തേയും ദൈവവിളിയേയും പററി അഗ്രിപ്പാ രാജാവിനോടു വിവരിക്കുന്നു

1 അപ്പോൾ, അഗ്രിപ്പാ പൗലോസിനോടു പറഞ്ഞു: നിന്നെപ്പററി സംസാരിക്കാൻ നിന്നെ അനുവദിച്ചിരിക്കുന്നു. ഉടനെ, പൗലോസ് കൈയുയർത്തി പ്രതിവാദം ആരംഭിച്ചു.

2 അഗ്രിപ്പാ രാജാവേ, യഹൂദന്മാർ എന്നിൽ ആരോപിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ചെല്ലാം, ഇന്ന് അങ്ങയുടെ മുൻപാകെ സമാധാനം നല്കുന്നതിൽ ഞാൻ ഭാഗ്യവാനെന്നു കരുതുന്നു.

*3 പ്രത്യേകിച്ച്, യഹൂദരുടെ ഇടയിലുള്ള ആചാരങ്ങളും പ്രശ്നങ്ങളും അങ്ങേക്ക് അറിവുണ്ടല്ലോ. അതുകൊണ്ട്, അങ്ങ് എന്നെ ക്ഷമയോടെ കേൾക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

4 ബാല്യംമുതൽ ഓർശലത്ത് എന്റെ ജനത്തിനിടയിൽ യുവത്വംമുതൽ കഴിഞ്ഞ എന്റെ ജീവിതത്തെപ്പററി, യഹൂദർക്കെല്ലാം അറിവുണ്ട്.

---

*3 അങ്ങേക്കറിവുണ്ടല്ലോ—അഗ്രിപ്പാ ഒരു യഹൂദനായിരുന്നതുകൊണ്ട്, അയാൾ മൂശയുടെ നിയമങ്ങളിൽ വിശ്വസിക്കുന്നവനും, യഹൂദാചാരങ്ങളെക്കുറിച്ചു ജ്ഞാനമുള്ളവനുമായിരുന്നു.

5 (അവർ സാക്ഷ്യം നല്കുമെങ്കിൽ) നമ്മുടെ മതത്തിൻെറ ഏററം കർക്കശമായ വിഭാഗമനുസരിച്ച്, ഞാൻ ഒരു ഫരിസേയനായി ജീവിച്ചുവെന്ന് ആദ്യംമുതൽ അവക്കറിയാം.

6 ദൈവം പിതാക്കന്മാരോടു ചെയ്ത വാഗ്ദാനത്തിലുള്ള പ്രത്യാശയെപ്പററി ഞാൻ ഇപ്പോൾ വിസ്താരത്തിനു വിധേയനായി നില്ക്കുന്നു.

*7 അതിൽ ചെന്നെത്തുവാനുള്ള പ്രത്യാശയോടേയാണു നമ്മുടെ പന്ത്രണ്ടു ഗോത്രങ്ങളും രാപകൽ ശുശ്രൂഷചെയ്യുന്നത്. അല്ലയോ രാജാവേ, യഹൂദന്മാർ എൻെറമേൽ കുററം ചുമത്തുന്നത് ആ പ്രത്യാശനിമിത്തമാണ്.

8 ദൈവം മരിച്ചവരെ ഉയിർപ്പിക്കുക എന്നതു് അവിശ്വസനീയമായ കാര്യമെന്ന് എന്തിനു കരുതുന്നു?

9 നസ്രായക്കാരൻ ഈശോയുടെ നാമത്തിനെതിരായി വളരെയൊക്കെ പ്രവത്തിക്കണമെന്നുതന്നെ മുൻപു ഞാനും വിചാരിച്ചിരുന്നു.

*10 ഇതു ഞാൻ ഓർശലത്തു പ്രവത്തിക്കുകതന്നെ ചെയ്തു: പ്രധാനപുരോഹിതന്മാരിൽനിന്ന് അധികാരം സ്വീകരിച്ചുകൊണ്ടു്, അനേകം വിശുദ്ധരെ ഞാൻ തടവിലടച്ചു. അവർ വധിക്കപ്പെട്ടപ്പോൾ ഞാനാണു വിധിവാചകം കൊണ്ടുവന്നതു്.

---

*7 (വാഗ്ദാനത്തിൽ) ചെന്നെത്തുവാനുള്ള പ്രത്യാശ—പഴയ നിയമത്തിൽ ദൈവം ഇസ്രായേൽമക്കളോടു വാഗ്ദാനംചെയ്ത മിശിഹായെ യഹൂദർ അത്യാശയോടേ പ്രതീക്ഷിച്ചിരുന്നുവെന്നു മാത്രമല്ല, അവിടുത്തെ ആഗമനത്തിനായി അവർ പ്രത്യേകബലികളും പ്രാർത്ഥനകളും സമർപ്പിക്കുകകൂടി ചെയ്തിരുന്നു.

*10 വിധിവാചകം കൊണ്ടുവന്നു—ക്രിസ്ത്യാനികളെ വധിക്കുവാനുള്ള വിധിവാചകം ന്യായാധിപന്മാരിൽനിന്നു വാങ്ങിക്കൊണ്ടുവന്ന്, ഘാതകന്മാരെ ഏല്പിച്ചിരുന്നതു് പലപ്പോഴും പൗലോസായിരുന്നു.

11 പലപ്പോഴും സിനഗോഗുകളിലെല്ലാം അവരെ ശിക്ഷിച്ചുകൊണ്ടു്, ദൈവദൂഷണം പറയുന്നതിനു ഞാൻ അവരെ നിർബന്ധിച്ചു. അവർക്കെതിരായി പൂർവ്വാധികം കോപാക്രാന്തനായി ഞാൻ അവരെ അന്യനഗരങ്ങളിൽപ്പോലും പീഡിപ്പിച്ചു.

12 അതിനുവേണ്ടി പ്രധാനപുരോഹിതന്മാരിൽനിന്നു് അധികാരവും അനുവാദവും പ്രാപിച്ചുകൊണ്ടു ഞാൻ ഡമസ്ക്കോസിലേക്കു പോകുമ്പോൾ,

13 അല്ലയോ രാജാവേ, വഴിമദ്ധ്യേ മദ്ധ്യാഹ്നനേരത്തു് ആകാശത്തുനിന്നു സൂര്യന്റേതിനെക്കാൾ ശോഭയുള്ള ഒരു പ്രകാശം ഞാൻ കണ്ടു. എന്റേയും എന്നോടുകൂടിയുണ്ടായിരുന്നവരുടേയും ചുററും അതു പ്രകാശിച്ചു.

14 ഉടനെ, ഞങ്ങളെല്ലാവരും നിലത്തുവീണു. അപ്പോൾ, 'സാവൂൾ, സാവൂൾ, നീ എന്തുകൊണ്ടു് എന്നെ പീഡിപ്പിക്കുന്നു? മുള്ളിന്നെതിരായി ഉതയ്ക്കുന്നതു നിനക്കു കഠിനമാകുന്നു' എന്നു് എബ്രായഭാഷയിൽ എന്നോടു സംസാരിക്കുന്ന ഒരു സ്വരവും ഞാൻ കേട്ടു.

15 ഉടനെ ഞാൻ ചോദിച്ചു: നാഥാ, അങ്ങു് ആരാണു്? അപ്പോൾ കർത്താവു പ്രതിവചിച്ചു: നീ പീഡിപ്പിക്കുന്ന ഈശോയാണു ഞാൻ.

*16 നീ എഴുന്നേററു നില്ക്കുക; എന്തുകൊണ്ടെന്നാൽ, നീ ദർശിച്ചവയ്ക്കും, ഞാൻ പ്രത്യക്ഷപ്പെട്ടു നിനക്കു കാണിച്ചുതരുവാനിരിക്കുന്നവയ്ക്കും നിന്നെ ഒരു ശുശ്രൂഷകനും സാക്ഷിയുമാക്കുന്നതിനുവേണ്ടിയാണു ഞാൻ നിനക്കു പ്രത്യക്ഷനായതു്.

---

*16 പ്രത്യക്ഷപ്പെട്ടു....ഇരിക്കുന്നവ—പൗലോസിനുണ്ടാകുവാനിരുന്ന ഇതര ദർശനങ്ങളെ സൂചിപ്പിക്കുന്നു. (18: 9; 23 11; 2കൊറി. 12: 2)

17 ജനങ്ങളുടേയും ജാതികളുടേയും പക്കലേക്കു നി
ന്നെ ഞാൻ അയയ്ക്കും. അവരിൽനിന്നു നിന്നെ ഞാൻ കാ
ത്തുരക്ഷിക്കും;
18 അതു്, അവർ അന്ധകാരത്തിൽനിന്നു പ്രകാശ
ത്തിലേക്കും സാത്താൻെറ ശക്തിയിൽനിന്നു ദൈവത്തിലേ
ക്കും തിരിക്കപ്പെടുന്നതിനായി അവരുടെ കണ്ണുകൾ തുറക്കു
ന്നതിനും, അങ്ങനെ, എന്നിലുള്ള വിശ്വാസംവഴി അവർ
പാപങ്ങളുടെ മോചനവും വിശുദ്ധരുടെയിടയിൽ ഓഹരി
യും സ്വീകരിക്കുന്നതിനുംവേണ്ടിയാണു്.
19 തന്നിമിത്തം, അഗ്രിപ്പാരാജാവേ, ആ സ്വർഗ്ഗീയ
ദർശനത്തോടു ഞാൻ അവിശ്വസ്തത കാണിച്ചില്ല;
20 പ്രത്യുത, ആദ്യം, ഡമസ്ക്കോസിലും ഒർശ്ലേത്തും ഉ
ള്ളവരോടും യൂദയാരാജ്യം മുഴുവനിലും, പിന്നീടു പുറജാതിക
ളോടും പ്രായശ്ചിത്തം അനുഷ്ഠിക്കണമെന്നും, പ്രായശ്ചിത്ത
ത്തിനനുയോജ്യമായ പ്രവൃത്തികൾ ചെയ്തുകൊണ്ടു ദൈവ
ത്തിലേക്കു തിരിയണമെന്നും ഞാൻ പ്രസംഗിച്ചു.
21 ഇക്കാരണത്താൽ, ഞാൻ ദൈവാലയത്തിലായി
രുന്നപ്പോൾ യഹൂദന്മാർ എന്നെ പിടിച്ചു കൊല്ലുവാൻ ശ്ര
മിച്ചു.
22 ദൈവസഹായത്താൽ സംരക്ഷിതനായി, ചെറിയ
വനും വലിയവനും സാക്ഷ്യം നല്കിക്കൊണ്ടു് ഇന്നോളം
ഞാൻ ജീവിക്കുന്നു. സംഭവിക്കുമെന്നു ദീർഘദർശികളും മോ
ശയും പ്രവചിച്ചവയല്ലാതെ മററൊന്നുംതന്നെ ഞാൻ പറ
ഞ്ഞുമില്ല.
23 അതായതു്, ക്രിസ്തു പീഡസഹിക്കണമെന്നും, മ
രിച്ചവരിൽനിന്നു് ആദ്യം ഉയിർത്തെഴുന്നേല്ക്കുകയും ജനങ്ങൾ
ക്കും പുറജാതികൾക്കും വെളിച്ചം വീശുകയും ചെയ്യേണ്ടവൻ
അവിടുന്നുതന്നെയെന്നും.

*24 അവൻ ഇവ പറഞ്ഞു സമാധാനം ബോധിപ്പിച്ചു
കൊണ്ടിരിക്കെ, ഫെസ്ത്തൂസ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:
പൗലോസേ, നിനക്കു ഭ്രാന്തുപിടിച്ചോ! അമിതജ്ഞാനം നി
ന്നെ ഭ്രാന്തനാക്കിയല്ലോ.

25 അപ്പോൾ, പൗലോസ് പ്രതിവചിച്ചു: മഹാനായ
ഫെസ്ത്തൂസ്, എനിക്കു ഭ്രാന്തില്ല; പിന്നെയോ, സത്യത്തി
ന്റെയും സുബുദ്ധിയുടേയും വാക്കുകളാണു ഞാൻ സംസാരി
ക്കുന്നതു്.

26 എന്തുകൊണ്ടെന്നാൽ, ഇക്കാര്യങ്ങൾ രാജാവിനറിയാം.
അദ്ദേഹത്തോടും ഞാൻ ധൈര്യസമേതം സംസാരിക്കുന്നു.
കാരണം, ഇവയൊന്നും അദ്ദേഹത്തിൽനിന്നു മറയ്ക്കപ്പെട്ടവ
യല്ലെന്നു് എനിക്കുറപ്പുണ്ടു്. ഇവയൊന്നും വല്ല കോണിലും
ചെയ്യപ്പെട്ടതുമല്ലല്ലോ.

27 അല്ലയോ അഗ്രിപ്പാരാജാവേ, അങ്ങു പ്രവാചക
ന്മാരെ വിശ്വസിക്കുന്നുണ്ടോ? അങ്ങു വിശ്വസിക്കുന്നുവെ
ന്നു് എനിക്കറിയാം.

*28 അപ്പോൾ, അഗ്രിപ്പാ പൗലോസിനോടു്: ഒരു ക്രി
സ്ത്യാനിയാകുവാൻ നിസ്സാരസംഗതികൊണ്ടു് എന്നെ നീ
പ്രേരിപ്പിക്കുന്നു.

---

*24 ഭ്രാന്തു പിടിച്ചോ?—പൗലോസ് വിശദമാക്കിയ കാര്യങ്ങ
ളുടെ അലൗകികത്വം ഗ്രഹിക്കുവാൻ കഴിയാത്ത ഫെസ്ത്തൂസ്, പൗ
ലോസിനു ചിത്തഭ്രമം ബാധിച്ചുവോ എന്നു സംശയിക്കുന്നു.

*28 എന്നെ നീ പ്രേരിപ്പിക്കുന്നു—'അല്പസമയംകൊണ്ടു നീ എ
ന്നെ ക്രിസ്ത്യാനിയാക്കുമെന്നു വിചാരിക്കുന്നുവോ' എന്നു ചിലരും, 'ഇ
ത്ര നിസ്സാരമായ തെളിവുകൾകൊണ്ടു നിനക്കെന്നെ ക്രിസ്ത്യാനിയാ
ക്കുവാൻ സാധിക്കുകയില്ല' എന്നു മററു ചിലരും ഇതിനർത്ഥം കല്പിക്കു
ന്നു. പൗലോസ് പറഞ്ഞവയിൽ അഗ്രിപ്പയ്ക്കു വിശ്വാസം ജനിക്കുക
യാൽ, 'മിക്കവാറും ഒരു ക്രിസ്ത്യാനിയാകുവാൻ ഞാൻ നിർബന്ധി

*29 ഉടനെ, പൗലോസ് മറുപടിപറഞ്ഞു: നിസ്സാര
കാര്യംകൊണ്ടാവട്ടെ, ഗുരുതരമായ കാര്യംകൊണ്ടാവട്ടെ,
ദൈവാനുഗ്രഹത്താൽ അങ്ങു മാത്രമല്ല, എന്നെ ഇന്നു കേൾ
ക്കുന്നവരെല്ലാം—ഈ കൈവിലങ്ങുകളുടെ കാര്യമൊഴിച്ച്—
എന്നെപ്പോലെ ആകണമെന്നു ഞാനാഗ്രഹിക്കുന്നു.

30 അപ്പോൾ, രാജാവും ഗവർണ്ണരും ബർണീസും അ
വരോടുകൂടി ഇരുന്നവരും എഴുന്നേററു.

31 അവർ പുറത്തേക്കിറങ്ങിയപ്പോൾ പരസ്പരം പറ
ഞ്ഞു: മരണത്തിനോ ബന്ധനത്തിനോ അർഹമായ യാതൊ
ന്നും ഈ മനുഷ്യൻ ചെയ്തിട്ടില്ല.

32 അഗ്രിപ്പാ ഫെസ്ത്തൂസിനോടു പറഞ്ഞു: ഇവൻ
സീസറിൻെറ പക്കൽ അപ്പീൽ ബോധിപ്പിച്ചില്ലായിരുന്നെ
ങ്കിൽ, ഇവനെ സ്വതന്ത്രനാക്കാമായിരുന്നു.

---

തനാകും' എന്നാണ് അയാൾ പ്രതിവചിച്ചതെന്നും ചിലർ അഭിപ്രാ
യപ്പെടുന്നു.

*29 നിസ്സാരകാര്യം—അർത്ഥശക്തിയില്ലാത്ത തെളിവുകൾ
എന്നത്രേ.

# അധ്യായം 27

## പൗലോസ് റോമായിലേക്ക് അയയ്ക്കപ്പെടുന്നു. യാത്രാമദ്ധ്യേ ഉണ്ടായ കപ്പൽനാശം.

*1 പൗലോസ് ഇററലിയിലേക്കു കപ്പൽ കയറണമെന്നും മററു തടവുകാരോടുകൂടി അവനും 'അഗുസ്താ'സൈന്യവ്യൂഹത്തിലെ ഒരു ശതാധിപനായ ജൂലിയൂസിനു ഭരമേല്പിക്കപ്പെടണമെന്നും നിശ്ചയിച്ചു.

*2 ഏഷ്യൻതീരത്തുകൂടി പോകുവാൻ ഉദ്ദേശിച്ചുകൊണ്ട്, അദ്രമെത്തുമിലെ ഒരു കപ്പലിൽ ഞങ്ങൾ യാത്രയാരംഭിച്ചു. തെസ്സലോണിക്കയിലെ മക്കദോനിയക്കാരനായ അരിസ്താർക്കൂസും ഞങ്ങളുടെകൂടെ വന്നിരുന്നു.

3 അടുത്തദിവസം ഞങ്ങൾ സീദോനിലെത്തി. ജൂലിയൂസ് ഉപചാരപൂർവ്വം പൗലോസിനോടു വർത്തിച്ചിരുന്നതിനാൽ, സ്നേഹിതന്മാരുടെ പക്കൽ പോകുന്നതിനും സ്വന്തം കാര്യങ്ങളിൽ ശ്രദ്ധപതിക്കുന്നതിനും അയാൾ അവനു് അനുവാദം നല്കി.

---

*1 അഗുസ്താ—അഗസ്റ്റസ് ചക്രവർത്തിയുടെ നാമം വഹിക്കുന്ന കുതിരപ്പടയാളികളുടെ ഒരു സമൂഹം.

*2 അദ്രമെത്തും—ആഫ്രിക്കൻ തീരത്തു സ്ഥിതിചെയ്യുന്ന ഒരു പട്ടണം.

4 ഞങ്ങൾ അവിടെനിന്നു പുറപ്പെട്ടപ്പോൾ, കാററു പ്രതികൂലമായിരുന്നതിനാൽ, സൈപ്രസിനു സമീപത്തുകൂടിയാണു യാത്രചെയ്തതു്.

5 സിലിസിയായുടേയും പംഫീലിയായുടേയും കടലിൽക്കൂടി സഞ്ചരിച്ചു്, ഞങ്ങൾ ലിസിയായിലുള്ള ലിസ്ത്രായിൽ വന്നെത്തി.

6 അവിടെ, ഇററലിയിലേക്കു പോകുന്ന അലക്സാൺഡ്രിയായിലെ ഒരു കപ്പൽ കാണുകയാൽ, ശതാധിപൻ ഞങ്ങളെ അതിലേക്കു മാററി.

7 ഞങ്ങൾ വളരെദിവസം സാവധാനം സഞ്ചരിച്ചു്, നീദൂസിനെതിരെ വരാറായപ്പോൾ കാററു് അനുകൂലിക്കാഞ്ഞതിനാൽ, സാൽമോൺവഴി ക്രീററിനു സമീപത്തുകൂടി യാത്ര ചെയ്തു.

*8 അതുവഴി വളരെ ബദ്ധപ്പെട്ടു യാത്രചെയ്തു്, ഞങ്ങൾ തലാസാനഗരത്തിനടുത്തുള്ള 'നല്ലതുറമുഖം' എന്ന സ്ഥലത്തു വന്നുചേർന്നു.

*9 അവിടെ വളരെനാൾ താമസിച്ചു; ഉപവാസകാലവും കഴിഞ്ഞു. അപ്പോൾ യാത്രചെയ്യുക അപകടകരമാണെന്നു പൗലോസ് അവരെ ഉദ്ബോധിപ്പിച്ചുകൊണ്ടു്,

---

*8 നല്ലതുറമുഖം—ക്രീററിൻെറ തെക്കുഭാഗത്തുസ്ഥിതിചെയ്യുന്നതും, കാററിൽനിന്നു സുരക്ഷിതമായി കിടക്കുവാൻ സൗകര്യമുള്ളതുമായ ഒരു തുറമുഖം.

*9 ഉപവാസകാലം—ആചാര്യന്മാരുടെ പുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്ന നോമ്പുകാലത്തെപ്പററിയായിരിക്കണം ഇവിടെ പ്രസ്താവിക്കുന്നതു്. (ആചാര്യ. 16: 29; 23: 27.)

10 അവരോടു പറഞ്ഞു: സഹോദരന്മാരേ, യാത്ര അപകടപൂർണ്ണവും നഷ്ടകരവും ആകുവാൻപോകുന്നുവെന്നു ഞാൻ കാണുന്നു; ചരക്കുകൾക്കും കപ്പലിനും മാത്രമല്ല, നമ്മുടെ ജീവനുപോലും.

11 എന്നാൽ, ശതാധിപൻ പൗലോസിൻെറ വാക്കുകളെക്കാൾ കൂടുതൽ വിശ്വസിച്ചതു നാവികനേയും കപ്പലുടമസ്ഥനേയുമാണ്.

12 വർഷകാലം കഴിച്ചുകൂട്ടുവാൻ സൗകര്യപ്രദമായ ഒരു തുറമുഖമല്ലായിരുന്നു അതു്. ആകയാൽ, വല്ലവിധേനയും ഫെനീസിലെത്തി അവിടെ വർഷകാലം കഴിക്കുവാൻ അങ്ങോട്ടു പുറപ്പെടണമെന്നു ഭൂരിപക്ഷം അഭിപ്രായപ്പെട്ടു. ക്രീററിൽ തെക്കുപടിഞ്ഞാറോട്ടും വടക്കുപടിഞ്ഞാറോട്ടും ദർശനമുള്ള ഒരു തുറമുഖമാണു ഫെനീസ്.

13 തെക്കൻകാററു മന്ദമായി വീശുകയാൽ, തങ്ങളുടെ കാര്യം നേടിയെന്നു കരുതി അവർ നങ്കൂരം എടുത്ത് അസോണിൽനിന്നു ക്രീററിനു സമീപത്തുകൂടെ യാത്രചെയ്തു.

*14 അധികം കഴിഞ്ഞില്ല, യൂറോഅക്വിലോ എന്നു വിളിക്കപ്പെടുന്ന കൊടുങ്കാററ് അതിനെതിരായി അടിച്ചു.

15 കപ്പൽ കാററിൽ അകപ്പെടുകയും കാററിനെതിരെ പിടിച്ചുനില്ക്കാൻ കഴിയാതെവരുകയും ചെയ്തപ്പോൾ, കപ്പൽ കാററിൻെറ വഴിക്കു വിട്ടിട്ട് ഞങ്ങൾ സഞ്ചരിച്ചു.

*16 കാവുദാ എന്നു വിളിക്കപ്പെടുന്ന ദ്വീപിനു സമീ

---

14 യൂറോഅക്വിലോ—വടക്കുകിഴക്കൻ കാററ്.

16 കാവുദാ—ക്രീററിനു ഇരുപത്തഞ്ചു മൈൽ തെക്കു സ്ഥിതിചെയ്യുന്നതും, ഇപ്പോൾ ഗോസോ എന്നു വിളിക്കപ്പെടുന്നതുമായ ദ്വീപ്.

പത്തുകൂടി പാഞ്ഞുപോയപ്പോൾ, വളരെ പണിപ്പെട്ടു ഞ
ങ്ങൾ ഒരു വഞ്ചി കരസ്ഥമാക്കി.

17 അതു പിടിച്ചുകയററി, സാമഗ്രികൾ ഉപയോ
ഗിച്ചു കപ്പലിനോടു ബന്ധിച്ചു. തങ്ങൾ മണൽത്തട്ടിൽ അ
കപ്പെട്ടുമോ എന്നു് ഭയപ്പെട്ടു് അവർ കപ്പൽപ്പായും താഴ്ത്തി.
അങ്ങനെ, അടിച്ചുകൊണ്ടുപോകപ്പെട്ടു.

18 ഞങ്ങൾ കൊടുങ്കാററിൽ ശക്തിയായി അടിച്ചു
ലയ്ക്കപ്പെട്ടുകയാൽ, അടുത്തദിവസം അവർ കപ്പലിൻെറ ഭാരം
കുറച്ചു

19 മൂന്നാം ദിവസം, അവർ സ്വകരങ്ങൾകൊണ്ടുത
ന്നെ കപ്പലിൻെറ ഉപകരണങ്ങളും എറിഞ്ഞുകളഞ്ഞു.

20 വളരെ ദിവസത്തേക്കു സൂര്യനോ നക്ഷത്രങ്ങളോ
കാണപ്പെട്ടില്ല; കൊടുങ്കാററു വീശിക്കൊണ്ടേയിരുന്നു; രക്ഷ
പ്പെടാമെന്നുള്ള ഞങ്ങളുടെ പ്രത്യാശ മുഴുവൻ നശിച്ചു.

21 അവർ വളരെനാൾ ഒന്നും ഭക്ഷിക്കാതിരിക്ക
യാൽ, പൗലോസ് അവരുടെ മദ്ധ്യേ എഴുന്നേററുനിന്നു പറ
ഞ്ഞു: സഹോദരന്മാരേ, നിങ്ങൾ തീർച്ചയായും എന്നെ
കേൾക്കേണ്ടതായിരുന്നു. ക്രീററിൽനിന്നു പുറപ്പെടേണ്ടിയി
രുന്നില്ല. എങ്കിൽ, ഈ അപകടവും നഷ്ടവും വന്നുഭവിക്കയി
ല്ലായിരുന്നു.

22 സന്തോഷമായിരിക്കുവാൻ ഞാൻ നിങ്ങളെ ഉപ
ദേശിക്കുന്നു. കാരണം, നിങ്ങളിൽ ഒരുത്തനുപോലും ജീവാ
പായം സംഭവിക്കുകയില്ല; കപ്പൽ മാത്രമേ നശിക്കുകയുള്ളൂ.

23 എന്തുകൊണ്ടെന്നാൽ, ഞാൻ ആരെ സേവിക്കുക
യും ആരുടേതായിരിക്കുകയും ചെയ്യുന്നുവോ ആ ദൈവത്തി
ൻെറ ദൂതൻ ഈ രാത്രി എൻെറ പക്കൽ വന്നു.

24 പൗലോസേ, ഭയപ്പെടേണ്ടാ. നീ കേസറിൻെറ
പക്കൽ കൊണ്ടുപോകപ്പെടും. ഇതാ, നിന്നോടുകൂടി യാത്ര
ചെയ്യുന്നവരെ എല്ലാം ദൈവം നിനക്കു പ്രദാനംചെയ്തിരിക്കു
ന്നു എന്നു പറഞ്ഞു.

25 ആകയാൽ, സഹോദരന്മാരേ, ധൈര്യമായിരിക്കു
വിൻ. എന്തുകൊണ്ടെന്നാൽ, എന്നോടു പറയപ്പെട്ടതുപോലെ
സംഭവിക്കുമെന്നു ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

26 നമ്മൾ ഒരു ദ്വീപിൽ ചെന്നുചേരുകതന്നെ
ചെയ്യും.

27 എന്നാൽ, പതിനാലാമത്തേ രാത്രിയിൽ, ഞ
ങ്ങൾ അദ്രിയായി(കടലി)ൽ യാത്രചെയ്യവേ, പാതിരാവോട
ടുത്ത് ഏതോ ഒരു രാജ്യം കണ്ടെത്തിയതായി കപ്പൽക്കാർക്കു
തോന്നി.

*28 അവർ ആഴം പരിശോധിച്ചപ്പോൾ, ഇരുപതു
'ഫാതം' എന്നു കണ്ടു; കുറച്ചുകൂടി മുൻപോട്ടു പോയപ്പോൾ
പതിനഞ്ചെന്നും.

29 അപ്പോൾ, വല്ല ദുർഘടസ്ഥലത്തും അകപ്പെട്ടുമോ
എന്നു ഭയന്ന് അവർ അമരത്തുനിന്നു നാലു നങ്കൂരമിട്ടുകൊ
ണ്ട്, പ്രഭാതമാകുവാൻ പ്രതീക്ഷിച്ചു കിടന്നു.

30 കപ്പലിൽനിന്നു രക്ഷപ്പെടുവാൻ ആഗ്രഹിച്ചു
കൊണ്ട്, കപ്പൽക്കാർ കപ്പലിൻെറ മുൻഭാഗത്തുനിന്നു നങ്കൂ
രമിടാനെന്ന ഭാവത്തിൽ വഞ്ചി കടലിലിറക്കി.

31 അപ്പോൾ, പൗലോസ് ശതാധിപനോടും പടയാ
ളികളോടും പറഞ്ഞു: ഇവർ കപ്പലിൽ നില്ക്കുന്നില്ലെങ്കിൽ
നിങ്ങൾക്കു രക്ഷപ്പെടുക സാധ്യമല്ല.

---

*28 ഒരു ഫാതം—ഏകദേശം ആറടി.

32 ഉടനെ, പടയാളികൾ വഞ്ചിയുടെ കയറുകൾ മു
റിച്ച് അതു് വീഴിച്ചുകളഞ്ഞു.

33 നേരം പുലർന്നു തുടങ്ങിയപ്പോൾ, ഭക്ഷണം കഴി
ക്കുവാൻ പൗലോസ് അവരോടെല്ലാം അപേക്ഷിച്ചു. നിങ്ങൾ
ഒന്നും ഭക്ഷിക്കാതെ പട്ടിണികിടന്നു കാത്തിരിക്കാൻതുട
ങ്ങിയിട്ട് ഇന്നു പതിന്നാലു ദിവസമായല്ലോ.

34 അതിനാൽ, നിങ്ങളുടെ ആരോഗ്യത്തെപ്രതി അ
ല്പം വല്ലതും കഴിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. എന്തു
കൊണ്ടെന്നാൽ, നിങ്ങളിൽ ആരുടേയും ഒരു തലമുടിപോലും
നശിക്കാൻപോകുന്നില്ല.

35 ഇവ പറഞ്ഞശേഷം, അവൻ അപ്പമെടുത്തു്, അ
വരെല്ലാവരുടേയും മുൻപാകെ ദൈവത്തിനു സ്തോത്രംചെയ്ത
ശേഷം, അതു മുറിച്ചു ഭക്ഷിക്കുവാൻ തുടങ്ങി.

36 അപ്പോൾ, അവരെല്ലാവരും ഉന്മേഷഭരിതരായി:
അവരും അല്പം ഭക്ഷണം കഴിച്ചു.

37 ആ കപ്പലിൽ ഞങ്ങൾ ആകെ ഇരുന്നൂററിയെഴുപ
ത്താറുപേരുണ്ടായിരുന്നു.

38 അവർ മതിവരെ ഭക്ഷിച്ചശേഷം, കോതമ്പു കട
ലിലേക്ക് എറിഞ്ഞുകൊണ്ടു കപ്പലിൻെറ ഭാരംകുറച്ചു.

39 പ്രഭാതമായപ്പോൾ, ആ സ്ഥലം ഏതെന്ന് അവർ
ക്ക് അറിയാൻ കഴിഞ്ഞില്ല. എന്നാൽ, അവർ ഒരു ചെറിയ
ഉൾക്കടലും അതിൻെറ കരയും കണ്ടു; കഴിയുമെങ്കിൽ, അതി
ലേക്കു കപ്പൽ കയററുവാൻ അവർ ആഗ്രഹിച്ചു.

40 അവർ നങ്കൂരങ്ങൾ ഉയർത്തി ചുക്കാൻെറ കെട്ടുക
ളുമഴിച്ച്, തങ്ങളെത്തന്നെ കടലിൻെറ ഗതിക്കു വിട്ടു. പ്രധാ
ന പായ് കാററിൽ ഉയർത്തിക്കൊണ്ട്, അവർ കരയിലേക്ക്
ഓടിച്ചു.

*41 രണ്ടു കടലുകൾ ഒന്നിക്കുന്ന ഒരു സ്ഥലത്തു ഞ
ങ്ങൾ ചെന്നെത്തിയപ്പോൾ, കപ്പൽ ഓടി തിട്ടയിൽ കയറി,
ഇളകാത്തവിധം മുൻഭാഗം ഷെന്നുറച്ചു. പിൻഭാഗമാകട്ടെ,
തിരമാലകളുടെ ശക്തിയാൽ തകൎന്നുപോയി.

42 തടവുപുള്ളികളിൽ ആരുംതന്നെ നീന്തിക്കയറി,
ഓടിക്കളയാതിരിക്കുന്നതിന് അവരെ കൊല്ലണമെന്നായിരു
ന്നു പടയാളികളുടെ അഭിപ്രായം.

43 എന്നാൽ, ശതാധിപൻ, പൗലോസിനെ രക്ഷി
ക്കണമെന്ന് ആഗ്രഹിച്ചതിനാൽ, അങ്ങനെ ചെയ്യുവാൻ
അനുവദിച്ചില്ല. പ്രത്യുത, നീന്തൽ വശമുള്ളവർ ആദ്യം കട
ലിൽ ചാടി രക്ഷപ്പെട്ടു കരപററണം എന്നു കല്പിച്ചു.

44 ശേഷിച്ചവരിൽ ചിലരെ പലകകളിലും മററു
ചിലരെ കപ്പലിൻെറ അവശിഷ്ടങ്ങളിന്മേലും കയററിക്കൊ
ണ്ടുപോയി. അങ്ങനെ, എല്ലാവരും രക്ഷപ്പെട്ടു കരയിലെത്തി.

——o——

*41 തിട്ടയിൽ—രണ്ടു കടലിൽനിന്നുമുള്ള ഒഴുക്കിൻെറ ഫലമാ
യി ഉയൎന്നുവന്ന ഒരു മണൽത്തിട്ടയാണിതു്.

# അധ്യായം 28

## പൗലോസ് മിലേത്തയിൽ മൂന്നുമാസം താമസിച്ച ശേഷം, യാത്രതുടർന്നു റോമായിലെത്തി. അദ്ദേഹം യഹൂദപ്രമാണികളുമായി നടത്തിയ സംഭാഷണം.

---

***1 അപകടത്തിൽനിന്നു ഞങ്ങൾ രക്ഷപ്പെട്ടപ്പോൾ, ആ ദ്വീപിന്റെ പേരു മിലേത്തയെന്നാണെന്നു ഞങ്ങൾക്കു മനസ്സിലായി. ബർബരന്മാർ ഞങ്ങളോട് അനല്പമായ ഉപചാരം കാണിച്ചു.**

***2 എങ്ങനെയെന്നാൽ, അപ്പോൾ ഉണ്ടായിരുന്ന മഴയും തണുപ്പും കാരണം അവർ തീ കത്തിച്ച് ഞങ്ങൾക്ക് ഉന്മേഷം നല്കി.**

---

*1 മിലേത്താ—(Malta)സിസിലിപ്രോവിൻസിന്റെ ഒരു ഭാഗമാണിതു്. ഫെനീഷ്യന്മാരാണു് ആദ്യമായി ഇവിടെ കുടിയേറിപ്പാർത്തതു്. ഗ്രീക്കുഭാഷയോ ലത്തീൻഭാഷയോ സംസാരിക്കാതെ ഫെനീഷ്യൻഭാഷ സംസാരിച്ചതുകൊണ്ടാണ മിലേത്താ നിവാസികളെ, ബർബരന്മാർ എന്നു വിളിച്ചിരുന്നതു്.

*2 ശരത്ക്കാലം അവസാനിക്കാറായപ്പോഴാണു് ഈ കപ്പലപകടം സംഭവിച്ചതു്.

3 പൗലോസ് ഒരുകെട്ടു ചുള്ളിൽക്കൊമ്പുകൾ ശേഖ
രിച്ചു തീയിലിട്ടപ്പോൾ, ചൂടുകാരണം ഒരു അണലിപ്പാമ്പ്
ഇറങ്ങിവന്നു പൗലോസിൻെറ കൈയിന്മേൽ തൂങ്ങി.

*4 ആ ജീവി അവൻെറ കൈയിന്മേൽ തൂങ്ങിക്കിട
ക്കുന്നതു കണ്ടപ്പോൾ, ബർബ്ബരന്മാർ പരസ്പരം പറഞ്ഞു: തീ
ർച്ചയായും, ഇവൻ ഒരു കൊലപാതകിയാണ്. ഇവൻ കട
ലിൽനിന്നു രക്ഷപ്പെട്ടെങ്കിലും, പ്രതികാരം ഇവനെ ജീവിക്കു
വാൻ അനുവദിക്കുന്നില്ല.

5 അവനാകട്ടെ, അതിനെ കുടഞ്ഞു തീയിലിട്ടു. അവ
ന് ഒരപകടവും പററിയില്ല.

6 എന്നാൽ, അവർ വിചാരിച്ചു, നീരുവീങ്ങി അ
വൻ പെട്ടെന്നു മറിഞ്ഞുവീണു മരിക്കുമെന്ന്. പക്ഷേ, വ
ളരെനേരം കാത്തിരുന്നിട്ടും അവനു യാതൊരപകടവും സംഭ
വിച്ചില്ല എന്നു കണ്ടപ്പോൾ, അവരുടെ, ചിന്താഗതി മാറി,
അവൻ ഒരു ദേവനാണെന്ന് അവർ പറയുകയും ചെയ്തു.

7 ദ്വീപിലെ പ്രധാനിയായ പുബ്ലിയൂസിൻെറ വ
സ്തുക്കൾ ആ പ്രദേശങ്ങളിലായിരുന്നു. അയാൾ ഞങ്ങളെ
സ്വീകരിച്ച്, ഉപചാരപൂർവ്വം മൂന്നു ദിവസത്തേക്ക് ആതി
ഥ്യം നല്കി.

8 പുബ്ലിയൂസിൻെറ പിതാവു പനിയും രക്താതി
സാരവും പിടിപെട്ടു കിടപ്പിലായിരുന്നു. പൗലോസ് അയാ
ളെ സമീപിച്ചു പ്രാർത്ഥിച്ച ശേഷം, അയാളുടെമേൽ കൈ
കൾ വച്ച് അയാളെ സുഖപ്പെടുത്തി.

---

*4 പ്രതികാരം — പ്രതികാരത്തിൻെറ, അഥവാ, നീതിയുടെ ദേവത.

9 ഇതു സംഭവിച്ചപ്പോൾ, ആ ദ്വീപിൽ രോഗമുണ്ടാ
യിരുന്നവരെല്ലാം (അവൻെറ പക്കൽ)വന്നു സുഖംപ്രാപിച്ചു.
10 അനേകം ബഹുമതികൾ കൊണ്ടു് അവർ ]ഞങ്ങ
ളെ ബഹുമാനിച്ചു. ഞങ്ങൾ പുറപ്പെടാറായപ്പോൾ, ആവശ്യ
മുള്ള സാധനങ്ങളും ഞങ്ങൾക്കു നല്കി.

*11 മൂന്നു മാസം കഴിഞ്ഞു്, ഞങ്ങൾ അലക്സാണ്ഡ്റി
യക്കാരുടെ ഒരു കപ്പലിൽ യാത്ര പുറപ്പെട്ടു. കാസ്റ്ററിൻെറ അ
ടയാളമുണ്ടായിരുന്ന ആ കപ്പൽ ആ ദ്വീപിൽ വർഷകാലം
കഴിക്കുകയായിരുന്നു.

12 ഞങ്ങൾ സിറാക്കൂസിൽ എത്തിയപ്പോൾ, അ
വിടെ മൂന്നു ദിവസം താമസിച്ചു.

*13 അനന്തരം, കടൽത്തീരംപററി യാത്രചെയ്തു
ഞങ്ങൾ റേജിയമിൽ എത്തി. ഒരു ദിവസം കഴിഞ്ഞു്, തെ
ക്കൻകാററു വീശുകയാൽ, രണ്ടാം ദിവസം ഞങ്ങൾ പുത്ത
യോലിയിൽ വന്നുചേർന്നു.

14 അവിടെ ഞങ്ങൾ സഹോദരന്മാരെ കണ്ടു. അവ
രോടുകൂടി ഏഴു ദിവസം താമസിക്കുവാൻ (അവർ) ]ഞങ്ങ
ളോടു് അപേക്ഷിക്കുകയും ചെയ്തു. അങ്ങനെ, ഞങ്ങൾ റോ
മയിലേക്കു പോയി.

---

*11 കാസ്റ്റർ—രാശിമണ്ഡലത്തിൽ മിഥുനമാസത്തിൻെറ അടയാളമായി കാണിക്കുന്ന, കാസ്റ്റർ, പൊല്ലക്സ് എന്ന സഹോദരന്മാരുടെ ഛായ. ഇവർ ജൂപ്പിററർ, ലേദാ എന്നീ ദേവതകളുടെ സന്താനങ്ങളാണെന്നു വിശ്വസിക്കപ്പെടുന്നു.

*13 റേജിയം—ഇററലിയുടെ തെക്കേ അററം

*15 സഹോദരന്മാർ ഞങ്ങളെപ്പററി കേട്ടപ്പോൾ, ഞങ്ങളെ സ്വീകരിക്കുവാൻ അവിടെ നിന്ന് അപ്പിയത്തെരുവും ത്രിസത്രവുംവരെ വന്നു. അവരെ കണ്ടപ്പോൾ, പൗലോസ് ദൈവത്തിനു നന്ദിപറയുകയും ധൈര്യം അവലംബിക്കുകയും ചെയ്തു.

*16 ഞങ്ങൾ റോമയിൽ വന്നപ്പോൾ, പൗലോസിനെ സൂക്ഷിച്ചിരുന്ന പടയാളിയോടുകൂടി ഇഷ്ടമുള്ളിടത്തു താമസിക്കുവാൻ അവനു അനുവാദം കിട്ടി.

17 മൂന്നുദിവസത്തിനു ശേഷം, അവൻ യഹൂദപ്രമാണികളെ വിളിച്ചുകൂട്ടി. അവർ ഒന്നിച്ചുകൂടിയപ്പോൾ അവൻ അവരോടു പറഞ്ഞു: സഹോദരന്മാരേ, ജനത്തിനും നമ്മുടെ പിതാക്കന്മാരുടെ പാരമ്പര്യത്തിനും എതിരായി ഞാൻ യാതൊന്നും പ്രവൎത്തിക്കാതിരിക്കെ, ഓർശലത്തുനിന്നു തടവുകാരനായി റോമാക്കാരുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ടു.

---

പുത്തയോളി—നേപ്പിൾസ് ഉൾക്കടലിന്റെ തീരത്തുള്ള ഒരു പട്ടണം.

*15 അപ്പിയത്തെരുവ്—അപ്പിയപ്പാത പണിയിച്ച അപ്പിയൂസ് ക്ലാവുദിയൂസിന്റെ പ്രതിമ സ്ഥാപിച്ചിരുന്നതുകൊണ്ട് ഈ സ്ഥലം 'അപ്പിയോസ് ഫോറസ്' എന്നു വിളിക്കപ്പെടുന്നു. റോമയിൽനിന്നു നാല്പത്തഞ്ചു മൈൽ ദൂരമുണ്ട് ഈ സ്ഥലത്തേക്ക്.

ത്രിസത്രം—റോമയിൽനിന്നു പത്തു മൈൽ അകലെ അപ്പിയപ്പാതയിൽ സ്ഥിതിചെയ്തിരുന്ന ഒരു പട്ടണം.

*16 ഫെസ്തൂസും സഹസ്രാധിപനായ ജൂലിയൂസും പൗലോസിനെപ്പററി ഒരു നല്ല റിപ്പോർട്ടു നല്കിയിരുന്നതിനാൽ, റോമയിൽ സ്വതന്ത്രമായി വ്യാപരിക്കുവാൻ അധികാരികൾ അദ്ദേഹത്തെ അനുവദിച്ചു. എന്നാൽ, ഒരു പടയാളി എപ്പോഴും അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്നു. ഒരു ചങ്ങലകൊണ്ട് അദ്ദേഹത്തിന്റെ വലതുകരം പടയാളിയുടെ ഇടതുകരത്തോടു ബന്ധിച്ചുമിരുന്നു. (വാക്യം 20)

18 അവർ എന്നെ വിസ്തരിച്ചപ്പോൾ മരണാർഹമായ കുററമൊന്നും എന്നിൽ കാണായ്കയാൽ, എന്നെ വിട്ടയയ്ക്കുവാൻ ആഗ്രഹിച്ചു.

19 എന്നാൽ, യഹൂദന്മാർ എതിർത്തതിനാൽ, കെസറിൻെറ പക്കൽ അപ്പീൽ ബോധിപ്പിക്കുവാൻ ഞാൻ നിർബന്ധിതനായി; എൻെറ ജനത്തിനെതിരായി എന്തെങ്കിലും ദോഷാരോപണം ചെയ്യുവാൻ എനിക്ക് ഉണ്ടായിരുന്നതിനാലല്ല.

20 ഇക്കാരണത്താൽ, നിങ്ങളെക്കണ്ടു സംസാരിക്കുവാൻ ഞാൻ ആഗ്രഹിച്ചു. ഈ ചങ്ങലയാൽ ഞാൻ ബന്ധിതനായിരിക്കുന്നതു് ഇസ്രായേലിൻെറ പ്രതീക്ഷയെപ്രതിയാണ്.

*21 അപ്പോൾ, അവർ അവനോടു പറഞ്ഞു: നിന്നെപ്പററി ഞങ്ങൾക്കു യൂദയായിൽനിന്നു യാതൊരെഴുത്തും കിട്ടിയില്ല. ഇവിടെ വന്നിരുന്ന സഹോദരന്മാരിൽ ആരുംതന്നെ നിന്നെപ്പററി ഒരു കുററംപറയുകയോ വിവരിക്കുകയോ ചെയ്തിട്ടുമില്ല.

*22 എങ്കിലും, നീ എന്തു വിചാരിക്കുന്നുവെന്നു കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ മതത്തെസ്സംബന്ധിച്ചിടത്തോളം, ഇതു് എല്ലായിടത്തും എതിർക്കപ്പെടുന്നുവെന്നു ഞങ്ങൾക്കു് അറിയാം.

---

*21 റോമയിലെ യഹൂദന്മാർക്കു പൗലോസിനെതിരായി യാതൊന്നുമില്ലായിരുന്നെന്നു് ഈ വാക്യത്തിൽനിന്നു തെളിയുന്നു.

*22 റോമയിലെ ക്രിസ്ത്യാനികളിലധികവും പേഗൻമതത്തിൽനിന്നു മാനസാന്തരപ്പെട്ടവരായിരുന്നു. അവിടെയുണ്ടായിരുന്ന യഹൂദർക്കു് ഈ പുതിയ മതത്തെപ്പററി വലിയ അറിവില്ലായിരുന്നു.

23 അവർ അവന്ന് ഒരു ദിവസം നിശ്ചയിച്ചതനുസരിച്ച്, അവൻെറ താമസസ്ഥലത്ത് അവൻെറ പക്കൽ അനേകംപേർ വന്നു. അവൻ അവരോടു പ്രഭാതംമുതൽ പ്രദോഷംവരെ, മൂശയുടെ പ്രമാണത്തിൽനിന്നും പ്രവാചകന്മാരിൽനിന്നും വിശദീകരണം നല്കിക്കൊണ്ടു ദൈവരാജ്യത്തെക്കുറിച്ചു സാക്ഷ്യം നല്കി ഈശോയെപ്പററി അവരെ പ്രബോധിപ്പിച്ചു.

24 പറഞ്ഞ സംഗതികൾ ചിലർ വിശ്വസിച്ചു; മററു ചിലർ അവിശ്വസിച്ചു.

25 അവർ തമ്മിൽ യോജിക്കാതെ പിരിഞ്ഞു. അപ്പോൾ, പൗലോസ് ഒരു കാര്യം പറഞ്ഞു: ഏശയ്യാദീർഘദർശിവഴി പരിശുദ്ധാത്മാവു നമ്മുടെ പിതാക്കന്മാരോടു പറഞ്ഞതു ശരിയായിരിക്കുന്നു.

26 അവൻ അരുളിച്ചെയ്തു: ഈ ജനത്തിൻെറപക്കൽ ച്ചെന്ന് അവരോടു പറയുക: നിങ്ങൾ ചെവികൊണ്ടു കേൾക്കും; എന്നാൽ, ഗ്രഹിക്കുകയില്ല. നിങ്ങൾ നിശ്ചയമായും കാണും; എന്നാൽ, തിരിച്ചറിയുകയില്ല.

27 എന്തുകൊണ്ടെന്നാൽ, ഈ ജനത്തിൻെറ ഹൃദയം കാഠിന്യമുള്ളതായിത്തീർന്നിരിക്കുന്നു. തങ്ങളുടെ ചെവികൾകൊണ്ട് അവർ അലസമായി കേട്ടു; തങ്ങളുടെ കണ്ണുകൾ അവർ അടച്ചുകളയുകയും ചെയ്തു. അവർ കണ്ണുകൾകൊണ്ടു കാണുകയും ചെവികൾകൊണ്ടു കേൾക്കുകയും ഹൃദയംകൊണ്ടു ഗ്രഹിക്കുകയും ചെയ്തു മാനസാന്തരപ്പെടാതിരിക്കുന്നതിനും, അങ്ങനെ, ഞാൻ അവരെ സുഖപ്പെടുത്താതിരിക്കേണ്ടതിനുമത്രേ ഇത്.

28 എന്നാൽ, ദൈവത്തിൻെറ ഈ രക്ഷ വിജാതീയർ

ക്ക് അയയ്ക്കപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. അവർ അതു ശ്രവിക്കും.

29 അവൻ ഇതു പറഞ്ഞപ്പോൾ, യഹൂദന്മാർ പരസ്പരം വളരെയധികം തർക്കിച്ചിട്ട്, അവൻെറ പക്കൽനിന്ന് ഇറങ്ങിപ്പോയി.

*30 അവൻ രണ്ടുകൊല്ലം മുഴുവൻ സ്വന്തം വാടകക്കെട്ടിടത്തിൽ താമസിച്ചു. തൻെറ പക്കൽ വന്നവരെ എല്ലാവരേയും അവൻ സ്വീകരിച്ചു.

*31 അവിടെ അവൻ പൂർണ്ണവിശ്വാസത്തോടും വിഘ്നം കൂടാതേയും ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവീശോമിശിഹായെ സംബന്ധിച്ച കാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

*L. D. V. M.*

---

*30, 31 പൗലോസിൻെറ മുറ വരുന്നതിനു മുൻപ്, മററനേകം തടവുപുള്ളികൾ വിസ്താരത്തിനധീനരാകേണ്ടിയിരുന്നതുകൊണ്ടോ, അദ്ദേഹത്തിൻെറ പ്രതികളും സാക്ഷികളും ദൂരെദിക്കിൽനിന്നു വരുവാൻ താമസിച്ചതുകൊണ്ടോ, രണ്ടുകൊല്ലക്കാലം മുഴുവൻ റോമയിൽ വസിച്ചുകൊണ്ടു സുവിശേഷം പ്രസംഗിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

വി. ലൂക്കായുടെ വിവരണം ഇവിടെ അവസാനിക്കുകയാണ്. പൗലോസിൻെറ അനന്തരജീവിതത്തെപ്പററി നമുക്കറിവു ലഭിക്കുന്നതു പാരമ്പര്യത്തിൽനിന്നും അദ്ദേഹത്തിൻെറ ലേഖനങ്ങളിൽനിന്നുമാണ്. വിസ്തരിക്കപ്പെട്ടതിനു ശേഷം അദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടുവെന്നു ഫിലിപ്പിയക്കാർക്കും ഫിലമോണിനും എഴുതിയ ലേഖനങ്ങളിൽനിന്നു ഗ്രഹിക്കാം. (ഫിലി. 1: 25-27; 2: 24; ഫിലമോ. 22)

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M200 Acc. No. 13088

This book should be returned on or before the date last stamped below.

M
200

13088

Nav-8

നവോത്ഥാനത്തിൻ്റെ.
സ്ത്രീ ജന്മങ്ങളുടെ നടവഴി.

KOTTAYAM PUBLIC LIBRARY

Call No M200 Acc. No 13088

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org